# സങ്കീർത്തനങ്ങൾ

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# സങ്കീർത്തനങ്ങൾ


| | |
|---|---|
| **Title:** | Psalms |
| **Published by:** | The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala<br>Ph: 0490 - 2344727, 2343707 |
| **Published on:** | 2015 April 5 (Easter) |



| | |
|---|---|
| **Editorial Board:** | Rev. Dr. Joseph Pamplany<br>Rev. Dr. Thomas Kochukarottu |



| | |
|---|---|
| **Office Assistance:** | Rev. Sr. Glorista SABS<br>Mrs. Anitha Vijayan<br>Mrs. Maneesha Shinoj<br>Mrs. Jeshitha Vijesh<br>Miss. Bhavya K |
| **Design & Layout:** | Mr. Midhun Thomas |
| **Printing:** | Midas Offset, Kuthuparamba |



| | |
|---|---|
| **Copy Right:** | © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher |

# സങ്കീർത്തനങ്ങൾ

## സങ്കീർത്തന വ്യാഖ്യാനം

1. ഡോ. ജോഷി മയ്യാറ്റിൽ (1,2,8,15,20,22,23,27)
2. ഡോ. ജോസഫ് തുരുത്തുമാലി (32,34,39,41,42,47,71,73,84,88,91)
3. ഡോ. തെരേസാ നടുപടവിൽ (51,53,65,69)
4. ഡോ. അബ്രാഹം പേഴുംകാട്ടിൽ (113,121,130,137,141,150)

*Published for the use of the students of Alpha Institute of Theology and Science*

# സങ്കീർത്തനങ്ങൾക്ക് ആമുഖം

പഴയനിയമത്തിലെ സാഹിത്യരൂപങ്ങൾ പദ്യം, ഗദ്യം, ചൊല്ലുകൾ എന്നിവയാണ്. അതായത് നിയതമായ സംഗീതനിയമങ്ങൾ അനുവർത്തിച്ചുകൊണ്ടുള്ള ഗാനരൂപങ്ങളും സ്വതന്ത്രശൈലിയിൽ വിരചിതമായിട്ടുള്ള ഗദ്യരൂപങ്ങളും, ഇവയ്ക്കു രണ്ടിനും മധ്യേ നില നിൽക്കുന്ന ചൊല്ലുകളും (Sayings).

ഗാനരൂപത്തെ ഹീബ്രുഭാഷയിൽ ഷീർ എന്നു വിളിക്കും. മതാത്മകമായ ഗാനങ്ങളാണ് പഴയനിയമത്തിൽ പൊതുവേ കാണപ്പെടുന്നത്. മതാത്മകമല്ലാത്ത ചില ഗാനങ്ങളും ഉണ്ട് (ഉദാ. സംഖ്യ 21:17 - 18, 27–30; 2. രാജാ 19:21–28; എസെ 19:1–14 മുതലായവ). ഇസ്രായേലിന്റെ മതപരമായ ഗാനങ്ങളിൽ വിജ്ഞാന ഗീതങ്ങളും സങ്കീർത്തനങ്ങളും ഉൾപ്പെടുന്നു. ആരാധനാനുഷ്ഠാനത്തിൽ ആലപിക്കപ്പെടുന്ന ദൈവസ്തുതിപ്പുകളെന്ന നിലയിൽ അനുഷ്ഠാനഗീതങ്ങളാണ് (cultic songs) സങ്കീർത്തനങ്ങൾ.

## വിവിധ പേരുകൾ

പഴയനിയമ കാനനിൽ ലിഖിതങ്ങൾ (കെത്തുബീം) എന്നറിയപ്പെടുന്ന ഗ്രന്ഥങ്ങളിൽ പ്രഥമസ്ഥാനത്ത് സങ്കീർത്തനങ്ങളുടെ പുസ്തകം നിലകൊള്ളുന്നു. തെഹില്ലിം (=സ്തുതിപ്പുകൾ) എന്നാണ് ഹീബ്രുകാനനിൽ ഈ പുസ്തകത്തിന്റെ പേര്. യഹൂദമതം പിൽക്കാലത്ത് ഇതിനെ തെഹില്ലാ എന്നും വിളിച്ചിരുന്നു. സങ്കീർത്തനപ്പുസ്തകത്തിൽതന്നെ കാണപ്പെടുന്ന മറ്റൊരു പേര് തെഫീല്ലോത്ത് (=അർത്ഥനകൾ) എന്നതാണ് (സങ്കീ 72:20).പേരുകളിലുള്ള ഈ വ്യത്യാസം തീർക്കാൻവേണ്ടി പിൽക്കാലത്ത് നല്കപ്പെട്ട ഒരു സംജ്ഞയാണ് മിസ്മോർ എന്നത്.

മിസ്മോർ എന്ന പദം 57 സങ്കീർത്തനങ്ങളിൽ തലവാചകമായി ഉപയോഗിച്ചിട്ടുണ്ട്. പൊതുവാരാധനയ്ക്കുവേണ്ടി ഗാനനിയമങ്ങളനുസരിച്ച് (metric) വിരചിതമായ സ്തുതിപ്പുകളാണ് മിസ്മോർ. ഗ്രീക്കുഭാഷയിലേക്ക് സങ്കീർത്തനങ്ങൾ വിവർത്തനം ചെയ്യപ്പെട്ടപ്പോൾ മിസ്മോർ എന്ന പദം പ്സാൽമോസ് (psalmos) എന്നായി. ഈ വാക്കിന്റെ വിവിധ രൂപങ്ങളാണ് ഇന്ന് വിവിധ ഭാഷകളിൽ സങ്കീർത്തനങ്ങളെ സൂചിപ്പിക്കുവാനായി ഉപയോഗിച്ചു പോരുന്നത്. നാം ഉപയോഗിക്കുന്ന സങ്കീർത്തനം എന്ന വാക്ക് മേൽപ്പറഞ്ഞ ഏതൊരു സംജ്ഞയ്ക്കും പകരം നിൽക്കുന്നതാണ്.

സങ്കീർത്തനപ്പുസ്തകത്തെ മുഴുവൻ സൂചിപ്പിക്കുവാനായി ഗ്രീക്കു ഭാഷയിൽ പ്സാൾത്തേരിയോൻ (ഒരു വാദ്യോപകരണത്തിന്റെ പേര്) എന്ന പേരും ഉപയോഗിക്കുന്നുണ്ട്. എ.ഡി. 5-ാം നൂറ്റാണ്ടിൽ പകർത്തി എഴുതപ്പെട്ട അലക്സാണ്ഡ്രിയൻ കോഡക്സ് എന്ന ഗ്രീക്കുകൈയെഴുത്തു പ്രതിയിലാണ് ഇത് ആദ്യമായി ഉപയോഗിച്ചുകാണുന്നത്. സങ്കീർത്തന ഗ്രന്ഥത്തെ സൂചിപ്പിക്കുന്ന പ്സാൾട്ടർ (psalter) എന്ന ഇംഗ്ലീഷ് പദം ഇതിൽനിന്നുദ്ഭവിച്ചതാണ്.

## കൈയെഴുത്തുപ്രതികൾ

ലിഖിതരൂപത്തിലാകുന്നതിനുമുമ്പ് സങ്കീർത്തനങ്ങൾ വാചികമായി കൈമാറ്റം ചെയ്യപ്പെട്ടു പോന്നിരുന്നു. ഹീബ്രുഭാഷയിലാണ് സങ്കീർത്തനങ്ങളുടെ മൂലരൂപം. ഈ ഭാഷയിൽ നമുക്കുലഭിച്ചിട്ടുള്ള സമ്പൂർണ്ണ ലിഖിതരൂപം എ.ഡി. പത്താം നൂറ്റാണ്ടിലേതാണ്. എ. ഡി. 1008-ൽ പകർത്തിയെഴുതപ്പെട്ട ലെനിൻഗ്രാഡ് കോഡക്സ് അണ് ഇന്നു നാം ഔദ്യോഗികമായുപയോഗിക്കുന്ന ഹീബ്രു ബൈബിളിന്റെ ആധാരം. മസ്സോറാ ബൈബിൾ ഗണത്തിൽപ്പെട്ടതാണിത്.

ഗ്രീക്കുഭാഷയിലുള്ള സപ്തതി വിവർത്തനത്തിന്റെ കൈയെഴുത്തു പ്രതികൾ എ.ഡി. 4-5 നൂറ്റാണ്ടുകൾമുതൽ ഉള്ളവ നമുക്ക് ഇന്നു ലഭ്യമാണ്. കൂടാതെ എ.ഡി. 4-5 നൂറ്റാണ്ടുകളിലെ സുറിയാനി ഭാഷയിലുള്ള കൈയെഴുത്തുപ്രതികളും (പ്ശീത്ത), ലത്തീൻ ഭാഷയിൽ വിവർത്തനം ചെയ്യപ്പെട്ടതും എ.ഡി. 392 ൽ വി.ജെറോം പരിഷ്ക്കരിച്ചതുമായ സങ്കീർത്തനപ്പുസ്തക (Gallican Psalter) ത്തിന്റെ കൈയെഴുത്തു പ്രതികളും നമുക്കുണ്ട്.

## ആദ്യകാലവിവർത്തനങ്ങൾ

സപ്തതിയാണ് സങ്കീർത്തനങ്ങളുടെ ഏറ്റവും പുരാതനമായ വിവർത്തനം. ഇത് ബി.സി.മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈജിപ്തിലെ അലക്സാണ്ഡ്രിയായിൽ നിർവ്വഹിക്കപ്പെട്ടു എന്നതാണ് പാരമ്പര്യം. വിശ്വസ്തമായ ഒരു തർജ്ജമയാണിത്. എന്നാൽ, വിവർത്തകർ ഉപയോഗിച്ച മൂലകൃതി ഏതായിരുന്നു എന്നറിവില്ല. മസ്സോറാ ബൈബിൾ ആയിരുന്നില്ല എന്നതിനു മതിയായ തെളിവുകളുണ്ട്.

എ.ഡി.രണ്ടാം നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെടുന്ന അക്വിലാതെയോഡോഷ്യൻ, സിമ്മാക്കസ് എന്നിവയും ഗ്രീക്കുഭാഷയിലുള്ള വിവർത്തനങ്ങളാണ്. അക്വിലായിൽ ഹീബ്രുഭാഷയുടെ വലിയ

സ്വാധീനമുണ്ട്. മറ്റുള്ളവ രണ്ടും സപ്തതിയുടെ പരിഷ്ക്കരിച്ച പതിപ്പുകൾപോലെ തോന്നിക്കുന്നു.

സങ്കീർത്തനങ്ങളുടെ സുറിയാനി വിവർത്തനമായ പ്ശീത്താ യുടെ ഉദ്ഭവം എ.ഡി. രണ്ടാം നൂറ്റാണ്ടിലോ മൂന്നാം നൂറ്റാണ്ടിലോ ആണെന്നു കണക്കാക്കപ്പെടുന്നു. വിശ്വസ്തതയെ സംബന്ധിച്ചിടത്തോളം പ്ശീത്താ പിന്നിലാണ്. ഹീബ്രൂ ബൈബിൾ, സപ്തതി എന്നിവയുടെ ഒരു താരതമ്യപഠനവും അറമായ തർഗുമിന്റെ സ്വാധീനവും സുറിയാനി തർജ്ജമയുടെ പിന്നിലുണ്ട്.

പുരാതനലാറ്റിൻ വിവർത്തനങ്ങൾ പലതുണ്ടായിരുന്നുവെന്ന് സഭാപിതാക്കന്മാരുടെ കൃതികളിൽനിന്നു നമുക്കു മനസ്സിലാക്കാം. ഇവയിലൊന്ന് പോപ്പ് ഡമാസുസ് ഒന്നാമന്റെ നിർദ്ദേശപ്രകാരം എ.ഡി. 383-ൽവി.ജെറോം പരിഷ്ക്കരിച്ചു. ജെറോം തന്നെ എ.ഡി. 392-ൽ ഇതിന് വീണ്ടുമൊരു പരിഷ്ക്കരണം നടത്തി. ഈ പരിഷ്ക്കരിച്ച വിവർത്തനമാണ് ഗാള്ളിക്കൻ പ്സാൾട്ടർ എന്ന പേരിൽ അറിയപ്പെടുന്നത്. പിന്നീട് അദ്ദേഹം ഹീബ്രു ബൈബിൾ മുഴുവൻ ലത്തീനിലേക്കു വിവർത്തനം ചെയ്തപ്പോൾ (390-405) ഗാള്ളിക്കൻ പ്സാൾട്ടർ അതിൽ സ്ഥാനം പിടിച്ചു. ജെറോമിന്റെ വിവർത്തനം വുൾഗാത്ത എന്നറിയപ്പെടുന്നു.

## എണ്ണത്തെ സംബന്ധിച്ച്

സങ്കീർത്തനഗ്രന്ഥം 150 സങ്കീർത്തനങ്ങളുൾക്കൊള്ളുന്നു. ചില കൈയെഴുത്തു പ്രതികളിൽ ഒരു 151-ാം സങ്കീർത്തനവും കാണാം. ദാവീദിന്റെ അഭിഷേകത്തെയും ഗോലിയാത്തുമായുള്ള ഏറ്റുമുട്ടലിനെയും പരാമർശിച്ചുള്ളതാണത്.

സങ്കീർത്തനങ്ങളുടെ എണ്ണം കണക്കാക്കുമ്പോൾ ഹീബ്രൂ (മസ്സോറാ) ബൈബിളും ഗ്രീക്ക് (സപ്തതി)-ലാറ്റിൻ (വുൾഗാത്ത) തർജ്ജമകളും സുറിയാനി (പ്ശീത്താ) തർജ്ജമയും തമ്മിൽ വ്യത്യാസമുണ്ട്. ആദ്യത്തെ എട്ടും അവസാനത്തെ മൂന്നും സങ്കീർത്തനങ്ങൾ മാത്രമേ മൂന്നു വിഭാഗത്തിലും ഒരേ നമ്പരിൽ പ്രത്യക്ഷപ്പെടുന്നുള്ളൂ.

| ഹീബ്രു | ഗ്രീക്ക്-ലാറ്റിൻ | സുറിയാനി |
|---|---|---|
| സങ്കീ 1-8 | 1-8 | 1-8 |
| 9-10 | 9 | 9-10 |
| 11-113 | 10-112 | 11-113 |

| | | |
|---|---|---|
| 114–115 | 113 | 114 |
| 116 | 114–115 | 115 |
| 117–146 | 116–145 | 116–145 |
| 147 | 146–147 | 146–147 |
| 148–150 | 148–150 | 148–150 |

കൂടാതെ, ആരംഭത്തിൽ ഒന്നായിരുന്ന ചില സങ്കീർത്തനങ്ങളെ ഗ്രന്ഥത്തിൽ രണ്ടാക്കിയിരിക്കുന്നതായും (42-43), രണ്ടായിരുന്ന വയെ യോജിപ്പിച്ചിരിക്കുന്നതായും (ഉദാ. 19,40) കാണാം. ചില സങ്കീർത്തനങ്ങൾ ആവർത്തിച്ചിട്ടുമുണ്ട് (14=53; 40:13–17=70:1–5; 57:7–11=108:1–5; 60:5–12=108:6–13; 115:4–8=135:15–18).

സങ്കീർത്തന ഗ്രന്ഥത്തിൽപ്പെടാതെ ഏതാനും സങ്കീർത്തനങ്ങൾ പഴയനിയമത്തിൽ ഉണ്ട്. അവ, പുറ 15:1–18; നിയ 32:1–43; ന്യായ 5:2–31; 1 സാമു 2:1–10; 2 സാമു 22 (=സങ്കീ 18); ഏശ 38:10–20; യോനാ 2:2–9; ഹബ 3:2–19; തോബി 8:5–6;15–17;13:1–18, യൂദി 16:2–17; ദാനി 3; സിറാ 51:1–12; 1 ദിന 16:8–36 (8–22=സങ്കീ 105:1–15; 23–33=സങ്കീ 96:1–13; 34=സങ്കീ 106:1; 35–36=സങ്കീ 106:47–48) എന്നിവയാണ്.

## വിഭജനം

സങ്കീർത്തന ഗ്രന്ഥത്തെ അഞ്ചുഭാഗങ്ങളായി (1–41; 42–72;73–89; 90–106; 107–150) തിരിക്കാറുണ്ട്. ബി.സി.മൂന്നാം നൂറ്റാണ്ടിനുശേഷ മുള്ള ഒരു വിഭജനമാണിതെന്നു കരുതപ്പെടുന്നു. താൽമൂദിന്റെ കാല ത്തുള്ള ഒരു മിദ്റാഷ് ഈ വിഭജനത്തെപ്പറ്റി ഇപ്രകാരം പറയുന്നു: “മോശ ഇസ്രായേലിന് നിയമങ്ങളുടെ പഞ്ചഗ്രന്ഥി നൽകി. ദാവീ ദാകട്ടെ സങ്കീർത്തനങ്ങളുടെ പഞ്ചഗ്രന്ഥിയും”. ഈ വിഭജനമനു സരിച്ച് ഓരോ പുസ്തകത്തിന്റെയും ആരംഭവാക്യം സങ്കീ 1:1; 42:1; 73:1; 90:1; 107:1 എന്നിവയാണ്. ഇസ്രായേലിന്റെ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവനാകട്ടെ............. എന്നൊരു സമാപനവാക്യം എല്ലാ ഭാഗത്തിലുമുണ്ട്.

സങ്കീർത്തനങ്ങളിൽ യാഹ്‌വേ (കർത്താവ്), എലോഹീം (ദൈ വം) എന്നീ ദൈവനാമങ്ങൾ ഉപയോഗിക്കുന്നതിന്റെ അനുപാതം അടിസ്ഥാനമാക്കി സങ്കീർത്തന ഗ്രന്ഥത്തിന് “യാഹ്‌വിസ്റ്റിക് സമാ ഹാരം” (സങ്കീ 141;90–150) എന്നും “എലോഹിസ്റ്റിക് സമാഹാരം” (സങ്കീ 42–89) എന്നും മറ്റൊരു വിഭജനവുമുണ്ട്.

ഇതുകൂടാതെ സങ്കീർത്തനങ്ങളുടെ പല ചെറുസമാഹാരങ്ങളു ണ്ടായിരുന്നെന്നും അവ പിന്നീട് പൊതുസമാഹാരങ്ങ

ളായിത്തീർന്നുവെന്നും മനസ്സിലാക്കുന്നതും യുക്തിസഹമായിരിക്കുന്നു. പൊതുസ്വഭാവവിശേഷങ്ങളുടെ അടിസ്ഥാനത്തിൽ ദാവീദിന്റെ സമാഹാരം (1-41), കോറഹിന്റെ പുത്രന്മാരുടെ സമാഹാരം (42-49), ദാവീദിന്റെ പ്രാർത്ഥനകൾ (51-72), ആസാഫിന്റെ സമാഹാരം (50;73-83), യാഹ്‌വിസ്റ്റിക് അനുബന്ധം (84-89), യാഹ്‌വേ-രാജ സങ്കീർത്തനങ്ങൾ (93-99), ഹല്ലേലുയ്യാ സമാഹാരം (104-106, 111-118, 135-136, 146-150), ആരോഹണ ഗീതങ്ങൾ (120-134) എന്നിവയാണ് സാധ്യതയുള്ള സമാഹാരങ്ങൾ , ഇതിലുൾപ്പെടാത്തവ ദാവീദിന്റെ മറ്റു സങ്കീർത്തനങ്ങളായും (101,103,108,110,138-145), ഒറ്റപ്പെട്ട ചില സങ്കീർത്തനങ്ങളായും അറിയപ്പെടുന്നു.

**ശീർഷകങ്ങൾ**

മുപ്പത്തിനാലെണ്ണം ഒഴികെ, എല്ലാ സങ്കീർത്തനങ്ങൾക്കും ഒരു തലവാചകം ചേർത്തിട്ടുണ്ട്. ഈ തലവാചകങ്ങൾ സങ്കീർത്തനങ്ങളുടെ അനുപേക്ഷണീയ ഭാഗമല്ല, എങ്കിലും, മസോറാ ബൈബിൾ ഇവയെ ഒന്നാം വാക്യമായി കണക്കാക്കുന്നു.

തലവാചകങ്ങളുടെ അർത്ഥം മനസ്സിലാക്കുക ഇന്നു വളരെ ദുഷ്ക്കരമാണ്. ഇന്നു നാം കൊടുക്കുന്ന അർത്ഥങ്ങൾ പലതും സാങ്കൽപികവുമാണ്.

തലവാചകങ്ങളെ ആറു പൊതുഗണങ്ങളായി തിരിക്കാം.

1) സാഹിത്യരൂപസൂചകങ്ങൾ, 2) സാങ്കേതികരാഗസൂചകങ്ങൾ, 3) ആരാധനാനുഷ്ഠാനസൂചകങ്ങൾ, 4) ഗാനരീതികൾ 5) കവിസൂചകങ്ങൾ, 6) ചരിത്രസംഭവസൂചകങ്ങൾ.

സാഹിത്യരൂപസൂചകങ്ങളായി വരുന്നവ മിസ്മോർ (=സങ്കീർത്തനം; 57 പ്രാവശ്യം), ഷീർ (=ഗീതം), മിക്ത്താം ("പരിഹാരഗീതം", "രഹസ്യപ്രാർത്ഥന" എന്നൊക്കെ അർത്ഥമാകാം), മസ്ക്കീൽ (=പ്രബോധനഗീതം), ഷിഗ്ഗായോൻ(=വിലാപം), തെഫില്ലാ (=അർത്ഥന) എന്നിവയാണ്.

സേലാ (39 സങ്കീർത്തനങ്ങളിലായി 71 പ്രാവശ്യം പ്രത്യക്ഷപ്പെടുന്ന ഈ ഉപവാചകം സൂചിപ്പിക്കുന്നത്, "സ്വരമുയർത്തുക" "കണ്ണുകളുയർത്തുക" എന്ന നിർദ്ദേശമോ ധ്യാനാത്മകമായി സംഗീതോപകരണങ്ങൾ ഉളവാക്കുന്ന ഈണമോ ആകാം.), ബിന്ഗീനോത്ത്(=തന്ത്രീനാദത്തോടെ,4; 6; 54; 66; 67; 76) അൽ-മഹലത്ത് (=വീണാനാദത്തോടെ, 53; 88), അൽ-ഹഷ്മിനീത്ത് (=എട്ടാം തന്ത്രിയിൽ; 6;12) അൽ ഹന്ന്ഹീലോത്ത് (=വേണുനാദത്തോടെ; 5) എന്നിവ

രാഗസൂചകങ്ങളാണ്. സേലായോടു ചേർന്നുപോകുന്ന ഹിഗ്ഗായോൻ (9,17) എന്ന സൂചകപദവും ധ്യാന സഹായിയായ രാഗത്തെ സൂചിപ്പിക്കുന്നതാകാം.

ആരാധനാനുഷ്ഠാനസൂചകപദങ്ങളായി ലമ്നസേഹ (55 സങ്കീർത്തനങ്ങളിൽ ഇതു തലവാചകമാണ്. അർത്ഥം വ്യക്തമല്ല. "ദൈവകൃപാകടാക്ഷത്തിന്" എന്നാകാം. "ഗായകസംഘനേതാവിന്" എന്ന അർത്ഥകൽപനയും കൊടുക്കാറുണ്ട്), ഷീർ ഹമ്മഅലോത്ത് (120-134 സങ്കീർത്തനങ്ങൾ ആരോഹണഗീതങ്ങൾ എന്നറിയപ്പെടുന്നു. തിരുനാളിന് തീർത്ഥാടനഗീതമായി ഉപയോഗിച്ചിരുന്നതിനാലാകാം ഈ ശീർഷകം നൽകപ്പെട്ടത്), അൽ-യദുത്തുൻ (=ഏറ്റുപറച്ചിലിന് ; 39; 62; 77; ഒരു വ്യക്തിനാമമായും ഇതിനെ കണക്കാക്കാറുണ്ട്, 1 ദിന 25:1; 2ദിന 5:12 കാണുക) ല്യോംഹഷബത്ത് (=സാബത്തുദിനത്തിന് : 92), ല്ഹസ്ക്കീർ (=അനുസ്മരിപ്പിക്കലിന് :38: 70), ല്തോദാ (=കൃതജ്ഞതാപ്രകാശനത്തിന്:100), ല്അന്നോത്ത് (=പരിഹാരത്തിന് : 88), ല് ലമ്മെദ് (=അദ്ധ്യാപനത്തിന് : 60) എന്നിവ ഉപയോഗിച്ചിരിക്കുന്നു.

ഗാനരീതികൾ ഏഴെണ്ണമാണ് സങ്കീർത്തനത്തിൽ പരാമർശിച്ചിട്ടുള്ളത്. അവ അൽ-യോനത്ത് ഏലീം റഹോക്കിം (="വിദൂരതയിലെ മിണ്ടാപ്രാവ്" സങ്കീ 56, സപ്തതിയിൽ "പ്രാവുവഴി വിദൂരതയിലെ ദൈവങ്ങൾക്ക്" എന്നു തർജ്ജമ), അൽ-അയ്യെലത്ത് ഹഷഹർ (=ഉഷസ്സിലെ മാൻപേട:22), അൽ-ഷോഷന്നീം (="ലില്ലിപ്പൂക്കൾ" ::45;69;സാക്ഷ്യത്തിന്റെ ലില്ലിപ്പൂക്കൾ" എന്ന് 60; 80 സങ്കീർത്തനങ്ങളിൽ), അൽ-തഷ്ഹെത്ത് (="നശിപ്പിക്കരിതേ" :57; 58; 59; 75), അൽ-ഫഗ് ഗിത്തീത്ത് (="ഗിത്യരാഗത്തിൽ :8; 81; 84), അൽ-മുത്ത് ലാബ്ബെൻ (="പുത്രന്റെ മരണം" : 9), അൽ-അലാമോത്ത് (=അർത്ഥം വ്യക്തമല്ല; 46. "കന്യകമാർ" എന്ന് വിവർത്തനം ചെയ്യാറുണ്ട്.

കവിസൂചകങ്ങളെന്നു വ്യാഖ്യാനിക്കപ്പെടുന്ന ശീർഷകങ്ങൾ താഴെ പറയുന്നവയാണ് : ല്ദാവീദ് (="ദാവീദിന്റെ": 73 സങ്കീർത്തനങ്ങൾ), ല് ആസാഫ് (="ആസാഫിന്റെ" 12 സങ്കീർത്തനങ്ങൾ), ലിബ്നിനേകോറഹ് (="കോറഹിന്റെ പുത്രന്മാരുടെ": 11 സങ്കീർത്തനങ്ങൾ), ലിഷ്ലോമോ (="സോളമന്റെ" സങ്കീ. 72,127), ല്മോഷേ (="മോശയുടെ" സങ്കീ 90), ല്ഹേമാൻ (="ഹേമാന്റെ": സങ്കീ 88), ല്ഏത്താൻ (="ഏത്താന്റെ" സങ്കീ 89).

തലവാചകങ്ങളിലെ ചരിത്രസംഭവസൂചനകൾ എല്ലാം ദാവീദിന്റെ ജീവിതവുമായി ബന്ധപ്പെട്ടവയാണ് (സങ്കീ 3, 7, 18, 34, 51, 52, 56, 57, 59, 60, 63, 142).

## സങ്കീർത്തനങ്ങളിലെ പദ്യശൈലി

ഹീബ്രു പദ്യരചന കർക്കശമായ നിയമങ്ങളോടുകൂടിയതല്ല. പാദങ്ങൾ വാക്കുകളുടെയും മാത്രകൾക്കു നൽകുന്ന ശക്തിയുടെയും അടിസ്ഥാനത്തിലാണ് അളക്കുന്നത്. ഓരോ പാദത്തിലും ഈരണ്ട് അംഗമുൾക്കൊള്ളുന്ന ഈരടികളാണ് സാധാരണ പദ്യരൂപം. ചുരുക്കമായി മൂവടികളും ഉപയോഗിക്കാറുണ്ട്. അംഗങ്ങളുടെ ദൈർഘ്യം മാത്രകളുടെ ശക്തിയെ ആശ്രയിച്ചിരിക്കും. രണ്ടുമുതൽ നാലുവരെ മാത്രകൾ ഒരു അംഗത്തിലുണ്ടാകാം.

രണ്ടോ അതിലധികമോ പാദങ്ങൾ ഉൾപ്പെടുത്തി ഒരു റിഥം പൂർത്തിയാകുന്നത് ഖണ്ഡിക. ഹീബ്രൂഭാഷയുടെ അക്ഷരമാലക്രമത്തിൽ ആദ്യാക്ഷരം തുടങ്ങി 22 ഖണ്ഡികകളിൽ വിരചിതമാണ് 119-ാം സങ്കീർത്തനം. ഒരു പ്രത്യേകപദം ആവർത്തിച്ചുകൊണ്ട് ഖണ്ഡിക തിരിച്ചിട്ടുള്ളവയാണ് 42-43, 46, 49, 56, 57,67, 80, 99, 107 തുടങ്ങിയ സങ്കീർത്തനങ്ങൾ.

ഇവ കൂടാതെ ഹീബ്രു അക്ഷരമാലക്രമത്തിൽ പദങ്ങൾ തുടങ്ങുന്ന പദ്യശൈലിയുമുണ്ട്. 9-10, 25, 34, 37, 111, 112, 119, 145 എന്നിവ അത്തരത്തിൽപ്പെടുന്നു. ഇതിന്റെ ഉദ്ദേശ്യം എളുപ്പം ഓർത്തിരിക്കുകയെന്നതാണെന്നും, അതല്ല ഒരു മാന്ത്രികഫല സിദ്ധിയാണെന്നും രണ്ട് അഭിപ്രായമുണ്ട്.

മറ്റൊരു പ്രത്യേകതയാണ് ഒരു പാദത്തിന്റെ രണ്ടംഗങ്ങൾതമ്മിലുള്ള സമാന്തരത്വം (parallelism). പാദത്തിന്റെ ആദ്യ അംഗത്തോട് സമാനമോ വിപരീതമോ അനുപൂരകമോ ആരോഹണക്രമത്തിൽ സമാനപദങ്ങളാൽ ബന്ധിതമോ പ്രതീകാത്മക വിശദീകരണമോ ആയി രണ്ടാം അംഗം പ്രത്യക്ഷപ്പെടാം. പാദങ്ങൾ തമ്മിലും സമാന്തരത്വം സാധാരണമാണ്.

ഉദാ:-

1) "കർത്താവേ, അങ്ങയുടെ കോപത്തിൽ എന്നെ ശാസിക്കരുതേ,
അങ്ങയുടെ ക്രോധത്തിൽ എന്നെ ശിക്ഷിക്കരുതേ"

2) "ദുഷ്ടന്റെ വേദനകൾ വളരെയാണ്;
കർത്താവിൽ ആശ്രയിക്കുന്നവനെ കാരുണ്യം വലയം ചെയ്യും"

3) "മനുഷ്യനെ ആശ്രയിക്കുന്നതിനേക്കാൾ നല്ലത്
കർത്താവിൽ അഭയം തേടുന്നതാണ്"

4) "കർത്താവു രാജാവായിരിക്കുന്നു,

അവിടുന്നു മഹിമയണിഞ്ഞിരിക്കുന്നു,
കർത്താവു ശക്തിയണിയുകയും
അരമുറുക്കുകയും ചെയ്തിരിക്കുന്നു."

5) "ദുഷ്ടരുടെ നേരേ നീ കോപാകുലനാകേണ്ട;
ദുഷ്കർമ്മികളോട് അസൂയപ്പെടുകയും വേണ്ട.
എന്തെന്നാൽ അവർ പുല്ലുപോലെ പെട്ടെന്ന് ഉണങ്ങിപ്പോകും;
പച്ച സസ്യംപോലെ വാടുകയും ചെയ്യും."

## ഉദ്ഭവചരിത്രവും പാരമ്പര്യവും

സങ്കീർത്തന രചയിതാവിനെക്കുറിച്ച് യാതൊരു സൂചനയും ലഭ്യമല്ല. അതിനാൽ പലരും സങ്കീർത്തനങ്ങളെ ആരാധനാനുഷ്ഠാന പരമായ വൈദികകൃതികളായും, വ്യക്തിഗതഗീതങ്ങളുടെ സമാഹാരമായും കണക്കാക്കുന്നു, പുരോഹിതന്മാരും ദൈവാലയ ഗായകരുമായിരിക്കാം അവ രചിച്ചത്. എഴുതാനും വായിക്കാനും സംഗീതം രചിക്കാനുമുള്ള പുരോഹിതരുടെയും ഗായകരുടെയും കടമയെപ്പറ്റി പഴയനിയമത്തിൽ പല സൂചനകളുമുണ്ട്. നിയ 31:19, 22; 1 ദിന 9:33; 15:16-17; 2 ദിന 20:21-22; 23:13:29:25-26; നെഹെ 12:28-29. ഓരോരോ സാഹചര്യങ്ങളിൽ വിപരീതമായ സങ്കീർത്തനങ്ങൾ ദൈവാലയത്തിൽതന്നെ സൂക്ഷിച്ചു പോന്നിരുന്നിരിക്കണം.

സങ്കീർത്തനശീർഷകത്തിൽ പ്രത്യക്ഷപ്പെടുന്ന പേരുകളെ ഗാനരചയിതാക്കളുടേതായി വ്യാഖ്യാനിക്കാറുണ്ട്. ദാവീദിന്റെ പേരിൽ 73 സങ്കീർത്തനങ്ങളാണുള്ളതെങ്കിലും ക്രൈസ്തവ പാരമ്പര്യം സങ്കീർത്തനഗ്രന്ഥമപ്പാടെ ദാവീദിന്റേതായി കരുതുന്നു. ഒരു "അനാഥ" കീർത്തനമായ 95-ാംസങ്കീർത്തനത്തെ ഹെബ്രാ 4:7 ൽ ദാവീദിന്റേതായി പരാമർശിക്കുന്നതിൽനിന്ന് മേൽപറഞ്ഞ പ്രവണത ആദ്യനൂറ്റാണ്ടുകൾ മുതൽതന്നെ ഉണ്ടായിരുന്നുവെന്നു മനസ്സിലാക്കാം.

ആധുനിക ബൈബിൾ വിമർശനം സങ്കീർത്തന രചയിതാക്കളെ സംബന്ധിച്ചു ഭിന്നാഭിപ്രായം പുലർത്തുന്നു. അവർ ഭിന്നങ്ങളായ കാലഗണനയും രചനാചരിത്രവുമാണവതരിപ്പിക്കുന്നത്. മക്കബായക്കാരുടെ കാലഘട്ടംവരെ (ബി.സി. 170-140) ആ ചരിത്രം നീളുന്നു. പിമ്പോട്ടുപോയാൽ അത് ഇസ്രായേലിന്റെ ചരിത്രം മുഴുവനും വ്യാപിച്ചുകിടക്കുന്നു. ചില സങ്കീർത്തനങ്ങൾക്കുറവിടമായി ഇസ്രായേലിനു മുമ്പുള്ള കാനാനായ മതങ്ങളിലേയ്ക്കും ഗവേഷണ കുതുകികൾ വിജയകരമായി ചെന്നെത്താറുണ്ട്.

തലവാചകങ്ങളിൽ പരാമർശവിധേയമായിട്ടുള്ള പേരുകൾ അവ പ്രതിനിധാനം ചെയ്യുന്ന വ്യക്തിയുമായി ഏതെങ്കിലും വിധത്തിലുള്ള ബന്ധം പുലർത്തുന്നോ എന്നു അസന്ദിഗ്ദമായി പറയുക പ്രയാസമാണ്. ഹീബ്രൂ വ്യാകരണമനുസരിച്ച് ഒരു സങ്കീർത്തനം പേരുചേർത്തിരിക്കുന്ന "വ്യക്തിയുടേതോ" "വ്യക്തിയെസംബന്ധിച്ചതോ" എന്നു മനസ്സിലാക്കാം; ഏതു സമാഹാരത്തിൽനിന്നുള്ളത് എന്നും സൂചിപ്പിക്കാം. കോറഹിന്റെ പുത്രന്മാർ, ആസാഫ്, ഹേമാൻ, ഏഥാൻ മുതലായ പേരുകളെ സംബന്ധിച്ചിടത്തോളം അവ ഇസ്രായേലിലെ ഗായക സംഘങ്ങളുടെ പൂർവ്വികരുടേതായിരുന്നു (1 ദിന 12:6; 15:19; 25:1; 26:1,19; 2 ദിന 5:12 20:19; 29:30; എസ്രാ 2:41; 3:10). എന്തായാലും ദാവീദിനും അദ്ദേഹത്തിന്റെ പേരിലറിയപ്പെടുന്ന സങ്കീർത്തന സമാഹാരത്തിനും പരസ്പര ബന്ധമുണ്ടെന്നും പൊതുവേ കരുതിപ്പോരുന്നു. സങ്കീർത്തന രചനയ്ക്കുള്ള ആദ്യ പ്രചോദനമെങ്കിലും ഉദ്ഭവിക്കുന്നത് ദാവീദിൽനിന്നായിരിക്കണം.

## കാലനിർണ്ണയം

ഗാനകർത്തൃത്വ നിർണ്ണയത്തിനേക്കാൾ ദുഷ്ക്കരമാണ് രചനാകാലനിർണ്ണയം. ബി.സി. 300ൽ സങ്കീർത്തനഗ്രന്ഥം നിർണ്ണയിക്കപ്പെടുന്നതുവരെയുള്ള 1000 വർഷക്കാലമെന്ന് പൊതുവേ ഒരു കാലഘട്ടം പലരും നിർദ്ദേശിക്കുന്നു. എന്നാൽ ഒരു സങ്കീർത്തനത്തിനുപോലും കൃത്യമായ ഒരു രചനാകാലം നിർണ്ണയിക്കാനാവാത്ത സാഹചര്യമാണുള്ളത്. ഉദാഹരണത്തിന്, 68-ാം സങ്കീർത്തനത്തെ ന്യായാധിപന്മാരുടെ കാലംമുതൽ മക്കബായക്കാരുടെ കാലംവരെ ഭിന്നമായി സ്ഥാപിക്കുന്നവരുണ്ട്: അതായത് ഒരായിരം വർഷത്തിന്റെ അന്തരം! ഇതിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് വിവിധ കാലഘട്ടങ്ങളിൽ ഒരു സങ്കീർത്തനത്തിനുതന്നെ വന്നുഭവിച്ച വ്യത്യാസങ്ങളാണ്. ഇതേപ്പറ്റി ജെ.എൽ. മക്കൻസി പറയുന്നു. വ്യക്തിഗതഗീതങ്ങൾ സമൂഹപരമായി; സ്വകാര്യപ്രാർത്ഥനകൾ ആരാധനക്രമമായി, പ്രാദേശികാരാധനാഗീതങ്ങൾ ജറുസലേം ദൈവാലയഗീതങ്ങളായി; രാജസ്തുതികൾ രക്ഷകസ്തുതികളായി; ചരിത്രപരമായവ യുഗാന്ത്യോന്മുഖമായി (Dictionary of the Bible, 703). ഇക്കാരണത്താൽ സങ്കീർത്തനങ്ങളുടെ മൂലരൂപങ്ങളെ ഇപ്പോഴത്തെ രൂപത്തിൽനിന്നും വേർതിരിച്ചുകാണാനുള്ള ഒരു പരിശ്രമവും ചിലർ നടത്തുന്നുണ്ട്.

സങ്കീർത്തനത്തിന്റെ കാലനിർണ്ണയത്തെ സംബന്ധിച്ചിടത്തോളം പൊതുവേ അംഗീകരിക്കുന്ന ഒരു മാനദണ്ഡം അതു വിരചിതമായത് വിപ്രവാസത്തിനു മുമ്പോ പിമ്പോ വിപ്രവാസകാലത്തോ

എന്നുള്ളതാണ്

(ബി.സി. 598/587 മുതൽ 538 വരെയുള്ള വർഷങ്ങളാണ് വിപ്ര വാസകാലം). ശ്രദ്ധാർഹമായ ചില മാർഗ്ഗങ്ങൾ താഴെ നിർദ്ദേശി ക്കുന്നു.

1) സങ്കീർത്തനത്തിന് ഇസ്രായേലിന്റെ ചരിത്രവുമായുള്ള ബന്ധം. ഭാഷാശൈലി, പ്രത്യേക ആശയങ്ങൾ, ആരാധനാനുഷ്ഠാന സൂച നകൾ എന്നിവ ചരിത്രവുമായി ബന്ധപ്പെട്ടവയാണ്. ഏറ്റവും പഴയ സങ്കീർത്തനങ്ങൾ പുരാതനഭാഷാരീതി ഉപയോഗിക്കുന്നു. കാനാ നായ രീതികൾ അനുവർത്തിക്കുന്ന 18, 29, 68 സങ്കീർത്തനങ്ങൾ പ്രത്യേകം പ്രസ്താവ്യങ്ങളത്രേ. 29-ാം സങ്കീർത്തനം രാജഭരണ ത്തിനുമുമ്പും 18, 68 സങ്കീർത്തനങ്ങൾ ബി.സി 12-11 നൂറ്റാണ്ടുക ളിലും വിരചിതമായി എന്നാണ് നിഗമനം.

2) ഇസ്രായേലിന്റെ രക്ഷാകരചരിത്രസംഭവങ്ങളുടെ സൂചനകൾ പൂർവ്വപിതാക്കന്മാരുടെ പാരമ്പര്യം, പുറപ്പാടുസംഭവം, സീനായ് വെളിപാട്, വാഗ്ദത്തഭൂമിയിൽ പ്രവേശം തുടങ്ങിയവ പുരാതനത്വ സൂചനകളാകാം. ഉദാ:- 66, 78, 105, 106, 114, 136

3) ദാവീദിന്റെയും ജറുസലെം കേന്ദ്രമാക്കിയുള്ള ആരാധനാനു ഷ്ഠാനങ്ങളുടെയും കാലഘട്ടത്തിൽ വിരചിതമായവയിൽ കാണുന്ന സാധാരണപ്രമേയങ്ങളാണ്, വാഗ്ദാനപേടകം സീയോനിലേക്കു കൊണ്ടുവരുന്നത് (132), സീയോനെ ദൈവം തിരഞ്ഞെടുക്കുന്നത് (46; 48; 76; 78; 68; 69), രാജ്യസ്ഥാപനം (89:45; 132:1112) തുടങ്ങിയവ.

ചില സങ്കീർത്തനങ്ങൾ രാജാക്കന്മാരുടെ ഭരണകാലത്തെ വ്യക്ത മായും സൂചിപ്പിക്കുന്നു (2; 20; 21; 28; 45; 72; 84; 89; 101; 110).

4) വ്യക്തിഗതമായ പ്രാർത്ഥനകൾ മിക്കവാറും എല്ലാംതന്നെ വിപ്രവാസത്തിനു മുമ്പുള്ളവയാണ്. സമൂഹത്തിന്റെ പ്രാർത്ഥനകൾ ജറുസലേമിന്റെ നാശത്തോടും വിപ്രവാസത്തോടും ബന്ധപ്പെടു ത്തിയും കണക്കാക്കിയിരിക്കുന്നു. വിപ്രവാസകാലത്തും അതിനു തൊട്ടുശേഷവും വിരചിതമായവയാണ് വലിയ വിലാപസങ്കീർത്ത നങ്ങളെല്ലാം. എന്നാൽ, വിപ്രവാസത്തിനുശേഷമുള്ള സങ്കീർത്ത നങ്ങളുടെ നിർണ്ണയം എളുപ്പമല്ല. വിജ്ഞാനഗീതങ്ങൾ, നിയമഭക്തി, അറമായശൈലീസ്വാധീനം ഇവയൊക്കെ വിപ്രവാസത്തിനുശേഷ മുള്ള ഒരു കാലഘട്ടത്തിന്റെ പ്രത്യേകതകളായി കണക്കാക്കാം.

5) കാലനിർണ്ണയത്തിനുപകരിക്കുന്ന ഏതാനും ശൈലീപ്രയോ ഗങ്ങൾ ചിലർ നിർദ്ദേശിക്കാറുണ്ട്.

(a) മുപ്പതോളം സങ്കീർത്തനങ്ങളിൽ ഉപയോഗിച്ചിട്ടുള്ള "അനവിം" പ്രയോഗം. ഏശ 14:30-32 ലും സെഫാ 2:3; 3:12 ഇവയിലുമാണ് ഇത് വ്യക്തമായി കാണപ്പെടുന്നത്. ഈ കാലഘട്ടം ബി.സി. 740 മുതൽ 621 വരെ ഉൾക്കൊള്ളുന്നു.

(b) എട്ടു സങ്കീർത്തനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന അവിടുത്തെ നാമത്തെപ്രതി എന്ന പ്രയോഗം ജറെമിയ (14:7,21), എസെക്കിയേൽ (20:9,14), രണ്ടാം ഏശയ്യ (48:9,11) എന്നിവർക്കു മുമ്പായിരിക്കാൻ വഴിയില്ല. ബി.സി. 5-4 നൂറ്റാണ്ടുകളിലേതാണ് ഈ സങ്കീർത്തനങ്ങൾ എന്നാണ് പൊതുവിലുള്ള നിഗമനം (23;25;31;79;106;109;115;143).

(c) പഴയനിയമത്തിന്റെ ഇതരഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ചില സാഹിത്യരൂപങ്ങളും കാലഗണനയ്ക്ക് സഹായകമാണ്. നാഹും 1:2-11 ൽ കാണുന്ന അപൂർവ്വമായ അക്ഷരമാലാ ശ്ലോകം വിപ്രവാസത്തിനുമുമ്പ് ഈ സാഹിത്യരൂപം നിലവിലിരുന്നിരുന്നു എന്നു സൂചന നൽകുന്നു. പുറ 15: 1-18 ലെ കൃതജ്ഞതാസ്തോത്രഗീതം യോസിയാ രാജാവിന്റെ പെസഹാ ആഘോഷത്തിന്റെ പശ്ചാത്തലം (ബി.സി. 622) വിഭാവനം ചെയ്യുന്നുണ്ട്. ഹബക്കുക്കിന്റെ സ്തുതി (ഹബ 3:1-9) ബി.സി. ആറാം നൂറ്റാണ്ടിലേതാണ്.

മക്കബായക്കാരുടെ കാലഘട്ട (ബി,സി. 175-135) ത്തിൽ വിരചിതമായ സങ്കീർത്തനങ്ങൾ ഇല്ലെന്നാണ് പൊതുവിലുള്ള നിഗമനം. സമകാലീന ഖുമ്റാൻ ഗീതങ്ങൾ (ബി.സി. 150) വളരെയേറെ വ്യത്യസ്തമായ ഗാനരീതി അവലംബിക്കുന്നതു തെളിവായെടുക്കാം. അതുപോലെതന്നെ യവനകാലഘട്ടവും (ബി.സി. 333-63) സ്വീകാര്യമില്ല. സപ്തതി തർജ്ജമ ചെയ്തവർക്കുതന്നെ പല ഹീബ്രു പദപ്രയോഗങ്ങളും പരിചിതമായിരുന്നില്ലല്ലോ.

## സങ്കീർത്തനഗ്രന്ഥത്തിന്റെ പൂർണ്ണരൂപം

പൂർണ്ണരൂപം പ്രാപിച്ച സങ്കീർത്തനഗ്രന്ഥത്തെക്കുറിച്ച് മൂന്നു തെളിവുകളാണ് ഹാജരാക്കാവുന്നത്: 1) ബി.സി. 63 നും 30നും മദ്ധ്യേ വിരചിതമായ സോളമന്റെ സങ്കീർത്തനങ്ങൾ എന്ന അപ്പോക്രിഫാ സങ്കീർത്തനഗ്രന്ഥത്തിന്റെ അസ്തിത്വത്തിനും സാക്ഷ്യം നൽകുന്നുണ്ട്. 2) ബി.സി. 100-ൽ എഴുതപ്പെട്ട മക്കബായക്കാരുടെ ഒന്നാം പുസ്തകത്തിൽ സങ്കീ, 79:2-3 ഉദ്ധരിച്ചിരിക്കുന്നത് (1 മക്ക 7:17) സങ്കീർത്തനപ്പുസ്തകത്തിന്റെ സാന്നിദ്ധ്യത്തെ അറിയിക്കുന്നു. 3) സിറാക്കിന്റെ പുസ്തകത്തിന്റെ പ്രാരംഭത്തിൽ പരാമർശിച്ചിട്ടുള്ള

ലിഖിതങ്ങളിൽ സങ്കീർത്തന ഗ്രന്ഥവും ഉൾപ്പെട്ടിരുന്നിരിക്കണം. അങ്ങനെയെങ്കിൽ ബി.സി. 190 നു മുമ്പ് അതു പൂർണ്ണരൂപം പ്രാപിച്ചിരുന്നുവെന്ന് അനുമാനിക്കാം.

സങ്കീർത്തനഗ്രന്ഥത്തിന്റെ അന്തിമരൂപവൽക്കരണം ബി.സി. 6–5 നൂറ്റാണ്ടുകളിൽ നടന്നുവെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. മറ്റു ചിലരാകട്ടെ അത് ബി.സി. 300–ലായിരുന്നുവെന്നും ഖണ്ഡിതമായി പറയുന്നു.

## സങ്കീർത്തന ഗ്രന്ഥത്തിന്റെ പ്രാമാണികത്വം

പഴയനിയമത്തിലെ ലിഖിതങ്ങളുടെ ഗണത്തിൽ ആദ്യമായി അംഗീകരിക്കപ്പെട്ടത് സങ്കീർത്തനഗ്രന്ഥമാണ്. യഹൂദ – ക്രൈസ്തവ മതങ്ങളിൽ ഏകകണ്ഠമായ അംഗീകാരമാണ് സങ്കീർത്തനഗ്രന്ഥത്തിനുള്ളത്. ഇതൊരു പ്രാമാണിക ഗ്രന്ഥമായി (canonical) എക്കാലത്തും ആദരിക്കപ്പെട്ടുപോരുന്നു.

സങ്കീർത്തനഗ്രന്ഥത്തിന്റെ പ്രാമാണികത്വത്തിനു ചേർന്ന വ്യക്തമായ ഘടകങ്ങൾ ഇവയാണ്: 1) അതു പഴയനിയമത്തിന്റെ ആകമാനമായ ഒരു ചെറിയ പതിപ്പാണ്; 2) ഇസ്രായേലിന്റെ ആദ്ധ്യാത്മികാനുഭവത്തിന്റെ ആകെത്തുകയാണ്; 3) പഴയനിയമത്തിലെ സുപ്രധാനാശയങ്ങളുടെ പ്രാർത്ഥനാപൂർവ്വമായ അവതരണമാണ്. 4) രക്ഷാകരസംഭവങ്ങളുടെ ധ്യാനാത്മകവും അനുഷ്ഠാനപരവുമായ ആവർത്തനമാണ്.

മറ്റു ചില ഘടകങ്ങൾ പ്രാമാണികത്വത്തെ ആശ്രയിച്ച് നിലകൊള്ളുന്നു. 1) സങ്കീർത്തനങ്ങൾ സിനഗോഗുകളിലും ദൈവാലയത്തിലും പരസ്യാരാധനയ്ക്കും പ്രാർത്ഥനയ്ക്കുമായി സമാഹരിക്കപ്പെട്ടവയാണ്. നിയമത്തോടും പ്രവാചകന്മാരോടുമൊപ്പം അത് ആദരിക്കപ്പെടുന്നു (ലൂക്കാ 24:44, നട 1:20), 2) അതിലെ ഉള്ളടക്കം മതപരമായും വിശ്വാസസത്യമായും സാന്മാർഗ്ഗികമായും ഉയർന്ന നിലവാരം പുലർത്തുന്നു; ദൈവികമായ ഉത്ഭവവും ദൈവത്തിലേക്കുള്ള ആഭിമുഖ്യവും വെളിപ്പെടുത്തുന്നു. പ്രവാചകഗ്രന്ഥങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പുരോഗമിച്ച ഒരു വിശ്വാസസത്യചിന്താധാരയാണ് സങ്കീർത്തനങ്ങളിലുള്ളത്. ദൈവത്തെക്കുറിച്ച് വളരെ സമ്പന്നമായ വിശേഷണങ്ങളിലൂടെയും, മനുഷ്യനെക്കുറിച്ച് വളരെ വ്യക്തമായ വീക്ഷണത്തിലൂടെയും രക്ഷാകരസത്യത്തെക്കുറിച്ച് വളരെ ഉന്നതമായ ആശയങ്ങളിലൂടെയും സങ്കീർത്തനങ്ങൾ പ്രതിപാദിക്കുന്നുണ്ട്.

ചില ബാഹ്യ ഘടകങ്ങൾ – ഉന്നത നിലവാരം പുലർത്തുന്ന

സംഗീതവും താളവും ലയവും - പ്രാർത്ഥനയിലൂടെയുള്ള ദൈവ മനുഷ്യ സമാഗമത്തെ ത്വരിതപ്പെടുത്തുന്നവയാണ്.

സന്മാർഗ്ഗപാഠങ്ങളുടെ കാര്യത്തിൽ വിജ്ഞാനഗ്രന്ഥങ്ങളോളം ശ്രേഷ്ഠമല്ലെന്നതും ശത്രുക്കളുടെ നേർക്കുള്ള ശാപവാക്കുകൾ ധാരാളമുണ്ടെന്നതും സങ്കീർത്തനഗ്രന്ഥത്തിന്റെ ന്യൂനതകളായി ചൂണ്ടിക്കാട്ടാറുണ്ട്.

## സങ്കീർത്തനങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ

ക്രി.വ. ആദ്യനൂറ്റാണ്ടുകളിൽ അന്ത്യോക്യാ, അലക്സാണ്ട്റിയ എന്നീ പഠനകേന്ദ്രങ്ങളിൽ വേദപുസ്തകത്തെ സംബന്ധിച്ചപഠന ങ്ങൾ ധാരാളമായി നടന്നിരുന്നു. അന്ത്യോക്യൻ സ്കൂളിൽപ്പെട്ട മൊപ്സ്വേസ്ത്യായിലെ തെയഡോർ (+428) ഭൂരിഭാഗം സങ്കീർത്ത നങ്ങളെയും വിപ്രവാസകാലത്തേതായി കരുതി. അസ്സീറിയാ, ബാബിലോണിയ, സിറിയാ എന്നീ സാമ്രാജ്യശക്തികളിൽനിന്ന്, ഇസ്രായേൽ അനുഭവിച്ച ദുരിതങ്ങളുടെ പ്രവചനാത്മകഗീതങ്ങ ളത്രേ ഈ സങ്കീർത്തനങ്ങൾ. ജോൺ ക്രിസ്സോസ്തോം (+407), തെയഡോരെറ്റ് (+466) എന്നിവരാകട്ടെ ചില സങ്കീർത്തനങ്ങൾ രക്ഷ കനെ സംബന്ധിച്ചവയാണെന്നു പറയുന്നു.

അലക്സാണ്ട്റിയൻ സ്കൂളിലെ പ്രമുഖർ ഒരിജൻ (+254), അത്ത നാസിയൂസ് (+373), സിറിൾ, (+444) എന്നിവരാണ്. ഇവർ സങ്കീർത്ത നങ്ങളുടെ വാച്യാർത്ഥവ്യാഖ്യാനം, ദൈവനിവേശിതമായ ആധ്യാ ത്മികവെളിച്ചത്തിന്റെ വിശകലനം സഭാത്മകവും സമൂഹപരവുമായ പ്രാർത്ഥനയുടെ സ്വഭാവം എന്നിവയിൽ കൂടുതൽ ശ്രദ്ധ ചെലു ത്തി. ഇതേ വ്യാഖ്യാനരീതിതന്നെയാണ് ലത്തീൻ ഭാഷാവിശാരദ രായ ഹിലാരി (+367), അഗസ്റ്റിൻ (+430) എന്നിവരും പിന്തുടർന്നത്.

സങ്കീർത്തനങ്ങളെ സംബന്ധിച്ച ആധുനികപഠനങ്ങൾ പുതിയ മനോഭാവങ്ങളിലേക്കു വഴിതുറക്കുന്നവയാണ്. ഇതിൽ സങ്കീർത്ത നങ്ങളുടെ രൂപവിമർശനാത്മകപഠന (form-critical study) ത്തിന്റെ പ്രണേതാക്കളായിവന്ന ഹെർമൻ ഗുങ്കൽ (1862-1932), സിഗ്മണ്ട് മോവിങ്കൽ (1884-1965) എന്നിവർ സവിശേഷശ്രദ്ധ അർഹിക്കുന്നു.

സങ്കീർത്തനങ്ങളുടെ സാഹിത്യരൂപം (Gattung = Literary types) വിജയകരമായി വിശകലനം ചെയ്ത ആദ്യവ്യക്തിയാണ് ഗുങ്കൽ. ഉള്ളടക്കത്തിന്റെ മാത്രം അടിസ്ഥാനത്തിൽ സങ്കീർത്തനങ്ങളെ അദ്ദേഹം തരംതിരിച്ചു. സാഹിത്യരൂപങ്ങളുടെ ചരിത്രമനുസരിച്ചാ യിരിക്കണം ഒരു കൃതി പഠനവിധേയമാക്കുക എന്ന് അദ്ദേഹം വാദി ച്ചു. ഇതുവഴിയാണ് അതിന്റെ ജീവിതബന്ധിയായ പശ്ചാത്തലം

(Sitz in Leben) മനസ്സിലാക്കാൻ സാധിക്കുക. സാഹിത്യരൂപപരമായ വിശകലനമാകട്ടെ. അവയിലെ പൊതുവായ പദപ്രയോഗങ്ങൾ, ഫോർമുലകൾ,പ്രതീകങ്ങൾ എന്നിവയുടെ പഠനത്തിലടങ്ങിയിരിക്കുന്നു. ഇവയിൽനിന്ന് ഒരുവന്റെ ആശയങ്ങൾ, വികാരങ്ങൽ, ജീവിതസാഹചര്യം മുതലായവ ഗ്രഹിക്കാമത്രേ.

മേല്പറഞ്ഞവയിൽ സങ്കീർത്തനത്തിന്റെ ജീവിതബന്ധിയായ പശ്ചാത്തലമാണ് സുപ്രധാനം. സാഹിത്യരൂപങ്ങളിലൂടെയുള്ള ആശയപ്രകടനത്തിന് (literary genre) ജന്മംനൽകുന്നത് ഈ പാശ്ചാത്തലമാണ്. പൂർവ്വികരെ സംബന്ധിച്ചിടത്തോളം വ്യക്തിപരമെന്നതിലുപരി സമൂഹബന്ധിയായിരുന്നു ഈ ജീവിതപശ്ചാത്തലം. അക്കാരണത്താൽത്തന്നെ സങ്കീർത്തനങ്ങൾ പ്രഥമമായി ആരാധനാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്നു. എന്നാൽ പിൽക്കാലത്ത്, പ്രത്യേകിച്ച് വിപ്രവാസത്തോടനുബന്ധിച്ചുള്ള കാലഘട്ടത്തിൽ, വ്യക്തിഗതമായ ഭക്തിപ്രകടനവും ആത്മാവിഷ്കാരവുമായി മാറി സങ്കീർത്തനങ്ങൾ. ഇതു പഴയ (സമൂഹബന്ധിയായ) തിൽനിന്നു ഭിന്നമായ ഒരു ജീവിത പശ്ചാത്തലം രംഗത്തുകൊണ്ടുവന്നു.

ഗുങ്കലിന്റെ അഭിപ്രായത്തിൽ അഞ്ചു സാഹിത്യരൂപങ്ങളാണ് സങ്കീർത്തനങ്ങൾക്കുള്ളത്. സ്തുതികൾ, ജനത്തിന്റെ വിലാപങ്ങൾ, വ്യക്തിയുടെ വിലാപങ്ങൾ, വ്യക്തിയുടെ ഗീതങ്ങൾ, കൃതജ്ഞതാഗീതങ്ങൾ എന്നിവ. കൂടാതെ പ്രദക്ഷിണഗീതങ്ങൾ, തോറാഗീതങ്ങൾ, ആശിർവ്വാദകീർത്തനങ്ങൾ, രാജസ്തുതികൾ എന്നിവയും ഉണ്ട്.

മോവിങ്കൽ പ്രതിപാദനരീതിയിൽ ഗുങ്കലിനെ അനുകരിച്ചെങ്കിലും ആരാധനാനുഷ്ഠാനപരമായ (cultic) സങ്കീർത്തനസന്ദർഭത്തിനു വലിയ പ്രാധാന്യം നൽകി. സ്വകാര്യസങ്കീർത്തനങ്ങളുടെ അസ്തിത്വംതന്നെ അദ്ദേഹം നിഷേധിക്കുന്നു. പിൽക്കാല യഹൂദ ചരിത്രത്തിൽ ഒരുപക്ഷേ അത്തരം ചിലത് ആവിർഭവിച്ചിരിക്കാമെന്നേ അദ്ദേഹം പറയുന്നുള്ളൂ.

“സാമൂഹ്യമായി സംസ്ഥാപിതവും ക്രമവത്കൃതവുമായ വിശുദ്ധകർമ്മങ്ങളാണ് ആരാധനാനുഷ്ഠാനം (cult). അതിൽ ദൈവ–മനുഷ്യബന്ധം യാഥാർത്ഥ്യമാകുന്നു, വളരുന്നു, അന്തിമഫല പ്രാപ്തിയിലെത്തുന്നു. മതം സജീവമാകുന്നതും ദൈവവും സമൂഹവും തമ്മിലും സമൂഹത്തിലെ അംഗങ്ങൾ തമ്മിലും ഐക്യം സംജാതമാകുന്നതും അതിലൂടെയാണ്”(Psalms in Isrsel’s Worship, 1p15).

ആരാധനയിൽ അനുഷ്ഠാനങ്ങൾക്കു വലിയ പ്രാധാന്യമാണുള്ളത്. അവിടെ രക്ഷാസംഭവം യാഥാർത്ഥ്യമാകുകയാണ്. പഴയ സംഭവങ്ങൾ നാടകീയമായിത്തന്നെ പുനരവതരിപ്പിക്കപ്പെടുകയും ചെയ്യുന്നു. വാക്കുകളാണ് അനുഗ്രഹത്തെ നൽകുക, ശാപവചനങ്ങൾ തിന്മയെ ഉളവാക്കുന്നതുപോലെ. ഇവിടെ വാക്കുകളുടെ കൗദാശിക സ്വഭാവം വ്യക്തമാകുന്നു. സങ്കീർത്തനങ്ങൾ സ്വാഭാവികമായ അനുഷ്ഠാന പ്രാർത്ഥനകളാണ്. സംഗീതവും താളവും വാക്കുകൾക്ക് ശക്തിയും മിഴിവുമേകുന്നു. ഇങ്ങനെയുള്ള സാമൂഹികാനുഷ്ഠാനത്തിൽ വൈയക്തികവികാരങ്ങൾക്കും വികാരപ്രകടനങ്ങൾക്കും സ്ഥാനമില്ലത്രേ.

മോവിങ്കൽ സങ്കീർത്തനങ്ങളെ രണ്ടു വിഭാഗമായി തിരിച്ചു; പുതുവത്സരത്തിരുനാളിനോടും യാഹ്‌വേയുടെ സിംഹാസനാരോഹണത്തോടും ബന്ധപ്പെടുത്തിയും ദുഷ്ടരുടെ പ്രവർത്തനങ്ങളോടു ബന്ധപ്പെടുത്തിയും. പല സ്തുതികളും രാജസ്തുതികളും വിലാപങ്ങളും യാഹ്‌വേയുടെ സിംഹാസനാരോഹണത്തോടു ബന്ധപ്പെട്ടുള്ളവയാണ്. വ്യക്തികളുടെ വിലാപങ്ങളായി പ്രത്യക്ഷപ്പെടുന്ന മിക്ക സങ്കീർത്തനങ്ങളും ദുഷ്കർമ്മികളോടു ബന്ധപ്പെട്ടവയത്രേ. ആരാധനാനുഷ്ഠാനത്തോടു ബന്ധപ്പെടാത്ത സങ്കീർത്തനങ്ങൾ (cult-free psalms) മോവിങ്കലിന്റെ വീക്ഷണത്തിൽ വിജ്ഞാനഗീതങ്ങളും ബോധനഗീതങ്ങളും മാത്രമാണ്.

ഗുങ്കലിനും മോവിങ്കലിനുംശേഷം സങ്കീർത്തനങ്ങളുടെ സാഹിത്യരൂപങ്ങളെയും ജീവിതബന്ധിയായ പശ്ചാത്തലത്തെയും സംബന്ധിച്ചുള്ള അഭിപ്രായങ്ങളുടെയും നിഗമനങ്ങളുടെയും ഒരു വേലിയേറ്റമായിരുന്നു, അന്തിമവും അസന്ദിഗ്ദ്ധവുമായ ഒരു തീരുമാനം അസാദ്ധ്യമായ ഒരവസ്ഥയാണിന്നുള്ളത്.

## സങ്കീർത്തനങ്ങളുടെ സാഹിത്യവിഭാഗങ്ങൾ

ആധുനിക പഠനങ്ങളുടെ പശ്ചാത്തലത്തിൽ സങ്കീർത്തനത്തിൽക്കാണുന്ന പ്രധാന സാഹിത്യ രൂപങ്ങളും അവയുടെ സ്വഭാവങ്ങളും ചുവടെ ചേർക്കുന്നു.

### 1. സ്തുതികൾ

ഇസ്രായേലിന്റെ ചരിത്രത്തിൽ സ്തുതികൾ ഒരു സാഹിത്യരൂപമെന്നതിലുപരി പ്രാർത്ഥനയുടെ ഒരു അടിസ്ഥാന മനോഭാവമാണ്. എല്ലാ മതങ്ങളിലെയും അർത്ഥസമ്പുഷ്ടവും അന്തസ്സുറ്റതുമായ ഒരാവശ്യം തന്നെ അതെന്നു പറയാം. ദൈവത്തെപ്പറ്റിയുള്ള സ്വയം പ്രേരിതമായ ചിന്തയും അവിടുത്തെ രക്ഷാകര പ്രവൃത്തി

കളോടുള്ള ആദരവും അതിൽ പ്രകടമാണ്. ദൈവമഹത്വവും അവിടുത്തെ സത്തയും അതിൽ പ്രകീർത്തിക്കപ്പെടുന്നു. സന്തോഷം, ആശ്ചര്യം, ഭയം, ആരാധനാ, ബഹുമാനം ഇവയ്ക്കെല്ലാം അതിൽ സ്ഥാനമുണ്ട്. ഭാഷയാകട്ടെ വിശേഷണങ്ങളാലും ഉന്നതമായ പുകഴ്ത്തലാലും സമ്പന്നം; അതിശയോക്തിപരമായ പ്രസ്താവനകളാലും ആവർത്തനങ്ങളാലും സമൃദ്ധവും.

സ്തുതിയുടെ ഘടന:

I) ദൈവത്തെ സ്തുതിക്കുവാൻ ആഹ്വാനം

-അനുജ്ഞായക-നിർദ്ദേശക്രിയാരൂപങ്ങൾ.

II) സ്തുതി -പൊതുവായ വിവരണങ്ങൾ

പ്രത്യേക വിശദീകരണങ്ങൾ

യാഹ്‌വേയുടെ വിശേഷണങ്ങൾ,

മഹാപ്രവൃത്തികൾ.

III) ഉപസംഹാരം -സാധാരണ ആദ്യത്തെ ആഹ്വാനത്തിന്റെ ആവർത്തനം.

സ്തുതികളെ മൂന്നു തരത്തിൽപ്പെടുത്താം. i) സൃഷ്ടി സ്തുതികൾ: (8; 18 (7-15) 19 (1-6) 29; 33; 36 (5-10); (65) (77 12-21) 97, 89 (6-19); 100; 103; 104; 111; 113; 114; 117; 135;136; 144 A; 145; 146; 147; 148;149; 150).

ii) സീയോൻ സ്തുതികൾ: 46; 48; (65); 76; 84; 87; 122;132; 137.

iii) യാഹ്‌വേ-രാജസ്തുതികൾ: (22 C); 24 B; 47; 93; 95; 96; 97; 98; 99.

പ്രപഞ്ചത്തിലും ആരാധനാനുഷ്ഠാനത്തിലുള്ള ദൈവികാവിഷ്കാരം, ദൈവത്തിന്റെ സർവ്വാതിശായിത്വം, രക്ഷാകരപ്രവൃത്തികൾ ഇവ പ്രകീർത്തിക്കുന്നവ സൃഷ്ടിസ്തുതികൾ. സീയോന്റെ മഹത്വത്തെയും അവിടെയുള്ള ദൈവസാന്നിദ്ധ്യത്തെയും പ്രകീർത്തിക്കുന്നത് സീയോൻ സ്തുതികൾ. യാഹ്‌വേ രാജാവായി ഏറ്റുപറഞ്ഞുകൊണ്ട് അവിടുത്തെ നിത്യമായ രാജ്യത്തെയും സാർവ്വത്രികാധിപത്യത്തെയും ശത്രുക്കളുടെമേലുള്ള വിജയത്തെയും പ്രകീർത്തിക്കുന്നവ യാഹ്‌വേ - രാജസ്തുതികൾ.

**2. വിലാപങ്ങൾ**

ദൈവത്തോടുള്ള പരാതികളും കുറ്റപ്പെടുത്തലുകളും ശത്രുക്കളെക്കുറിച്ചും അവരുടെ ദ്രോഹങ്ങളെക്കുറിച്ചുമുള്ള ആവലാതികളും പ്രാർത്ഥിക്കുന്ന മനുഷ്യൻ അനുഭവിക്കുന്ന ദുഃഖദുരിതങ്ങളെക്കുറി

ച്ചുള്ള പ്രതിപാദനവും ഉൾക്കൊള്ളുന്ന സങ്കീർത്തനങ്ങളാണു വിലാപങ്ങൾ. അവിടുന്ന് (ദൈവം), ഞാൻ - ഞങ്ങൾ (വ്യക്തി-സമൂഹം), അവർ (ശത്രു) എന്നിങ്ങനെ ത്രിവിധ പാത്രങ്ങൾ വിലാപത്തിൽ പരാമർശവിഷയങ്ങളാകുന്നു.

ജനത്തിന്റെ വിലാപമെന്നും വ്യക്തിയുടെ വിലാപമെന്നും ദ്വിവിധ വിലാപങ്ങൾ ഈ ഗണത്തിലുണ്ട്.

i. ജനത്തിന്റെ വിലാപം

ദൈവത്തോടുള്ള പരാതികൾക്കു മുൻതൂക്കം കൊടുക്കുന്നു. "എന്തിന്?" "എത്രനാൾ? " തുടങ്ങിയ ചോദ്യങ്ങൾ സാധാരണമാണ്. ശത്രുവിന്റെ പ്രവൃത്തി ദുരിതകാരണമായി എന്നു വ്യക്തമായി പ്രസ്താവിക്കുന്നു. ദൈവത്താൽ പരിത്യക്തവും, രാഷ്ട്രീയ ശത്രുക്കളാൽ വ്രണിതവും, യുദ്ധത്തിൽ പരാജിതവും, വിവിധ പീഡകളാൽ വലഞ്ഞതുമായ ഹെബ്രായ ജനമാണു പ്രാർത്ഥനകളുരുവിടുന്നത്.

ഘടന:I യാഹ്വേയോട് അർത്ഥന: പഴയകാലത്തെ രക്ഷാകര പ്രവൃത്തികളനുസ്മരിപ്പിച്ചുകൊണ്ട് പ്രതീക്ഷ പ്രകടിപ്പിക്കുന്നു.

II വിലാപം: ദൈവത്തിന്റെ അസാന്നിദ്ധ്യം

- ഇപ്പോഴത്തെ ദുരിതങ്ങൾ
- പാപാവസ്ഥ
- ശത്രുവിന്റെ ദുഷ്കൃത്യങ്ങൾ

III സഹായാർത്ഥനയും രക്ഷാസന്ദേശപ്രതീക്ഷയും

സങ്കീ. 12; 44; 58; 60; 74; 79; 80; 83; 85; 90; 94; 108; 123; 129; എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു.

ii വ്യക്തിയുടെ വിലാപം

ദുരിതത്തിൽ നിന്നുള്ള മോചനമാണ് അർത്ഥനയുടെ കാതൽ. ചുരുക്കമായി പാപങ്ങളുടെ ഏറ്റുപറച്ചിലും ക്ഷമായാചനയും കാണാം. ദൈവം മൗനമവലംബിക്കുന്നുവെന്നും ദൂരെ നിൽക്കുന്നുവെന്നുമുള്ള പ്രസ്താവനകൾ സുലഭമാണ്. ശത്രുവിന്റെ ദുഷ്കൃത്യങ്ങളും ദൈവഭക്തന്റെ അവശതകളും വിശദമായി പ്രതിപാദിക്കുന്നു. പ്രത്യാശാപ്രകടനത്തോടെയാണ് ആവശ്യങ്ങൾ അവതരിപ്പിക്കുന്നത്. സമാപനം സാധാരണ ഒരു ബലി-സ്തുതി നേർച്ചയോടെയും കൃതജ്ഞതാപ്രകാശനത്തോടെയുമായിരിക്കും. സഫ

ലീകൃതമായ യാചനയെങ്കിൽ സമൂഹത്തിൽ കൃതജ്ഞതയർപ്പിക്കുന്നു. രക്ഷാസന്ദേശവും ചിലപ്പോൾ കാണാം.

**ഘടന:** I സംബോധനയും സഹായത്തിനുവേണ്ടിയുള്ള നിലവിളിയും

II വിലാപം: ദുഖഃദുരിതവർണ്ണന

പ്രത്യാശാപ്രകടനം

സഹായാഭ്യർത്ഥന

III സമാപനം: ബലി സ്തുതി നേർച്ച

സമൂഹത്തിൽ കൃതജ്ഞതാർപ്പണം

രക്ഷാസന്ദേശം.

വിലാപങ്ങളെ ക്ലേശങ്ങൾ പൊതുവായി വിവരിച്ചുകൊണ്ടുള്ളവയെന്നും (3; 7; 9-10;13;14; 22; 25; 27(7-14); 28(1-5); 31A 35; 36(11-12); 40(12-17); 42-43; 51;53;54; 55; 56; 57; 59; 61; 63; 64;69;70;71;77;(2-13)ച 86; 89(3952); 102;109; 120; 130; 140; 141; 142; 143) രോഗിയുടെയും ബന്ധിതന്റെയും പ്രാർത്ഥനയെന്നും (6; 31B; 38; 39; 41; 88; 102) നിരപരാധിയുടെ ആകുലതാപ്രകടനമെന്നും (5; 17; 26; 139; തരംതിരിക്കാവുന്നതാണ്. ഇവയിൽ 6, 38, 51, 102, 130, 143 എന്നിവയെ സഭാപാരമ്പര്യം 'അനുതാപസങ്കീർത്തനങ്ങൾ' എന്നു വിളിക്കുന്നു. (സങ്കീ 32 ഉൾപ്പെടെ ഏഴ് 'അനുതാപസങ്കീർത്തനങ്ങ'ളാണുള്ളത്).

### 3. പ്രത്യാശയുടെയും വിശ്വാസത്തിന്റെയും സങ്കീർത്തനങ്ങൾ

ദൈവത്തിലുള്ള പ്രത്യാശയും വിശ്വാസവുമാണ് ഇവയുടെ അടിസ്ഥാനം. ദൈവത്തോടുള്ള ബന്ധം പ്രകടമാക്കുന്ന പദപ്രയോഗങ്ങൾ ഇവയിൽ ധാരാളമായി കാണാം. ഈ ഗണത്തിൽ ജനത്തിന്റെ സങ്കീർത്തനങ്ങളും (115; 125; 129) വ്യക്തിയുടെ സങ്കീർത്തനങ്ങളും (3; 4; 11; 16; 23; 27; (1-6); (46); 62; 121; 131) ഉണ്ട്. ഈ സാഹിത്യരൂപം വിലാപരൂപത്തിൽ നിന്നുദ്ഭൂതമായതായിരിക്കണം.

### 4. കൃതജ്ഞതാസങ്കീർത്തനങ്ങൾ

ഹീബ്രുഭാഷയിൽ തോദാ എന്നോ ഹോദാ എന്നോ ഇവയെ വിളിക്കുന്നു. "ഏറ്റുപറയുക", "സമ്മതിക്കുക", "പ്രഖ്യാപിക്കുക" എന്നർത്ഥമുള്ള ഒരു ക്രിയാരൂപത്തിൽനിന്നാണ് ഈ പേരിന്റെ ഉദ്ഭവം. ഈ ഗണത്തിൽ വരുന്ന സങ്കീർത്തനങ്ങൾ വാസ്തവത്തിൽ പ്രതിനന്ദിയുടെ ഗീതങ്ങളല്ല, പ്രത്യുത ദൈവത്തിന്റെ അനുപമകൃത്യങ്ങളെ ഏറ്റുപറയുന്നവയും സങ്കീർത്തകന്റെ വിധേയത്വത്തെ

പ്രഖ്യാപിക്കുന്നവയുമാണ്. സ്തുതിയുടെ ഒരു വിശിഷ്ടരൂപമായി ഈ സങ്കീർത്തനങ്ങളെ കണക്കാക്കാം.

ഘടന: I കൃതജ്ഞതയർപ്പിക്കുവാൻ ആഹ്വാനം

II കൃതജ്ഞതാപ്രകാശനം:

- പഴയ ദുസ്ഥിതിയും ഇന്നത്തെ സുസ്ഥിതിയും
- ദൈവത്തിനു കൃതജ്ഞതയർപ്പിക്കുവാൻ എല്ലാവരെയും ക്ഷണിക്കുന്നു.
- ക്ലേശമകന്ന ഒരാത്മാവിന്റെ സമാധാനാവസ്ഥ.

III സമാപനം: ബലിയർപ്പണത്തോടെയോ സ്തുതിയോടെയോ

ജനത്തിന്റെ സങ്കീർത്തനങ്ങളെന്നും വ്യക്തിയുടെ സങ്കീർത്തനങ്ങളെന്നും രണ്ടു വിഭാഗത്തിൽ കൃതജ്ഞതാഗീതങ്ങളെ ഉൾപ്പെടുത്താം.

ജനത്തിന്റെ സങ്കീർത്തനങ്ങൾ: 65; 66; 67; (68); 107; 118; 124; 126; 129

വ്യക്തിയുടെ സങ്കീർത്തനങ്ങൾ: 9-10; 18; 28 (6-9); 30; 32(2-7); 34(1-10), 40(1-11); 41; 66(13-20); 92; 116; 138

### 5. രാജകീയ-മെസയാനിക സങ്കീർത്തനങ്ങൾ

സങ്കീർത്തന ഗ്രന്ഥത്തിൽ അങ്ങിങ്ങായി രാജാവിനുള്ള രക്ഷാസന്ദേശങ്ങൾ (2; 72; 110); രാജാവിനുവേണ്ടിയുള്ള പ്രാർത്ഥനകൾ (20; 21; 45; (89); 132); രാജാവിന്റെ പ്രാർത്ഥനകൾ (18 (32-52); 101; 144B) എന്നിവ കാണപ്പെടുന്നു. ഇവയെ പൊതുവിൽ രാജകീയ-മെസയാനിക സങ്കീർത്തനങ്ങൾ എന്നു വിളിക്കുന്നു. ഇവ രാജകീയ ഗീതങ്ങളായി ഉദ്ഭവിച്ചവയും പിന്നീട് അനുഷ്ഠാനത്തിൽ മെസയാനികസ്വഭാവം പ്രാപിച്ചവയുമാണ്. 2, 72, 110 എന്നീ സങ്കീർത്തനങ്ങളുടെ മെസയാനികസ്വഭാവം (messianic) സുവിദിതമാണ്.

### 6. പ്രബോധന സങ്കീർത്തനങ്ങൾ

അനുഷ്ഠാനമുക്തമായ (cult-free) സങ്കീർത്തനങ്ങൾ എന്ന് മോവിങ്കൽ ഇവയെ വിളിക്കുന്നു. ഈ ഗണത്തിൽ വിജ്ഞാനഗീതങ്ങൾ (1; 14; 32;34(11-22); 36(1-4); 37; 39; 49; 53; 73; 91; 112; 119; 127; 128; 133; 139), ആരാധനാക്രമഗീതങ്ങൾ (15; 24; 26; 115; 134), ചരിത്രഗീതങ്ങൾ (78; 105; 106), പ്രവാചകസന്ദേശങ്ങൾ (14; 52; 53; 75; 82), തോറാഗീതങ്ങൾ (1; 19B; 119) തിരുനാൾ ഗീതങ്ങൾ (50;81) എന്നിവ ഉൾപ്പെടുന്നു.

ഇവകൂടാതെ ഏതാനും സങ്കീർത്തനങ്ങളുടെ ഭാഗമായോ അവയുടെ അനുബന്ധമായോ പ്രവാചകസന്ദേശങ്ങൾ കടന്നുവരുന്നുണ്ട്. 2; 50; 75; 81; 82; 85; 89(20-38); 95; 110 എന്നീ സങ്കീർത്തനങ്ങളിൽ ഇതു കാണാം. ദൈവാലയാരാധനയുമായി ബന്ധപ്പെട്ടതായിരിക്കണം ഈ സന്ദേശങ്ങൾ.

## ഇസ്രായേലിന്റെ ദൈവം സങ്കീർത്തനങ്ങളിൽ

പ്രാർത്ഥനകളെന്ന നിലയിൽ ഇസ്രായേലിന്റെ ദൈവാനുഭവം ഉത്കൃഷ്ടമായവിധം പ്രകടമാകുന്നത് സങ്കീർത്തനങ്ങളിലാണ്. ദൈവത്തെ അവർ സംബോധനചെയ്ത നാമങ്ങൾ, പര്യായങ്ങൾ, വിശേഷണങ്ങൾ, ദൈവ-മനുഷ്യബന്ധം എന്നിവയെല്ലാം അവ വ്യക്തമാക്കുന്നു.

### 1. ദൈവനാമങ്ങൾ:

#### a) കർത്താവ് (യാഹ്‌വേ):

ഹീബ്രുബൈബിളിൽ യാഹ്‌വേ എന്നുച്ചരിക്കേണ്ട ചതുരക്ഷര നാമം യഹൂദന്മാർ ദൈവനാമത്തോടുള്ള ആദരം നിമിത്തം സാധാരണ അദൊനായ് (="എന്റെ നാഥൻ") എന്നാണുച്ചരിച്ചിരുന്നത്; ചുരുക്കമായി എലോഹീം എന്നും ദൈവസാന്നിദ്ധ്യവും രക്ഷാകരമായ സാമീപ്യവും വെളിവാക്കുന്ന ഒരു നാമമാണിത്. പുറ 3, 14 ൽ മോശയ്ക്കു വെളിപ്പെടുത്തപ്പെട്ട ദൈവനാമം ("ആകുന്നവൻ ഞാനാകുന്നു") യാഹ്‌വേയുടെ ദൈവശാസ്ത്രപരമായ മൂലക്രിയാരൂപത്തെ സൂചിപ്പിക്കുന്നുവെന്നാണ് പണ്ഡിതമതം.

സങ്കീർത്തനങ്ങളിൽ 615 പ്രാവശ്യം യാഹ്‌വേ എന്ന നാമം ഉപയോഗിച്ചിട്ടുണ്ട്. (പഴയനിയമത്തിൽ 6823 പ്രാവശ്യം; ഉച്ചാരണം 6518 പ്രാവശ്യം അദൊനായ്; 305 പ്രാവശ്യം എലോഹീം). ഈ നാമത്തിന്റെ ചുരുക്കെഴുത്തായ യാഹ് എന്ന രൂപം 43 പ്രാവശ്യം (പഴയനിയമത്തിൽ ആകെ 48 പ്രാവശ്യം). ഇതിൽ 23 എണ്ണം ഹല്ലേലുയാ(ഹ്) എന്ന പ്രാർത്ഥനാരൂപത്തിലാണ്.

യാഹ്‌വേ "ഇസ്രായേലിന്റെ ദൈവ"മാണ് (41:13; 59:5;68:8; 106:48). അവിടുന്ന് അബ്രഹാത്തിന്റെയും (47:9) യാക്കോബിന്റെയും (20:1; 24:6; 46:7, 11; 75:9; 76:6; 81:1,4; 84:8) ദൈവമാണ്. ഈ ദൈവം ഇസ്രായേലിന്റെ സംരക്ഷകനും സഹായകനുമാണെന്ന് ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ടാണ് സങ്കീർത്തകൻ അവിടുത്തെ യാഹ്‌വേസെബാഓത്ത് (സൈന്യങ്ങളുടെ കർത്താവ്) എന്നു വിളിക്കുന്നത് (59:5). യുദ്ധം നയിക്കുന്ന രാജാവായി ഇസ്രായേൽ തന്റെ ദൈവത്തെ

ദർശിച്ചു. വാഗ്ദാനപേടകത്തിലെ ദൈവസാന്നിദ്ധ്യം (132:8) ഇസ്രാ യേലിനു യുദ്ധങ്ങളിൽ വിജയം നേടിക്കൊടുത്തു. അവിടുത്തെ അവർ സൈന്യങ്ങളുടെ കർത്താവ് എന്നു വിളിച്ചു (1 സാമു 4:4; 2 സാമു 6:2). അവിടുന്നു കെരൂബുകളുടെമേൽ സിംഹാസനസ്ഥനാണ് (80:1, 4, 14). യാഹ്‌വേസെബാഓത്ത് എന്നത് സങ്കീർത്തനങ്ങളിൽ ആരാധനാ: നുഷ്ഠാനപരമായ ഒരു മഹോന്നത നാമധേയമാണ് (24:7-10; 46;7,11; 48:8; 69:6; 84:1, 3, 12). മാത്രമല്ല കർത്താവ് സൈന്യ ങ്ങളുടെ ദൈവമത്രേ (59:5; 80:4, 7, 14, 19; 84:8).

### b) കർത്താവിന്റെ നാമം (ഷെം യാഹേ)

യാഹ്‌വേ എന്ന പദം കർത്താവിന്റെ നാമത്തെ സൂചിപ്പിക്കാൻ അപര്യാപ്തമെന്നോ മനസ്സിലാക്കാൻ അസാധ്യമെന്നോ ഉള്ള ധാര ണയിലാകാം സങ്കീർത്തകൻ പലപ്പോഴും "കർത്താവിന്റെ നാമം" എന്ന് ദൈവത്തെ സൂചിപ്പിക്കുന്നത്. ഈ പേരിന്റെ അർത്ഥവ്യാപ്തി നമുക്ക് ഇന്നും അഗ്രാഹ്യമാണ്. ഇസ്രായേലിനെ സംബന്ധിച്ചിട ത്തോളം ഈ "നാമം" ദൈവത്തെക്കുറിച്ചുള്ള സകല വിജ്ഞാ നവും ഗുണഗണങ്ങളും ഉൾക്കൊള്ളുന്നു. സീയോനിലുള്ള കർത്താ വിന്റെ സാന്നിദ്ധ്യത്തെ "നാമം" സൂചിപ്പിക്കുന്നതായി മനസ്സിലാ ക്കാം.

ദൈവിക വെളിപാടിന്റെ മഹാത്ഭുതവും രഹസ്യവും വെളിവാ ക്കുന്നതായി "നാമം" പല സങ്കീർത്തനങ്ങളിലും പ്രത്യക്ഷപ്പെടു ന്നു. ഇത് മഹോന്നതവും മഹത്വപൂർണ്ണവുമായ നാമമത്രേ: 7:17; 20:7; 22:19; 102:21; 113:13; 116:4,13,17; 118:10-12; 122:4; 124:8; 135:1; 148:5,13. ഈ നാമം പരിശുദ്ധവും ഭയാനകവും (111:9) മഹനീയവും (8:1; 66:2) നിത്യം നിലനിൽക്കുന്നതും (45:17; 135:13) ആണ്. സ്രഷ്ടാ വായ അവിടുത്തെ നാമം ഭൂമിയിലെങ്ങും പ്രശോഭിക്കുന്നു (8:1). ഭൂമിതന്നെയും ഈ നാമത്തെ പ്രകീർത്തിക്കുകയും ചെയ്യുന്നു (89:12). ഇസ്രായേൽ അറിയുകയും (9:10) സ്നേഹിക്കുകയും (5:11; 119:132) ആശ്രയിക്കുകയും (33:21) ഭയപ്പെടുകയും (86:11; 102:15) ചെയ്യുന്ന ഒന്നാണ് കർത്താവിന്റെ നാമം.

ഇസ്രായേൽ ആവശ്യനേരത്ത് കർത്താവിന്റെ നാമം വിളിച്ചാണ പേക്ഷിക്കുന്നത്: (75:1; 79:6; 80:18; 99:6; 105:1; 116:4, 13, 17...). അത് അവർക്ക് എന്നും സഹായവും സംരക്ഷണയും നൽകുന്നു: (20:1; 54:1; 118:10-12). അതുകൊണ്ടുതന്നെയാണ് അവർ പ്രാർത്ഥനകളിൽ "ഇസ്രായേലിന്റെ ദൈവം തന്റെ നാമത്തെപ്രതി പരിപാലിക്കട്ടെ, മോചനം നൽകട്ടെ, രക്ഷിക്കട്ടെ എന്നിങ്ങനെ ആശംസിക്കുന്നത് (23:3; 25:11; 106:8; 109:21)."

### c) ദൈവം (ഏൽ, എലോഹ, എലോഹിം):

മറ്റു ദേവന്മാരിൽനിന്നും ശക്തികളിൽനിന്നും ഇസ്രായേലിന്റെ ദൈവത്തെ വേർതിരിക്കുന്ന ഒരു നാമധേയമത്രേ ഏൽ, എലോഹ എന്നീ ഏകവചന രൂപവും എലോഹിം എന്ന ബഹുവചനരൂപവും. യാഹ്‌വേ എന്ന പേരുപോലെതന്നെ ഈ പദങ്ങളും ദൈവത്തിന്റെ ഒരു സൂചകനാമമാത്രം. സങ്കീർത്തനങ്ങളിൽ ഈ നാമരൂപങ്ങൾ 75-4-365 പ്രാവശ്യം യഥാക്രമം പ്രത്യക്ഷപ്പെടുന്നു. "സൈന്യങ്ങളുടെ കർത്താവ്", "യാഹ്‌വേ" എന്നീ നാമങ്ങളോട് ചേർത്ത് "ജീവിക്കുന്ന ദൈവം" എന്നാണ് സങ്കീർത്തകൻ ദൈവത്തെ വിശേഷിപ്പിച്ചിരിക്കുന്നത് (84:2; കാണുക 18:46).

### 2. ദൈവനാമ പര്യായങ്ങൾ

### a) അത്യുന്നതൻ (എല്യോൻ)

സങ്കീർത്തനങ്ങളിൽ ദൈവത്തിന് നല്കുന്ന ഒരു സാധാരണ പര്യായമാണിത്. ഈ പര്യായം പുരാതനവും വിജാതീയ പാശ്ചാത്തലമുള്ളതുമായി കരുതപ്പെടുന്നു (ഉല്പ 14:18). വിജാതീയർ ഉയർന്ന കുന്നുകളിൽ ദേവീദേവന്മാർക്കു നൽകിയിരുന്ന ആരാധനയിൽനിന്നാകാം ഇത്തരമൊരുപദം ഉത്ഭവിച്ചത് (കാണുക 2 രാജാ 15:35). ഏൽ- എലോഹീം-യാഹ്‌വേ എന്ന ദൈനാമത്തിനു സമാന്തരമായും (57:2; 78:35; 107:11), അതിനോടു യോജിപ്പിച്ചും (7:17; 47:2; 57:2; 78:35) എൽയോൻ എന്ന പര്യായം ഉപയോഗിക്കാറുണ്ട്. എൽയോൻ ഭൂമി മുഴുവന്റെയും ശക്തനായ രാജാവാണ് (47:2); അവിടുത്തെ സിംഹാസനമാകട്ടെ സീയോനിലും (46:4; 87:5) സ്വർഗ്ഗത്തിലുമാണ് (18:13).

### b) രാജാവ് (മെലെക്)

ദൈവത്തെ രാജാവെന്നു വിളിക്കുന്ന പാരമ്പര്യം ഇസ്രായേലിന്റെ ചരിത്രപശ്ചാത്തലത്തിൽ ഉദ്ഭവിക്കുന്നതാണെന്നു പറയാം. ഉടമ്പടിയുടെ പേടകത്തെ ആധാരമാക്കി ഷീലോയിൽ ആരംഭിച്ച അനുഷ്ഠാന വിധികളായിരിക്കാം ദൈവത്തിനു രാജത്വം കൽപ്പിക്കുവാൻ പ്രേരകമായത് (1 സാമു 4:4; 2 സാമു 6:2). "കെറുബുകളുടെമേൽ എഴുന്നള്ളിയിരിക്കുന്ന സൈന്യങ്ങളുടെ കർത്താവാണ്" അവിടുന്ന് (1 സാമു 4:4; സങ്കീ. 80:1).

ഇസ്രായേലിന്റെ ദൈവം "വലിയ രാജാവാണ്" (47:2; 48:2; 95:3) അവിടുന്ന് മഹത്വപൂർണ്ണനും (24:7-10) നിത്യനുമാണ് (29:10). സകല ദേവന്മാരെക്കാളും വലിയവനും (95:3; 96:4; 97:9) ഭൂമി മുഴുവന്റെയും

അധിപനുമാണ് (47:2,7; 97:9). കെറുബുകളും (99:1) സീയോനും (9:11) സമുദ്രരാശിയും (29:10) സ്വർഗ്ഗവുമാണ് (103:19) അവിടുത്തെ സിംഹാസനം.

### c) പരിശുദ്ധൻ (ഖാദോഷ്)

ഏശയ്യായുടെ 'പരിശുദ്ധ' കീർത്തനത്തോട് (6:3) തുല്യമായ രീതിയിൽ 99-ാം സങ്കീർത്തനം മൂന്നുപ്രാവശ്യം കർത്താവിനെ പരിശുദ്ധൻ എന്നു വിളിക്കുന്നു (3,5,9 വാകൃങ്ങൾ). "ഇസ്രായേലിന്റെ സ്തുതിയുടെ സിംഹാസനത്തിൽ ഉപവിഷ്ട"നത്രേ അവിടുന്ന് (22:3). അതുകൊണ്ടുതന്നെയായിരിക്കണം അവിടുത്തെ "ഇസ്രായേലിന്റെ പരിശുദ്ധൻ" എന്നു വിശേഷിപ്പിക്കുന്നത് (7:122; 78:41; 89:18).

### d) നാഥൻ (അദോൻ)

ബഹുമാനസൂചകമായി ഒരുവൻ തന്നേക്കാൾ ശ്രേഷ്ഠതയുള്ളവനെ അഭിസംബോധന ചെയ്യുന്ന പേരാണിത്. യജമാന സ്ഥാനമാണ് സാധാരണ വിവക്ഷ (12:5; 45:11; 105:21; 135:5; 136:3). കർത്താവ് (യാഹ്‌വേ) എന്ന ദൈവനാമത്തിനു പര്യായമായി 53 പ്രാവശ്യം സങ്കീർത്തനങ്ങളിൽ ഇതുപയോഗിക്കാറുണ്ട് (2:4; 8:1,9; 16:2; 30:8; 35:17; 37:13; 114:7; 136:3; 147:5).

മേല്പ്പറഞ്ഞവകൂടാതെ 'രക്ഷ' (17:7; 18:2; 106:21; 140:7), 'പാറ' (18:2, 31:46; 19:14; 28:1; 31:2,3....), 'കോട്ട' (18:2; 31:2,3; 71:3; 91:2; 144:2), 'ശക്തി' (24:8; 28:7,8; 46:59:9,17....), 'അഭയം' (2:12; 5:11; 7:1; 11:1; 14:6;...), 'പരിച' (3:3; 7:10; 18:2,30,35; 28:7;...) തുടങ്ങിയ പര്യായങ്ങളും ദൈവത്തിനു നല്കാറുണ്ട്.

## 3. ദൈവനാമ വിശേഷണങ്ങൾ

### a) പരിശുദ്ധി (ഖാദോഷ്)

പൂർണ്ണതയാണ് ഇതു സൂചിപ്പിക്കുന്നത്. ദൈവനാമത്തിനും (33:21; 103:1; 111:9; 145:21) ദൈവവചനത്തിനും (105:42) ദൈവകരം (98:1), വഴി (77:13) എന്നിവയ്ക്കും പരിശുദ്ധി ആരോപിച്ചു കാണുന്നു. ദൈവം പരിശുദ്ധനാണ് എന്ന പര്യായത്തോടു ചേർന്നുപോകുന്നതാണ് ഈ വിശേഷണവും.

### b) മഹത്വം (കാബോദ്)

ദൈവത്തിന്റെ പരിശുദ്ധിയുടെ വെളിപ്പെടൽ തന്നെയാണ് മഹത്വം. ഈ മഹത്വം സ്വർഗ്ഗീയമാണ് (29:1-3). അതു പ്രപഞ്ചം മുഴു

വൻ നിറഞ്ഞിരിക്കുന്നു (19:1; 57:5). ദൈവത്തിന്റെ മഹത്വമുള്ള നാമത്തെക്കുറിച്ച് പല സൂചനകളും സങ്കീർത്തനങ്ങളിലുണ്ട് (66:1; 79:9).

### c) നീതി (സ്സെദെക് - സ്സ്ദാക്കാ)

രക്ഷാകരമായ ഒരു ദാനമായിട്ടാണ് ദൈവത്തിന്റെ നീതി സങ്കീർത്തനങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നത്. ദൈവഭക്തനു സുരക്ഷിതത്വം നല്കുന്ന ഒരു സംരക്ഷണവലയമായും ഇതിനെ മനസ്സിലാക്കാം. അവനെ ദൈവം നയിക്കുന്ന നേർവഴിയാണ് മറ്റു ചില സന്ദർഭങ്ങളിൽ ദൈവനീതി. അതു വഴിയാണ് (5:8; 143:10-11), പാറയും ശക്തിദുർഗ്ഗവുമാണ് (31:1-2; 71:3); ജീവനാണ് (119:4). രക്ഷാകരമായ ഈ അവസ്ഥാവിശേഷത്തിലേക്കു ദുഷ്ടനു പ്രവേശിക്കാനേ സാധ്യമല്ല (69:28).

### d) ന്യായം (മിഷ്പാത്ത്)

നീതിയോടു ചേർന്നുപോകുന്ന മറ്റൊരു വിശേഷണമാണ് ന്യായം. യാഹ്‌വേ ഇസ്രായേലിന്റെ ചരിത്രത്തിൽ രക്ഷാകരപ്രവൃത്തികളിലൂടെ തന്റെ നീതി വെളിപ്പെടുത്തുമ്പോൾ ദൈവജനവുമായുള്ള ഉടമ്പടിയെ അവിടുന്ന് അടിസ്ഥാനമാക്കുന്നതാണ് ന്യായം (സങ്കീ 37:28; 72:1-3,7; ഏശ 61:8). ന്യായത്തിന്റെ അടിസ്ഥാനത്തിലേ ദൈവജനം നീതി പ്രാപിക്കുന്നുള്ളൂ എന്നു സാരം (ഏശ 41:1; 50:8; 53:8; 54:17; ജെറെ 51:9-10; സങ്കീ 17:1-2; 37:6). കോടതിയിലെ ന്യായവിചാരണയുടെ ഒരു പശ്ചാത്തലം ഇവിടുണ്ട്.

### e) കാരുണ്യം (ഹെസ്സെദ്)

245 പ്രാവശ്യം പഴയനിയമത്തിൽ പ്രത്യക്ഷപ്പെടുന്ന ഈ പദം 127 പ്രാവശ്യം സങ്കീർത്തനങ്ങളിലാണുപയോഗിച്ചിരിക്കുന്നത്. ദൈവത്തിന്റെ നന്മ, കൃപ, ദയ, സ്നേഹം എന്നെല്ലാം ഇതിന് സൂചനകളുണ്ട്. ദൈവത്തിന്റെ കാരുണ്യാതിരേകം അനുഭവിക്കുന്ന ഭക്തന്റെ വികാരവിചാരങ്ങളത്രേ സങ്കീർത്തനങ്ങളെല്ലാം. പ്രത്യേകിച്ച് വിലാപങ്ങളും കൃതജ്ഞതാഗീതങ്ങളും . ദൈവ-മനുഷ്യബന്ധത്തെ സംബന്ധിച്ചിടത്തോളം ഉടമ്പടിയിലധിഷ്ഠിതമാണ് ഈ കാരുണ്യം. വിമോചനദായകവും, രക്ഷാകരവും സഹായിക്കുന്നതും സുഖപ്പെടുത്തുന്നതുമാണ് അത്.

കാരുണ്യാതിരേകത്തിൽ ദൈവം സമൃദ്ധനും പൂർണ്ണനുമാണ് എന്ന് അവിടുത്തെ മഹത്വവും നന്മയും ഏറ്റുപറഞ്ഞുകൊണ്ട് സങ്കീർത്തകൻ അവതരിപ്പിക്കുന്നു (86:5,13; 103:8; 106:7). ദൈവകാരുണ്യം നിത്യവും (89:2; 100:5; 106:1; 107:1) സ്വർഗ്ഗംവരെ എത്തു

ന്നതും (36:5; 57:10) ഭൂമിമുഴുവൻ നിറയുന്നതുമാണ് (33:5; 119:64). ഇസ്രായേൽ ഭവനത്തിന്മേലാണ് അതു പ്രവർത്തനനിരതമാകുന്നത് (98:3). ക്ലേശമനുഭവിക്കുന്നവന് അഭയം കർത്താവിന്റെ കാരുണ്യ മത്രേ (6:4; 44:26; 31:16; 51:1; 109:26).

### f) സത്യം-വിശ്വസ്തത (എമെത്ത്-എമൂനാ)

"എമെത്ത്" എന്ന ഹീബ്രു പദത്തിന് സത്യം, സത്യസന്ധത, വിശ്വസ്തത എന്നെല്ലാം അർത്ഥമുണ്ട്. പലപ്പോഴും കാരുണ്യത്തോടു ചേർത്താണ് സങ്കീർത്തകൻ ഇതുപയോഗിക്കുന്നത്; സമാനാർത്ഥ ത്തിലും (69:13). കാരുണ്യം പ്രകടമാക്കുന്നതും യാഥാർത്ഥ്യമാക്കു ന്നതുമായ ദൈവിക പൂർണ്ണതയെയാണ് ഇതു സൂചിപ്പിക്കുന്നതെന്നു പറയാം. കർത്താവിന്റെ സഹായഹസ്തത്തിന്റെ വിശ്വാസ്യതയത്രേ ഇത്.

കർത്താവ് സത്യസന്ധതയുടെ ദൈവമാണ് (31:5). അവിടുത്തെ പ്രവൃത്തികളും വാക്കുകളും സത്യം നിറഞ്ഞതാണ് (19:9). കർത്താവ് സത്യവാനായതുകൊണ്ടത്രേ ക്ലേശമനുഭവിക്കുന്നവൻ അവിടുന്നിൽ ശരണം വയ്ക്കുന്നത് (54:5). ഇതും ഉടമ്പടിയിൽ അധിഷ്ഠിതമാ ണ്. ഒരു വാഗ്ദാനവും അതിന്റെ പൂർത്തീകരണവുമാണല്ലോ സത്യ സന്ധതയുടെ മുഖമുദ്ര (132:11). ഇക്കാരണത്താൽതന്നെയാണ് കാരു ണ്യവും സത്യവും ഒരുമിച്ചുപോകുന്നത് (85:10; 89:14).

തോറായിൽ വിശ്വാസമർപ്പിക്കുന്നവരും ദൈവവചനത്തെ ജീവി തനിയമമാക്കുന്നവരും ദൈവത്തിന്റെ സത്യത്തിൽ സഞ്ചരിക്കുന്നു (25:5; 26:3; 86:11). കർത്താവിന്റെ സത്യം മനുഷ്യന്റെ മാർഗ്ഗദീപമാ ണെന്ന് ഇതിൽനിന്നു വ്യക്തമാക്കുന്നു.

ദൈവത്തിന്റെ സത്യത്തിനു വിരുദ്ധമായി നില്ക്കുന്നവയാണ് കള്ളദൈവങ്ങൾ. ഇവയുടെയും ഇവയെ പിഞ്ചെല്ലുന്നവരുടെയും സ്വഭാവം വെളിപ്പെടുത്താനാണ് വ്യാജം, വഞ്ചന, കാപട്യം തുട ങ്ങിയ വാക്കുകൾ സങ്കീർത്തനങ്ങളിൽ ഉപയോഗിച്ചിട്ടുള്ളത് (7:14; 27:12; 31:18; 109:2).

### g) ബലവും ശക്തിയും

ബലം, ശക്തി എന്നിവയും വിശേഷണങ്ങളെന്ന നിലയിൽ ദൈവത്തിന്റെ പൂർണ്ണതയെ സൂചിപ്പിക്കുന്നു. കർത്താവ് കരുത്തുറ്റ വനാണ് (174:5); അവിടുത്തെ കരവും (20:6) സ്വരവും (29:4) ശക്തി നിറഞ്ഞതാണ്. അവിടുന്ന് ഇസ്രായേലിൽ ഈ ശക്തി വെളിപ്പെടു ത്തുന്നു (78:4). ഇസ്രായേൽ കർത്താവിന്റെ ശക്തിപ്രഭാവത്തെ

വാഴ്ത്തിപ്പാടുന്നു (21:13; 59:16). ദൈവഭക്തന്റെ ബലം കർത്താവാണ് (118:14). രക്ഷാകരകൃത്യത്തിൽ അവിടുത്തെ ശക്തി ശത്രുവിനു നാശവും ഭക്തനു സാമാശ്വാസവുമായി ഭവിക്കുന്നു (77:14; 106:8).

### 4. ദൈവത്തിന്റെ പ്രവൃത്തികൾ

#### a) സൃഷ്ടി

ഇസ്രായേലിന്റെ സ്തുതികളിൽ സ്രഷ്ടാവായ ദൈവം സാധാരണ വിഷയമാണ്. മറ്റു പൗരസ്ത്യമതങ്ങളിൽ നിന്നു ഭിന്നമാണ് സ്രഷ്ടാവിനെ സംബന്ധിച്ച ഇസ്രായേലിന്റെ ആശയം എന്ന് 89 -ാം സങ്കീർത്തനം വ്യക്തമാക്കുന്നു. സൃഷ്ടിയുടെ രക്ഷാകരമായ സവിശേഷതയാണവിടെ പ്രതിപാദ്യം. ശത്രുശക്തികളെ വിജയിക്കുന്ന ഒരു സൃഷ്ടികർമ്മത്തെ സംബന്ധിച്ചും സങ്കീർത്തനങ്ങൾ തെളിവുകൾ നല്കുന്നുണ്ട്(89:10; 93:1-4).

പ്രപഞ്ചത്തിലെ ദൈവാവിഷ്കാരം വിശദീകരിക്കുന്ന സങ്കീർത്തനങ്ങളാണ് സ്രഷ്ടാവിന്റെ ശക്തിവിലാസത്തിന് ഉത്തമമാതൃകകൾ(8:1-9); 19:1-6; 29:104). ഇവയിൽ പുരാതന പൗരസ്ത്യസാഹിത്യത്തിന്റെ പ്രതിഫലനവും കാണാം.

കർത്താവാണ് ആകാശത്തെയും (33:6; 96:5; 136:5) ആകാശവസ്തുക്കളെയും (136:8-9) നിർമ്മിച്ചത്. സമുദ്രവും (95:5) അവിടുത്തെ സൃഷ്ടിയത്രേ. അവിടുന്നു മനുഷ്യനെയും(33:15; 89:48; 100:3) ജീവജാലങ്ങളെയും (148:5) സൃഷ്ടിച്ചു. ആകാശത്തെ വിരിച്ച് (104:2) സൂര്യനെയും ചന്ദ്രനെയും (74:16) അവിടെ സ്ഥാപിച്ചു.

ഇസ്രായേൽ കർത്താവിനെ സ്രഷ്ടാവായംഗീകരിച്ചു സ്തുതിച്ചു(136). തങ്ങളുടെ അസ്തിത്വവും തെരെഞ്ഞടുപ്പും അവർ കർത്താവിന്റെ സൃഷ്ടികർമ്മത്തോടു ബന്ധപ്പെടുത്തുകയും ചെയ്തു (115:15; 121:12; 124:8).

#### b) പരിപാലന

ദൈവത്തിന്റെ പരിപാലനയും സംരക്ഷണവും വിവിധ രീതിയിൽ സങ്കീർത്തനങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. സൃഷ്ടപ്രപഞ്ചം മുഴുവൻ ദൈവപരിപാലനയിലാണ് (36:7-8). മനുഷ്യനെ അവിടുന്നു പ്രത്യേകം സംരക്ഷിക്കുന്നു (32:7); പ്രത്യേകമായി അവിടുത്തെ ഭയപ്പെടുന്നവരെ (33:18). കർത്താവ് കഷ്ടതയിൽ സങ്കേതവും (37:39) തണലും (17:8; 91:1) ശക്തിദുർഗവും (18:2) സംരക്ഷണശിലയുമാണ് (18:3). ക്ലേശിതരോടും (113:7) പീഡിതരോടും (25:16) ദരിദ്രരോടും (35:10; 40:18) എളിയവരോടും (147:6) അനാഥരോടും വിധവകളോടും

(68:5) അവിടുന്നു പ്രത്യേക പരിഗണനയും ദയയും കാണിക്കുന്നു.

**c) രക്ഷ**

"രക്ഷകൻ," "രക്ഷ" എന്നിവ സങ്കീർത്തനങ്ങളിൽ കർത്താവിനു നല്കുന്ന സാധാരണ സംബോധനകളാണ് (7:10; 17:7; 18:2; 18:46; 24:5; 27:1; 9:62:7; 65:5; 79:9; 85:4;). വ്യക്തി അഥവാ സമൂഹം അനുഭവിക്കുന്ന താൽക്കാലിക തിന്മകളിൽനിന്നും അപകടങ്ങളിൽനിന്നും രോഗത്തിൽനിന്നും ദേശീയപ്രതിസന്ധികളിൽനിന്നുമുള്ള വിമോചനമാണ് പ്രഥമദൃഷ്ട്യാ രക്ഷ. രക്ഷയെക്കുറിച്ചുള്ള ബാഹ്യമായ ഈ വീക്ഷണം കാലക്രമേണ പാപത്തിൽനിന്നുള്ള മോചനം അഥവാ ദൈവസന്നിധിയിലേക്കുള്ള പുനരാഗമനം അവതരിപ്പിക്കുന്ന ആന്തരികവീക്ഷണമായി മാറി. പാപമാണ് എല്ലാതിന്മകൾക്കും കാരണം(79:9; 130:8).

"രക്ഷിക്കുക" (3:3;8; 6:5; 7:2; 31:3, 17; 59:2; 69:2.....), "വിമോചിക്കുക" (7:2; 22:9; 25:20; 31:3; 16;...), "പരിത്രാണം ചെയ്യുക" (7:2; 136:24), സ്വതന്ത്രനാക്കുക (26:11; 31:6; 49:8,6; 55:19; 69:19; 71:23) "വീണ്ടെടുക്കുക" (69:19; 103:4; 107:2; 119:154) എന്നിവയാണ് ദൈവത്തിന്റെ രക്ഷാകരപ്രവൃത്തികളെ സൂചിപ്പിക്കുന്ന പദങ്ങൾ

## ഇസ്രായേൽ - ദൈവജനം

### 1. തിരഞ്ഞെടുക്കപ്പെട്ട ജനം

ഇസ്രായേലിന്റെ മതാത്മക ജീവിതം ദൈവികതിരഞ്ഞെടുപ്പിൽ അധിഷ്ഠിതമായിരുന്നു. തിരഞ്ഞെടുപ്പുവഴിയാണ് അവർ ദൈവജനമായത് (135-4). സൃഷ്ടിയുടെ ആരംഭത്തിൽത്തന്നെ ദൈവജനം ദൈവത്തിന്റേതാണ് (100:3). എന്നാൽ പുറപ്പാടിന്റെ പശ്ചാത്തലത്തിൽ അവർക്കുണ്ടായ ദൈവാനുഭവമാണ് ചരിത്രപരമായി തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനം (114:1-2). ദൈവം വസിക്കുന്ന ജനം (76:1-2), അവിടുത്തെ മഹത്വം കുടികൊള്ളുന്ന ജനം (22:3; 68:34), അവിടുത്തെ നിയമം സ്വീകരിച്ച ജനം (73:5; 147:19), അവിടുത്തെ അവകാശം (28:9; 33:12; 68:9) എന്നെല്ലാം ഇസ്രായേൽ അറിയപ്പെടുന്നു.

ഇസ്രായേലിനുവേണ്ടി ദൈവം ചെയ്തിട്ടുള്ള കാര്യങ്ങൾ വിസ്മയകരങ്ങളാണ്. അവിടുന്ന് അവരെ ജനതകളിൽനിന്നു തിരഞ്ഞെ

ടുത്തു, രക്ഷിച്ചു (77:15); അവരെ ഒരാട്ടിൻപറ്റത്തെപ്പോലെ നയിച്ചു (77:20; 78:52; 79:13; 100:3); അവർക്കുവേണ്ടി ഒരു നാടു സജ്ജമാക്കി (47:4); വിജാതീയരെ അവിടുന്നു പുറത്താക്കി സ്വന്തം ജനത്തെ പാർപ്പിച്ചു (44:2). അവിടന്ന് അവരെ സമൃദ്ധമായി അനുഗ്രഹിക്കുകയും ചെയ്തു (3:8; 28:9; 29:11).

ഉടമ്പടിയിലധിഷ്ഠിതമാണ് ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധം. സഹായവും രക്ഷയും വിമോചനവും ഇതുവഴി ഇസ്രായേൽ പ്രാപിക്കുന്നു (111:9). ക്ലേശകാലത്ത് ദൈവത്തെ വിളിച്ചപേക്ഷിക്കാൻ ഇസ്രായേലിനെ പ്രേരിപ്പിക്കുന്നതും ഈ ഉടമ്പടിതന്നെ (74:20). ഇസ്രായേലാകട്ടെ ദൈവമഹത്വം ജനതകളുടെ ഇടയിൽ പ്രഘോഷിക്കുവാൻ കടപ്പെട്ടവരാണ് (9:11; 96:3; 105:1).

എപ്പോഴും ദൈവത്തോടു വിശ്വസ്തത പുലർത്തുന്ന ഒരു ജനമായിരുന്നില്ല ഇസ്രായേൽ. അവർ എളുപ്പത്തിൽ ദൈവത്തെ വിസ്മരിച്ചിരുന്നു-തങ്ങളുടെ പൂർവ്വികരെപ്പോലെതന്നെ (78:5-58); അവിടത്തെ സ്വരം ശ്രവിക്കയുമില്ല (81:11). അവരുടെ ജീവിതത്തിലെ ക്ലേശങ്ങൾക്കു കാരണം ദൈവത്തോടുള്ള അവിശ്വസ്തത തന്നെയായിരുന്നു. ദൈവത്തിന്റെ കോപം തങ്ങളുടെമേൽ പതിച്ചിരിക്കുന്നുവെന്ന് ക്ളേശകാലത്ത് അവർ മനസ്സിലാക്കി (74:1; 78:2131; 79:1-2). അപ്പോൾ അവർ ദൈവത്തിന്റെ പക്കലേക്കു തിരിയാനും ദൈവത്തെ വിളിച്ചപേക്ഷിക്കാനും മറന്നില്ല (80:3,7,20; 85:4; 126:4).

## 2. ആരാധനാസമൂഹം

"സഭ," "മഹാസഭ" എന്നെല്ലാമാണ് ഇസ്രായേലിനെ സങ്കീർത്തനത്തിൽ അവതരിപ്പിക്കുന്നത് (22:25; 35:18; 40:9-10; 107:32) ദൈവാലയത്തിൽ സമ്മേളിക്കുന്ന ആരാധനാസമൂഹത്തെ ഇതു സൂചിപ്പിക്കുന്നു (22:3; 50:7; 81:8; 115:9). "യൂദായുടെ പുത്രിമാർ" (97:8), "ഇസ്രായേൽ മക്കൾ" (148:14) "സീയോന്റെ മക്കൾ" (149:2) "സീയോൻ" (97:8; 147:12) എന്നീ പേരുകളും ആരാധനാസമൂഹത്തെ സൂചിപ്പിക്കുന്നവയാണ്.

"അങ്ങയുടെ ജനം" (3:8; 28:8; 29:11; 33:12; 79:13; 80:4) എന്നും "എന്റെ ജനം" (50:7) എന്നുമുള്ള പ്രസ്താവനകളും ആരാധനാസമൂഹത്തെ ഉദ്ദേശിച്ചുള്ളവതന്നെ. ഈ സമൂഹത്തിന്റെ അംഗങ്ങൾ വിശുദ്ധരും (16:3; 30:4;97:10; 149:1) നീതിമാന്മാരും (32:11; 97:11-12), പരമാർത്ഥഹൃദയരും (32:11; 97:11), കർത്താവിന്റെ ദാസരും 69:35-36; 113:1), അവിടുത്തെ നാമത്തെ ഭയപ്പെടുന്നവരുമാണിത് (37:9; 15:9; 130:7; 131:3).

# ദൈവാലയവും ആരാധനയും

## 1. ദൈവാലയം

പിതാക്കന്മാരുടെ കാലത്ത് നിയതമായ ദൈവാലയമില്ലായിരുന്നു. വിവിധ വെളിപ്പെടുത്തലുകളായിരുന്നു അക്കാലത്ത് ദൈവസാന്നിദ്ധ്യത്തെ സൂചിപ്പിച്ചിരുന്നത്. 18:7-16; 19:14; 29:3-9, 77:16-19; 97:2-6 എന്നീ സങ്കീർത്തനഭാഗങ്ങൾ അതു വ്യക്തമാക്കുന്നു. സീനാമലയിൽവച്ചുണ്ടായ അതിവിശിഷ്ടമായ വെളിപ്പെടുത്തലിനുശേഷം വാഗ്ദാനപേടകത്തെയും കൂടാരത്തെയുമാണ് ദൈവസാന്നിദ്ധ്യസ്ഥാനങ്ങളായി ഇസ്രായേൽ ദർശിച്ചത് (15:1; 43:3; 61:4; 78:60-61; 132:8).

ജറുസലെത്ത് ദൈവാലയം പണിയുകയും വാഗ്ദാനപേടകത്തിന് അവിടെ പ്രതിഷ്ഠ നൽകുകയും ചെയ്തതോടെ അവിടമായി ദൈവത്തിന്റെ നിവാസസ്ഥലം (18:6; 26:8; 76:2). ദൈവം വസിക്കുന്നതുകൊണ്ട് അതു വിശുദ്ധസ്ഥലവുമായി (20:2); 60:6; 63:3; 74:3,7; 150:1). അത് ദൈവജനത്തിന്റെ ആരാധനാസ്ഥലമാണ് (63:2; 102:21-22). ദൈവാലയത്തിൽ എത്തി പ്രാർത്ഥിക്കുക എന്നത് ഏതൊരു ഇസ്രായേൽക്കാരന്റെയും മോഹമായിരുന്നു (5:7; 63:3-6; 122:1-2; 134:1-2; 137:5-6). ദൈവം ഇസ്രായേലിനെ കേൾക്കുന്നതും (18:6), സഹായിക്കുന്നതും (20:1-2) സംരക്ഷിക്കുന്നതും (36:7-8) അനുഗ്രഹിക്കുന്നതും (134:3) തന്റെ ആലയത്തിൽ നിന്നാണ്.

## 2. ജെറുസലെം-സീയോൻ

ഒരു ജെബൂസ്യ നഗരമായ ജെറുസലെമിനെ ഇസ്രായേലിന്റെ തലസ്ഥാനമാക്കിയത് ദാവീദു രാജാവാണ്. പർവ്വതങ്ങളാൽ ചൂഴ്ന്നു നില്ക്കുന്നതും കോട്ടകളാൽ ചുറ്റപ്പെട്ടതുമായ (51:18) ആ പട്ടണം (125:1-2) കർത്താവിന്റെ നഗരമാണ് (46:4; 48:1; 87:1) അത് മനോഹരമായി പണി ചെയ്യപ്പെട്ടിരിക്കുന്നു (122:2-3). സീയോൻ എന്ന അപരനാമത്താൽ ഈ നഗരം അറിയപ്പെടുന്നു (102, 21-22; 135,21). നഗരത്തിന്റെ നടുവിലായി കർത്താവിന്റെ ഭവനം നിലകൊള്ളുന്നു (116:119).

സീയോൻ എന്ന നാമം ആരാധനാനുഷ്ഠാനപരമായ ഒരു വിശിഷ്ടനാമമായാണ് സങ്കീർത്തനങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. ദൈവത്തിന്റെ മലയാണത് (4:2,11; 74:2; 78:68). "കർത്താവിന്റെ മല" എന്നും (24:3; 2:6). ഉന്നത രാജാവിന്റെ നഗരമെന്നും (48:2; 87:3; 99:2) അത് വിളിക്കപ്പെടുന്നു. അവിടെ കർത്താവു വസിക്കുന്നു (9:11; 43:3; 65; 11; 74:2; 76:2; 132:13) അവിടെ നിന്ന് അവിടുന്നു സ്വയം വെളിപ്പെടുന്നു (50:2). ഇസ്രായേലിനു രക്ഷാകരസഹായവും (14:7; 20:2; 53:6)

അനുഗ്രഹവും (128:5; 134:3) വരുന്നത് സീയോനിൽ നിന്നാണ്. ഇക്കാരണങ്ങളാണ് സീയോനെ സൗന്ദര്യത്തികവെന്നും (48:2; 50:2), വിശുദ്ധമലയെന്നും (2:6; 3:4; 15:1; 43:3; 48:2; 87:1; 99:9) സങ്കീർത്തകൻ വിളിക്കുന്നത്.

### 3. തീർത്ഥാടനം - ആരാധന

ജറുസലെമിലും സീയോനിലും തീർത്ഥാടനവും ആരാധനയും നടത്തുന്നത് സങ്കീർത്തനങ്ങളിൽ പലപ്പോഴും പരാമർശവിഷയമാണ് (15:1; 24:8-9; 42:4; 48:12; 55:14; 84:1-7; 95:2; 100:2). സങ്കീ 120-134 തീർത്ഥാടന സങ്കീർത്തനങ്ങൾ എന്നാണ് അറിയപ്പെടുന്നതുതന്നെ. ജെറുസലേമിലേക്കുള്ള തീർത്ഥാടനം ദൈവജനത്തിന് അത്യാനന്ദത്തിന്റെ അവസരമായിരുന്നു (84:1-7; 122:1-2). ദൈവത്തിന്റെ ആലയത്തിലെത്തി ആരാധനയർപ്പിക്കുന്നത് ഒരു നേർച്ചയായാണ് ദൈവഭക്തർ കരുതിയിരുന്നത് (5:7; 95:1-2; 99:5; 100:4)

സീയോനിൽ ദൈവജനം നടത്തുന്ന ആരാധനാപ്രകടനം സമുത്കൃഷ്ടമായി അവതരിപ്പിച്ചിരിക്കുന്നത് ബലിയർപ്പണത്തിലാണ് (50:5; 51:19). "നീതിയുടെ ബലി" (4,5; 51:19;), കൃതജ്ഞതാബലി (50:14; 54:6; 107:22; 116:17), ദഹനബലി (40:6; 50:8; 51:16;19; 66:13-15), പരിഹാരബലി (40:6), "ആഹ്ളാദബലി" (27:6), ആത്മീയബലി (51:17; 142:2) എന്നിവയെക്കുറിച്ചെല്ലാം സങ്കീർത്തനങ്ങൾ പരാമർശിക്കുന്നു. ബലിയർപ്പണത്തെക്കുറിച്ച് വിമർശനവും കാണാം (40:6; 50:13;51:16).

## ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്ന വ്യക്തി

### 1. വ്യക്തിയെ സൂചിപ്പിക്കുന്ന വാക്കുകൾ

സങ്കീർത്തനങ്ങളിൽ, പ്രത്യേകിച്ച് വിലാപങ്ങളിലും കൃതജ്ഞതാഗീതങ്ങളിലും വ്യക്തി പ്രധാന സ്ഥാനം വഹിക്കുന്നു. പദപ്രയോഗത്തിൽ "മനുഷ്യൻ"("മർത്യൻ") ദൈവത്തെ എതിർത്തുനില്ക്കുന്നവനാണെന്നാണ് സങ്കീർത്തനങ്ങൾ സൂചിപ്പിക്കുന്നത് (9:19-20; 56:1; 116:11; 118:6; 124:2; അപവാദം 32:2; 84:5; 12). ദൈവസന്നിധിയിൽ സഹായമപേക്ഷിക്കുന്ന വ്യക്തിയെ സംബന്ധിച്ചാകട്ടെ "ശരീരം"(ജഡം), "ആത്മാവ്", "ഹൃദയം", "അരൂപി" എന്നീ വാക്കുകൾ സാധാരണ ഉപയോഗിച്ചുകാണുന്നു. ഇവയോട് ബന്ധപ്പെടുത്തി "ജീവൻ, ശക്തി, അസ്ഥി, അന്തരംഗം, ഉദരം, നയനം, ആയുസ്സ്"തുടങ്ങിയ വാക്കുകളും ചുരുക്കമായി പ്രത്യക്ഷപ്പെടുന്നുണ്ട്.

സകല ജീവജാലങ്ങളെയും (136,25) എല്ലാ മനുഷ്യരെയും (65:2; 145:21) "ശരീരം" എന്ന വാക്ക് പ്രഥമതഃ സൂചിപ്പിക്കുന്നു. എന്നാൽ, മനുഷ്യന്റെ ബലഹീനമായ സ്വഭാവസവിശേഷതയാണ് ഇതു കൂടുതൽ സന്ദർഭങ്ങളിലും അർത്ഥമാക്കുന്നത്(16:9; 27:2, 38:3, 63:1, 78:39, 102:6).

"ആത്മാവ്" എന്ന വാക്ക് ബാഹ്യമായ ഒരുമനുഷ്യാവയവത്തെയും മനുഷ്യവ്യക്തിയുടെ ആന്തരികാവസ്ഥയെയും സൂചിപ്പിക്കുന്നതായിട്ട് സങ്കീർത്തനങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. ഭക്ഷണം സ്വീകരിക്കുന്ന, അഥവാ ദാഹമനുഭവിക്കുന്ന അവയവമാണത്രേ ഇത് (17:9; 35:25; 42:1–2; 107:5,9; 143:6). ഈ അർത്ഥത്തിൽ "കഴുത്ത്" എന്നും മനസ്സിലാക്കാവുന്നതാണ് (69:1; 105:18; 124:4). എന്നാൽ കൂടുതൽ സന്ദർഭങ്ങളിലും ഇതു മനുഷ്യന്റെ ആന്തരികാവസ്ഥയെയും (31:7; 35:13; 42:5,6,11) മനുഷ്യവ്യക്തിയെത്തന്നെയും അർത്ഥമാക്കുന്നു.

മനുഷ്യന്റെ ചിന്തയുടെയും തീരുമാനങ്ങളുടെയും ഉറവിടം ഹൃദയമാണ് (10:6; 15:2; 20:4). സന്തോഷവും സമാധാനവും ഭയവും വേദനയും അവൻ അനുഭവിക്കുന്നതും അവിടെയാണ് (4:7; 19:8; 33:21; 34:18; 51:17; 55:4,61:2 ഹൃദയത്തിലാണ് പ്രത്യാശയും നിക്ഷിപ്തമായിരിക്കുന്നത് (28:7; 112:7). ദുഷ്ടരുടെ ഹൃദയം തിന്മയുടെ ഇരിപ്പിടമത്രേ. (28:3;101:4). ദൈവം മനുഷ്യനെ അറിയാൻ അവന്റെ ഹൃദയത്തെയാണു പരിശോധിക്കുന്നത് (7:9;17:3; 26:2; 44:21). ഹൃദയത്തിന്റെ നൈർമ്മല്യവും പൂർണ്ണതയുമാണ് ദൈവത്തിനു സ്വീകാര്യം(9:1; 24:4; 37:31; 51:10; 73:1; 86:12).

ഹൃദയത്തോടു സമാന്തരമായി ഉപയോഗിച്ചു കാണുന്ന ഒരു വാക്കാണ് അരൂപി എന്നത് (32:2; 34:18; 51:17; 77:6; 78:8). ഇത് മനുഷ്യനിലെ ജീവശ്വാസമത്രേ (146:4); ദൈവാരൂപിയിൽനിന്നു ഭിന്നവുമാണ് (51:11).

മേൽപ്പറഞ്ഞ വാക്കുകളെല്ലാം പ്രാർത്ഥിക്കുന്ന വ്യക്തിയെ സൂചിപ്പിക്കുന്നവയാണെന്നു പറഞ്ഞല്ലോ. ഈ വാക്കുകൾ പ്രത്യക്ഷപ്പെടുന്നിടത്ത് പകരം ഞാൻ എന്ന ഏകവചനമോ ഞങ്ങൾ എന്ന ബഹുവചനമോ ഉപയോഗിച്ചാലും അർത്ഥവ്യത്യാസം വരുകയില്ല. ചില സന്ദർഭങ്ങളിൽ അങ്ങനെ മനസ്സിലാക്കുന്നതാണ് ചേർച്ചയായിട്ടുള്ളതും (ഉദാ 3:2; 11:1; 35:12; 84:2; 103:1–2).

സങ്കീർത്തനങ്ങളുടെ സാഹിത്യരൂപനിർണ്ണയത്തിനുതന്നെ അടിസ്ഥാനമായി സ്വീകരിക്കാറുള്ളതാണ് ഞാൻ, ഞങ്ങൾ എന്നീ സർവ്വനാമങ്ങളുടെ പ്രയോഗം. ഇവയുടെ സാന്നിധ്യം കണക്കിലെടുത്ത്

"വ്യക്തിയുടെ ഗീതങ്ങളെ"ന്നും സമൂഹത്തിന്റെ ഗീതങ്ങളെന്നും സങ്കീർത്തനങ്ങൾക്കു തരംതിരിവു കല്പിക്കാറുണ്ട്. ഈ സർവ്വനാമങ്ങൾ ആരെ പ്രതിനിധാനം ചെയ്യുന്നുവെന്നതും ഇന്ന് ഏറെ വിവാദവിഷയമാണ്. "ഞങ്ങൾ എന്നത് സമൂഹമാണെന്നും ഞാൻ ഏതെങ്കിലുമൊരു പ്രത്യേക വ്യക്തിയാണെന്നും ചിലർ കരുതുന്നു. എന്നാൽ, ഞാൻ എന്നത് "സമൂഹത്തിന്റെ വ്യക്തിത്വസൂചകപദ"മാണെന്നും അതല്ല "സമൂഹത്തിന്റെ പ്രതിനിധി"യാണെന്നും അതുമല്ല പല അംഗങ്ങളുൾക്കൊള്ളുന്ന "വ്യക്തിത്വസമാഹാര"മാണെന്നും മറ്റുള്ളവർ വാദിക്കുന്നു.

പ്രാർത്ഥിക്കുന്ന വ്യക്തി സമൂഹത്തെ പ്രതിനിധാനം ചെയ്യുന്നുവെന്ന സിദ്ധാന്തത്തിലൂന്നിയാണ് സങ്കീർത്തനങ്ങളെയെല്ലാംതന്നെ രാജകീയ ഗീതങ്ങളായി കാണുവാൻ ചിലർ പരിശ്രമിക്കുന്നത്. രാജാവാണ് സമൂഹത്തിന്റെ പ്രതിനിധിയായി വരുന്നത്. തന്റെയും ജനത്തിന്റെയും പാപങ്ങൾക്കു പരിഹാരകമായി പുരാതന മതങ്ങളിൽ രാജാവ് ഏറ്റെടുക്കുന്ന അനുഷ്ഠാനപരമായ ഒരു സഹനവും അതിനുശേഷമുള്ള മഹിമയണിയലും സങ്കീർത്തനങ്ങളുടെ പിന്നിലും ഇവർ ദർശിക്കുന്നു. കൃത്യമായി പറഞ്ഞാൽ, സ്വയം പരിഹാരം അനുഷ്ഠിച്ചു ജനത്തിനു പാപമുക്തിയും ശ്രേയസ്സും പ്രധാനം ചെയ്യുന്ന "മെസ്സയാ"യെത്തന്നെയാണ് ഈ വ്യക്തി രംഗത്തവതരിപ്പിക്കുന്നത്.

## 2. വ്യക്തിയുടെ പ്രത്യേക പരിതഃസ്ഥിതികൾ

### a) ദൈവത്തോടുള്ള ബന്ധം സംബന്ധിച്ച്:

ദൈവവുമായി നല്ല ബന്ധം പുലർത്തുന്ന പരിതഃസ്ഥിതിയെ പരാമർശിക്കുമ്പോൾ ദൈവത്തിന്റെ ഗുണവിശേഷങ്ങളിൽ പങ്കുചേരുന്നവനായിട്ടാണ് വ്യക്തി തന്നെത്തന്നെ അവതരിപ്പിക്കുന്നത്. ദൈവത്തിന്റെ നീതിയിൽ വ്യാപരിക്കുന്നവൻ എന്ന അർത്ഥത്തിൽ പ്രാർത്ഥിക്കുന്ന വ്യക്തി "നീതിമാൻ" എന്ന സംജ്ഞ കൂടുതൽ പ്രാവശ്യം സ്വീകരിക്കുന്നതായി കാണാം (5:12; 7:9; 11:3; 31:18; 33:1;...). "ഭക്തൻ" എന്നോ "വിശുദ്ധൻ" എന്നോ വ്യക്തിയെ പരാമർശിക്കുന്നിടത്ത് ദൈവകാരുണ്യത്തിലും അനന്തസ്നേഹത്തിലും ഓഹരിക്കാരനാകുന്നവൻ എന്നാണു മനസ്സിലാക്കേണ്ടത് (4:3; 12:1; 34:9; 85:8; 86:2). ആരാധനാ സമൂഹത്തെ ഒന്നായി പരാമർശിക്കുമ്പോൾ മേൽപ്പറഞ്ഞ പദങ്ങൾ ബഹുവചന രൂപത്തിൽ ഉപയോഗിക്കുന്നു. ഏകവചനരൂപങ്ങൾതന്നെയും ബഹുവചനാർത്ഥത്തിൽ മനസ്സിലാക്കാറുമുണ്ട്.

ദൈവസന്നിധിയിൽ വ്യക്തി പുലർത്തുന്ന മനോഭാവം വ്യക്തമാക്കുന്ന സംജ്ഞകളും സങ്കീർത്തനങ്ങളിൽ സുലഭമാണ്. "ദാസൻ" എന്നത് ദൈവത്തോടുള്ള വിധേയത്വത്തെയും ബന്ധത്തെയും സൂചിപ്പിക്കുന്നു. ദൈവം പ്രത്യേകം തിരഞ്ഞെടുത്ത് ദൗത്യവാഹകനാക്കിയവനാണ് അവൻ ( 27:9; 31:16; 35:27; 69:17; 36; 86:2, 4,16: 109:28; 143:2,12). ദൈവത്തെ കാത്തിരിക്കുന്നവർ (25:3; 31:24; 33:18; 37:9), അവിടത്തെ തേടുന്നവർ (24:6; 34:10; 40:16; 70:4; 105; 3), അവിടുത്തെ സ്നേഹിക്കുന്നവർ (5:11; 40:16; 69:36; 70:4; 97:10), ഭയപ്പെടുന്നവർ (15:4; 25:12,14; 3:18; 34:7,9; 61:5; 66:16; 115:11,13) എന്നീ പേരുകളും ദൈവത്തോടുള്ള വ്യക്തിയുടെ സമീപനത്തെ കാണിക്കുന്നു.

മറ്റൊരു ഗണം സംജ്ഞകൾ ക്ലേശം അനുഭവിക്കുന്ന വ്യക്തി തന്റെ ആന്തരികാവസ്ഥ ദൈവസന്നിധിയിൽ വെളിപ്പെടുത്താനുപയോഗിക്കുന്നവയാണ്. "പീഡിതൻ" (9:18; 10:2,9; 14:6; 18:28...), "ദരിദ്രൻ" (40:17; 69:33; 70:5; 72:4; 86:1...) എന്നിവ ഇവയിൽ മുമ്പന്തിയിൽ കാണാം. "ഹൃദയം തകർന്നവർ" "മനമുരുകിയവർ" (34:18; 51:17; 147:3), "മുറിവേറ്റവർ" (69:26, 29) അവയും ഇതേ അവസ്ഥയെ സൂചിപ്പിക്കുന്നു. ഇപ്പറഞ്ഞവയൊന്നും നിഷേധാത്മകമായ ഒരു അവസ്ഥാ വിശേഷത്തെ സൂചിപ്പിക്കുന്നില്ല. പ്രത്യുത, ദൈവത്തെ പ്രതി ദൈവഭക്തനിൽ സംജാതമാകുന്ന ക്രിയാത്മകമായ ആഭിമുഖ്യമാണ്. ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങൾക്ക് ഉചിതമായ മനോഭാവം തന്നെ.

## b) ക്ലേശങ്ങൾ സംബന്ധിച്ച്:

ക്ലേശമനുഭവിക്കുന്ന ഒരു വ്യക്തിയെ സങ്കീർത്തനങ്ങളിൽ പല സ്ഥലത്തും നാം കണ്ടുമുട്ടുന്നു. ദൈവത്തിന്റെ അസാന്നിധ്യവും ശത്രുവിന്റെ ദ്രോഹവുമാണ് എല്ലായിടത്തും ക്ലേശകാരണമായി എടുത്തുകാണിച്ചിട്ടുള്ളത് (10:1; 18:5; 22:11; 69:17; 71:20; 102:2; 116:3).

നിന്ദനം, ലജ്ജ, അപമാനം എന്നീ സ്ഥിതി വിശേഷങ്ങളിലാണ് ക്ലേശങ്ങൾ സാധാരണ പ്രത്യക്ഷമാകുന്നത്. ദൈവം പരിത്യജിച്ച അവസ്ഥയിൽ ഭക്തനെ ശത്രു നിന്ദിക്കുന്നു (22:6-8; 31:11; 42:10; 44:16; 89:41;). ഈ നിന്ദനം ലജ്ജയും അപമാനവുമായി വ്യക്തിയെ ആവരണം ചെയ്യുന്നു (25:20; 44:15; 69:7,19; 89:45). ഇങ്ങനെയുള്ള സന്ദർഭത്തിലാണ് തന്നെ ഈ സ്ഥിതിയിൽനിന്നു മോചിക്കണമെന്നും ശത്രുവിനെ ലജ്ജിതനാക്കണമെന്നും വ്യക്തി പ്രാർത്ഥിക്കുന്നത് (25:2-3; 31:1,17; 35; 4,26; 39:8; 109:28).

ക്ലേശങ്ങളെ ശാരീരിക ശക്തികളുടെ തളർച്ചയായി സങ്കീർത്ത

നങ്ങൾ അവതരിപ്പിക്കുന്നു (31:10; 38:10; 71:9). വ്യക്തിക്ക് ദൈവവുമായുള്ള ബന്ധത്തിൽ സംഭവിച്ച തകർച്ചയാണ് അവയവങ്ങളുടെ ശക്തി ക്ഷയിച്ചു എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത്. അവയവങ്ങളും അവയുടെ ശക്തിയും വ്യക്തിയെയും അവന്റെ ആത്മീയ ശക്തിയെയും പ്രതിനിധാനം ചെയ്യുന്നു. "നയനങ്ങൾ ക്ഷയിക്കുന്നു" (6:7; 31:9; 69:3), "ആത്മാവ്-അരൂപി-ജീവൻ-ഹൃദയം-ശരീരം എന്നിവ തളരുന്നു." (31:9, 61:2; 73:26; 84:2; 107:5; 142:3; 143:4,7), "അസ്ഥി ഉരുകുന്നു" (6:2; 31:10; 32:3; 38:3) എന്നിങ്ങനെ പോകുന്നു പ്രയോഗങ്ങൾ.

### c) ശത്രുവിനെ സംബന്ധിച്ച്:

വ്യക്തിയെ ദൈവത്തിൽനിന്ന് അകറ്റുന്നവനാണ് സങ്കീർത്തനങ്ങളിലെ ശത്രു. പാപാവസ്ഥയിൽ വ്യക്തിക്ക് പീഡനോപകരണമായും ദൈവത്താൽ പരിത്യക്തമായ അവസ്ഥയിൽ നിന്ദകനായും ശത്രു രംഗപ്രവേശം ചെയ്യുന്നു.

ശത്രുവിനെ സൂചിപ്പിക്കുന്ന പ്രധാന സംജ്ഞകൾ "ശത്രു," " വിദ്വേഷകൻ," "എതിരാളി," എന്നിവയാണ്. "ശത്രു" ഇസ്രായേലിന്റെ ശിക്ഷോപകരണമായാണ് സാധാരണ പ്രത്യക്ഷപ്പെടുക (ലേവ്യ26; നിയ28; ന്യായാ 2:14; ഏശ 10:5-19). ദൈവത്തെയും ദൈവഭക്തനെയും വെറുക്കുന്നവനാണ് "വിദ്വേഷകൻ" - മതാധിഷ്ഠിതമായ ഒരു വിദ്വേഷം തന്നെ. വിഗ്രഹാരാധകരായ വിജാതീയരും (ലേവ്യ 26:17; സങ്കീ 9:13; 25:19; 44:7; 118:7) മതമുപേക്ഷിച്ച ഇസ്രായേൽക്കാരും (പുറ 20:5; നിയ 7:10) ഇക്കൂട്ടത്തിൽപെടും. ഇവരെ ഇസ്രായേലും വെറുക്കുന്നു (നിയ 12:31; 16:22; സങ്കീ 139:21-22). ഇസ്രായേലിനെ പ്രലോഭിപ്പിച്ച് ദൈവത്തിൽ നിന്നകറ്റുന്നവനാണ് "എതിരാളി "(പുറ 23:22; സംഖ്യ 10:9; 25:17-18; 33:55 നിയ 32:27, 41 -42). ഇസ്രായേലിനൊരു പരീക്ഷകനെന്ന നിലയിൽ ദൈവം മന:പൂർവ്വം അവരുടെയിടയിൽ എതിരാളികളെ നിലനിർത്തുകയായിരുന്നു (ന്യായാ 2:20-3:7).

"ശത്രുവിന്റെ" ചെയ്തികളെ വെളിപ്പെടുത്തക്കവിധം " അക്രമി," " പീഡകൻ," " ചെറുത്തു നില്ക്കുന്നവൻ " എന്നും " എതിരാളി"യെ സൂചിപ്പിക്കുന്നതിനായി " ദുഷ്കർമ്മി", "ദുഷ്ടൻ," "നീചൻ," എന്നുമുള്ള പദപ്രയോഗങ്ങളും സങ്കീർത്തനങ്ങളിൽ കാണാം. ദൈവികമായ ഗുണവിശേഷങ്ങൾക്കും ദൈവഭക്തന്റെ സ്വഭാവത്തിനും വിപരീതമായ അർത്ഥം വെളിവാക്കുന്നവയാണ് ഈ പദങ്ങളെല്ലാം. ചുരുക്കത്തിൽ ദൈവത്തെ നിഷേധിക്കുകയും ദൈവഭക്തനെ പീഡിപ്പിക്കുകയും ചെയ്യുന്നവനെ ശത്രുവായി കണക്കാക്കാം. മാത്രമല്ല, ഇവർ

അന്യദേവന്മാരുടെ സേവകരുമാണ്. ശത്രുവിനു കൊടുക്കുന്ന ചില വിശേഷണങ്ങൾ അന്യദേവന്മാരോടും വിഗ്രഹങ്ങളോടും ബന്ധപ്പെട്ടവയാണെന്നത് ഇക്കാര്യം തെളിയിക്കുന്നു. " വ്യാജം" " വഞ്ചന" " കാപട്യം" എന്നീ വിഗ്രഹനാമങ്ങളോടു ബന്ധപ്പെടുത്തി ദുഷ്ടന്റെ പ്രവൃത്തികളെ സങ്കീർത്തനങ്ങളിൽ പലപ്പോഴും പരാമർശിക്കുന്നുണ്ടല്ലോ (4:2; 7:14; 31:18; 35:19; 38:19; 69:4; 109:2; 120:2-3....; 5:6; 36:3; 50:19; 52:4; 55:11,23).

ശത്രുവിനെയും അവന്റെ പ്രവൃത്തികളെയും കുറിച്ചു പറയുമ്പോൾ വിവിധ പ്രതീകങ്ങൾ സങ്കീർത്തകൻ ഉപയോഗിക്കുന്നുവെന്നതും ശ്രദ്ധാർഹമാണ്. പ്രപഞ്ചത്തിനു ദൈവം ക്രമീകരണമുണ്ടാക്കിയപ്പോൾ അവിടുത്തെ രക്ഷാകര പ്രവർത്തനത്തിനു വിഘാതംനിന്ന ക്രമമില്ലായ്മയുടെ ശക്തികളെയും, മനുഷ്യൻ തന്റെ ജീവിതത്തിൽ നേരിടുന്ന ദുഷ്ടശക്തികളെയുമാണ് ശത്രുവിന്റെ പ്രതീകങ്ങളാക്കിയിരിക്കുന്നത്. സൃഷ്ടികർമ്മം, ജലപ്രളയം, ഈജിപ്തിൽനിന്നുള്ള മോചനം ഈ മൂന്നു സംഭവങ്ങളോടും ബന്ധമുള്ളവയാണ് സമുദ്രം, അഗാധം, പാതാളം, ഗർത്തം, ചെളി, ജലപ്രവാഹങ്ങൾ, മരുഭൂമി, ഭീകരസത്വങ്ങൾ തുടങ്ങിയ പ്രതീകങ്ങൾ (24:2; 33:6-7; 40:2; 66:6; 68:22; 74:12-17; 89:9-10; 106:9). ദൈവഭക്തന്റെ ജീവിതത്തിൽ ദൈവത്തിന്റെ അസാനിദ്ധ്യം ക്രമമില്ലായ്മയുടെ അവസ്ഥയാണ്. ഇതു വരുത്തിവയ്ക്കുന്ന ശത്രുവിനെ അവൻ മേല്പറഞ്ഞ പൂർവ്വകാല ശത്രുക്കളുടെ പ്രതീകങ്ങളിൽ അവതരിപ്പിക്കുന്നു (18:4-5; 28:1; 30:3; 69:1-2, 14,15; 88:6; 130:1).

അനുദിന ജീവിതത്തിൽ മനുഷ്യൻ നേരിടുന്ന വിപത്തുകളാണ് ഹിംസ്രജന്തുക്കളുടെ ആക്രമണം, കെണികളിലുള്ള പതനം, രോഗാവസ്ഥ എന്നിവ. ഇവയും ശത്രുവിന്റെ പ്രതീകങ്ങളായി സങ്കീർത്തകൻ കാണുന്നു (6:21; 7:2,15; 10:9; 17:12; 22:12; 22:12-13,20-21; 35:7; 38:5-8).

വ്യക്തിയെ ദൈവത്തിൽനിന്നകറ്റുന്ന ഏറ്റവും വലിയ ശത്രുവായി സങ്കീർത്തകൻ അവതരിപ്പിക്കുന്നത് മരണത്തെയാണ്. മരണം ദൈവത്തിൽനിന്നുള്ള വേർപിരിയലും പാതാളത്തിലേക്കുള്ള ഗമനവുമാണെന്ന് അവൻ വിശ്വസിച്ചിരുന്നു. ഇക്കാരണത്താൽത്തന്നെ മനുഷ്യനെ മരണത്തിലേക്കു നയിക്കുന്ന എന്തും തന്റെ ശത്രുവായും ഭയകാരണമായും അവൻ കണ്ടു. അവയിൽ നിന്നെല്ലാം തന്നെ രക്ഷിക്കണമെന്നാണ് ദൈവഭക്തൻ സദാ പ്രാർത്ഥിക്കുന്നത്. (6:5; 9:13; 18:4-5; 22:15; 33:19; 49:14-15; 55:4-5; 88:3-6).

പിന്തുടരുക, കീഴടക്കുക, നശിപ്പിക്കുക ഇവ മൂന്നുമാണ് ശത്രു

വിന്റെ പ്രവൃത്തികളായി സങ്കീർത്തകൻ പറയുന്നത്. ഇവയോടൊപ്പം ശത്രു ചെയ്യുന്ന കാര്യങ്ങളാണ് തിന്മ സംസാരിക്കുക, ഗൂഢാലോചന നടത്തുക, കള്ളസാക്ഷ്യം നല്കുക, നിന്ദിക്കുക, കെണിവയ്ക്കുക, പതിയിരിക്കുക, കൊള്ളയടിക്കുക, പീഡിപ്പിക്കുക, വിജയോത്സവം നടത്തുക എന്നിവ. ശത്രുവിന്റെ ശക്തിയുടെയും സംഖ്യയുടെയും വലിപ്പത്തെക്കുറിച്ചും പരമാർശങ്ങൾ കാണാം (3:1,6; 18:17; 25:19; 69:4). യുദ്ധസന്നാഹമൊരുക്കിയ ഒരു വലിയ സൈന്യമായും ശത്രു ദൈവഭക്തന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാറുണ്ട് (3:6; 17:11; 35:2-5; 69:4,25).

സങ്കീർത്തനങ്ങളിൽ ശത്രുവിനെപ്പറ്റി പരാമർശിക്കുന്നിടത്ത് ഒരു കാര്യം ശ്രദ്ധിക്കപ്പെടേണ്ടിയിരിക്കുന്നു: പ്രത്യേകിച്ചൊരു വ്യക്തിയെയോ, സമൂഹത്തെയോ, സംഭവത്തെയോ എടുത്തു പറയുന്ന സന്ദർഭങ്ങൾ, ചരിത്രസംഭവങ്ങൾ വിവരിക്കുന്ന ചുരുക്കം ചില അവസരങ്ങളിലൊഴികെ (സങ്കീ 105:36; 78:57; 83:6-11; 136:10-20; 137:8) ഒരിടത്തും ഇല്ല എന്നു തന്നെ. എന്നാൽ തങ്ങളെ വിവിധ കാലഘട്ടങ്ങളിൽ ഉപദ്രവിച്ചിരുന്ന ശത്രുക്കളുടെ പ്രവർത്തനം ശത്രുവിന്റെ ആക്രമണത്തെ വിവരിക്കുമ്പോൾ സങ്കീർത്തന്മാരുടെ സ്മൃതിപഥത്തിലുണ്ടായിരുന്നിരിക്കണം. ഇവയിൽ ഏററം പ്രാധാന്യമർഹിക്കുന്നതാണ് ഇസ്രായേലിന്റെ വിപ്രവാസത്തോടനുബന്ധിച്ച അനുഭവങ്ങൾ. ഇസ്രായേൽ ജനതയെ ദൈവസാന്നിധ്യത്തിൽനിന്ന് ഏറെക്കാലത്തേക്ക് അകറ്റിയ സംഭവമായിരുന്നല്ലോ വിപ്രവാസം. വിലാപങ്ങളിൽ പൊതുവേ കാണപ്പെടുന്ന പശ്ചാത്തലവും ദൈവസന്നിധിയിൽനിന്ന് അകറ്റപ്പെട്ട ഭക്തന്റെ മാനസികാവസ്ഥതന്നെ.

പ്രത്യേകമായ വ്യക്തിസൂചനയില്ലാതെയാണ് ശത്രുവിനെ അവതരിപ്പിച്ചിരിക്കുന്നത് എന്നതിനു തെളിവാണ് ഒരേ സങ്കീർത്തനത്തിൽതന്നെ മാറിമാറി വരുന്ന ഏകവചന - ബഹുവചന ശത്രുനാമരൂപങ്ങൾ (ഉദാ. സങ്കീ 7; 9; 13; 31).

### d. പ്രാർത്ഥനയെ സംബന്ധിച്ച്

പ്രാർത്ഥനയിൽ സങ്കീർത്തകൻ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് ദൈവവുമായുള്ള ഐക്യം, ക്ലേശങ്ങളിൽനിന്നുള്ള മുക്തി, ശത്രുവിന്റെ നാശം എന്നിവയാണ്.

ദൈവത്തോടുള്ള ഐക്യം വെളിവാക്കുന്ന പ്രാർത്ഥനകൾ സ്തുതികളും കൃതജ്ഞതാർപ്പണവും പ്രത്യാശപ്രകടനവും ഉൾക്കൊള്ളുന്നവയാണ്. ഇവിടെ പ്രാർത്ഥിക്കുന്ന വ്യക്തി ആനന്ദഭരിതനും സമാധാനമനുഭവിക്കുന്നവനുമായി പ്രത്യക്ഷപ്പെടുന്നു.

ദൈവത്തിന്റെ സന്നിധിയിൽ, അവിടുത്തെ വിശുദ്ധസ്ഥലത്ത് അഭയം കണ്ടെത്തിയിരിക്കുന്നവനായി അവൻ തന്നെത്തന്നെ അവതരിപ്പിക്കുന്നു. വാഗ്ദാനത്തിന്റെ പേടകത്തെയും അതിൽ കെരൂബുകളുടെമേൽ സിംഹാസനസ്ഥനായിരിക്കുന്ന കർത്താവിനെയും അവിടുത്തെ സങ്കേതത്തിൽ രക്ഷ കണ്ടെത്തുന്ന ഭക്തനെയും പരാമർശിക്കുന്ന പദപ്രയോഗങ്ങൾ പല സങ്കീർത്തനങ്ങളിലും കാണാം (5:11-12; 9:10-11; 13:5-6; 14:6.7; 16:11; .....).

ക്ലേശങ്ങളനുഭവിക്കുന്ന സന്ദർഭം ദൈവസാന്നിധ്യമില്ലാത്ത അവസ്ഥയാണ്. അപ്പോൾ ദൈവഭക്തൻ കർത്താവിന്റെ മുമ്പിൽ കരയുകയും നിലവിളിച്ചപേക്ഷിക്കുകയും സഹായാർത്ഥന നടത്തുകയും ചെയ്യുന്നു. ദൈവത്തിൽ രക്ഷ കൈവരാനുള്ള തീവ്രമായ ആഗ്രഹമാണ് ഭക്തന്റെ നിലവിളിക്കു പിന്നിലുള്ളത്. ക്ലേശങ്ങളിൽ ഭക്തൻ ദൈവത്തിൽനിന്നകലെയാണെന്നും, ദൈവസാന്നിധ്യമില്ലാത്ത അന്ധകാരം നിറഞ്ഞ അഗാധങ്ങളിലാണെന്നും, നിലവിളിയെയും സഹായാർത്ഥനകളെയും സൂചിപ്പിക്കുന്ന പദപ്രയോഗങ്ങൾ വ്യക്തമാക്കുന്നു. "ദൈവം കേൾക്കണം," "ശ്രദ്ധിക്കണം," "ഉത്തരമരുളണം" ഇവയാണ് നിലവിളിയുടെ ലക്ഷ്യമായി സങ്കീർത്തകൻ അവതരിപ്പിക്കുന്നത് (ഉദാ. 3:4; 4:1-3; 18:3-6; 20:1-2.9; 22:2; 27:7; 28:11...).

പ്രാർത്ഥിക്കുന്നവൻ കേണപേക്ഷിക്കുന്നതോടൊപ്പം പ്രതീക്ഷയോടെ കാത്തിരിക്കുകയും ചെയ്യുന്നു. ദൈവത്തെയും അവിടുത്തെ കാരുണ്യത്തെയും രക്ഷയെയുമാണ് അവൻ കാത്തിരിക്കുന്നത് (33:22; 38:15; 39:7; 130:5,7).

വ്യക്തി അല്ലെങ്കിൽ സമൂഹം തനിക്കുവേണ്ടിത്തന്നെ പ്രാർത്ഥിക്കുന്ന രീതിയാണ് സങ്കീർത്തനങ്ങളിൽ സാധാരണ ഉള്ളത്. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന സന്ദർഭങ്ങൾ ചില ആശീർവ്വാദ കീർത്തനങ്ങളിൽ വരുന്നുണ്ട്. അവിടെയും ഒന്നുകിൽ സമൂഹത്തെയോ (5:11; 25:22,28:9; 29:11; 121:3-8) രാജാവിനെയോ (20:1-5; 21:1-7; 132) സീയോനെയോ (122) ആണ് പ്രാർത്ഥനാവിഷയമാക്കുന്നത്. ഒരു മദ്ധ്യസ്ഥനെന്നനിലയിൽ വ്യക്തി പ്രാർത്ഥിക്കുന്നതിനെപ്പറ്റി 32:12-14; 69:6-12; 109:4 എന്നീ സങ്കീർത്തനഭാഗങ്ങൾ പരാമർശിക്കുന്നുണ്ടെന്നത് ശ്രദ്ധേയമത്രേ.

എന്നാൽ, ശത്രുവിനെതിരായി വ്യക്തി നടത്തുന്ന ശാപവചനങ്ങൾക്ക് സങ്കീർത്തനങ്ങളിൽ പ്രാധാന്യംകൊടുത്തുകാണുന്നു. ദൈവഭക്തർക്ക് അനുഗ്രഹം അർത്ഥിക്കുന്നതോടൊപ്പം

ദൈവത്തിന്റെ ശത്രുക്കൾക്ക് ശാപം ആശംസിക്കുന്ന രീതി പൂർവ്വകാല മതങ്ങളുടെയെല്ലാം പ്രത്യേകതയാണ്. സങ്കീർത്തകൻ തന്റെ പ്രാർത്ഥനയ്ക്ക് ഉപോദ്ബലകമായി കാണുന്നത് ദൈവത്തിന്റെ നീതിയാണ്. ദൈവത്തിന്റെ നീതിയിൽ പങ്കുചേരുകയെന്നത് അനുഗ്രഹത്തിന്റെയും രക്ഷയുടെയും മാനദണ്ഡമായി അവൻ കരുതുന്നു (5:8; 31:1; 119:40; 143:10-11). അവിടുത്തെ നീതിയിൽ ഭാഗഭാഗിത്വം ഇല്ലാത്തവനാണ് ദുഷ്ടൻ. അവന്റെ അഭയം വ്യാജത്തിലും തിന്മയിലുമാണ്. അവൻ നീതിമാനെ എതിർക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നു. നീതിമാന്റെയും ദുഷ്ടന്റെയും പ്രവർത്തന വൈപരീത്യം ഏശ 28:14-22 ലും എസെ 18:5-18 ലും വ്യക്തമാക്കിയിട്ടുണ്ട്. ദുഷ്ടന്റെ അന്ത്യം എന്തെന്ന് ജോബ് 18-ാം അധ്യായവും വിവരിക്കുന്നു. ശത്രുവിനെതിരായി സങ്കീർത്തനങ്ങളിൽ ചേർത്തിട്ടുള്ള ശാപങ്ങളെ അവൻ ദൈവത്തിനും നീതിമാനുമെതിരായി പ്രവർത്തിക്കുന്ന ദുഷ്കർമ്മങ്ങളുടെ പശ്ചാത്തലത്തിൽവേണം മനസ്സിലാ ക്കുവാൻ. ദൈവത്തിന്റെ നീതിയിലേക്കും നീതിമാൻമാരുടെ ഗണത്തിലേക്കും കടന്നുവരാത്തവിധം ദുഷ്ടനെ നിർമ്മാർജ്ജനം ചെയ്യണം എന്നതാണ് സങ്കീർത്തകൻ ആഗ്രഹിക്കുന്നത് (21:8-12; 58:6-9; 59:11-13; 69:22-28). അതുപോലെതന്നെ നീതിമാനു സംലബ്ധമാകുന്ന രക്ഷ ദർശിച്ച് അവൻ ലജ്ജിതനും പരിഭ്രാന്തനും ആകയും വേണം (6:10; 31:17-18; 35:23-26; 83:17; 109:28-29).

# സങ്കീർത്തനം 1: രണ്ടുവഴികൾ

പഞ്ചഗ്രന്ഥിയുടെ കെട്ടിലും മട്ടിലും രൂപീകൃതമായ സങ്കീർത്തന ഗ്രന്ഥത്തിലെ ആദ്യകീർത്തനംതന്നെ തോറാ സംബന്ധിയായതിൽ അത്ഭുതപ്പെടാനില്ല. എഡിറ്ററുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടായിക്കാണണം. 19 ഉം 119 ഉം സങ്കീർത്തനങ്ങളാണ് മറ്റു തോറാ ഗീതങ്ങൾ

തോറാ എന്ന ഹീബ്രു പദത്തിന് നിയമം എന്നാണ് പരിഭാഷ. ഇത് അത്ര കൃത്യമല്ല. 'യാറഹ്' എന്ന മൂലപദത്തിന്റെ അർത്ഥം പഠിപ്പിക്കുക എന്നായിരിക്കെ, കൂടുതൽ കൃത്യതയുള്ള പരിഭാഷ പ്രബോധനം ( instruction) എന്നായിരിക്കും. ഒന്നാം സങ്കീർത്തനം, പ്രബോധനം സ്വീകരിക്കുന്നവരെയും നിരാകരിക്കുന്നവരെയും കുറിച്ചുള്ള സങ്കീർത്തനമാണ്.

ഭാഗ്യവാൻ (അഷ്റെയ്) എന്ന പദവുമായി ആരംഭിക്കുന്ന സങ്കീർത്തനം അവസാനിക്കുന്നത് നശിക്കും (ഥോബേദ്) എന്ന പദവുമായിട്ടാണ്. ഹീബ്രു അക്ഷരമാലയിലെ ആദ്യാക്ഷരമായ ആലെഫ്ആണ് ഭാഗ്യവാൻ എന്ന പദത്തിലെ പ്രഥമാക്ഷരമെങ്കിൽ, നശിക്കും എന്ന ക്രിയാപദത്തിലെ പ്രഥമാക്ഷരം അക്ഷരമാലയിലെ അന്ത്യാക്ഷരമായ 'ഥാവ് ' ആണ് എന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. A മുതൽ Z വരെ ഈ സങ്കീർത്തനത്തിൽ അടങ്ങിയിട്ടുണ്ടെന്നും തോറാ സ്വീകരിക്കുന്നവൻ എപ്പോഴും വളർച്ചയുടെ പാതയിലാണെന്നും അതു നിരാകരിക്കുന്നവൻ പടുകുഴിയിലാണെന്നും ഈ അക്ഷരംകൊണ്ടുള്ള കളി നമ്മെ ഓർമ്മിപ്പിക്കുന്നു.

**ഘടന:** വളരെ വ്യക്തമായ മൂന്നു പാദങ്ങൾ ഈ സങ്കീർത്തനത്തിൽ ദൃശ്യമാണ്:

1. വാ. 1-3: വൃക്ഷം പോലെയുള്ള നീതിമാൻ
2. വാ. 4-5: പതിരുപോലെയുള്ള ദുഷ്ടൻ
3. വാ. 6 ദൈവശാസ്ത്രപരമായ വിശദീകരണം

**"വൃക്ഷംപോലെ ..." (വാ. 1-3):** സങ്കീർ ത്തനത്തിന്റെ ആദ്യപാദം പ്രബോധനം സ്വീകരിക്കുന്നവരെക്കുറിച്ചുള്ളതാണ്. നിരാകരിക്കുന്നവരെക്കുറിച്ചുള്ള സൂചനയോടെയാണത് തുടങ്ങുന്നത്. ദുഷ്ടരുടെ ഉപദേശത്തിനൊത്ത് നടക്കുകയോ (ഹാലാക്) പാപികളുടെ വഴിയിൽ നില്ക്കുകയോ (അമദ്) പരിഹാസകരുടെ പീഠങ്ങളിൽ ഇരിക്കുകയോ (യഷബ്) ചെയ്യാത്തവനായിട്ടാണ് ഭാഗ്യവാനെ ചിത്രീകരിക്കുന്നത്. വ്യത്യസ്തമായ ജീവിതവ്യാപാരങ്ങളെ - നടപ്പും

നില്പും ഇരിപ്പും - ഇവിടെ സൂചിപ്പിക്കുന്നു. ജ്ഞാനസാഹിത്യത്തിൽ പരിഹാസകൻ പ്രബോധനം നിഷേധിക്കുന്നവനാണ് (സുഭാ 13:1; 15:12). നിഷേധാത്മകമായ വാക്യത്തിനുശേഷം ഭാഗ്യവാനെക്കുറിച്ചുള്ള സർഗാത്മകമായ വിവരണം തുടങ്ങുന്നു. കർത്താവിന്റെ പ്രബോധനത്തിൽ ആനന്ദംകൊള്ളുന്നവനാണവൻ; രാപ്പകൽ അതു മന്ത്രിക്കുന്ന (ഹാഗാ) വനാണവൻ. രസകരമായ കാര്യം, ഈ ഹീബ്രു ക്രിയാപദത്തിന് മന്ത്രിക്കുക എന്നും ഗർജ്ജിക്കുക എന്നും അർത്ഥമുണ്ട് എന്നതാണ്. ധ്യാനിക്കുന്നവൻ മുനിയാണെങ്കിലും ആ മൗനം സിംഹഗർജ്ജനത്തിനു തുല്യമാണെന്നായിരിക്കുമോ സൂചന? മൂന്നാം വാക്യം 'ഭാഗ്യവാന്റെ' സമൃദ്ധിയെയും സ്ഥിരതയെയും വിവരിക്കുന്നു. "സഫലമീ ജീവി തം"എന്ന് സ്ഥാപിക്കാനായി സങ്കീർത്തകൻ ഉപയോഗിക്കുന്ന രൂപകം വൃക്ഷത്തിന്റേതാണ്. ജലസേചനത്തിനായി കൃത്രിമമായി ഉണ്ടാക്കപ്പെട്ട 'നീർച്ചാലി' (ഫെലെഗ്) നരികെ നടപ്പെട്ട വൃക്ഷത്തിന് ഇലകൊഴിച്ചിലില്ല, തക്കസമയത്ത് ഫലംനല്കലേ ഉള്ളൂ (ജറെ 17:8). വേരൂന്നി ലംബമായി നില്ക്കുന്ന വൃക്ഷത്തിന്റെ ചിത്രം സ്ഥിരതയും പോഷണസാധ്യതയും സ്വാഭിമാനവും വ്യക്തമാക്കുന്നുണ്ട്.

**"പതിരുപോലെ ..." (വാ. 4-5):** ആദിപാദത്തിലെ വൃക്ഷരൂപത്തിനു ബദലായി രണ്ടാം പാദത്തിൽ പതിര് പ്രത്യക്ഷപ്പെടുന്നു. "ഏറ്റ്സ്" എന്നാണ് വൃക്ഷത്തിനു പ്രയോഗിച്ചിരിക്കുന്ന ഹീബ്രു പദമെങ്കിൽ "മോറ്റ്സ്" എന്നതാണ് പതിരുപദം. സ്വരസാമ്യംകൊണ്ടുത്ഭൂതമാകുന്ന വൈപരീത്യം ശ്രദ്ധേയമാണല്ലോ. പതിര് അത്ര പന്തിയുള്ള പ്രയോഗമല്ല. ബൈബിളിൽ വിധിയുടെ സൂചനയാണ് അതു നല്കുന്നത് (ഏശ 5:24; 29:5). കാറ്റു പറത്തുന്ന പതിര് അസ്ഥിരതയുടെയും പതനത്തിന്റെയും പ്രതീകമാണ് (ജോബ് 21:18). ആ പദത്തിന്റെ തുടർച്ചയെന്നോണം 5-ാം വാക്യം ന്യായവിധിയെക്കുറിച്ചും (മിഷ്പാത്ത്) നീതിമാന്മാരുടെ സംഘ (അദത്ത് സദ്ദീഖിം) ത്തെക്കുറിച്ചും പ്രതിപാദിക്കുന്നു. ദുഷ്ടർക്ക് ന്യായവിധിയിൽ നീതിമാന്മാരുടെ സംഘത്തിൽ നിൽക്കാൻ (ഖൂം) കഴിയുകയില്ലത്രേ. സ്വാഭാവികമായും നാം ചിന്തിച്ചുപോകുന്നു, "അല്ലേലും, പതിരിന് എങ്ങനെ നില്ക്കാനാവും?" ശരിയാണത്. വൃക്ഷം മാത്രമേ നില്ക്കൂ. പതിര് പറന്നുപോകാനായി മാത്രമുള്ളതാണ്. ഈ സങ്കീർത്തനഭാഗത്തിന്റെ വിശദമായ വിവരണമാണ് ജ്ഞാനം 4:20-5:23 നല്കുന്നത് എന്ന് ആരെങ്കിലും പറഞ്ഞാൽ അത് അതിശയോക്തിയല്ല. മലാക്കി 3:18 ഉം ഇവിടെ പ്രസ്താവയോഗ്യമാണ്.

**എന്തുകൊണ്ട്? (വാ. 6):** മനുഷ്യരുടെ മാർഗങ്ങൾ രണ്ട്: തോറാ മാർഗവും പ്രതി-തോറാ മാർഗവും. ആദ്യത്തേത് ദൈവത്തിന്റെ

കൺമുന്നിലാണ്. ദൈവം അത് അറിയുന്നു. കാരണം, അത് ദൈവത്തിന്റെതന്നെ മാർഗമാണ്. രണ്ടാമത്തേത് ദൈവം അറിയാത്ത മാർഗമാണ്. ആ അർത്ഥത്തിൽ അസ്തിത്വം ഇല്ലാത്ത മാർഗമാണത്. അത് നാശംതന്നെയാണ്. ആരംഭത്തിലും തുടർച്ചയിലും അവസാനത്തിലും ദുഷ്ടതയുടെ വഴി വെറും മിഥ്യയാണ് - പേര് തീരെയില്ലാത്ത മിഥ്യ.

**ക്രിസ്തുവും ഒന്നാം സങ്കീർത്തനവും:** പിതാവിന്റെ ഹിതം നിറവേറ്റുന്നത് ഭക്ഷണമായിക്കരുതിയ യേശു (യോഹ 4,34) വാണ് നീതിമാൻ (ലൂക്കാ 23,47). അവിടുന്ന് വൃക്ഷംതന്നെയാണ് - ജീവന്റെ വൃക്ഷം! ഒരിക്കലും ഇലപൊഴിക്കാത്ത, എന്നാൽ എക്കാലത്തും ഫലംതരുന്ന, വൃക്ഷം (മത്താ 5-7). ക്രിസ്തുവിനെ സ്വീകരിക്കുന്നവൻ നിത്യജീവനിലേക്കും, സ്വീകരിക്കാത്തവൻ നാശത്തിലേക്കും പതിക്കുന്നു (യോഹ 3,16).

**വിചിന്തനം:** ഒന്നാം സങ്കീർത്തനം വരച്ചുവയ്ക്കുന്നത് ആശയങ്ങളുടെയോ ആദർശങ്ങളുടെയോ തോറാ - പ്രതി തോറാ വൈരുദ്ധ്യം മാത്രമല്ല. വ്യക്തിജീവിതത്തിലും അത് തെളിഞ്ഞു പ്രകാശിക്കുന്നു. തോറായുടെ പ്രതിനിധിയെന്ന് സ്നാപകനെയും പ്രതി - തോറായുടെ പ്രതിനിധിയെന്ന് സലോമിയെയും നാം വിധി പ്രഖ്യാപിക്കുമ്പോഴും അതൊരു തനതുവിധിതന്നെയാണെന്ന് നാം തിരിച്ചറിയുന്നില്ല. ഭൂമിയിൽ ഒരു മനുഷ്യനിലും ശുദ്ധസ്നാപകൻ ഇല്ല, ശുദ്ധസലോമിയും ഇല്ല. ഏവരിലും ലേശം സ്നാപകനും ലേശം സലോമിയും വസിക്കുന്നു. പക്ഷേ, നമ്മിലെ സലോമിയുടെ നൃത്തം ഏറുന്തോറും നമ്മിലെ സ്നാപകന്റെ ആയുസ്സു കുറയുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിയേണ്ടതാണ്. തോറാ-കേന്ദ്രീകൃതത്വത്തിനാൽ പ്രതി-തോറാ ചായ്ച്ചിലുകളെ നിയന്ത്രണാധീനമാക്കാൻ നമുക്കു കഴിയും. സങ്കീർത്തനഗ്രന്ഥം ഈ തോറാ കേന്ദ്രീകൃതത്വം വർദ്ധമാനമാക്കാൻ പോന്നതാണ്.

പുതിയനിയമത്തിലെത്തുമ്പോൾ തോറാ ക്രിസ്തുതന്നെയാണെന്നു വരുന്നു. ക്രിസ്തുവിന്റെ പരിപൂർണതയുടെ അളവനുസരിച്ച് പക്വതയാർന്ന മനുഷ്യരായിത്തീരുവാനുള്ള (എഫേ 4,13; കൊളോ 1:28) ക്ഷണമാണ് ക്രൈസ്തവജീവിതം. പഴയമനുഷ്യനിൽനിന്ന് പുതിയ മനുഷ്യനിലേക്കുള്ള ദൂരം ഒരു നോമ്പുകാലം കൊണ്ടോ ഒരു ധ്യാനംകൊണ്ടോ താണ്ടാവുന്നതല്ല. ക്രിസ്തുവിലേക്കുള്ള പ്രയാണമാണ് ജീവിതം മുഴുവൻ - പതിരാകാതെ, വൃക്ഷമാകാൻ ബദ്ധശ്രദ്ധയും നിതാന്തജാഗ്രതയും നാം പുലർത്തേണ്ടതുണ്ട് എന്ന് ഗ്രന്ഥകാരൻ അനുസ്മരിപ്പിക്കുന്നു.

## സങ്കീർത്തനം 2: പുത്രൻ മിശിഹായാണ്, രാജാവാണ്!

ഒന്നാം സങ്കീർത്തനത്തെപ്പോലെതന്നെ സങ്കീർത്തനഗ്രന്ഥത്തിനുള്ള ആമുഖമാണ് രണ്ടാം സങ്കീർത്തനവും. 'തോറ'-യാണ് പ്രഥമ സങ്കീർത്തനത്തിന്റെ പ്രമേയമെങ്കിൽ മിശിഹായാണ് ദ്വിതീയ സങ്കീർത്തനത്തിന്റെ കാതൽ. രാജകീയകീർത്തനങ്ങൾ എന്നറിയപ്പെടുന്ന സങ്കീർത്തനങ്ങളിൽ (18, 20, 21, 45, 72, 89, 101, 110, 132, 144) ആദ്യത്തേതാണിത്. ഒന്നാം സങ്കീർത്തനത്തിന്റെ ആദ്യവരിയും രണ്ടാം സങ്കീർത്തനത്തിന്റെ അവസാന വരിയും ആരംഭിക്കുന്നത് ഒരേ പദം കൊണ്ടാണ് - ഭാഗ്യവാൻ (അഷ്റെയ്). മൂന്നാം സങ്കീർത്തനത്തോടെ ഏതാണ്ടു തുടർച്ചയായി നാം കാണുന്ന തലക്കെട്ടുകൾ ആദ്യ രണ്ടു സങ്കീർത്തനങ്ങളിലില്ല. തോറായുടെയും മിശിഹായുടെയും വാതായനത്തിലൂടെ വേണം സങ്കീർത്തനങ്ങളെ നോക്കിക്കാണാൻ എന്നു ചുരുക്കം.

**ഘടന:** ഏറെ നാടകീയമാണ് രണ്ടാം സങ്കീ ർത്തനത്തിന്റെ ഘടന. നാലു രംഗങ്ങളുള്ള ഒരു നാടകീയ കാവ്യമാണത്:്. 1-3; 4-6; 7-9; 10 -12.

**രംഗം ഒന്ന്: പ്രശ്നക്കാർ (വാ.1-3):** ആദ്യ ത്തെ മൂന്നു വാക്യങ്ങളിൽ സങ്കീർത്തകൻ കർത്താവിനും അഭിഷിക്തനുമെതിരേ കലഹിക്കുന്ന ഭൂമിയിലെ രാജാക്കന്മാരെയും ഭരണാധിപന്മാരെയും അവതരിപ്പിക്കുന്നു. വിലങ്ങുകളും ചങ്ങലകളും പൊട്ടിക്കാനാണ് അവരുടെ ശ്രമം. കർത്താവും അഭിഷിക്തനും വച്ച ചങ്ങലകളും വിലങ്ങുകളും എന്താണ് എന്ന ചോദ്യത്തിന് രണ്ടാം സങ്കീർത്തനം ഉത്തരം നല്കുന്നില്ല. (ഈജിപ്ഷ്യൻ - മെസപ്പൊട്ടേമിയൻ ചുവർ ചിത്രങ്ങളിൽ രാജാവ് അഥവാ ഫറവോ സാമന്തരാജാക്കന്മാരെ വിലങ്ങുകളണിയിച്ചിരിക്കുന്ന രംഗം കാണാവുന്നതാണ്). സങ്കീ 149:8-ൽ ചങ്ങലകളും വിലങ്ങുകളും വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട്. ഒന്നാം സങ്കീർത്തനത്തിന്റെ പശ്ചാത്തലത്തിൽ കർത്താവിന്റെ നിയമമാണ് വ്യംഗ്യം എന്ന് ഊഹിക്കാവുന്നതാണ്. അവിടെ നീതിമാൻ രാപകൽ തോറധ്യാനിക്കുന്നുവെങ്കിൽ (1:2) ഇവിടെ ഗൂഢാലോചനയും കൂടിയാലോചനയുമാണ് തകൃതിയായി നടക്കുന്നത്. ധ്യാനിക്കുക എന്നതിന് ഒന്നാം സങ്കീർത്തനത്തിൽ ഉപയോഗിച്ചിരിക്കുന്ന അതേ ഹീബ്രുപദമാണ് (ഹാഗാ) ഗൂഢാലോചന നടത്തുകഎന്ന ക്രിയാപദമായി രണ്ടാം സങ്കീർത്തനത്തിലും ഉപയോഗിച്ചിരിക്കുന്നത് എന്ന നിരീക്ഷണം ഈ സന്ദർഭത്തിൽ ഏറെ അർത്ഥഗർഭമാണ്. കർത്താവിന്റെ നിയമം സ്വമനസ്സാ വരിക്കുന്നവന് അത് ആനന്ദമായി ഭവിക്കുന്നു (1:2; 19:8; 40:8; 119:77), അത്

അവന് പൊന്നിനെയും തങ്കത്തെയുംകാൾ അഭികാമ്യമാണ് (19:10; 119:72-127), തേനിനെയും തേൻകട്ടയെയുംകാൾ മധുരമാണ് (19:10; 119:103). പുതിയനിയമഭാഷയിൽ അത് വഹിക്കാനെളുപ്പമുള്ളതും... ഭാരം കുറഞ്ഞതുമാണ്(മത്താ 11:30). എന്നാൽ, പ്രബോധനം ഇഷ്ട പ്പെടാത്തവർക്ക് അത് വലിയ ഭാരമാണ്, ചങ്ങലയും വിലങ്ങുമാണ്. അവർ കർത്താവിനും അവിടുത്തെ അഭിഷിക്തനുമെതിരേ മുറുമുറുക്കുന്നു. കർത്താവിന്റെ ഹിതത്തിനെതിരേ മുഷ്ടിചുരുട്ടി ആക്രോശിച്ച് ജീവിതം നരകതുല്യമാക്കുന്നവർ!

**രംഗം രണ്ട്: ദൈവത്തിന്റെ ചിരിയും ക്രോധവും(വാ . 4-6):** രണ്ടാം പാദത്തിൽ കർത്താവിന്റെ പ്രതികരണം ചിത്രീകരിച്ചിരിക്കുന്നു. "സ്വർഗത്തിലിരിക്കുന്നവൻ" എന്ന പ്രയോഗംതന്നെ കർത്താവിന്റെ ഔന്നത്യത്തെ യും സമരക്കാരുടെ പാപ്പരത്തത്തെയും സൂചിപ്പിക്കുന്നു. അവിടത്തെ കോപവും ക്രോധവും അവരെ ചാമ്പലാക്കാൻ പോരുന്നതാണ്. എങ്കി ലും അവരെ തകർക്കുകയല്ല, തന്റെ അഭിഷിക്തന്റെ സ്ഥാനത്തെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തുകയാണ് കർത്താവിന്റെ ഉദ്ദേശ്യം. സീയോനെ "എന്റെ വിശുദ്ധപർവതം" എന്നും അഭിഷിക്തനെ "എന്റെ രാജാവ്" എന്നും വിളിക്കുന്നതിലൂടെ യൂദാരാജത്വവും ജെറുസലേം ദേവാലയവും ദൈവത്താൽ സ്ഥാപിതമാണെന്ന മഹാസത്യം അടിവരയിട്ട് ഉറപ്പിക്കപ്പെടുന്നു.

**രംഗം മൂന്ന്: അഭിഷിക്തന്റെ വിളംബരം (വാ . 7-9):** 7-9 വാക്യങ്ങളിൽ അഭിഷിക്തൻതന്നെ രംഗപ്രവേശംചെയ്യുന്നു. തന്റെ ആധികാരികത വെളിവാക്കുകയാണ് ഉദ്ദേശ്യം. ഇസ്രായേലിൽ രാജാഭിഷേകം നടക്കുമ്പോൾ നിയുക്തരാജാവിന്റെ കയ്യിൽ അധികാരപത്രം നല്കുന്ന ഒരു ചടങ്ങുണ്ടായിരുന്നു (2 രാജാ 11:12). ആ കല്പനയായിരിക്കണം ഇവിടെ വിവക്ഷ. അതിലെ ഉള്ളടക്കം മൂന്നു കാര്യങ്ങളാണ്:

1. സ്ഥാനാരോഹണത്തോടെ ഇസ്രായേൽ രാജാവ് ദൈവപുത്രനായിത്തീരുന്നു (ഈജിപ്തിൽ ഫറവോ ജനനത്താൽത്തന്നെ ദൈവപുത്രനാണ് എന്നു കരുതപ്പെട്ടിരുന്നു). ഈ ധാരണ വിശുദ്ധഗ്രന്ഥത്തിൽ പലയിടത്തും പ്രകടമാണ് (2 സാമു 7:14; സങ്കീ 89:26-28).

2. രാജാവ് പ്രാർത്ഥിച്ചാൽ ജനതകൾ അവന് അവകാശമായിത്തീരും, ഭൂമി അധീനമാകും. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, രാജാവിന്റെ ഭരണസീമകൾ വിപുലമാക്കാൻ കർത്താവ് സന്നദ്ധനാണ് (സങ്കീ 89:25).

3. രാജാവ് ശത്രുസംഹാരം നടത്തും. ശത്രുക്കളുടെമേലുള്ള ഇരുമ്പുദണ്ഡുപ്രയോഗം ചില ഈജിപ്ഷ്യൻ - പേർഷ്യൻ ചിത്രങ്ങളിൽ കാണാവുന്നതാണ്. അതുപോലെതന്നെ, ശത്രുസംഹാരത്തിനായി അവരുടെ നാമങ്ങൾ മൺപാത്രങ്ങളിലോ രൂപങ്ങളിലോ എഴുതി അവ അടിച്ചുടയ്ക്കുന്ന ക്ഷുദ്രപ്രയോഗങ്ങളും പണ്ട് നിലവിലുണ്ടായിരുന്നു. ദൈവംതന്നെ തന്റെ അഭിഷിക്തന്റെ ശത്രുക്കളെ ഉന്മൂലനം ചെയ്യുമെന്ന് സങ്കീ. 89:23 വ്യക്തമാക്കുന്നു.

**രംഗം നാല്: പ്രശ്നക്കാർക്ക് ഉപദേശം (വാ . 10–12):** നാലാം പാദത്തിൽ സങ്കീർത്തകൻ രംഗപ്രവേശം ചെയ്യുന്നു. രാജാക്കന്മാർക്കും ഭരണാധികാരികൾക്കുമുള്ള ഉപദേശവുമായിട്ടാണ് അദ്ദേഹത്തിന്റെ വരവ്. രാജാക്കന്മാരോടു വിവേകമുള്ളവരാകാനും ഭരണാധിപന്മാരോടു തിരുത്തൽ സ്വീകരിക്കാനും ("സൂക്ഷിച്ചുകൊള്ളുവിൻ" എന്ന പരിഭാഷ അത്ര ശരിയല്ല) അദ്ദേഹം ആവശ്യപ്പെടുന്നു. അവർ ഭയത്തോടെ കർത്താവിനു ശുശ്രൂഷ ചെയ്യണം.

12-ാം വാക്യം പരിഭാഷകൾക്ക് എപ്പോഴും തലവേദന സൃഷ്ടിച്ചിട്ടുണ്ട്. വിറയലോടെ അവിടത്തെ പാദം ചുംബിക്കുവിൻ എന്ന പി.ഒ.സി. വിവർത്തനം ഒരുതരം ഒത്തുതീർപ്പു വിവർത്തനമാണ്. മൂലഭാഷയിലെ പദങ്ങളെയും അക്ഷരങ്ങളെയും അർത്ഥവ്യക്തതയ്ക്കുവേണ്ടി (ഗ്രീക്കുമൂലം പിന്തുടർന്ന്) അഡ്ജസ്റ്റ്ചെയ്തുകൊണ്ടുള്ള ഈ പരിഭാഷ തിരുത്തപ്പെടേണ്ടതാണ്. വിറയലോടെ സന്തോഷിക്കുവിൻ; പുത്രനെ ചുംബിക്കുവിൻ(നഷ്ഖൂബർ എന്ന ഹീബ്രുമൂലം) എന്നതാണ് അക്ഷരാർത്ഥത്തിലുള്ള വിവർത്തനം. വിറയലും സന്തോഷവും എങ്ങനെ ഒന്നിച്ചുപോകും എന്ന സന്ദേഹത്തിന് അടിസ്ഥാനമില്ല (സങ്കീ 96:9–11; 1 ദിന 16:30–32). ദൈവഭയമുള്ളവർക്കു മാത്രമേ, ദൈവം വാഴിക്കുന്ന രാജാവിനെക്കണ്ട് സന്തോഷിച്ചാർക്കാൻ സാധിക്കുകയുള്ളൂ. പുത്രനെ (രാജാവിനെ) ചുംബിക്കുന്നത് അദ്ദേഹത്തിന്റെ അധികാരം അംഗീകരിക്കുന്നതിന്റെ ലക്ഷണമാണ് (ഉൽപ 41:40 – ജനം മുഴുവൻ നിന്റെ വാക്കനുസരിച്ച് പ്രവർത്തിക്കും എന്നതിന്റെ ഹീബ്രുമൂലമനുസരിച്ച് "ജനം മുഴുവൻ നിന്റെ അധരം ചുംബിക്കും" എന്നതാണ് പരിഭാഷ. രണ്ടു പരിഭാഷകളും ഫലത്തിൽ ഒന്നുതന്നെ; (1 സാമു 10:1; 1 രാജാ 19:18; ഹോസിയ 13:2). 12-ാം വാക്യത്തിൽത്തന്നെയുള്ള അവിടുന്ന് 'അവിടുത്തെ' എന്നീ വിവർത്തനങ്ങളും അത്ര കൃത്യമല്ല കാരണം, ഇവ കർത്താവിനെ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. മൂലഭാഷയനുസരിച്ച് കർത്താവോ അഭിഷിക്തനോ സൂചിതമാകാം. ശത്രുസംഹാരം പുത്രന്റെ അധികാരമായതിനാൽ അഭിഷിക്തനാവാനാണ് കൂടുതൽ സാധ്യത. കർത്താവിൽ ശരണംവച്ച്, അവിടുത്തെ പദ്ധതിയും ഹിത

വുമനുസരിച്ച്, അഭിഷിക്തനെ അംഗീകരിച്ച് ഭാഗ്യവാന്മാരായിത്തീരാൻ രണ്ടാം സങ്കീർത്തനം ഭൂമിയിലെ വലിയവരെ ക്ഷണിക്കുന്നു.

**ചരിത്രപശ്ചാത്തലം:** ഒറ്റനോട്ടത്തിൽ ഇസ്രായേലിലെ രാജത്വകാലമാണ് പശ്ചാത്തലം എന്നു തോന്നാമെങ്കിലും അതു ശരിയാകണമെന്നില്ല. സാമന്തരാജാക്കന്മാരെ വരുതിയിൽ നിറുത്തിയിരുന്ന ഒരു വൻശക്തിയായി ഇസ്രായേലിൽ രാജഭരണം മാറിയിരുന്നില്ല. ദാവീദിന്റെയും സോളമന്റെയും കാലത്തുപോലും സങ്കീർത്തനം പറയുന്നതുപോലുള്ള ഒരവസ്ഥ ഉണ്ടായിരുന്നില്ല. 149-ാം സങ്കീർത്തനവുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് ഒരു യുഗാന്തോന്മുഖ രചനയായി കരുതുകയാണ് യുക്തിഭദ്രമായിട്ടുള്ളത്. വരാനിരിക്കുന്ന 'മിശിഹാ'യുടെ ശക്തിയെയും അധികാരത്തെയും വിവരിക്കാനായി എഴുതപ്പെട്ട ഒരു കീർത്തനമാണിത്. വിപ്രവാസാനന്തരമാണ് ഇത് വിരചിതമായത്.

**ക്രിസ്തുവും രണ്ടാം സങ്കീർത്തനവും:** പുത്രത്വബോധമാണ് ക്രിസ്തു (അർത്ഥം, 'അഭിഷിക്തൻ!') വിന്റെ കാമ്പും കഴമ്പും. പന്ത്രണ്ടാം വയസ്സുമുതൽ (ലൂക്കാ 2:49) ഉത്ഥാനശേഷം വരെയും (യോഹ 20:17) ക്രിസ്തുവിന്റെ ദൈവപുത്ര അവബോധത്തിൽ അല്പംപോലും ചാഞ്ചല്യം കാണാൻ നമുക്കു കഴിയില്ല. മാമ്മോദീസയിലും രൂപാന്തരീകരണവേളയിലും പിതാവുതന്നെ സങ്കീ 2:7 യേശുവിന്റെ വ്യക്തിത്വസാരമായി പ്രഖ്യാപിച്ചുവല്ലോ. മരുഭൂമിയിൽ സാത്താൻ ഉലയ്ക്കാൻ ശ്രമിച്ചത് യേശുവിന്റെ ദൈവപുത്രത്വബോധ്യത്തെയായിരുന്നു. "നീ ദൈവപുത്രനാണെങ്കിൽ..." എന്നാവർത്തിച്ചുള്ള വെല്ലുവിളിയാണ് പ്രലോഭനങ്ങൾ! യേശുവിന് തന്റെ പുത്രത്വബോധ്യത്തിൽ അല്പമെങ്കിലും ചാഞ്ചാട്ടം ഉണ്ടായിരുന്നെങ്കിൽ മരുഭൂമി ബേക്കറിയായി മാറിയേനെ! ദേവാലയം സർക്കസ് കൂടാരമായും!! പുത്രന്റെ അധീനതയിലുള്ള ഭൂമി (സങ്കീ 2:8; മത്താ 28:18) തന്റേതെന്നവകാശപ്പെട്ട സാത്താനുമുമ്പിൽ (ലൂക്കാ 4:6) തന്റേടം (തന്റെ + ഇടം) വ്യക്തമാക്കിയ പുത്രൻ!!! ദൈവപുത്രന്റെ മുമ്പിൽ പിടിച്ചുനില്ക്കാൻ കഴിയാതെപോയവൻ പിന്നീട് പ്രിയശിഷ്യന്റെ സ്നേഹവചസ്സിലൂടെ വീണ്ടും പ്രത്യക്ഷനായപ്പോഴും അതു സാത്താനാണെന്നു തിരിച്ചറിയാൻ പുത്രന് യാതൊരു ക്ലേശവുമുണ്ടായില്ല. പിതാവിന്റെ ഹിതം നിറവേറ്റുന്നതു തന്റെ ഭക്ഷണമായിക്കരുതിയ പുത്രൻ (യോഹ 4:34) ആ ഹിതപ്രാപ്തിയുടെ നിമിഷത്തെ "എന്റെ സമയം" എന്നാണ് വിളിച്ചത് (യോഹ 2:4; 12:23-27). പരാർത്ഥം മരിക്കാനായി അഭിഷിക്തനായ പുത്രൻ കുരിശിൽ ആരൂഢനായപ്പോൾ വീണ്ടും പഴയ പല്ലവി ആവർത്തിക്കപ്പെട്ടു: "നീ ദൈവപുത്രനാണെങ്കിൽ..." (മത്താ 27:40). അലറിവിളിച്ചു കരഞ്ഞുമരിച്ചുകൊണ്ട്

അവൻ തെളിയിച്ചു, താൻ ദൈവപുത്രൻതന്നെയെന്ന് - അവന് അഭിമുഖമായി നിന്നിരുന്ന ശതാധിപൻ, **അവൻ ഇപ്രകാരം മരിച്ചതു കണ്ട് പറഞ്ഞു:** സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു(മർക്കോ 15,39). ദൈവപുത്രത്വപൂർണതയുടെ ഈ നിമിഷംതന്നെയായിരുന്നു അവിടത്തെ രാജത്വപൂർണതയുടെയും നിമിഷം. അതേ, കുരിശിലാണ് രാജത്വഫലകവും പ്രത്യക്ഷപ്പെട്ടത്!

യേശുവിന്റെ വിചാരണയും വിധിയും രണ്ടാം സങ്കീർത്തനത്തിന്റെ വെളിച്ചത്തിലാണ് വിശുദ്ധ ലൂക്കാ കണ്ടത് (അപ്പ 4:25-28). ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെയും (ഹെബ്രാ 1:5) മാമ്മോദീസയെയും (ലൂക്കാ 3,22) രൂപാന്തരീകരണത്തെയും (ലൂക്കാ 9,35; 2 പത്രോ 1,17) മരണത്തെയും (മർക്കോ 15,39; ഹെബ്രാ 5,5) ഉത്ഥാനത്തെയും (അപ്പ 13:33) സൂചിപ്പിക്കാനായി പുതിയനിയമഗ്രന്ഥകർത്താക്കൾ സങ്കീ 2:7 ഉപയോഗിച്ചു എന്ന വസ്തുതതന്നെയും രണ്ടാം സങ്കീർത്തനവും ക്രിസ് തുവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ആദ്യ നൂറ്റാണ്ടിൽ കാര്യമായ വിചിന്തനങ്ങൾ നടന്നു എന്നതിനു തെളിവാണല്ലോ. ഇതോടൊപ്പം ചേർത്തുവായിക്കേണ്ടവയാണ് ഇരുമ്പുദണ്ഡുകൊണ്ടു സകല ജനപദങ്ങളെയും ഭരിക്കുന്നവനെക്കുറിച്ചുള്ള വെളിപാടുപുസ്തകത്തിലെ പരാമർശങ്ങളും (വെളി 12:5; 19:15). അതേ, ഈ മെസിയാനികകീർത്തനം പുത്രനും രാജാവുമായ മിശിഹായിൽ പൂർത്തിയായിരിക്കുന്നു.

**വിചിന്തനം:** മാമ്മോദീസയാണ് എന്റെ പുത്രത്വനിമിഷം. യേശു കേട്ട സങ്കീർത്തനം 2:7 സ്വർഗീയസ്വരത്തിൽ ഞാനും അന്നു കേട്ടു. പുത്രത്വബോധ്യത്തിൽ ആഴപ്പെടുന്നതാണ് ക്രിസ്തീയജീവിതം. പിതാവിന്റെ സമ്പന്നത പുത്രന്റെ നിറവാണല്ലോ. എല്ലാം എന്റേതെന്ന ബോധം നിഴലുകൾക്കുപിന്നാലെ പായുന്നതിൽനിന്ന് എന്നെ കാക്കും. ഞാനും ഇരുമ്പുദണ്ഡുകൊണ്ടു ജനപദങ്ങളെ മേയിക്കാനുള്ളവനാണ് (വെളി 2:27). പ്രതിസന്ധികളുടെ മദ്ധ്യത്തിൽ ദൈവപുത്രന്റെ അഭിഷേകവും രാജകീയ അധികാരവും ദൈവം എന്നിൽ പ്രകടമാക്കുകതന്നെ ചെയ്യും (അപ്പ 4:23-31). കർത്താവിൽ ശരണംവയ്ക്കുന്നവൻ തീർച്ചയായും ഭാഗ്യവാനാണ്.

## സങ്കീർത്തനം 8: പകർന്നുകിട്ടിയ മഹത്ത്വം

സങ്കീർത്തനഗ്രന്ഥത്തിലെ ആദ്യത്തെ സ്തുതിഗീതകമാണ് എട്ടാം സങ്കീർത്തനം. വിപ്രവാസാനന്തര പേർഷ്യൻ കാലഘട്ടത്തിൽ ബി.സി. അഞ്ചാം നൂറ്റാണ്ടിൽ - എഴുതപ്പെട്ടതായിരിക്കാം

ഈ സങ്കീർത്തനം എന്നാണ് പൊതുവേ കരുതപ്പെടുന്നത്.

ശീർഷകത്തിലെ 'ഗിത്യരാഗം' എന്തെന്ന് ഒരു നിശ്ചയവുമില്ല. 'അൽ ഗിത്തീത്ത്' എന്ന ഹെബ്രായ പ്രയോഗത്തിന്റെ മലയാള പരിഭാഷയാണത് (സങ്കീ 81:1; 84:1).

**ഘടന:** 1. ഭൂമിയിൽ ദൈവനാമത്തിന്റെ മഹത്ത്വം (വാ 1).
2. മനുഷ്യ - മനുഷ്യബന്ധത്തിൽ (വാ 2).
3. മനുഷ്യന്റെ നിസ്സാരതയിലും രാജത്വത്തിലും (വാ 3–5).
4. മനുഷ്യ-പ്രകൃതീബന്ധത്തിൽ (വാ 6–8).
5. ഭൂമിയിൽ ദൈവനാമത്തിന്റെ മഹത്ത്വം (വാ. 9).

**ദൈവനാമമഹത്ത്വം (വാ. 1,9):** ഭൂമിയിലെ ദൈവനാമമഹത്ത്വം സങ്കീർത്തനത്തെ ബ്രായ്ക്കറ്റുചെയ്യുന്നു. ദൈവനാമത്തിന്റെ മഹത്ത്വമാണ് സങ്കീർത്തനത്തിന്റെ ഉള്ളടക്കം എന്ന സൂചനയാണ് ഇതു നല്കുന്നത്.

"കർത്താവേ, ഞങ്ങളുടെ കർത്താവേ" എന്ന അഭിസംബോധന ഇസ്രായേലിന്റെ ഉടമ്പടി ദൈവത്തെ ചിത്രീകരിക്കുന്നു (നിയ 6:4). ഒന്നാം വാക്യത്തിന്റെ രണ്ടാം പാതി ഹെബ്രായമൂലത്തിൽ വ്യക്തമല്ല. ഇപ്പോഴുള്ള പരിഭാഷ ഗ്രീക്കു വിവർത്തനത്തെ ആധാരമാക്കിയുള്ളതാണ്.

**മനുഷ്യ-മനുഷ്യബന്ധത്തിലെ ദൈവനാമമഹത്ത്വം (വാ. 2):** "ശിശുക്കളും മുലകുടിക്കുന്ന കുഞ്ഞുങ്ങളും" ദുർബല ജനതയെ പ്രതിനിധീകരിക്കുന്നു. യാഹ്‌വെയുടെ പാവപ്പെട്ടവരാണവർ. അതിശക്തരും ക്രൂരരുമായ എതിരാളികളെ നിരായുധീകരിക്കാൻപോരുന്ന കരുത്ത് ദുർബലരുടെ പ്രാർത്ഥനകൾക്കും രോദനങ്ങൾക്കും സ്തുതിപ്പുകൾക്കുമുണ്ട് (1 സാമു 2:1; 2 കൊറി 12:9).

രണ്ടാം വാക്യത്തിന്റെ ഹെബ്രായ മൂലമനുസരിച്ചുള്ള കുറെക്കൂടി കൃത്യമായ പരിഭാഷ താഴെ ചേർക്കുന്നു:

"അങ്ങയുടെ പ്രതിയോഗികളെപ്രതി ശത്രുക്കളെയും രക്തദാഹികളെയും ഇല്ലാതാക്കാനായി അവിടുന്ന് ശിശുക്കളുടെയും മുലകുടിക്കുന്ന കുഞ്ഞുങ്ങളുടെയും അധരങ്ങൾകൊണ്ട് ശക്തിക്ക് അടിസ്ഥാനമിട്ടു."

**നിസ്സാരനും നൃപനുമായ മനുഷ്യനിലെ ദൈവനാമമഹത്ത്വം (വാ. 3–5):** മനുഷ്യനെന്ന സമസ്യയെക്കുറിച്ച് രണ്ടു ചിന്താധാരകളാണ് ഈ ഭാഗത്തുള്ളത്: 1) നിസ്സാരൻ (വാ. 3–4); 2) നൃപൻ (വാ. 5).

a) **മനുഷ്യൻ എന്ന നിസ്സാരൻ:** ആകാശത്തിന്റെ അനന്തതയ്ക്കും

പ്രാപഞ്ചികശക്തികളുടെ പൊലിമയ്ക്കും മുന്നിൽ മനുഷ്യനെ നിസ്സാരനായി കരുതാനേ കവിക്കു തോന്നുന്നുള്ളൂ. മൂന്നാം വാക്യത്തിൽ 'അങ്ങയുടെ വാനിടത്തെയും' എന്നാണ് ഹീബ്രു മൂലത്തിലുള്ളത്. ഇത് നിലനിറുത്തേണ്ടത് ആവശ്യമാണ്. കാരണം സങ്കീർത്തനം 115:16 പ്രസ്താവിക്കുന്നു: "ആകാശം കർത്താവിനു മാത്രമുള്ളതാണ്; എന്നാൽ ഭൂമി അവിടുന്ന് മനുഷ്യമക്കൾക്കു നല്കിയിരിക്കുന്നു" (വാ. 5-8 ൽ മനുഷ്യമക്കൾക്കു നല്കപ്പെട്ട ഭൂമിയെക്കുറിച്ചുള്ള ചിന്തകൾ ഉണ്ടല്ലോ).

ദൈവത്തിന്റെ ഓർമ്മയിൽ വരാൻ ('സകർ') ബലഹീനനായ ('അ്നോഷ്') മർത്യന് ഒരു അവകാശവുമില്ല. എന്നിട്ടും ദൈവം അവനെ ഓർത്തു; അവൻ ഉണ്ടായി. ഡെക്കാർട്ടിന്റെ *Cogito; ergo sum* ('ഞാൻ ചിന്തിക്കുന്നു; അതിനാൽ ഞാൻ ഉണ്ട്') എന്ന കാഴ്ചപ്പാടിന്റെ കടയ്ക്കൽ കോടാലി വയ്ക്കുകയാണ് ഈ സങ്കീർത്തനഭാഗം. 'ദൈവം ചിന്തിക്കുന്നു; അതിനാൽ ഞാൻ ഉണ്ട്' എന്നാ ണ് സങ്കീർത്തകൻ നാലാം വാക്യത്തിലൂടെ സ്ഥാപിക്കുന്നത്. 'മനുഷ്യപുത്രൻ' ('ബെൻ ആദാം') എന്ന പ്രയോഗവും 'ബലഹീനൻ' എന്ന ആശയത്തിന്റെ വ്യത്യസ്ത പ്രകാശനമാണ്. മണ്ണിൽ ('അദാമാ') നിന്നുള്ളവനാണല്ലോ 'ആദം' (cf. സങ്കീ 144:4; ജോബ് 7:17-18).

**b) മനുഷ്യൻ എന്ന നൃപൻ:** ദൈവത്തെക്കാൾ ('എലോഹീം' എന്നതിന് ദൈവദൂതന്മാർ എന്ന അർത്ഥമില്ല) അല്പം മാത്രം താഴ്ന്നവനായി മനുഷ്യനെ ദൈവം സൃഷ്ടിച്ചു എന്ന പ്രസ്താവം ദൈവച്ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ് അവൻ എന്ന ഉൽപത്തി ചിന്തയോട് ചേർന്നു പോകുന്നു (ഉൽപ 12:6-27). പുതിയനിയമത്തിലെ പുത്രത്വവും അവകാശവും എല്ലാം (റോമാ 8:16-17) ഈ വാക്യത്തിൽ നിഴലിക്കുന്നുണ്ട്.

മഹത്ത്വവും ('കാബോദ്') ബഹുമാനവും ('ഹദർ') കൊണ്ട് ദൈവം മനുഷ്യനെ കിരീടമണിയിച്ചിരിക്കുന്നുവത്രേ. ബൈബിളിൽ ദൈവത്തിന്റെയും (സങ്കീ 145:5.12) രാജാവിന്റെയും (സങ്കീ 21:5; 45:3-4) വിശേഷണങ്ങളാണ് 'കാബോദും' 'ഹദറും.' മനുഷ്യൻ സൃഷ്ടിയുടെ രാജാവാണെന്നും ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയാണെന്നുമുള്ള ഉദാത്തമായ ആശയമാണ് ഈ വരികളിൽ തെളിഞ്ഞുനില്ക്കുന്നത്. നൃപനായ മനുഷ്യന് പ്രകൃതിയോടുള്ള ബന്ധത്തെ ചിത്രീകരിക്കുന്നതാണ് അടുത്ത പാദം.

**മനുഷ്യ-പ്രകൃതീബന്ധത്തിലെ ദൈവനാമമഹത്ത്വം (വാ. 6-8):** സ്വന്തം കരവേലകൾക്കുമേലുള്ള തന്റെ ആധിപത്യം ('മഷൽ': ജോബ് 25,2; സങ്കീ 66,7) ദൈവം മനുഷ്യനു നല്കിയിരിക്കുന്നത്രേ

(ഉൽപ 45:26; മിക്ക 5:1; ഏശ 16:1). സകലത്തിനെയും മനുഷ്യന്റെ പാദത്തിൻകീഴിലാക്കിയിരിക്കുന്നത്രേ (സങ്കീ 110:1).

മനുഷ്യന്റെ പാദത്തിൻകീഴിലായ എല്ലാറ്റിനെയും ക്രമമായും കൃത്യമായും സൂചിപ്പിക്കാനുള്ള ശ്രമമാണ് ഏഴും എട്ടും വാക്യങ്ങളിൽ. വീട്ടുമൃഗങ്ങളായ ആടുകളെയും കാളകളെയും പാലിക്കുന്ന ഇടയധർമ്മത്തെപ്പറ്റി (pastor) ആദ്യമേ പരാമർശിച്ചിട്ട്, വന്യമൃഗങ്ങളെയും പക്ഷികളെയും മത്സ്യങ്ങളെയും സമുദ്രചാരികളെയും (സങ്കീ 104:26; ജോബ് 40-41) നിയന്ത്രിക്കുന്ന അധികാരധർമ്മത്തെക്കുറിച്ച് (master) പ്രതിപാദിക്കുന്നു (ഉൽപ 9:2).

**ക്രിസ്തുവും എട്ടാം സങ്കീർത്തനവും:** യേശുവിന്റെ ദേവാലയപ്രവേശത്തിൽ ഹോസാന പാടി ആർപ്പുവിളിച്ച കുട്ടികളെപ്രതി രോഷാകുലരായ പ്രധാന പുരോഹിതനോടും നിയമജ്ഞരോടും യേശു ഉദ്ധരിച്ചത് സങ്കീ 8:2 ആണ് (മത്താ 21:16). തദനുസാരം ആ സാഹചര്യത്തിൽ ഈ അധികാരികളാണ് ശക്തരും രക്തദാഹികളും!

ഉത്ഥിതന്റെ ആധിപത്യത്തെ സൂചിപ്പിക്കാൻ പുതിയനിയമത്തിൽ പലയിടത്തും സങ്കീ 8,6 ഉദ്ധരിക്കപ്പെട്ടിരിക്കുന്നു (1 കൊറി 15:27; എഫേ 1:22; ഹെബ്രാ 2:6-8).

**വിചിന്തനം:** ശിശുവിന്റെ ആദ്ധ്യാത്മികതയിലേക്കു വിളിക്കപ്പെട്ടവനാണ് ഞാൻ (മത്താ 11:25; 18:13; 19:14). സ്വന്തം നിസ്സാരതയും ഒപ്പം രാജത്വവും തിരിച്ചറിയുന്നവനേ അർത്ഥവത്തായ ഒരു അസ്തിത്വമുള്ളൂ. മനുഷ്യന്റെ അധികാരം ദൈവത്താൽ നല്കപ്പെട്ടതാണെന്ന യാഥാർത്ഥ്യം മറക്കരുത്. അതിനാൽത്തന്നെ നീഷേയുടെ 'സൂപ്പർമാൻ' ചിന്തയ്ക്ക് ഒരു വെല്ലുവിളിയാണ് ഈ സങ്കീർത്തനം. ദൈവത്തിന്റെ പ്രതിനിധിയായി സ്വയം തിരിച്ചറിയുന്നവൻ മാത്രമേ പ്രപഞ്ചത്തോടു നീതി കാണിക്കുകയുള്ളൂ. പരിസ്ഥിതിയുടെ കാവലാളാകാൻ എട്ടാം സങ്കീർത്തനം മനുഷ്യനെ ക്ഷണിക്കുന്നു.

## സങ്കീർത്തനം 15: ഒരു ഓണസങ്കീർത്തനം

ഓണസങ്കീർത്തനമെന്ന ശീർഷകത്തിന്റെ വിവക്ഷ മൂല്യങ്ങളുടെ സങ്കീർത്തനം എന്നാണെന്ന് ആരംഭത്തിലേ വ്യക്തമാക്കിക്കൊള്ളട്ടെ. മൂല്യങ്ങളോടുള്ള വലിയ പ്രതിപത്തി ഒരു കീർത്തനമായി രൂപം പൂണ്ടതാണ് പതിനഞ്ചാം സങ്കീർത്തനം. ആരാധനക്രമഗീതങ്ങളായിട്ടാണ് 15-ഉം 24-ഉം സങ്കീർത്തനങ്ങൾ കരുതപ്പെടുന്നത് (cf.118:19-20). ദേവാലയത്തിലേക്കു പ്രവേശിക്കുന്നതിനുമുമ്പ് അതിനു

തനിക്കു യോഗ്യതയുണ്ടോ എന്ന് വിശ്വാസിയെ ചിന്തിപ്പിക്കുന്ന ഒരു പ്രവേശനകർമ്മം ദേവാലയവാതിൽക്കൽ വച്ചു നടത്തിയിരുന്നത്രേ. വിശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കുന്നതിനു ചില മാനദണ്ഡങ്ങൾ ഉണ്ടായിരുന്നുവെന്ന് ഇസ്രായേലിലെയും പശ്ചിമേഷ്യൻ പ്രദേശങ്ങളിലെയും കൃതികളിൽനിന്നു വ്യക്തമാണ്. നിയമ 23:1 –8; ഏശ 33:15; മിക്ക 6:6–8; 2ദിന 23:19 എന്നീ ബൈബിൾ ഭാഗങ്ങൾ ഇതിനു വ്യക്തമായ തെളിവുകളാണ്.

15–ാം സങ്കീർത്തനത്തെ ഒരു ആരാധനക്രമ പ്രബോധനമായി കരുതുന്നതായിരിക്കും കൂടുതൽ ഉചിതം. കാരണം അത് അവസാനിക്കുന്നത് ദേവാലയപ്രവേശസംബന്ധിയായ ഒരു വിധിപ്രസ്താവത്തോടെയല്ല, മറിച്ച് വാഗ്ദാന സ്വഭാവമുള്ള ഒരു നിരീക്ഷണത്തോടെയാണ്.

**ഘടന:** ഈ സങ്കീർത്തനത്തിന്റെ ഘടനയെക്കുറിച്ച് കാര്യമായ വാദപ്രതിവാദങ്ങൾ നിലവിലുണ്ട്. പത്തുകല്പനകളുടെ ചുവടുപിടിച്ചാണ് ഉത്തരങ്ങൾ രചിച്ചിരിക്കുന്നതെന്ന് പലരും കരുതുന്നു. എന്നാൽ ഹീബ്രു മൂലം പരിശോധിച്ചാൽ 12 ഉത്തരങ്ങൾ ഉണ്ടെന്നു കാണാം. അവയുടെ ക്രമീകരണം ഏറെ രസകരവുമാണ്. മൂന്ന് സർഗ്ഗാത്മക ശൈലിയിലുള്ള (positive) ഉത്തരങ്ങൾക്കുശേഷം മൂന്ന് നിഷേധാത്മക ശൈലിയിലുള്ള (negative) ഉത്തരങ്ങൾ എന്ന ക്രമമാണ് ഇവിടെ കാണുന്നത്. പി.ഒ.സി. ബൈബിളിലെ പരിഭാഷയിൽ ഇതു വ്യക്തമല്ലാത്തതിനാൽ വ്യക്തതയ്ക്കുവേണ്ടി താഴെ അവയെ ക്രമമായി കൊടുത്തിരിക്കുന്നു:

I (+ve) - നിഷ്കളങ്കനായി ജീവിക്കുന്നവൻ
- നീതി മാത്രം പ്രവർത്തിക്കുന്നവൻ
- സത്യം പറയുന്നവൻ

II (-ve) - പരദൂഷണം പറയാത്തവൻ
- സ്നേഹിതനെ ദ്രോഹിക്കാത്തവൻ
- അയല്ക്കാരനെതിരേ അപവാദം പരത്താത്തവൻ

III (+ve)- ദുഷ്ടനെ പരിഹാസ്യനായി കരുതുന്നവൻ
- ദൈവഭക്തനോട് ആദരം കാണിക്കുന്നവൻ
- നഷ്ടം സഹിച്ചും പ്രതിജ്ഞ ചെയ്യുന്നവൻ

IV (-ve)- പ്രതിജ്ഞയിൽ നിന്നു മാറാത്തവൻ
- കടത്തിനു പലിശ ഈടാക്കാത്തവൻ
- കൈക്കൂലി വാങ്ങാത്തവൻ

ഒന്നാം വാക്യത്തിലെ ചോദ്യത്തിനുള്ള മറുപടിയാണ് 2–5b വാക്യങ്ങളിലുള്ളത്. 5C ആകട്ടെ, ദേവാലയത്തിൽ വസിക്കാൻ യോഗ്യത

യുള്ളവൻ കുലുങ്ങുകയില്ല എന്ന സാഘോഷമായ പ്രസ്താവന യുമാണ്.

**ചോദ്യം (വാ.1):** ദേവാലയം ദൈവത്തിന്റെ സാന്നിദ്ധ്യപ്രതീകമാണ്. ആമുഖ ചോദ്യത്തിൽ ദേവാലയത്തെ സൂചിപ്പിക്കുന്ന രണ്ടു പദങ്ങളുണ്ട്: കൂടാരവും ('ഓഹെൽ', സംഖ്യ 12:5, 10; പുറ 33:7-11; സങ്കീ 27:5-6; 61:5) വിശുദ്ധ ഗിരിയും ('ഹർ ക്കൊദെഷ്', സങ്കീ 2:6; 3:4; 43:3). ഭൂമിയിൽ ദൈവം തനിക്കായി തിരഞ്ഞെടുത്ത വാസസ്ഥലമാണ് സിയോൻ പർവ്വതം (സങ്കീ 24:3; 46:4-5; 48:1-3; 132:13-14; 1രാജ 8:1-11).

ദേവാലയത്തിലെ വാസത്തെ സൂചിപ്പിക്കുന്ന രണ്ടു ക്രിയാപദങ്ങളിൽ ആദ്യത്തേത് 'പരദേശിയായി പാർക്കുക' എന്നർത്ഥമുള്ള 'ഗൂർ' ആണ്. ദൈവസാന്നിദ്ധ്യം ആരുടെയും അവകാശമല്ലെന്നും ദൈവത്തിന്റെ കരുണയാൽ മാത്രമാണ് അവിടെ പ്രവേശിക്കാനാവുകയെന്നുമുള്ള ധ്വനിയാണ് ഈ പദം ഉണർത്തുന്നത് (cf. സങ്കീ 5:7). രണ്ടാമത് ഉപയോഗിച്ചിരിക്കുന്ന 'ഷാകൻ' എന്ന ക്രിയാപദത്തിനും ഈ അർത്ഥമുണ്ട്.

**ദേവാലയപ്രവേശത്തിനു യോഗ്യർ (വാ.2-5b):** ഒന്നാം വാക്യത്തിലെ ചോദ്യത്തിനുള്ള പൊതുവായ മറുപടിയായി രണ്ടാം വാക്യത്തെ കണക്കാക്കാവുന്നതാണ്. രണ്ടാം വാക്യത്തിൽ പ്രതിപാദിക്കപ്പെടുന്ന ഗുണഗണങ്ങൾ എല്ലാം ദൈവത്തിന്റെ സ്വഭാവസവിശേഷതകളായി വി. ഗ്രന്ഥം ചിത്രീകരിച്ചിട്ടുള്ളവയാണ്. നിഷ്കളങ്കതയും ('താമീം', സങ്കീ. 18:30; 19:7; നിയമ 32:4) നീതിയും ('റ്റ്സെദെഖ്', സങ്കീ. 5:8; 7:9, 11; 9:4, 8; 11:7) സത്യവു ('എമെത്ത്', പുറ 34:6) മെല്ലാം ദൈവിക സ്വഭാവങ്ങളാണ്. ദൈവത്തിന്റെ അവികലത അഥവാ പൂർണത ('താമീം') സ്വന്തമാക്കിയ ഏതാനും ചില മനുഷ്യരെ വി. ഗ്രന്ഥം ചൂണ്ടിക്കാണിക്കുന്നു: നോഹ (ഉൽ 6:9), അബ്രാഹം (ഉൽ 17:1), ദാവീദ് (1 രാജ 9:4), ജോബ് (1:1, 8; 2:3). ദേവാലയപ്രവേശനത്തിന് അർഹരായവർ ദൈവിക സ്വഭാവം സ്വന്തമാക്കുന്നവരാണെന്ന് രണ്ടാം വാക്യം സ്ഥാപിക്കുമ്പോൾ പൊതുവായ ഒരു തത്ത്വം സ്ഥാപിക്കപ്പെടുകയാണു ചെയ്യുന്നത്.

ദൈവികസ്വഭാവത്തെ കേന്ദ്രീകരിച്ചുള്ള പൊതുതത്ത്വം സ്ഥാപിച്ചതിനുശേഷം മൂന്നു മുതലുള്ള വാക്യങ്ങളിൽ സങ്കീർത്തകൻ പ്രായോഗിക തലങ്ങളെ സ്പർശിക്കുന്നു. വാക്കുകളിലോ പ്രവൃത്തികളിലോ അയല്ക്കാർക്കു ദ്രോഹം ചെയ്യാത്തവരാണ് ദേവാലയത്തിലേക്കു പ്രവേശിക്കാൻ യോഗ്യർ. അവരുടെ നാവുകൾ ചതിക്കും മർദ്ദനത്തിനുമുള്ള ഉപകരണങ്ങളല്ല (സങ്കീ 5:9; 12:4).

വാക്കുകൾ വഴിയോ പ്രവൃത്തികൾ വഴിയോ അവർ അയല്ക്കാർക്കു യാതൊരു ദ്രോഹവും ചെയ്യുന്നില്ല (പുറ 20:16-17; ലേവ്യ 19:18; സങ്കീ 28:3; 101:5). ദൈവത്തെ ആദരിക്കുന്നവരെ അവരും ആദരിക്കുന്നു (സങ്കീ 1:1). അവർക്ക് വാക്ക് പഴയ ചാക്കല്ല; വാക്കു പാലിക്കുന്നതിൽ സ്ഥിരോത്സാഹികളാണവർ (സങ്കീ 24:4; മത്താ 5:33-37). പാവപ്പെട്ടവരോട് പ്രത്യേക പരിഗണനയുള്ള ദൈവത്തെപ്പോലെ തങ്ങളുടെ വ്യാപാരങ്ങളിൽ അവരും പാവങ്ങളുടെ പക്ഷം നില്ക്കും (cf. പുറ 22:25; ലേവ്യ 25:36-37; നിയമ 23:20; എസെ 18:8, 13, 17). കൈക്കൂലിക്ക് അതീതനായ ദൈവത്തെപ്പോലെ (നിയമ 10:17-18; സങ്കീ 9:4) യാണ് അവരും (പുറ 23:7-8; നിയമ 16:19-20; 1രാജ 8:3).

**കുലുങ്ങാത്തവർ (വാ.5c):** കാറ്റത്തുലയുന്ന ഞാങ്ങണപോലെയല്ല മേൽപ്രസ്താവിച്ച ജീവിതശൈലിയുള്ളവർ. കർത്താവിന്റെ രാജത്വത്തിന്റെ ശക്തിയാൽ സുസ്ഥാപിതമായിരിക്കുന്ന ഭൂമി കുലുങ്ങാത്തതുപോലെയും ('മോത്', സങ്കീ 93:1; 96:10; 104:5) കർത്താവിന്റെ മലയായ സീയോൻ ചഞ്ചലിക്കാത്തതുപോലെയും (സങ്കീ 46:5; 125:1) കർത്താവിൽ ആശ്രയിക്കുകയും അവിടുത്തെ സ്വഭാവം സ്വന്തമാക്കുകയും ചെയ്തവർ കുലുങ്ങുകയില്ല. ലോകത്തിലെ സംഭവവികാസങ്ങളെ ക്രിയാത്മകമായി അഭിമുഖീകരിക്കാനുള്ള ശക്തമായ അടിത്തറ അവർക്കുണ്ട്.

**ക്രിസ്തുവും 15-ാം സങ്കീർത്തനവും:** ദൈവികസ്വഭാവത്തിന്റെ കണ്ണാടികളാകാൻ എല്ലാവരെയും ക്ഷണിച്ചവൻ (മത്താ 5:48) "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ 14:9) എന്നു പറയാൻ മാത്രം ആർജവത്വവും സ്വത്വബോധവും ഉള്ളവനായിരുന്നു.

"കർത്താവേ, കർത്താവേ എന്ന് എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുക" (മത്താ 7:21) എന്ന ക്രിസ്തുവചനത്തിൽ 15-ാം സങ്കീർത്തനത്തിന്റെ നിഴൽ കാണാനാകും.

ക്രിസ്തുവിന്റെ സ്വർഗാരോഹണദിനത്തിലെ ആരാധനക്രമത്തിൽ 15-ാം സങ്കീർത്തനം ഉപയോഗിക്കപ്പെടുന്നുണ്ട്.

**വിചിന്തനം:** ഭൂമിയിലെ പരിപൂർണമായ ജീവിതത്തിനുശേഷം സ്വർഗീയകൂടാരത്തിലേക്കു മഹത്വത്തോടെ പ്രവേശിക്കുന്ന ക്രിസ്തുവിന്റെ സ്മരണ ഓരോ ദേവാലയപ്രവേശത്തിലും ഓരോ പ്രാർത്ഥനാ നിമിഷത്തിലും എന്നെ ഉത്തേജിപ്പിക്കേണ്ടതുണ്ട്.

ദൈവാരാധകനിൽനിന്ന് ദൈവം പ്രതീക്ഷിക്കുന്നത് എന്ത് എന്ന

ചോദ്യത്തിന് പരമ്പരാഗതമായി നൽകപ്പെട്ടിരുന്ന മറുപടി 'കുറവുകളില്ലാത്ത ബലി' എന്നായിരുന്നു. എന്നാൽ പ്രവാചകന്മാർ ഇതു കാര്യമായി തിരുത്തി. നീതിയും ജ്ഞാനവും നന്മയും സ്നേഹവും കരുണയുമാണ് യഥാർത്ഥ ആരാധന എന്നവർ പ്രഘോഷിച്ചു (ഏശ 1:11-12, 16-17; ഹോസിയ 6:6; ആമോസ് 5:21-24; മിക്കാ 6:6-8). ഊനമറ്റ ജീവിതശൈലിയാണ് ദൈവതിരുമുമ്പിൽ സ്വീകാര്യമായ പ്രാർത്ഥനയെന്നത് പുതിയനിയമത്തിൽ സുവിദിതമാണ്. "നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ - ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥമായ ആരാധന" (റോമ 12:1). ഈയർത്ഥത്തിൽ, ഓണത്തിന്റെ ആദ്ധ്യാത്മികത തന്നെയാണ് ക്രൈസ്തവ ആദ്ധ്യാത്മികത എന്നു പറയാവുന്നതാണ്. എങ്കിൽ 15-ാം സങ്കീർത്തനത്തെ ഒരു ഓണസങ്കീർത്തനമായി കരുതുന്നതിൽ അപാകതയുണ്ടെന്നും തോന്നുന്നില്ല.

## സങ്കീർത്തനം 20: പ്രാർത്ഥന വിജയമന്ത്രം

ഒരു രാജകീയകീർത്തനമാണ് സങ്കീ. 20. സഹായിക്കുക ('യഷാ'), വിജ യം ('യഷൂആ') എന്നീ പദങ്ങളുടെയും (വാ.5, 6, 9) ഉത്തരമരുളുക ('അനാ') എന്ന പദത്തിന്റെയും (വാ.1, 6, 9) ആവർത്തനങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടവയാണ്. യുദ്ധത്തിനു പുറപ്പെടുന്നതിനുമുമ്പായി രാജാവിനുവേണ്ടി ജനം ദേവാലയത്തിൽ നടത്തിയിരുന്ന പ്രാർത്ഥനയാണിത് എന്നാണ് ഒട്ടുമിക്ക ബൈബിൾ പണ്ഡിതന്മാരും കരുതുന്നത്. അതിനാൽതന്നെ വിപ്രവാസപൂർവ്വകാല സങ്കീർത്തനമാണിത്. "വിശുദ്ധമന്ദിരവും" "സിയോനും" (വാ.2) "ബലികളും" (വാ.3) ഇതിൽ മാറിമാറി പ്രത്യക്ഷപ്പെടുന്നു. രാജാവു പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത ഈ സങ്കീർത്തനത്തിൽ വ്യക്തമാണ് (വാ.1, 4-5). 2 സാമുവൽ 11-12ലെ പരാമർശം 20, 21 സങ്കീർത്തനങ്ങളുടെ ചരിത്രപശ്ചാത്തലമായിരിക്കാം എന്ന് ഡെലിറ്റ്ഷ് തന്റെ കമന്ററിയിൽ ചൂണ്ടിക്കാണിക്കുന്നു.

**ഘടന:** വാ.1-5 രാജാവിന് ആശംസ

വാ.6-8 ദൈവസഹായത്തിലുള്ള വിശ്വാസം ഏറ്റുപറച്ചിൽ
വാ. 9 രാജാവിനും ജനങ്ങൾക്കുമായി ദൈവത്തോടുള്ള പ്രാർത്ഥന

**രാജാവിന് ആശംസ (വാ.1-5):** രാജാവിനുള്ള ആശംസകൾ നിറഞ്ഞുനിൽക്കുന്ന ഈ പാദത്തിൽ ക്രിയാപദങ്ങളുടെയെല്ലാം കർത്താവ് ദൈവമാണ് എന്നതാണ് ആദ്യമായി നാം ശ്രദ്ധിക്കേണ്ടത്

(രണ്ടു ക്രിയകൾ മാത്രമാണ് ഇതിന് അപവാദം). അതിനാൽത്തന്നെ ഇത് ഒരു പ്രാർത്ഥനയാണെന്നു പറയുന്നതിൽ തെറ്റില്ല. ദൈവനാമത്തിന്റെ ശക്തിയെ ഈ സങ്കീർത്തനം ഉയർത്തിക്കാണിക്കുന്നുണ്ട്. "യാക്കോബിന്റെ ദൈവത്തിന്റെ നാമം നിന്നെ സംരക്ഷിക്കട്ടെ!" (വാ.1b) എന്ന ആശംസയോടൊപ്പംതന്നെ ഈ പാദത്തിന്റെ അവസാനഭാഗത്ത് "ഞങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ ഞങ്ങൾ വിജയപതാക പാറിക്കും" (v.5b) എ ന്ന ആത്മവിശ്വാസം നിറഞ്ഞ പ്രസ്താവനയും സങ്കീർത്തകൻ നടത്തുന്നുണ്ട്. 7-ാം വാക്യത്തിൽ "കർത്താവിന്റെ നാമത്തിൽ" തങ്ങൾ പ്രത്യാശ വച്ചിരിക്കുന്നു എന്ന് അഭിമാനത്തോടെ ഇസ്രായേലിനെ പ്രതിനിധീകരിച്ചു പറയുന്ന സങ്കീർത്തകനെ നാം കാണുന്നു. ദൈവനാമത്തിന് ഈ സങ്കീർത്തനത്തിലുള്ള പ്രാധാന്യം ഇതിൽ സ്ഫുരിക്കുന്ന പ്രാർത്ഥനാചൈതന്യത്തിലേക്കു തന്നെയാണ് വിരൽ ചൂണ്ടുന്നത്. ദൈവനാമം വിളിച്ചപേക്ഷിക്കലാണല്ലോ പ്രാർത്ഥന. സംരക്ഷണവും ദൈവനാമവും തമ്മിലുള്ള ബന്ധം 91-ാം സങ്കീർത്തനത്തിൽ പ്രകടമാണ്. "എന്റെ നാമം അറിയുന്നതുകൊണ്ട് ഞാൻ അവനെ സംരക്ഷിക്കും. അവൻ എന്നെ വിളിച്ചപേക്ഷിക്കുമ്പോൾ ഞാൻ ഉത്തരമരുളും" (വാ.14b-15a) എന്ന് 91-ാം സങ്കീർത്തനം പ്രസ്താവിക്കുമ്പോൾ ദൈവനാമവും പ്രാർത്ഥനയും ദൈവികസംരക്ഷണവും പരസ്പരം വിളങ്ങിച്ചേർന്നിരിക്കുന്നുവെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയുന്നു.

"അവിടുന്നു തന്റെ വിശുദ്ധമന്ദിരത്തിൽനിന്ന് നിനക്കു സഹായമയയ്ക്കട്ടെ!" എന്ന് സങ്കീ 20:2 ആശംസിക്കുന്നു. ഇതും ദേവാലയത്തിലെ പ്രാർത്ഥനയിലേക്കും പ്രാർത്ഥനയുടെ ഫലമായ സഹായത്തിലേക്കും അനുവാചകന്റെ ശ്രദ്ധയെ ക്ഷണിക്കുന്നതാണ്. "രാജാവിന്റെ അപേക്ഷകൾ ('ഷഅൽ'; cf. സങ്കീ 2:8-9; 1 രാജാ 3:5-14) കർത്താവു കൈക്കൊള്ളട്ടെ" എന്ന ആശംസയുടെയും അർത്ഥം മറ്റൊന്നല്ല. ചുരുക്കിപ്പറഞ്ഞാൽ, ദേവാലയത്തിൽ ബലികളും കാഴ്ചകളും സമർപ്പിച്ച് യുദ്ധത്തിനായി പോകാനൊരുങ്ങുന്ന രാജാവിനുവേണ്ടിയുള്ള ജനത്തിന്റെ പ്രാർത്ഥനാശംസകളാണ് ഈ പാദത്തിൽ മുഴുവൻ.

**ദൈവത്തിലുള്ള വിശ്വാസപ്രഖ്യാപനം:** അഭിഷിക്തന് ദൈവസഹായം ലഭിക്കുമെന്ന ഉറപ്പായ ബോധ്യം രാജകീയകീർത്തനങ്ങളിൽ പൊതുവേ ദർശിക്കാവുന്ന ഒന്നാണ്. (സങ്കീ 2:2; 18:50; 28:8; 89:38,51; 132:10,17). 6-ാം വാക്യം ഇത് തെളിച്ചുപറയുന്നു. ദൈവത്തിന്റെ 'വലതുകൈ' കരുത്തിന്റെയും ശക്തിയുടെയും വിജയത്തിന്റെയും പ്രതീകമാണ് (പുറ 15:6,12).

ഏഴാം വാക്യത്തിന്റെ അക്ഷരാർത്ഥത്തിലുള്ള പരിഭാഷ താഴെ ച്ചേർക്കുന്നു:

"ചിലർ രഥങ്ങളിൽ, മറ്റു ചിലർ കുതിരകളിൽ; ഞങ്ങളാകട്ടെ, കർത്താവിന്റെ നാമത്തിൽ; ഞങ്ങളുടെ ദൈവത്തെ ഓർമ്മിക്കാൻ, ഞങ്ങൾ ഇടയാക്കുന്നു".

ഹീബ്രു മൂലത്തിൽ നിന്നുള്ള ഈ പരിഭാഷ ദൈവശാസ്ത്രപരമായി ഏറെ പ്രധാനപ്പെട്ടതാണെന്ന് കരുതപ്പെടുന്നു. രഥങ്ങളിലും കുതിരകളിലും ആശ്രയം വയ്ക്കുന്ന വിജാതീയരിൽ നിന്ന് ഇസ്രായേൽ വ്യത്യസ്തപ്പെട്ടിരിക്കുന്നു. കർത്താവിന്റെ നാമത്തിലാണ് ഇസ്രായേലിന്റെ ആശ്രയം. അതായത്, പ്രാർത്ഥനയിൽ ശക്തിയും വിജയവും കണ്ടെത്തുന്നവരാണവർ. അതിനാൽ തന്നെ ഇസ്രായേലിന്റെ ഓരോ വിജയവും ദൈവമഹത്ത്വ കാരണമാണ്. 'നിറ്റ്സ്കീർ' എന്ന പ്രയോഗം 'റ്റ്സാകർ' (ഓർമ്മിക്കുക) എന്ന ക്രിയാപദത്തിന്റെ ഒരു രൂപമാണ് (പുറ 20:24). ദൈവത്തെ ഓർമ്മിപ്പിക്കുന്നവർ നിലനിൽക്കുമെന്നും കുതിരയെ കാണിക്കുന്നവർ നിലം പതിക്കുമെന്നുള്ള രൂപകല്പന ഏറെ രസകരമായിരിക്കുന്നു. ദൈവമല്ലാത്തതൊന്നും സ്ഥാ യിയല്ലെന്നും ദൈവത്തെക്കുറഞ്ഞുള്ള ഒരഭയവും ശാശ്വതമല്ലെന്നും സങ്കീർത്തകൻ വ്യക്തമാക്കുന്നു (cf. സങ്കീ. 33:16-17). രക്ഷ കർത്താവിലാണ് എന്ന പ്രഖ്യാപനം സങ്കീർത്തനങ്ങളുടെ പൊതു സന്ദേശമാണ്.

**പ്രാർത്ഥന (വാ.9):** രാജാവിനും ജനത്തിനും വേണ്ടിയുള്ള പ്രാർത്ഥനയോടെയാണ് സങ്കീർത്തനം അവസാനിക്കുന്നത്. പ്രവാസാനന്തരകാലത്ത് ഈ പ്രാർത്ഥനയ്ക്ക് പ്രത്യേക അർത്ഥം കൈവന്നിരിക്കണം. രാജഭരണം ഇല്ലാത്ത അവസ്ഥയിൽ ഇസ്രായേൽ ജനം രാജത്വപ്രൗഢി സ്വന്തമാക്കിയെന്നത് സങ്കീർത്തനഗ്രന്ഥത്തിന്റെ ഘടനയിൽ നിന്നും വ്യക്തമാണ്. ഉദാഹരണത്തിന്, രണ്ടാം സങ്കീർത്തനത്തിൽ കർത്താവിന്റെ അഭിഷിക്തനെക്കുറിച്ചുള്ള പരാമർശം ഇസ്രായേലിലെ രാജാവിനെ വ്യക്തിപരമായിത്തന്നെയാണ് സൂചിപ്പിക്കുന്നതെങ്കിൽ 149-ാം സങ്കീർത്തനത്തിൽ ഇത്തരം പരാമർശം ജനത്തെക്കുറിച്ചു പൊതുവായാണ് കാണപ്പെടുന്നത്. വ്യക്തിപരതയിൽ നിന്നും സംഘാതാത്മകതയിലേയ്ക്കും രാജത്വത്തിൽ നിന്ന് ജനാധിപത്യത്തിലേയ്ക്കുമുള്ള ഒരു നീക്കം സങ്കീർത്തനഗ്രന്ഥത്തിൽ കാണാവുന്നതാണ്.

20-ാം സങ്കീർത്തനത്തിന്റെ പ്രധാന പ്രമേയം പ്രാർത്ഥനയാണ്. ദൈവത്തിലാശ്രയിക്കുന്നവനെ ദൈവനാമം കാത്തുകൊള്ളും. രാജാവും ജനതയും ഇതിൽ പലവുരു തെളിഞ്ഞുവരുന്നുണ്ടെങ്കിലും

ദൈവമാണ് ഇതിലെ മുഖ്യകഥാപാത്രം.

**ക്രിസ്തുവും 20-ാം സങ്കീർത്തനവും:** കർ ത്താവ് തന്റെ അഭിക്ഷിക്തനെ സഹായിക്കുമെന്നതിന് ഏറ്റവും വലിയ തെളിവാണ് ക്രിസ്തു. മരുഭൂമിയിലെ പരീക്ഷയിൽ "ദൈവദൂതന്മാർ അവനെ ശുശ്രൂഷിച്ചു" (മർക്കോ 1:13) എന്ന് മർക്കോസ് കുറിച്ചപ്പോഴും ഗത്സമനിയിൽ "അവനെ ശക്തിപ്പെടുത്താൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു" (ലൂക്കാ 22:43) എന്ന് ലൂക്കാ എഴുതിയപ്പോഴും തോട്ടത്തിൽ "കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന് കല്ലുരുട്ടി മാറ്റി അതിന്മേൽ ഇരുന്നു" (മത്താ.28:2) എന്ന് മത്തായി എഴുതിയപ്പോഴും ഈ സങ്കീർത്തന ഭാഗത്തിന്റെ ആഴമായ അർത്ഥതലങ്ങളാണ് നമുക്ക് വെളിപ്പെട്ടത്.

**വിചിന്തനം:** മനുഷ്യന്റെ മസിൽബലത്തിൽ ആശ്രയിക്കാതെ ദൈവനാമം ഉരുവിട്ടു ജീവിതം വിജയകരമാക്കാൻ എന്നെ ക്ഷണിക്കുന്നതാണ് 20-ാം സങ്കീർത്തനം.

ഭരണാധിപന്മാർക്കു വേണ്ടി പ്രാർത്ഥിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന സങ്കീർത്തനമാണിത്. അവർക്ക് ദൈവസഹായം ലഭിക്കേണ്ടതുണ്ട്. ഭരണാധികാരികൾക്കു വേണ്ടി പ്രാർത്ഥിക്കുമ്പോഴും നമ്മുടെ ശരണം അവരിലായിരിക്കരുത്. മറിച്ച്, ദൈവത്തിൽ മാത്രമായിരിക്കണം.

പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച് കൂടുതൽ ധ്യാനിക്കാൻ ഈ സങ്കീർത്തനം മനുഷ്യനെ ക്ഷണിക്കുന്നു.

## സങ്കീർത്തനം 22: രോദനസ്മരണയിലും കൃതജ്ഞത!

ഏവർക്കും സുപരിചിതമാണ് 22-ാം സങ്കീർത്തനം. കുരിശിൽ കിടന്ന് നാഥൻ മൊഴിഞ്ഞ ഈ സങ്കീർത്തനം പക്ഷേ, വേണ്ടവിധത്തിൽ പഠിക്കാൻ നാം ശ്രമിച്ചിട്ടുണ്ടോ എന്നു സംശയമാണ്. "പരിത്യക്തന്റെ രോദനവും പ്രത്യാശയും" എന്നു പി.ഒ.സി. ബൈബിളിൽ ശീർഷകം നല്കിയിട്ടുണ്ടെങ്കിലും രോദനമായി മാത്രമാണ് നമ്മുടെ മനസ്സുകളിൽ ഈ സങ്കീർത്തനം അലയടിക്കുന്നത്. 'അകന്നു നില്ക്കുന്ന "എന്റെ" ദൈവം' എത്ര ചിന്തോദ്ദീപകമായ ഒരു വാങ്മയചിത്രമാണ്! മനുഷ്യജീവിതത്തിന്റെ നിസ്സഹായ നിമിഷങ്ങൾ ഇത്ര കരുത്തോടെ പ്രകാശിപ്പിക്കുന്ന കാവ്യങ്ങൾ ലോകസാഹിത്യത്തിൽത്തന്നെ ഏറെയുണ്ടാകുമെന്നു തോന്നുന്നില്ല. പുതിയനിയമം ഇത് ഉദ്ധരിച്ചത് ഇതിന്റെ കരുത്തു തിരിച്ചറിഞ്ഞതു

കൊണ്ടുതന്നെയാണ്.

ദേവാലയത്തിലെ ആരാധനാവേളയാണ് ഈ സങ്കീർത്തനത്തിന്റെ പശ്ചാത്തലം എന്നാണ് പൊതുവേ കരുതപ്പെടുന്നത്. "ഇസ്രായേലിന്റെ സ്തുതിയുടെ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നവനേ" എന്ന അഭിസംബോധനയും (വാ.3) "സഭാമധ്യത്തിൽ" (വാ.22), "മഹാസഭയിൽ" (വാ.25) എന്നീ പ്രയോഗങ്ങളും "നേർച്ചകൾ നിറവേറ്റും" (വാ.25) എന്ന പ്രസ്താവനയും സമൂഹാരാധനയുടെ സൂചനകളാണ്. 20, 21 സങ്കീർത്തനങ്ങളിലെ മൂന്നു മുഖ്യപദങ്ങൾ ഇവിടെയും പ്രത്യക്ഷപ്പെടുന്നുണ്ട് - രക്ഷിക്കുക ('യാഷാ'), ഉത്തരമരുളുക ('ആനാ'), ആശ്രയിക്കുക ('ബഥഹ്'). മേല്പറഞ്ഞ സങ്കീർത്തനങ്ങളിൽ കർത്താവിൽ ആശ്രയിച്ച രാജാവിന് മറുപടി ലഭിക്കുന്നുണ്ടെങ്കിൽ, ഈ സങ്കീർത്തനത്തിൽ ഒരുത്തരവും ലഭിക്കുന്നതായിക്കാണുന്നില്ല.

**ഘടന:** സങ്കീർത്തനത്തിന് മുഖ്യമായും മൂന്നു ഭാഗങ്ങളാണുള്ളത്:

1. അകന്നു നില്ക്കുന്ന ദൈവം (വാ.1-11)
2. അടുത്തെത്തിയ ദുരന്തം (വാ.12-21)
3. സഭാമധ്യേ സ്തുതി (വാ.22-31)

**അകന്നു നില്ക്കുന്ന ദൈവം (വാ.1-11):** അകലവും അടുപ്പവും ഈ സങ്കീർത്തനത്തിലെ മുഖ്യ കാവ്യതന്തുക്കളാണ്. 'അകന്നു നില്ക്കുക' എന്ന പദം ('റാഹാഖ്') ഈ പാദത്തെ വലയം ചെയ്തിരിക്കുന്നു. തുടക്കത്തിലും ഒടുക്കത്തിലും അതു പ്രത്യക്ഷപ്പെടുന്നു. എങ്കിലും "എന്റെ ദൈവമേ" എന്ന വിളി അകൽച്ചയില്ലാത്തതാണു താനും (വാ.1, 10). അടുത്തുള്ള ദൈവമാണല്ലോ 'എന്റെ ദൈവം'. ഒരുപക്ഷേ ദുരിതം അടുത്ത് ('ഖാറോവ്') എത്തിയിരിക്കുന്നതായിരിക്കാം (വാ.11b) ദൈവത്തിന്റെ അകൽച്ചയായി സങ്കീർത്തകന് അനുഭവപ്പെടുന്നത്.

ഈ പാദത്തിൽ കർത്താവിന്റെ അവസ്ഥയും തന്റെ അവസ്ഥയും തമ്മിൽ അദ്ദേഹം താരതമ്യം ചെയ്യുന്നുണ്ടെന്നു തോന്നുന്നു. ഹീബ്രുമൂലത്തിന്റെ ധ്വനി അതാണ്. മൂന്നാം വാക്യം ആരംഭിക്കുന്നത് 'നീ' ('അത്താ') എന്ന സർവ്വനാമവുമായിട്ടാണെങ്കിൽ, 6-ാം വാക്യം ആരംഭിക്കുന്നത് 'ഞാൻ' ('ആനോകീ') എന്ന സർവ്വനാമത്തോടുകൂടിയാണ്. ഇത്തരത്തിലുള്ള തുടക്കങ്ങൾ ഹീബ്രുഭാഷയിൽ ബോധപൂർവ്വകമായ ഊന്നലിനുവേണ്ടിയാണ് പ്രത്യക്ഷപ്പെടാറ്. ഇസ്രായേലിന്റെ സ്തുതിയുടെ സിംഹാസനത്തിൽ ഇരിക്കുന്നവനാണു ദൈവമെങ്കിൽ, (വാ.3) ജനത്തിന്റെ നിന്ദാപാത്രവും പരിഹാസവിഷയവുമായിത്തീർന്നിരിക്കുകയാണു സങ്കീർത്തകൻ (വാ.6-7).

മറ്റൊരു താരതമ്യം കൂടി ഇതിൽ കാണാം: പിതാക്കന്മാർ കർത്താവിൽ ശരണപ്പെട്ടു ('ബഥഹ്'); അവർ ലജ്ജിതരായില്ല (വാ.4-5). എന്നാൽ സങ്കീർത്തകൻ ലജ്ജിതനായി (വാ.6-8). പിതാക്കന്മാരെപ്പോലെതന്നെ താനും കർത്താവിൽ ശരണപ്പെടുന്നവനായിട്ടും (വാ.9-10) എന്തേ ഇതു സംഭവിച്ചു എന്നാണ് അദ്ദേഹത്തിന്റെ ന്യായമായ ചോദ്യം.

ലജ്ജയും പരിഹാസവും കൊണ്ടു പൊതിയപ്പെടാൻ ഒരു കാരണവും അദ്ദേഹത്തിനു കാണാൻ കഴിയുന്നില്ല. ജനനത്തിനു മൂലകാരണമായ ദൈവത്തിൽത്തന്നെയാണ് അമ്മയുടെ മാറിടത്തിലായിരുന്നപ്പോൾ മുതല്ക്കേ സങ്കീർത്തകൻ ആശ്രയിച്ചത്. പിറവി മുതൽ ദൈവത്തിലേയ്ക്ക് ('ആലെയ്കാ') എറിയപ്പെട്ടവനാണ് താൻ (ദൈവത്തിന്റെ തോളിലേക്കാണത്രേ സങ്കീർത്തകൻ പിറന്നുവീണത്!) ജന്മം മുതലേ തന്റെ ദൈവമാണ് കർത്താവ് എന്ന് അദ്ദേഹം സ്ഥാപിക്കുന്നു. എന്നിട്ടും എന്തേ ഇതെല്ലാം എന്നാണ് ചോദ്യം.

**അടുത്തെത്തിയ ദുരിതം (വാ.12-21):** സങ്കീർത്തകനിൽ മരണഭീതി ഉളവാക്കുന്ന മാരകമായ ദുരിതരൂപകങ്ങൾ പലതുണ്ട് ഈ പാദത്തിൽ. ബാഷാൻ കാളക്കൂറ്റൻമാർ, സിംഹം, വെള്ളം, മെഴുക്, അണ്ണാക്കിന്റെ വരൾച്ച, നാവിന്റെ ഒട്ടിപ്പോകൽ, മരണത്തിന്റെ പൂഴി, നായ്ക്കൾ, കാട്ടുപോത്തിന്റെ കൊമ്പ് എന്നീ പ്രയോഗങ്ങൾ അതിശക്തങ്ങളാണ്. ശത്രുക്കൾ വളഞ്ഞിരിക്കുന്ന ('സബാബ്' വാ. 12, 16) അവസ്ഥയാണ് സങ്കീർത്തകന്റേത്. ദുരിതരൂപകങ്ങളുടെ വിവരണത്തിനുശേഷം (വാ.12-13, 16 ab) മാരകമായ സ്വന്തം അവസ്ഥ (വാ.14-15, 16C-18) വിവരിക്കുന്ന രീതിയാണ് ഈ പാദത്തിൽ അവലംബിച്ചിരിക്കുന്നത്. 19-21 വാക്യങ്ങൾ മരണവക്ത്രത്തിൽപെട്ടവന്റെ രക്ഷയ്ക്കായുള്ള പ്രാർത്ഥനയാണ്.

**സഭാമധ്യേ ദൈവസ്തുതി (വാ.22-31):** 22 മുതൽ 26 വരെ എല്ലാ വരികളിലും (വാ.24 ഒഴികെ) സ്തുതിക്കുക എന്ന ക്രിയാപദം ('ഹലൽ') പ്രത്യക്ഷപ്പെടുന്നുണ്ട്. 24-ാം വാക്യത്തിൽ സ്തുതിയുടെ കാരണമാണു വിവരിച്ചിരിക്കുന്നത്. പീഡിതനെ അവഗണിക്കുകയോ പുച്ഛിക്കുകയോ ചെയ്യാത്തതിനാൽ കർത്താവിനെ അദ്ദേഹം സ്തുതിക്കുന്നു. സ്തുതിയുടെ സിംഹാസനത്തിൽ വസിക്കുന്നവനെ (വാ.3) നിരന്തരം സ്തുതിക്കുന്ന സങ്കീർത്തകൻ സ്തുതിയെ തുലനം ചെയ്യുന്നത് ഭക്ഷിച്ചു തൃപ്തരാകുന്ന അവസ്ഥയോടാണ്. സന്തുഷ്ടിയോടെ ജീവിക്കാൻ സ്തുതി സഹായിക്കുന്നു. അല്ല, സ്തുതി ജീവൻ തന്നെയാണ്!

നേർച്ചകൾ നിറവേറ്റുന്നത് കൃതജ്ഞതയുടെ ലക്ഷണമാണ് (സങ്കീ 56:12; 61:8; 65:1; 66:13; 116:14, 18). കൃതജ്ഞതാബലിയർപ്പിച്ചുകൊണ്ടും ബലിഭക്ഷണം പങ്കുവച്ചുകൊണ്ടുമാണ് അതു ചെയ്യുന്നത്. ചുരുക്കിപ്പറഞ്ഞാൽ, സഭാമധ്യത്തിൽ ദൈവസ്തുതി പാടുന്ന സങ്കീർത്തകൻ തന്റെ സഹോദരങ്ങൾക്കുകൂടി ഗുണപ്രദമായ നേർച്ച നിറവേറ്റലിനായി തയ്യാറെടുക്കുകയാണ്. ക്ഷീണിതരും ദരിദ്രരും രോഗികളും പീഡിതരും ആകുലരുമായ എല്ലാവർക്കും സ്തുതിയും നേർച്ചയും ജീവൻ പകരുകതന്നെ ചെയ്യും.

ഇസ്രായേൽ സമൂഹത്തിൽ മാത്രം ഒതുങ്ങിനില്ക്കുന്ന ഒരു ദർശനമല്ല സങ്കീർത്തകന്റേത്. 27 മുതൽ 31 വരെയുള്ള വാക്യങ്ങളിൽ ഒരു സാർവത്രികമാനം ദൃശ്യമാണ്. “ഭൂമിയുടെ അതിർത്തികളും” “എല്ലാ ജനത”കളും “പുരുഷാന്തരങ്ങ”ളുമെല്ലാം വികസിതചക്രവാളങ്ങളുള്ള സങ്കീർത്തകമനസ്സിനെ വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ രാജത്വം സാർവ്വത്രികമാണ്. മരണംപോലും ദൈവരാജത്വത്തിനു മുന്നിലുള്ള നമസ്കാരമത്രേ! (വാ.29b). ഭാവിതലമുറകളും (വാ.30–31) മരിച്ചവർപോലും ദൈവത്തെ ആരാധിക്കുമത്രേ (വാ.29). ഇത് പരമ്പരാഗതകാഴ്ചപ്പാടിൽനിന്നു വ്യത്യസ്തമാണെന്നു പറയാതെതന്നെ അറിയാമല്ലോ. സകലരും ദൈവജനമാണെന്ന കാഴ്ചപ്പാട് എത്രയോ ഉന്നതമാണ്! (cf. ഉത്പ 12:1–3).

**ക്രിസ്തുവും 22–ാം സങ്കീർത്തനവും:** ഇസ്രായേൽ ചരിത്രത്തെ ഈ സങ്കീർത്തനം പ്രതിനിധാനം ചെയ്യുന്നു. ദൈവത്തിന്റെ അകൽച്ച ഇസ്രായേലിന് അനുഭവപ്പെട്ട ചരിത്രമുഹൂർത്തങ്ങൾ പലതുണ്ട്. ഇസ്രായേലിന്റെ പൂർത്തീകരണമായ യേശുക്രിസ്തുവിന്റെ സഹനനിമിഷങ്ങളെ വിവരിക്കാൻ സുവിശേഷകന്മാർ ഈ സങ്കീർത്തനത്തെ അടിസ്ഥാനമാക്കി എന്നുള്ളത് ശ്രദ്ധേയമാണ്. മത്താ 27:34, മർ ക്കോ 15:29 എന്നിവയിൽ സങ്കീ 22:7 ഉം മത്താ 27:43ൽ എട്ടാം വാക്യവും മത്താ 27:35, മർക്കോ 15:24, ലൂക്ക 23:34, യോഹ 15:24 എന്നിവയിൽ 18–ാം വാക്യവും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. വി. മത്തായിയും വി. മർക്കോസും യേശുവിന്റെ കുരിശിലെ രോദനമായി സങ്കീർത്തനാരംഭത്തെ കുറിച്ചുവച്ചതിലൂടെയും മേല്പ്പറഞ്ഞ ഉദ്ധരണികളിലൂടെയും വ്യക്തമാകുന്ന ഒരു കാര്യമുണ്ട് - വ്യക്തിയുടെയും ഇസ്രായേൽ സമൂഹത്തിന്റെയും അനുഭവം യേശു സ്വന്തമാക്കി.

**വിചിന്തനം:** സ്വന്തം സഹനങ്ങളുടെ ആധിക്യത്തിൽ സ്വന്തം ദൈവം ദൂരെയാണോ എന്നു തോന്നുന്ന നിമിഷങ്ങൾ ജീവിതത്തിൽ ഉണ്ടാകും. പക്ഷേ, എന്തേ അകന്നു നില്ക്കുന്നു എന്ന് ചോദിക്കുമ്പോഴും

'എന്റെ ദൈവ'ത്തോടാണ് ആ ചോദ്യമെന്നത് മറക്കരുത്. സഹനം ഒഴിവാക്കേണ്ട ഒന്നല്ല, മറിച്ച് സ്വീകരിക്കേണ്ട ഒന്നാണ്. വേർപിരിക്കാനാവാത്തതാണ് സഹനവും മഹത്ത്വവും. കുരിശിൽനിന്ന് ലോകം ഭരിക്കുന്ന യേശുക്രിസ്തുവിന്റെ മാതൃക നമുക്ക് പ്രചോദനമാകേണ്ടതാണ്.

## സങ്കീർത്തനം 23: രാജാവില്ലാക്കാലത്തൊരു ഇടയസ്വപ്നം

ലോകത്തിൽ ഏറ്റവും അറിയപ്പെടുന്ന സങ്കീർത്തനം ഏതാണ് എന്ന ചോദ്യത്തിനുത്തരം നിസ്സംശയം പറയാം 23-ാം സങ്കീർത്തനം. എത്രയെത്ര കവിതകളും ആൽബങ്ങളും ഈ സങ്കീർത്തനത്തെ അധികരിച്ച് ലോകത്തിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്! ഇതിലെ ബിംബങ്ങൾ എത്രയെത്ര സാഹിത്യകാരന്മാരുടെ ചിന്തകളെയും ഭാവനകളെയും ഉണർത്തിയിട്ടുണ്ട്!

ഏതു പശ്ചാത്തലത്തിൽ ഇത് എഴുതപ്പെട്ടു എന്ന ചോദ്യത്തിന് വ്യത്യസ്തങ്ങളായ ഉത്തരങ്ങളാണ് ലഭിക്കുന്നത്. തികച്ചും സ്വകാര്യ-ഗാർഹികപശ്ചാത്തലമാണ് ഇതിന്റേത് എന്ന ഗർസ്റ്റെൺബെർഗറുടെ അഭിപ്രായത്തിനു സമാന്തരമായി ദേവാലയത്തിലെ രാജകീയപ്രാർത്ഥനയാണിതെന്ന അഭിപ്രായവും (മെറിൽ, ഈറ്റൻ, ക്രാവുസ് തുടങ്ങിയവർ) ദാവീദുതന്നെ എഴുതിയതാണെന്ന ഹോളോഡെയുടെ അഭിപ്രായവും അവയിൽ ചിലതുമാത്രം. ബാബിലോൺപ്രവാസത്തിനുശേഷം രാജാവില്ലാത്ത കാലത്ത് വിരചിതമായ ഒന്നായിരിക്കാം ഇത് എന്ന അഭിപ്രായമാണ് സങ്കീർത്തനസപര്യക്കാരനുള്ളത്. രൂപപ്രധാന നിരൂപണശൈലിയനുസരിച്ച് ഒരു അഭയകീർത്തനമാണ് (Psalm of Confidence) 23-ാം സങ്കീർത്തനം. കർത്താവിലുള്ള അഭയം വിലാപസങ്കീർത്തനങ്ങളിൽ പൊതുവായി കാണപ്പെടുന്ന ഒരു ഘടകമാണ്. ഈ ഒരു ഘടകം മാത്രം വിപുലീകൃതമായിരിക്കുകയാണ് ഈ സങ്കീർത്തനത്തിൽ.

**ഘടന:** 'കർത്താവ് എന്റെ ഇടയനാണ്' എന്ന ഒന്നാം വാക്യമാണ് ഈ സങ്കീർത്തനത്തിന്റെ കാതൽ. ആ വാക്യത്തിന്റെ വിശദീകരണം മാത്രമാണ് തുടർഭാഗം. അതിനാൽ ഈ സങ്കീർത്തനത്തിന്റെ ഘടനയെ താഴെക്കാണുംവിധം വിവരിക്കാം:

1. കർത്താവ് ഇടയൻ (വാ.1)
2. ഇടയന്റെ പരിപാലനം (വാ.2-6a)
3. ഇടയന്റെ ആല (വാ.6b)

**നിറവു നല്കുന്ന ഇടയൻ (വാ.1):** 'ഇടയൻ' (റോഏ) എന്ന പദം പശ്ചിമേഷ്യയിൽ രാജാവിനോ ഭരണാധികാരിക്കോ വേണ്ടി ഉപയോഗിക്കപ്പെട്ടിരിക്കുന്നു എന്നതിന് അസ്സീറിയൻ രേഖകൾ മതിയായ സാക്ഷ്യങ്ങളാണ്. ജറെ 2:8 ലും ഇസ്രായേലിന്റെ ഭരണാധികാരികളെ സൂചിപ്പിക്കുവാനായിട്ടാണ് ഈ പദം പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. കർത്താവ് ഇസ്രായേലിന്റെ ഇടയനാണെന്നുള്ള പരാമർശം വിശുദ്ധഗ്രന്ഥത്തിൽ സമൃദ്ധമായുണ്ട് (ഉത്പ 49:24; സങ്കീ 74:1; 78:52; 79:13; 80:1; 95:7; ഏശ 40:11; ജറെ 31:10; ഹോസി 4:16). എന്നാൽ 23-ാം സങ്കീർത്തനത്തിലുള്ള പ്രയോഗത്തിന്റെ സവിശേഷത "എന്റെ ഇടയൻ" എന്നുള്ളതാണ്. ശുദ്ധമായ വ്യക്തിപരത ഇതിൽ പ്രകടമാണ്. ഇത് ഒരു വ്യക്തിയുടെ കീർത്തനമാണെങ്കിൽ കർത്താവുമായുള്ള അദ്ദേഹത്തിന്റെ വ്യക്തിബന്ധം അതിശ്രേഷ്ഠംതന്നെ. അല്ല, ഇസ്രായേലിനെ മുഴുവനായും പ്രതിനിധീകരിക്കുന്ന സാങ്കല്പിക വ്യക്തിത്വമാണീ പ്രയോഗത്തിനു പിന്നിലെങ്കിൽ ഉടമ്പടീബന്ധം തികച്ചും നൂതനഭാഷയിൽ പറയാൻ സങ്കീർത്തകനു കഴിഞ്ഞിരിക്കുന്നു.

'അദൊണായ് റോഈ ലോ എഹ്സാർ' എന്നാണ് ഹീബ്രുമൂലത്തിൽ ഒന്നാം വാക്യം കാണപ്പെടുന്നത് . ഇതിൽ 'ലോ എഹ്സാർ' എന്ന പ്രയോഗം ഒരു കർമ്മരഹിത കേവലപ്രയോഗമാണ്. "എനിക്കു കുറവുണ്ടാവില്ല" എന്ന് കണ്ണുമടച്ചു പറയുന്ന സങ്കീർത്തകൻ! എന്തിന്റെ കുറവ്? എന്നൊന്നും ചോദിച്ചിട്ടു കാര്യമില്ല. കർത്താവിന്റെ ഭരണത്തിലുള്ള അടിയുറച്ച വിശ്വാസമാണ് ഇവിടെ പ്രകടമാകുന്നത്. 'ലോ എഹ്സാർ' എന്ന പ്രയോഗത്തിന് ഒരു പുറപ്പാടുസ്പർശം കൂടിയുണ്ട്. നിയ 2:7ലും നെഹെ 9:21ലും തദൃശപ്രയോഗങ്ങൾ വിരൽ ചൂണ്ടുന്നത് പുറപ്പാടുകാലത്ത് ഇസ്രായേൽജനത്തിന് ഒന്നും കുറവില്ലാതിരുന്ന യാഥാർത്ഥ്യത്തിലേക്കാണ്. വിപ്രവാസാനന്തരകാലനേതാവായ നെഹെമിയായുടെ കാലത്ത് എസ്രാ നടത്തുന്ന പുറപ്പാടനുസ്മരണം പ്രത്യേകം ശ്രദ്ധേയമാണ്.

**ഇടയന്റെ പരിപാലനം (വാ.2-6a):** സൂക്ഷ്മമായി വായിച്ചാൽ ഈ ഭാഗത്ത് കർത്താവ് സങ്കീർത്തകനു നല്കുന്ന പരിപാലനത്തിന്റെ വിവിധതലങ്ങൾ ദർശിക്കാവുന്നതാണ്:

**a. വിശ്രമം, പുനരുദ്ധാരണം (വാ.2-3):** പച്ചപ്പുൽത്തകിടിയിൽ വിശ്രമം നല്കുന്ന ഇടയനെ സങ്കീർത്തകൻ ചിത്രീകരിക്കുമ്പോൾ മനസ്സിലേക്കോടിവരുന്ന ഗ്രാമീണചിത്രത്തിനുമപ്പുറത്തേക്ക് ആ ബിംബം നമ്മെ ക്ഷണിക്കുന്നുണ്ട്. പുൽത്തകിടിക്കായി പ്രയോഗിച്ചിരിക്കുന്ന പദം പുറ 15:13 ൽ പ്രയോഗിക്കപ്പെട്ടിരിക്കുന്ന പദവു

മായി (ന്‌വേ) ബന്ധമുള്ളതാണ്. ദേവാലയസൂചന നല്കുന്ന ഈ പദം വിപ്രവാസാനന്തരകാലത്തെ കൂട്ടിച്ചേർക്കലാണെന്നു കരുതുന്ന ബൈബിൾ പഠിതാക്കളുണ്ട്. "പ്രശാന്തമായ ജലാശയ"വും (മെയ് മ്നൂഹോത്ത്) പുറപ്പാടുബന്ധമുള്ള ഒരു പ്രയോഗമാണ്. ഇസ്രായേൽജനത്തിന് ഒരു വിശ്രമ (മ്നൂഹാ) സ്ഥലം തേടിക്കൊണ്ട് വാഗ്ദാനപേടകം അവർക്കു മുൻപേ നീങ്ങിക്കൊണ്ടിരുന്നു എന്ന് സംഖ്യ 10:33 പ്രസ്താവിക്കുന്നു. 'നയിക്കുന്നു' ('നഹൽ') എന്ന പ്രയോഗവും (വാ.2,3) ഒരു പുറപ്പാടുപദമാണ് (പുറ 15:13). 3-ാം വാക്യത്തിൽ 'ഉന്മേഷം നല്കുന്നു' എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന 'ഷോബേബ് നെഫെഷ്' എന്ന ഹീബ്രുപ്രയോഗം അക്ഷരാർത്ഥത്തിൽ 'ജീവൻ പുനരുദ്ധരിക്കുന്നു' എന്നാണ് മനസ്സിലാക്കേണ്ടത്. മരണത്തിന്റെ വക്കുവരെ ചെന്നിട്ട് അവിടെനിന്നു തിരിച്ചെത്തുന്ന അനുഭവമാണത്. വിലാ 1:11, 16 വാക്യങ്ങളിൽ കാണുന്ന ഈ പ്രയോഗം വിപ്രവാസകാലത്തെ ഞെരുക്കങ്ങൾ വ്യക്തമായി ധ്വനിപ്പിക്കുന്ന ഒന്നാണ്. 'നീതിയുടെ പാത' എന്ന പ്രയോഗം സുരക്ഷിതപാത എന്നു മനസ്സിലാക്കുന്നതാണ് ഉത്തമം. ചുരുക്കത്തിൽ, പുറപ്പാടനുഭവത്തിന്റെയും വിപ്രവാസാനുഭവത്തിന്റെയും ഭാഷയിലാണ് വിശ്രമവും പുനരുദ്ധാരണവും സങ്കീർത്തകൻ കുറിച്ചുവച്ചിരിക്കുന്നത്.

**b. സംരക്ഷണം (വാ.4):** 'മരണത്തിന്റെ നിഴൽ വീണ താഴ്‌വര' ചിന്തോദ്ദീപകമാണ്. ഈ സങ്കീർത്തനം വലിയ ശാന്തതയുടെയും പ്രശ്നരാഹിത്യത്തിന്റെയും വിവരണമാണെന്നു കരുതുന്നവർ ഏറെയുണ്ട്. ഒരു വെള്ളരിക്കാപ്പട്ടണസ്വഭാവം കാലാകാലങ്ങളായി ഈ സങ്കീർത്തനത്തിനുമേൽ ആരോപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ വിചാരിക്കുന്നത്ര ലഘുത്വമുള്ളതല്ല സങ്കീർത്തകന്റെ സാഹചര്യമെന്ന് 4-ാം വാക്യം വ്യക്തമാക്കുന്നു. മരണം മുകളിൽ കഴുകനെപ്പോലെ ചിറകുവിരിച്ചു നില്ക്കുകയാണെന്ന ധ്വനിയാണ് മേലുദ്ധരിച്ച ഭാഗം നല്കുന്നത്. 'ത്സൽമാവെത്ത്' (മരണത്തിന്റെ നിഴൽ) ജറെ 2:6ൽ കാണുന്ന പ്രയോഗമാണ് (cf. also സങ്കീ 44:19; 107:10,14). പുറപ്പാടിന്റെ വഴികളെ മരണത്തിന്റെ നിഴൽ വീണ ഇടങ്ങളായി സങ്കല്പിക്കുന്ന വിപ്രവാസകാലപ്രവാചകന്റെ അതേ ഭാഷതന്നെ സങ്കീർത്തകനും പ്രയോഗിച്ചിരിക്കുന്നു എന്നത് ചിന്തനീയമാണ്. ഏതാണ്ട് 750 കിലോമീറ്ററുകൾ നീളമുള്ള ബാബിലോൺ-ജറുസലേം വഴി ഈജിപ്ത്- കാനാൻ വഴിയുടെ മറ്റൊരു പതിപ്പായിരുന്നിരിക്കണം. വിപ്രവാസദേശത്തുനിന്ന് സ്വന്തം ദേശത്തേക്കുവന്ന ജനതയുടെ (ഇത്തരത്തിൽ 3 വ്യത്യസ്ത തിരിച്ചുവരവുകളെങ്കിലും പല കാലങ്ങളിലായി നടന്നിട്ടുണ്ട്) അനുഭവം ഒരു ഭാഷാപ്രയോഗമായി മാറി

യതാണിതെങ്കിൽ ഏറെ പഠനാർഹമാണിത്. സങ്കീർത്തകൻ ഭയപ്പെടാത്തതിനു കാരണം "അങ്ങ് കൂടെയുണ്ട്" ('അത്താ ഇമ്മാദി') എന്നതാണ്. ദൈവത്തിന്റെ സാന്നിധ്യത്തെക്കുറിച്ച് അവബോധമുള്ളവർക്കു ഭയമില്ല. ദണ്ഡും ('ഷെബെഥ്') ഊന്നുവടിയും ('മിഷ്എനെത്ത്') ഇടയന്റെ പക്കൽ സ്ഥിരം ഉള്ള സംഗതികളാണ്. ദണ്ഡ് വന്യമൃഗങ്ങൾക്കെതിരേ ഉപയോഗിക്കാനുള്ളതും ഊന്നുവടി ആടുകളെ നിയന്ത്രിക്കാനുള്ളതുമാണ്. ശത്രുക്കളിൽ നിന്നുള്ള രക്ഷ ഉറപ്പാക്കുന്നു ആദ്യത്തേതെങ്കിൽ, കൂട്ടംവിട്ടുപോകില്ലെന്നുള്ള ഉറപ്പിന്റെ പ്രതീകമാണ് ഊന്നുവടി. ഇവ സങ്കീർത്തകനെ 'ആശ്വസിപ്പിക്കുന്ന'ത്രേ! (പി.ഒ.സി. പരിഭാഷ കൃത്യമല്ല). 'നഹം' എന്ന ക്രിയാപദം വിപ്രവാസകാലപ്രവാചകനായ രണ്ടാം ഏശയ്യായുടെ മുഖ്യപ്രമേയത്തെ സൂചിപ്പിക്കുന്നതാണ്. 40 മുതൽ 55 വരെയുള്ള ഈ ഭാഗം ആരംഭിക്കുന്നതുതന്നെ "ആശ്വസിപ്പിക്കുവിൻ; എന്റെ ജനത്തെ ആശ്വസിപ്പിക്കുവിൻ" എന്ന വാക്യത്തോടെയാണ്.

**c. ആതിഥ്യം (വാ.5):** 'മേശയൊരുക്കുന്ന' ('ആരക് ഷുൽഹാൻ') കർത്താവിന്റെ ചിത്രം ഇടയബിംബത്തിൽനിന്ന് നീങ്ങിപ്പോകുന്നുണ്ട്. ഈ പ്രയോഗവും പുറപ്പാടുസംഭവവുമായി ബന്ധപ്പെട്ട ഒന്നാണ് (സങ്കീ 78:19). ശത്രുക്കൾക്കു മുമ്പിൽവച്ചു ബഹുമാനിതനാവുക എന്ന ചിന്താഗതി B.C. 14-ാം നൂറ്റാണ്ടിലെ അമർണാലേഖനങ്ങളിലും പ്രകടമാണ്. തനിക്കായി ദൈവം ചെയ്യുന്ന വൻകാര്യങ്ങൾ കണ്ട് ശത്രുക്കൾ ലജ്ജിക്കുന്നു എന്നു വ്യംഗം. തൈലാഭിഷേകം ('ദഷൻ') രാജാവായി വാഴിക്കുന്ന കർമ്മത്തെ സൂചിപ്പിക്കാമെങ്കിലും (78:70-71) ഇടയബിംബസംബന്ധിയായി മറ്റുചില അർത്ഥങ്ങളും അതിനുണ്ടാകാം. പുല്ലു മേയുന്നതിനിടെ മുള്ളുകൾ ശിരസ്സിൽ കൊണ്ടുമുറിവേല്ക്കുന്ന ആടുകളുടെ ശിരസ്സിൽ ഇടയൻ തൈലം ഒഴിക്കുന്നത് സൗഖ്യപ്പെടുത്താനാണ്. ഈയർത്ഥത്തിൽ പീഡനങ്ങളിൽനിന്നു കടന്നുവരുന്നവർക്ക് ശാന്തിയും സൗഖ്യവും പകരുന്ന കർത്താവ് ഈ വരികളിൽ നിഴലിക്കുന്നുണ്ടാവാം.

**d. കാരുണ്യവും നന്മയും (വാ.6a):** 'പിന്തുടരുക' എന്ന ക്രിയാപദം (റദഫ്) പൊതുവേ ബൈബിളിൽ ശത്രുക്കൾക്കുവേണ്ടിയാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നത് (സങ്കീ 7:5; 69:26; 71:11; 109:16; 119:86; 142:6). എന്നാൽ ശത്രുക്കൾക്കുപകരം സങ്കീർത്തകനെ പിന്തുടരുന്നത് ദൈവത്തിന്റെ കാരുണ്യവും നന്മയുമാണത്രേ! ഉടമ്പടീദൈവത്തിന്റെ സവിശേഷതയാണല്ലോ കാരുണ്യം (പുറ 34:6). എന്നേയ്ക്കും നിലനില്ക്കുന്ന കാരുണ്യമാണത് - "ജീവിതകാലം മുഴുവൻ" (cf. 136:1).

**ഇടയന്റെ ആല (വാ.6b):** കർത്താവിന്റെ ആലയം (27:4-6; 36:7-9; 52:8-9; 61:4) ഇടയന്റെ ആലയായി കാണുന്നത് എത്ര സുന്ദരമായ കല്പനയാണ്! സങ്കീർത്തകന്റെ നിത്യമായ വീട് അതാണ് എന്നു പാടുന്നതിലൂടെ ദേവാലയത്തോടുള്ള വലിയ ആത്മബന്ധമാണ് തെളിഞ്ഞു പ്രകാശിക്കുന്നത്.

**ക്രിസ്തുവും 23-ാം സങ്കീർത്തനവും:** "ഞാൻ നല്ല ഇടയനാകുന്നു" എന്നു പ്രസ്താവിച്ചുകൊണ്ട് ക്രിസ്തു 23-ാം സങ്കീർത്തനത്തിലെ ഇടയന്റെ സ്ഥാനം സ്വയം ഏറ്റെടുത്തു (യോഹ 10; 1പത്രോ 2:25; 5:4). 'യുഗാന്തംവരെ എന്നും കൂടെ'യുള്ളവൻ ഇമ്മാനുവൽ ആകുന്നു. സ്വയം ഭക്ഷിക്കാൻ നല്കുന്നവനാണവൻ. ആടുകൾക്കുവേണ്ടി കുഞ്ഞാടായി മാറിയതിനാലാണ് ഇടയൻ നല്ല ഇടയനായത്. കൊല്ലപ്പെട്ടതായി തോന്നിക്കുന്ന ഈ കുഞ്ഞാടു തന്നെയാണല്ലോ വെളിപാടുപുസ്തകത്തിൽ ദേവാലയമായി പ്രഖ്യാപിക്കപ്പെടുന്നത് (21:22). ഇടയൻ ആലയായി മാറുന്ന അപൂർവ്വദൃശ്യമാണ് ക്രിസ്തുവിൽ നാം കാണുന്നത്.

**വിചിന്തനം:** ഒരു 'റോഇൗ ആദ്ധ്യാത്മികത'യിലേക്ക് ഈ സങ്കീർത്തനം എന്നെ ക്ഷണിക്കുന്നു. കർത്താവ് ഇടയനാണെന്നല്ല, 'എന്റെ ഇടയനാ'ണെന്നും, എന്നും കൂടെയുള്ളവനാണെ ന്നും, കരുതലുള്ളവനാണെന്നും, സൗഖ്യപ്പെടുത്തുന്നവനാണെന്നും, കഷ്ടതകളെ മഹത്ത്വമാക്കിത്തീർക്കുന്നവനാണെന്നുമുള്ള അഭയബോധ്യത്തിലേക്ക് ഈ സങ്കീർത്തനം എന്നെ ക്ഷണിക്കുന്നു.

ഇടയന്റെ ആലയാണ് സഭയെന്നും അവിടെ നിത്യം വസിക്കുന്നതിന് സഭാത്മകമായ ഒരു 'എന്റെ ഇടയൻ' ആദ്ധ്യാത്മികതയാണ് എനിക്കു വേണ്ടത്. തന്റെ ഇടമാണല്ലോ തന്റേടം. തന്റേടത്തിൽനിന്നും ആലയിലേക്കു കയറി നില്ക്കുമ്പോഴാണ് 23-ാം സങ്കീർത്തനം പകരുന്ന 'റോഇൗ ആദ്ധ്യാത്മികത' സമ്പൂർണമാകുന്നത്.

## സങ്കീർത്തനം 27: കർത്താവിൽ ആശ്രയം

ഈ സങ്കീർത്തനം 'വ്യക്തിയുടെ ശരണ' ഗണത്തിൽപ്പെടുന്നു. ജറുസലെം ദേവാലയത്തോടുള്ള വാത്സല്യം നിറഞ്ഞ ഓർമ്മകൾ പ്രകടിപ്പിക്കുന്നതാണ് ഇത്. എല്ലാ ഹൃദയവികാരങ്ങൾക്കും ഉപരിയായ ചിന്ത ഇതാണ്. 'ഒരു കാര്യം മാത്രം ഞാൻ കർത്താവിനോട് അപേക്ഷിക്കുന്ന, ആഗ്രഹിക്കുന്ന' ആദ്യഭാഗത്ത് (വാ. 16) ദൈവത്തിലുള്ള അചഞ്ചലമായ ശരണം വ്യക്തമാണ്. രണ്ടാമത്തേതിൽ

(വാ. 7-13) സഹായത്തിനുള്ള നിലവിളിയും തിരുസന്നിധിയിലുള്ള സമാശ്വാസവും അവസാനമായി (വാ. 14) ദൈവത്തിന്റെ അരുളപ്പാടുമാണ്.

**27:1,** കർത്താവിലുള്ള ശരണപ്രഖ്യാപനമാണ് ഇവിടെ. കർത്താവ് 'ഇസ്രായേലിന്റെ വെളിച്ചമായിട്ടാണ്' ജറുസലേത്ത് പ്രഘോഷിക്കപ്പെടുക. (ഏശ 10:17; 60:1; സങ്കീ 23:1). വെളിച്ചത്തിന്റെ പര്യായമാണ് രക്ഷ. അത് രക്ഷയുടെ ദൈവത്തെ സൂചിപ്പിക്കുന്നു (ആമോ 5:18,20; മിക്കാ 7:8; ഏശ 9:1; സങ്കീ 97:11; 112:4). കൂടാതെ വെളിച്ചം സന്തോഷത്തിന്റെ പൂർണ്ണതയും സൂചിപ്പിക്കുന്നു. അങ്ങനെയെങ്കിൽ 'ഞാൻ ആരെ ഭയപ്പെടണം?' കൂടാതെ കർത്താവ് ജീവന്റെ കോട്ടയുമാണ് (പ്രഭാ 51:2; സങ്കീ 28:8; 31:4; 37:39; 43:2; 52:7). കർത്താവിന്റെ രക്ഷയുടെയും ശക്തിയുടെയും സംരക്ഷണത്തിലാണ് സങ്കീർത്തകൻ.

**27:2-3,** വ്യക്തിയുടെ ശത്രുക്കൾ ഇരയെവിഴുങ്ങുന്ന മൃഗങ്ങളെപ്പോലെയാണ് (സങ്കീ 7:2; 17:12; ജോബ് 19:22). എങ്കിലും അവർ പരാജയപ്പെടുമെന്ന് സങ്കീർത്തകന് പൂർണ്ണമായ ശരണമുണ്ട്. ഇതിലുപരിയായി ശത്രുസൈന്യങ്ങൾ ആക്രമിച്ചാൽപോലും വിജയിക്കാമെന്ന് പ്രത്യാശയുണ്ട്.

**27:4,** 'ജീവിതകാലം മുഴുവനും ഞാൻ കർത്താവിന്റെ ഭവനത്തിൽ വസിക്കും' (സങ്കീ 23:6). ഇതാണ് സങ്കീർത്തകന്റെ മനോഭാവം, ആഗ്രഹം, പ്രാർത്ഥന. എന്തിനാണ്? കർത്താവിന്റെ സൗഹൃദം മനസ്സിലാക്കാൻ, അനുഭവിക്കാൻ, അവിടുത്തെ സ്തുതിക്കാൻ, അവിടുത്തെ പ്രവൃത്തിയും മഹത്വവും ദർശിക്കാൻ, സ്വന്തം പ്രവൃത്തികളെ സുസ്ഥിരവും ഫലദായകവും ആക്കുവാൻ (സങ്കീ 90:16; 135:3); അവിടുത്തെ ആലയം വീക്ഷിച്ച് അതിന്റെ രൂപഭംഗിയിൽ ആനന്ദിക്കാനും, രക്ഷയുടെ അരുളപ്പാടുകൾ ശ്രവിക്കാനുംവേണ്ടിയാണ്

**27:5-6,** കൂടാരത്തിൽ വസിക്കുന്ന കർത്താവ് (2 സാമു 7:2). സങ്കീർത്തകൻ തന്റെ ആലയത്തിൽ അഭയം നൽകുകയും കൂടാരത്തിനുള്ളിൽ ഒളിപ്പിക്കുകയും ഉയർന്ന പാറമേൽ ഉറപ്പിച്ചുനിർത്തുകയും ചെയ്യുന്നു (സങ്കീ 132:3; 15:1; 76:2; വിലാ 2:6; 1 രാജാ 1:50; പുറ 21,12). ക്രമക്കേടിന്റെ ഓളങ്ങൾ ഈ പാതയിൽ തട്ടിത്തകരും (സങ്കീ 28:1; 61:12; ഏശ 30:29).

കൂടാതെ കർത്താവ് പീഡിതനു രക്ഷയും ശത്രുക്കളുടെമേൽ വിജയവും നൽകും. 'ശിരസ് ഉയർത്തുക' വിജയത്തിന്റെ പ്രതീകമാണ് (സങ്കീ 26:7; 107:22). ഇവിടെ ദൈവത്തിന്റെ രക്ഷയിലുള്ള

ഉറപ്പും ദൈവത്തിലുള്ള ശരണവും നേർച്ചക്കാഴ്ച്ചകളും ഒന്നുചേർന്നു നിൽക്കുന്നു.

**27:7–8,** കേൾക്കപ്പെടുന്നതിനും ദൈവകാരുണ്യത്തിനുമായി സങ്കീർത്തകൻ തിരുസന്നിധിയിൽ ഉച്ചത്തിൽ വിളിച്ചപേക്ഷിക്കുക യാണ്. 'ദൈവത്തിന്റെ മുഖം തേടുക' അവിടുത്തെ സഹായം അപേ ക്ഷിക്കുക, എന്നത് ദൈവകല്പനയാണ് (സങ്കീ 24:6; 50:15; 2 സാമു 12:26; 21:1; ഹോസ 5:15; ആമോ 5:4; ജറെ 29:12). ഇതിനോട് സാമ്യ മുള്ള ഒരു പ്രാർത്ഥന 'അമർനാ എഴുത്തുകളിൽ ഉണ്ട്:

'അങ്ങ് എനിക്ക് ജീവൻ തന്നു അങ്ങുതന്നെ എനിക്കു മരണവും തന്നു. അങ്ങയുടെ മുഖത്തേക്കു ഞാൻ നോക്കുന്നു.'

**27:9–10,** 'മുഖം മറയ്ക്കുക' സൂചിപ്പിക്കുന്നത് കൈവെടിയലും തിരസ്കരണവും കോപവുമാണ്. അവകാശങ്ങൾ ഇല്ലാത്ത സങ്കീർത്തകൻ രക്ഷകനും വിധിയാളനുമായ ദൈവത്തോട് യാചി ക്കുകയാണ് (ഏശ 19:21; ആമോ 5:12; മലാ 3:5; സുഭാ 18:5); ദാസനാ യിട്ട് വിശേഷിപ്പിക്കുന്നത് ശുശ്രൂഷയ്ക്കുള്ള തന്റെ സന്നദ്ധത കാണി ക്കുന്നു (സങ്കീ 19:11). സ്വന്തപ്പെട്ടവർ ഉപേക്ഷിച്ചാൽ പോലും ദൈവം കൈവെടിയുകയില്ല (സങ്കീ 2:7).

**27:11–13,** കർത്താവിന്റെ വഴി പഠിപ്പിക്കുവാനുള്ള പ്രാർത്ഥനയാണ് ആദ്യം. അത് നീതിയുടെയും സത്യത്തിന്റെയും ജീവന്റെയും നിര പ്പുള്ള സുഗമമായ മാർഗ്ഗമാണ് (സങ്കീ 5:8; 16:11; 25:4; 86:11; 143:10). ശത്രുക്കളുടെ അത്യാഗ്രഹം സങ്കീർത്തകനെ നശിപ്പിക്കുകയാണ് (സങ്കീ 17:9). അവരുടെ മാർഗ്ഗം കള്ള സാക്ഷ്യവും അനീതിയുമാ ണ് (സങ്കീ 5:9; 7:3; 10:2; 12:3). സത്യത്തിലും നീതിയിലുമുള്ള വിധി ദൈവത്തിന്റെ പക്കൽനിന്ന് മാത്രമാണ് (സങ്കീ 17:2; 7:6). അത് ജീവ നിലുള്ള പ്രത്യാശ നൽകുന്നു (സങ്കീ 118:17). ദൈവത്തിന്റെ നന്മയും അവിടുത്തെ സ്നേഹവാത്സല്യവും പര്യായമായി മനസ്സിലാക്കാം. ഇത് ജീവിക്കുന്നവരുടെ നാട്ടിലാണ് ദർശിക്കുക. പുനരുത്ഥാനത്തി ലൂടെ, ജീവനും രക്ഷയും തന്നുകൊണ്ടുള്ള അത്ഭുത പ്രവൃത്തിയി ലൂടെയാണ് ദൈവം ഇത് സാധിക്കുക.

**27:14,** ഏതു പ്രതിസന്ധിയിലും പതറാതെ കർത്താവിൽ ശര ണപ്പെടാനുള്ള രക്ഷയുടെ അരുളപ്പാടായിട്ടുവേണം ഇതിനെ മന സ്സിലാക്കാൻ (സങ്കീ 47:5; 2:12; 27:21; 1 സാമു 1:17).

ശത്രുക്കൾ സങ്കീർത്തകനെ പീഡിപ്പിക്കുകയും ആരോപണ ങ്ങൾക്കൊണ്ട് ദൈവത്തിൽനിന്ന് അകറ്റുകയും ചെയ്യുന്നു. ബന്ധു ക്കളും മിത്രങ്ങളും സങ്കീർത്തകനെ ഉപേക്ഷിക്കുകയാണ്. ഈ സാഹചര്യത്തിലാണ് ഇതിലെ ശരണവും യാചനയും മനസ്സിലാ

ക്കേണ്ടത് (വാ. 1-13). യാതൊരു ശക്തിക്കും തന്നെ ദൈവത്തിൽനിന്ന് അകറ്റാൻ സാധിക്കുകയില്ല. ദൈവം അവനു രക്ഷയുടെ വഴി കാണിച്ചുകൊടുക്കുന്നു (വാ. 11,13,14). ഈ രക്ഷ ഈ ലോകത്തിനും ഉപരിയായിട്ടുള്ളതാണെന്ന് മനസ്സിലാക്കുന്നതിൽ തെറ്റില്ല (റോമ 8:33).

**വിചിന്തനം:** 1, ദൈവം സർവ്വനന്മയും വിശുദ്ധരുടെ ഓഹരിയും അവരുടെ സർവ്വസ്വവും സർവ്വവ്യാപിയും അവരുടെ പ്രകാശവും സന്തോഷവും സുരക്ഷിതത്വവും മോചനവും ശക്തിയും അഭയവുമാണ്. ഇതു മതാത്മകതയുടെ പരമോന്നത സത്യമത്രേ. ധൈര്യത്തിന്റെ സുകൃതജപം ഇതാണ്. 'കർത്താവ്' എന്റെ പ്രകാശവും രക്ഷയും ജീവന്റെ ശക്തിയുമാണ്'

2-3, ദുഷ്ടതയുടെയും അന്ധകാരത്തിന്റെയും ശക്തികൾ നീതിയെയും നന്മയെയും അന്നും ഇന്നും എന്നും ശക്തമായി ആക്രമിക്കുന്നു. സോദോം ഗൊമോറാകളും ഇരുമ്പുകോട്ടകളും ഫറവോമാരുടെ ലക്ഷ്യങ്ങളും സാമ്രാജ്യങ്ങളും തകർത്തു തരിപ്പണമായി എന്ന് ഓർക്കുക. വിശ്വാസിയുടെ സഹായവും പ്രകാശവും സുരക്ഷിതത്വവും ശക്തിയുമായവൻ നിത്യനും അജയ്യനുമാണ്. പ്രതിസന്ധികളുടെയും പ്രയാസങ്ങളുടെയും മദ്ധ്യേ സ്ഥിരതയോടെ ഭയരഹിതരായി നിൽക്കാൻ കഴിയണം.

4, ദൈവാരാധന എന്നും നീതിമാന് തുടർച്ചയായ സന്തോഷത്തിന്റെ ഉറവിടമാണ്. ഈ ലോകവാസം വെടിയുന്നതിനുമുമ്പായി നിത്യസ്തുതിക്കായി നമ്മുടെ ഹൃദയവീണകൾ ഒരുക്കാം. നല്ല ചിന്തകളും ആഗ്രഹങ്ങളും കൊണ്ട് നമ്മെത്തന്നെ സമ്പന്നമാക്കാം. കർത്താവിന്റെ സൗന്ദര്യം ദർശിക്കാത്തവൻ ദുർഭഗനാണ്. ഒരു കാർത്യൂസ്യൻ സന്യാസിയുടെയോ മിണ്ടാമഠത്തിലെ സിസ്റ്ററിന്റെയോ ജീവിതലക്ഷ്യങ്ങളെപ്പറ്റി ഒരിക്കലെങ്കിലും നാം ചിന്തിച്ചിട്ടുണ്ടോ?

5-6, ദൈവജനത്തിന്റെ സുരക്ഷിതത്വം അടങ്ങിയിരിക്കുന്നത് അനർത്ഥങ്ങൾ ഉണ്ടാകാതിരിക്കുന്നതിലല്ല, മറിച്ച് അതിലുപരിയായ ദൈവപരിപാലനയിൽ ആയിരിക്കുന്നതിലാണ്. നമ്മെ വിജയിപ്പിക്കുന്ന ദൈവത്തിന് എന്നും സ്തുതിയുണ്ടായിരിക്കട്ടെ. വിശുദ്ധർക്ക് സമൃദ്ധവും വ്യക്തവുമായ രക്ഷയുണ്ടാകും. അതുകൊണ്ട് നമ്മുടെ വിശ്വാസവും പ്രത്യാശയും ശക്തമാക്കാൻ പരിശ്രമിക്കാം. പ്രാർത്ഥനയും സ്തുതിയും ആരാധനയും നമ്മുടെ ചുമതലയും ദൈവത്തിനു അവകാശപ്പെട്ടതാണ്.

7-8, ഭക്തിപൂർവ്വം കർത്താവിന്റെ തിരുമുഖദർശനത്തിനായി

ആഗ്രഹിക്കുന്നവൻ അവിടുത്തെ കല്പന അനുസരിക്കുകയാണ്. കർത്താവ് ഉപേക്ഷിച്ചാൽ ഒരു പ്രസ്ഥാനവും വിജയിക്കുകയില്ല. ദൈവത്താൽ നിത്യമായി ഉപേക്ഷിക്കപ്പെടുന്നതാണല്ലോ നരകം.

9-10, ദൈവത്തിന്റെ വാഗ്ദാനങ്ങൾ ഓർത്തോർത്ത് നമുക്ക് പ്രാർത്ഥിക്കാം. 'ഞാൻ നിന്നെ വിട്ടുപോകുകയോ ഉപേക്ഷിക്കുകയോ ചെയ്യുകയില്ല.' എന്നരുളിചെയ്ത കർത്താവിനോട് പ്രാർത്ഥിക്കാം. 'കർത്താവേ, എന്നെ ഉപേക്ഷിക്കരുതേ, കൈവെടിയരുതേ' എന്ന്. ആത്മമിത്രങ്ങൾ ഉപേക്ഷിച്ചാലും നാം പരിഭ്രമിക്കരുത്. ദൈവം മറ്റാരേക്കാളും വിശ്വാസ്യനും നല്ലവനുമായ സുഹൃത്താണ്.

11-13, ദൈവത്തിന്റെ നേതൃത്വവും വഴികളും തേടുന്നതിൽ എത്ര താല്പര്യവും ശുഷ്കാന്തിയും കാണിച്ചാലും അധികമാവുകയില്ല. ആ നല്ല വഴിയിലൂടെ എന്നും ചരിക്കുകയും വേണം. ശത്രുക്കൾ ഉണ്ടാകുന്നതിൽ ഭയപ്പെടേണ്ട. കാരണം, ഗുരുവിനേക്കാൾ വലിയ ശിഷ്യനില്ല. ദുഷ്ടന്റെ ശക്തിയിൽനിന്നു നമ്മെ അകറ്റിനിർത്തുന്ന ദൈവത്തിന്റെ പൈതൃകമായ പരിപാലനയിലും അനന്തമായ നന്മയിലും നമുക്ക് എന്നും സജീവമായി പ്രത്യാശിക്കുകയും വിശ്വസിക്കുകയും ചെയ്യാം.

14, 'എത്ര തിക്തമായ ജീവിതാനുഭവങ്ങളിലും പതറാതെ കർത്താവിനുവേണ്ടി കാത്തിരിക്കുവിൻ' എന്ന അരുളപ്പാട് നാം കേൾക്കുന്നുണ്ടോ?

## സങ്കീർത്തനം 32: പാപമോചനത്തിന്റെ അനുഗ്രഹം

വ്യക്തിയുടെ നന്ദിപറച്ചിൽ" ഗണത്തിൽപ്പെട്ടതാണ് ഈ സങ്കീർത്തനം. പുരാതനസഭയുടെ 7 അനുതാപകീർത്തനങ്ങളിൽ ഒന്നാണ്. സംശുദ്ധവും ആധ്യാത്മികവുമായ ഈ സങ്കീർത്തനം വി. അഗസ്റ്റിൻ, മാർട്ടിൻ ലൂഥർ തുടങ്ങിയവക്ക് ഏറ്റവും ഇഷ്ടപ്പെട്ടതായിരുന്നു.

**32:1-2,** രക്ഷയുടെ അനുഭവം സ്വന്തമാക്കിയ മനുഷ്യന്റെ സന്തോഷകരമായ പ്രസ്താവനയോടെയാണ് സങ്കീർത്തനം സമാരംഭിക്കുക. പാപത്തിന്റെ പര്യായങ്ങളുടെ അർത്ഥം ശ്രദ്ധിക്കേണ്ടതുണ്ട്. 'അതിക്രമങ്ങൾ' സൂചിപ്പിക്കുന്നത് ദൈവത്തിൽ നിന്ന് തെറ്റിപ്പിരിയുക, ദൈവതിരുമനസ്സിനെതിരായി മറുതലിക്കുക എന്നതാണ്. 'പാപം' അർത്ഥമാക്കുന്നത് ലക്ഷ്യം തെറ്റുക, പരാജയപ്പെടുക എന്നാണ്. 'കുറ്റം' (അവോൻ) സൂചിപ്പിക്കുന്നത് മാർഗ്ഗഭ്രംശം, വക്രത,

ദൈവതിരുമനസ്സിന് എതിരായ മനോഭാവം എന്നൊക്കെയാണ്. പാപ പ്പൊറുതിയുടെ സുഖദായകത്വം അനുഭവിക്കുന്ന മനുഷ്യൻ ഭാഗ്യ പ്പെട്ടവനാണ്. ദൈവത്തിൽ നിന്ന് പാപപ്പൊറുതി ലഭിച്ചവന്റെ ചിന്തയും മനസ്സും കാപട്യമില്ലാത്തതായിത്തീരുന്നു.

**32:3–5,** പാപപങ്കിലമായ ജീവിതത്തിന്റെ ദുഃഖവും ഭാരവും വിവ രിക്കുകയാണ്. ജീവിതത്തെ ഇഞ്ചിഞ്ചായി നശിപ്പിക്കുന്നു. പാപവും രോഗവുമായി നിഗൂഢബന്ധമുണ്ട്. ദൈവത്തോട് തുറവിയില്ലാത്ത മനുഷ്യന്റെ ആരോഗ്യം ക്ഷയിക്കുന്നു (38:3). അവന്റെ നാവ് അണ്ണാ ക്കിനോട് ഒട്ടിപ്പോകുന്നു (22:15). എന്നാൽ അപരാധങ്ങൾ ഏറ്റു പറഞ്ഞപ്പോൾ പാപമോചനവും സുഖദായകത്വവും ലഭിച്ചു (സു ഭാ 28:13; 1 യോഹ 1:9). രോഗത്തിൽ നിന്നുള്ള ശാന്തിയേക്കാൾ പ്രധാനപ്പെട്ടത് പാപത്തിൽ നിന്നുള്ള മുക്തിയാണ്. ശാരീരികമായ സുഖം തിരിച്ചുകിട്ടിയതിനെപ്പറ്റി പറയുന്നില്ല എന്നത് ശ്രദ്ധേയമാ ണ്.

**32:6,** പാപത്തിന്റെയും പാപമോചനത്തിന്റെയും അനുഭവം ദൈവ വുമായുള്ള ഉടമ്പടിയിൽ ജീവിക്കുന്ന ഒരാളെ ദൈവത്തോട് പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കണം. എപ്പോഴാണ് സങ്കീർത്തകൻ ദൈവത്തെ കാണുക? തിരുനാളുകളിലോ, അതോ ദൈവത്തിന്റെ കൃപാകടാക്ഷത്തിന്റെ നിമിഷത്തിലോ? (ഏശ 49:8; 56:6) നാശ ത്തിന്റെ പ്രവാഹങ്ങൾ കർത്താവിൽ ആശ്രയിക്കുന്നവനെ സ്പർശി ക്കുകയില്ല (സങ്കീ 18:4; ഏശ 8:7; 17:12; 23:3).

**32:7,** കർത്താവിന്റെ അഭയം നൽകുന്ന, സംരക്ഷിക്കുന്ന ശക്തിയെ പ്രകീർത്തിക്കുകയും ഏറ്റുപറയുകയുമാണ് ഇവിടെ. അനർത്ഥങ്ങളിൽ അവിടുന്ന് സംരക്ഷിക്കുന്നു. അവിടുന്നിൽ ആശ്ര യിക്കുന്നവരെ അവിടുത്തെ രക്ഷിക്കുന്ന പരിച വലയം ചെയ്ത് സൂക്ഷിക്കുന്നു (സങ്കീ 3:3)

**32:8–9,** ഇവ ദൈവത്തിന്റെ അരുളപ്പാടായിട്ടെടുക്കുകയാണ് സ്വീകാര്യം. സങ്കീർത്തകൻ ജീവന്റെ മാർഗ്ഗം കാണിച്ചുതരാൻ കർത്താവിനോട് പലപ്പോഴും പ്രാർത്ഥിക്കാറുണ്ട് (സങ്കീ 25; 16:11).

**32:10,** ഈ വാക്യം ഒരു വിജ്ഞാനശകലമാണ്. ദുർവൃത്തർക്ക് നിരവധിയായ ദുരിതങ്ങൾ ഉണ്ടാകുമ്പോൾ കർത്താവിൽ ആശ്ര യിക്കുന്നവർക്ക് ദൈവത്തിന്റെ അനന്തമായ നന്മ തുടർച്ചയായി ലഭി ക്കുന്നു. ദൈവത്തിന്റെ സ്നേഹവും വാത്സല്യവും വിശ്വസ്തതയും അവരെ മോചിപ്പിക്കുന്നു.

**32:11,** കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ ദൈവത്തിനു

സ്തുതികളർപ്പിക്കാനും കർത്താവിൽ സന്തോഷിച്ച് ആനന്ദിക്കാനുമുള്ള ആഹ്വാനമാണിത്. ദൈവത്തോട് തുറവിയില്ലാത്ത പാപിയുടെ ദുരിതപൂർണ്ണമായ ജീവിതം തുടർന്നുപോകുക അസാധ്യമാണ് (വാ. 3-4). പാപപ്പൊറുതിയും സ്നേഹവും നന്മയും ദൈവത്തിന്റെ ദാനങ്ങളാണ്. പാപം ഏറ്റുപറയുന്നവനാണ് അത് ലഭിക്കുക (വാ. 5). ദൈവബന്ധമാണ് മനുഷ്യന്റെ ശക്തി. ദൈവജ്ഞാനമാണ് മനുഷ്യന് ആവശ്യം. അപ്പോഴാണ് യഥാർത്ഥസന്തോഷം കണ്ടെത്താൻ മനുഷ്യന് സാധിക്കുക.

**വിചിന്തനം:** 1-2, പാപം നിഷേധിക്കുന്നവന് മോചനവും രക്ഷയും സന്തോഷവും ഉണ്ടാകില്ല. പാപത്തിന്റെ പര്യായങ്ങൾ ശ്രദ്ധിക്കുക. പാപത്തിന്റെ കടബാധ്യതയും അതിന്റെ അശുദ്ധിയും കുറ്റബോധവും പാപങ്ങളെ നീക്കികളയാനുള്ള നമ്മുടെ സൽപ്രവൃത്തികളും അപര്യാപ്തതയും മനസ്സിലാക്കി തമ്പുരാനോട് പ്രാർത്ഥിക്കണം. കർത്താവിന്റെ പക്കൽനിന്നാണ് കാരുണ്യവും പാപമോചനവും രക്ഷയും ലഭിക്കുക. മനുഷ്യന് മനുഷ്യനെ പറ്റിക്കാനും തട്ടിക്കാനും സാധിക്കും. ദൈവത്തെ കബളിപ്പിക്കാൻ അസാധ്യമാണല്ലോ.

3-5, തിന്മയുടെ അനന്തരഫലങ്ങൾ ആരോഗ്യത്തെയും സാമൂഹികജീവിതത്തെയും ബാധിക്കുന്നു. പാപം കൂടുതൽ പാപങ്ങളിലേക്ക് നയിക്കുന്നു. ദാവീദ് നോക്കി, മോഹിച്ചു, വ്യഭിചാരം ചെയ്തു, നിരപരാധിയെ വധിപ്പിച്ചു, സ്വയം ന്യായീകരിച്ചു ജീവിച്ചു. പ്രവാചകശബ്ദം കേട്ടപ്പോൾ അനുതപിച്ച ദാവീദ് പാപങ്ങൾ ഏറ്റുപറഞ്ഞ് മോചനം പ്രാപിച്ചു (സങ്കീ 51; സുഭാ 28:13; 1 യോഹ 1:8-10).

6, ഏറ്റവും വലിയ പരീക്ഷണങ്ങളിലും വലിയ ദുരന്തങ്ങളിലും വീണാലും പ്രാർത്ഥിക്കുന്നവർ വിജയിക്കും.

7, എല്ലാ അനർത്ഥങ്ങളിലൂടെയും വിജയകരമായി മുന്നേറുന്ന വിശ്വാസിയുടെ അധരങ്ങൾ ഏപ്പോഴും ഉരുവിടുന്നത് 'അങ്ങാണ് എന്റെ സംരക്ഷകൻ' എന്നാണ്.

8-9, ദൈവത്തിന്റെ ഉപദേശം കേൾക്കാത്തവൻ ആരുടെയും കേൾക്കില്ല. ആനയെയും കുതിരയെയും നിയന്ത്രിക്കുന്നതുപോലെയാണോ മനുഷ്യനെ നിയന്ത്രിക്കേണ്ടത്? വിധേയത്വവും അനുസരണവും വീണ്ടുവിചാരവും ദൈവഭയവും ഇല്ലാത്തവനെ നേർവഴിക്ക് നയിക്കുക എളുപ്പമല്ല. നന്മയിലേക്ക് നിർബന്ധത്തോടെ പിടിച്ചുകൊണ്ടുപോകണമെന്ന്, കർത്താവിന്റെ വഴിയിലൂടെ തല്ലി ഓടിക്കണമെന്ന് നമുക്ക് പ്രാർത്ഥിക്കാം.

10, അനുതപിക്കാത്ത പാപികളുടെ ദുരിതങ്ങൾ വലുതാണ്.

ആധ്യാത്മികമായ അന്ധത അവരെ ആവരണം ചെയ്യുന്നു. ഭോഷത്വം അവരുടെ കാഴ്ച്ച നശിപ്പിക്കുന്നു. നന്മചെയ്യാൻ അവർ അശക്തരാകുന്നു. എന്നാൽ വേദനയിലും വേർപാടിലും പരീക്ഷണങ്ങളിലും ദൈവത്തിന്റെ ദാസർ സന്തോഷചിത്തരായിരിക്കും.

11, പാപമോചനത്തിലൂടെ മനുഷ്യൻ ആന്ദത്തിന്റെ പടികൾ കയറുന്നു. അതിനു കാരണം കുരിശിൽ ത്യാഗമായി യാഗമായി പ്രത്യക്ഷപ്പെട്ട ദൈവത്തിന്റെ കുഞ്ഞാടായ യേശുമിശിഹാതന്നെ.

## സങ്കീർത്തനം 34: ദൈവം നീതിമാന്റെ സംരക്ഷകൻ

ഇത് ഹീബ്രു അക്ഷരമാല ക്രമത്തിൽ എഴുതിയിട്ടുള്ള ഒരു സങ്കീർത്തനമാണ്. 'വ്വാവ്' കൊണ്ടുള്ള പാദം കാണുന്നില്ല. എന്നാൽ അവസാനപാദം കൂടുതലായി ഉള്ളതാണ്. ഇവിടെ ആശയങ്ങൾ ക്രമമായി പ്രവഹിക്കുന്നു എന്നുപറയാൻ പ്രയാസമാണ്. ഈ സങ്കീർത്തനത്തിൽ 'യാഹ്‌വേയുടെ പാവപ്പെട്ടവരെ' 'പാവങ്ങൾ, പരിശുദ്ധർ, നീതിമാന്മാർ, ദാസർ എന്നൊക്കെ വിളിക്കുന്നുണ്ട്. ഇവരാണ് കർത്താവിനെ അന്വേഷിക്കുകയും ഭയപ്പെടുകയും കർത്താവിൽ അഭയം തേടുകയും ചെയ്യുന്ന എളിയവരും തകർന്ന ഹൃദയമുള്ളവരും.

ഗാത്ത് രാജാവായ അക്കീഷിനെ അബിമെലെക്കായിട്ടാണ് ഇവിടെ മനസ്സിലാക്കുക (1 സാമു 21:10-15). 'അക്കീഷ് മെലെക്ക് ഗാത്തി'നെ ആക്കീഷ്മെലക്ക് ആയി എടുക്കുകയും പിന്നീട് തെറ്റിച്ച് അബിമെലെക്ക് എന്ന് ആയിത്തീർന്നതുമാകാം. ഇവിടെ നീതിമാന് ദൈവത്തിന്റെ സംരക്ഷണയിൽ സുരക്ഷിതത്വവും സമൃദ്ധിയും സന്തോഷവും മോചനവും ലഭിക്കുന്നതായി പ്രഖ്യാപിക്കുന്നുണ്ട്. എട്ടാമത്തെ വാകൃത്തിന്റെ അടിസ്ഥാനത്തിലാവണം ഈ സങ്കീർത്തനം പുരാതനസഭയിൽ നന്ദിപറച്ചിലിനായി ഉപയോഗിച്ചിരുന്നത്.

**34:1-3,** 'വാഴ്ത്തുക' എന്ന വാക്ക് ഹീബ്രുവിൽ 'ബാറക്' എന്ന വാക്കിന്റെ തർജ്ജമയാണ്. ഇതിന് പഴയനിയമത്തിൽ പല അർത്ഥങ്ങൾ ഉണ്ട്. യഥാർത്ഥത്തിൽ ദൈവമാണ് അനുഗ്രഹിക്കുന്നവൻ. മറ്റുള്ളവർ ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു എന്നു മാത്രം. ദൈവത്തിന്റെ അനുഗ്രഹത്തിന് പകരമായി മനുഷ്യന് സ്തുതിയും കൃതജ്ഞതയും അർപ്പിക്കുവാൻ മാത്രമേ സാധിക്കൂ. ഈ അർത്ഥത്തിലും ഈ വാക്ക് ഉപയോഗിക്കാറുണ്ട്. ഇവിടെ അപ്രകാരമാണ് ഉപയോഗിച്ചിരിക്കുന്നത്. സങ്കീർത്തകൻ ദൈവത്തെ

എല്ലാ സമയവും സ്തുതിക്കാനും അവിടുത്തേക്ക് കൃതജ്ഞത അർപ്പിക്കുവാനുമുള്ള തന്റെ ദൃഢനിശ്ചയം പ്രകടമാക്കുകയുമാണ്. അത് ആവർത്തിച്ചു പ്രഖ്യാപിക്കുന്നു. കർത്താവ് സങ്കീർത്തകന്റെ ഹൃദയാഭിമാനമാണ്. ഇത് പീഡിതർക്കും പാവപ്പെട്ടവർക്കും സന്തോഷം പകരുന്നു.

രണ്ടാമത്തെ വാക്യത്തിൽ ആത്മാവിനെപറ്റി പറയുന്നുണ്ട്. പഴയനിയമത്തിൽ മനുഷ്യന്റെ സ്വഭാവത്തെപറ്റി എപ്പോഴും ഏകാശയമല്ല കാണുന്നത്. മനുഷ്യന്റെ മർമ്മപ്രധാനമായ ഭാഗത്തെയാണ് 'ആത്മാവ്' സൂചിപ്പിക്കുക. ആത്മാവാണ് വിശപ്പിന്റെയും ഇഷ്ടക്കേടിന്റെയും വെറുപ്പിന്റെയും കോപത്തിന്റെയും സ്നേഹത്തിന്റെയും ഉറവിടം (നിയ 12:1; സംഖ്യ 21:15; 2 സാമു 5:8; ന്യായ 18:25). അതിനു കരയുവാനും മരിക്കുവാനും പുറപ്പെട്ടുപോകുവാനും സാധിക്കും (ജറെ 13:17; സംഖ്യ 23:10 ഉല്പ 35:18; 1 രാജാ 17:21;).

'എളിയവർ' എന്ന വാക്കിന്റെ മൂലം 'അനാവീം' ആണ്. ഞെരുക്കപ്പെടുന്നവർ, സ്നേഹിക്കുന്നവർ, ഭക്തർ, പാവപ്പെട്ടവർ എന്നെല്ലാം അർത്ഥമുണ്ട് ഈ വാക്കിന്. കൂടാതെ സമാനമായ അർത്ഥം വരുന്ന അനവധിവാക്കുകൾ ഹീബ്രുഭാഷയിലുണ്ട് (അനി, ആനവ്, ഏബിയോൻ 9:19; 10:17; 40:18). ഇതിനു പ്രധാനമായും മൂന്ന് അർത്ഥമാണ് നല്കുക. യാഹ്വേഭക്തരുടെ കൂട്ടം; പാവപ്പെട്ടവരുടെ സംഘം. സഹിക്കുന്നവരുടെ ഗണം. ഇവരെയാണ് ശത്രുക്കൾ ആക്രമിക്കുക, പീഡിപ്പിക്കുക. അവകാശങ്ങൾ ഇല്ലാത്തവരാണ് അവർ. പീഡനങ്ങളുടെയും ഞെരുക്കങ്ങളുടെയും മദ്ധ്യേ അവർ യാഹ്വേയിൽ അഭയം തേടുന്നു. അവരുടെ ആവലാതികൾ നീതിമാനും വിധിയാളനുമായ ദൈവത്തിന്റെ മുമ്പിലാണ് ഉണർത്തിക്കുക (സങ്കീ 9:19; 10:2). നിസ്സഹായരും നിരാലംബരും ദുരിതമനുഭവിക്കുന്നവരും അവഗണിക്കപ്പെട്ടവരും എളിയവരുമായ പാവങ്ങൾ ദേവാലയത്തിലേക്ക് ഒളിച്ചോടുന്നു. ശത്രുക്കളിൽനിന്ന് രക്ഷിക്കുവാൻ കർത്താവിനോട് കേണപേക്ഷിക്കുന്നു. ഇല്ലാത്ത കുറ്റം ആരോപിച്ചും കബളിപ്പിച്ചും പുറത്താക്കിയും ശാപത്തിന്റെയും മന്ത്രവാദത്തിന്റെയും തന്ത്രങ്ങൾ ഉപയോഗിച്ചുമാണ് ശത്രുക്കൾ ഇവരെ പീഡിപ്പിക്കുക. ഇവരാണ് കൂടുതലായി സെഹിയോൻ സന്ദർശനത്തിന് വരുന്നവർ. കർത്താവിന്റെ നാമം അറിയുന്നവരായി അവരെ വിശേഷിപ്പിക്കാറുണ്ട് (9,10). കാരണം അവർ ദൈവത്തിൽ ആശ്രയിക്കുകയും സെഹിയോനിലുള്ള ദൈവത്തിന്റെ നാമത്തിന്റെ ശക്തിയിൽ വിശ്വസിക്കുകയും ചെയ്യുന്നു. അവരാണ് യാഹ്വേയുടെ ജീവദായകമായ ശക്തിയും അത്ഭുത കൃത്യങ്ങളും അനുഭവിച്ചറിയുക. ദൈവ

ത്തിന്റെ രക്ഷ പ്രധാനമായും സ്വീകരിക്കുന്നവരും അവർതന്നെ. സെഹിയോനിൽ സന്നിഹിതരായ അവർ ദൈവത്തിന്റെ കൃപയുടെ പ്രവർത്തനങ്ങൾക്ക് സാക്ഷികളാണ് (16:17; 18:17; 22:26). ചുരുക്കത്തിൽ സെഹിയോനിൽനിന്ന് നിരവധി ആനുകൂല്യങ്ങൾ അവർക്കു ലഭിക്കുന്നു. കാരണം, യാഹ്‌വേ നിസ്സഹായരുടെ ദൈവമാണ്. ഇങ്ങനെ സെഹിയോനിൽ നിന്ന് പ്രത്യേക ആനുകൂല്യങ്ങൾ സ്വീകരിക്കുന്നവരാണ് സങ്കീർത്തനങ്ങളിൽ പരാമർശിക്കപ്പെടുന്ന പാവങ്ങൾ. യാഹ്‌വേയോടു പ്രാർത്ഥിക്കുന്ന ആരാധകരുടെ വിവിധഗണങ്ങൾ തങ്ങളെയും പാവങ്ങളായി വിശേഷിപ്പിക്കാറുണ്ട്. അവർക്ക് യാഹ്‌വേയുടെ സഹായത്തിന് അവകാശം ഉണ്ടുപോലും (ഏശ 14:32). മൂന്നാമത്തെ വാക്യത്തിൽ കർത്താവിന്റെ നാമം വാഴ്ത്തുവാൻ ആഹ്വാനം നൽകുകയാണ്. യാഹ്‌വേയുടെ നാമം ഇസ്രായേലിനു ഭരമേല്പ്പിക്കപ്പെട്ടിരിക്കുന്നു. പുറജാതികൾക്ക് ആ നാമം അറിയില്ല. യാഹ്‌വേയുടെ സഹായിക്കുന്ന സാമീപ്യത്തിനും സന്നദ്ധതയ്ക്കുമുള്ള അച്ചാരമാണ് ഈ നാമം (പുറ 33:19). യാഹ്‌വേയുടെ പരിശുദ്ധി പങ്കുപറ്റുന്നതാണ് ഈ നാമം. യാഹ്‌വേയുടെ ഉണ്മയുടെ പ്രതിഫലനമായും ഇതിനെ കണക്കാക്കാം. 'യാഹ്‌വേയുടെ നാമം വിളിച്ചപേക്ഷിക്കുക' ആരാധന ശൈലിയാണ്, ദൈവസഹായം പ്രാർത്ഥിക്കുകയാണ് (ഉല്പ 12:18; 13:4, 21:13). യാഹ്‌വേയുടെ നാമം വിശുദ്ധീകരിക്കപ്പെടണം. ആരാധനയിലും ബലിയർപ്പണത്തിലും പ്രാർത്ഥനയിലും അനുഗ്രഹത്തിലും ശാപത്തിലും വിശുദ്ധ യുദ്ധങ്ങളിലും ഇസ്രായേൽ ദൈവനാമം ഉപയോഗിക്കാറുണ്ട് (നിയമ 6:13; 10:8; സംഖ്യ 6:27).

ഇസ്രായേലിന്റെ ആരാധനാസ്ഥലത്ത് യാഹ്‌വേ തന്റെ നാമം സ്ഥാപിക്കുന്നു. അവിടുന്നു അവിടെ വസിക്കുന്നു. (നിയമ 12:5; 11:21; 14:24). യാഹ്‌വേ സ്വർഗ്ഗത്തിലാണെങ്കിലും അവിടുത്തെ നാമംഭൂമിയിലാണ് (26:15). ഈ നാമത്തിന്റെ ശക്തിയാൽ യാഹ്‌വേ രക്ഷിക്കുന്നു (54:1). മനുഷ്യർ അതിൽ സംരക്ഷണം തേടുന്നു (20:1). സുരക്ഷിതമായ ഒരു കോട്ടയാണ് അത്. (സുഭാ 18:10). കാരണം, കർത്താവ് തന്റെ നാമത്തെപ്രതി സഹായിക്കും (സങ്കീ 23:3; 25:11). പുറജാതിക്കാരുടെ ദൈവങ്ങളുടെ പലനാമങ്ങൾ ഓർക്കുമ്പോൾ, യാഹ്‌വേയ്ക്ക് ഒരു നാമം മാത്രമാണുള്ളത് എന്നത് ശ്രദ്ധേയമാണ്. ഏതാണ്ട് 67000 പ്രാവശ്യം യാഹ്‌വേയുടെ നാമം പഴയനിയമത്തിൽ കാണുന്നുണ്ട്.

**34:4,** 'കർത്താവിനെ അന്വേഷിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുക ദേവാലയം സന്ദർശിച്ചു എന്നാണ് (ആമോ 5:5; 1 ദിന. 21:30). പുരോഹിതനോ പ്രവാചകനോ അരുളപ്പാടിലൂടെ ദൈവ

ത്തിന്റെ ഉത്തരം ജനത്തിനു നൽകുന്നു. അവനെ എല്ലാ ദുഃഖങ്ങ ളിൽനിന്നും ഉത്കണ്ഠയിൽനിന്നും വിമുക്തനാക്കുവാൻ ഈ വെളി പാടിനു സാധിക്കുമത്രേ.

**34:5–10,** കർത്താവിൽ പൂർണ്ണമായി ശരണപ്പെട്ടുകൊണ്ട് പരി പൂർണ്ണമായ മനോവിശ്വാസത്തോടെ കർത്താവിനെ ഉറ്റുനോക്കുന്ന വനാണ്, സങ്കീർത്തകൻ. അതു കർത്താവിന്റെ സൗന്ദര്യദർശനമാ ണ്. അവിടുത്തെ സന്നിധാനത്തിൽ പ്രവേശിക്കലാണ്, ദൈവിക സന്തോഷംകൊണ്ടു നിറയലാണ് (സങ്കീ 27:4). ദൈവത്തിന്റെ സാന്നിധ്യത്തിന്റെ പ്രകാശം പ്രതിഫലിക്കുന്നതാണിത്. അവിടുന്ന് അനുഗ്രഹിക്കുമ്പോൾ അവിടുത്തെ മുഖം നമ്മിൽ പ്രകാശിക്കുന്നു. (സംഖ്യ 6:25; 2 കോറി 3:18). എല്ലാ പരാജയങ്ങൾക്കും ഭീഷണി കൾക്കും എതിരായ സംരക്ഷണമാണിത്. സങ്കീർത്തകന്റെ തന്നെ അനുഭവം ഇതിനു തെളിവാണ് (വാ. 6).

ദൈവത്തിന്റെ ശക്തിയാണ് വിശ്വാസിയെ രക്ഷിക്കുക (വാ. 7). അത് മാനുഷികശൈലിക്കും വിജ്ഞാനത്തിനും അപ്പുറമാണ് (സ ങ്കീ 91:11; 35:5–6). വിശ്വാസികളെ 'കർത്താവിനെ ഭയപ്പെടുന്നവരാ യി'ട്ടാണു വിശേഷിപ്പിക്കുക. ഭയപ്പെടുക എന്ന ഹീബ്രു വാക്കിനു വിവിധങ്ങളായ വ്യാഖ്യാനങ്ങൾ കൊടുക്കാറുണ്ട്. മനുഷ്യരോടും വസ്തുക്കളോടുമുള്ള ഭയം (ഉല്പ 31:31; ജറെ 42:16) ദൈവികവീ ക്ഷണം (പുറ 15:11; ഉല്പ 28:17); ആശ്വസിപ്പിക്കുന്ന ശൈലിയിൽ (ഉല്പ 43:23; സങ്കീ 46:26; 23:4); ദൈവത്തെ സ്നേഹിക്കുക, ആശ്ര യിക്കുക, ആരാധിക്കുക, അനുസരിക്കുക (നിയ 4:10; 5:29). ദൈവ വിശ്വാസിയെ സൂചിപ്പിക്കാൻ (സങ്കീ 15:4; 115:11) യാഹ്‌വേയോടുള്ള വിശ്വസ്തത (1; 1,8; സങ്കീ 128:1–4). കർത്താവിൽ ശരണം ഗമിക്കു ന്നവരാണ് ഭാഗ്യവാന്മാർ (സങ്കീ 1:1; 2:12). അവരാണ് യാഹ്‌വേ യുടെ നന്മയും മാധുര്യവും രുചിച്ചറിയുന്നവർ (1 പത്രോ 2:3). 9–ാം വാക്യം മനുഷ്യരെ വിശുദ്ധരായി വിശേഷിപ്പിക്കുന്ന പഴയനിയമ ത്തിലെ ഏകാവസരമാണ്. അവരാണ് കർത്താവിൽ ആശ്രയിക്കു ന്നവർ. അവർക്ക് മുട്ടുപാട് ഉണ്ടാകില്ല (സങ്കീ 23:1). അവർ ദൈവത്തെ സ്നേഹിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നു. വിശ്വാ സിക്ക് നന്മയുടെ കുറവ് ഉണ്ടാകില്ല. കാരണം, അവർ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുന്നു. സങ്കീർത്തകന്റെ അനുഭവം അതു വ്യക്തമാക്കുകയാണ്.

**34:11–17,** ഇവിടെ വിജ്ഞാനശൈലിയിലാണ് സങ്കീർത്തകൻ സംസാരിക്കുക (സുഭാ 2:1; 3:1). കേൾവിക്കാരെ മക്കളായിട്ടാണ് അഭിസംബോധന ചെയ്യുന്നത്. ദൈവഭയമാണ് പഠനവിഷയം. ജീവന്റെ പൂർണ്ണതയിലേക്കുള്ള മാർഗ്ഗവും മറ്റൊന്നല്ല. ദൈവത്തെ

ഭയപ്പെടുന്നവർ തങ്ങളുടെ നാവിനെ നിയന്ത്രിക്കണം (സങ്കീ 141:13; സുഭാ 4:24; 13:3; സിറാക്ക് 23:13–18). അവർ തിന്മയിൽനിന്ന് ഒഴിഞ്ഞുമാറി, നന്മചെയ്യുകയും സമാധാനം അന്വേഷിക്കുകയും ചെയ്യുന്നു (സങ്കീ 1:1; 37:36; സുഭാ 3:7; 13:19; ജോബ് 28:28). ഇവയാണ് നീതിമാന്മാരുടെ വിശേഷണങ്ങൾ. അവരുടെ ജീവിതം സന്തോഷപ്രദമാണ്. യാഹ്‌വേ അവരുടെമേൽ കാരുണ്യം കാട്ടുകയും അവരുടെ പ്രാർത്ഥനകൾ കേൾക്കുകയും ചെയ്യുന്നു (സങ്കീ 1:6; 32:8; 33:18). അതുകൊണ്ട് ജീവിക്കുന്ന ദൈവത്തെ ഭയപ്പെട്ടുജീവിക്കുകയാണ് യഥാർത്ഥത്തിലുള്ള സന്തോഷപ്രദമായ ജീവിതം. വിപരീതമായി, തിന്മ പ്രവർത്തിക്കുന്നവർ യാഹ്‌വേയുടെ കോപത്തിനും അപ്രീതിക്കും പാത്രീഭൂതരാകുന്നു. നീതിമാന്മാരെ അവരുടെ അനർത്ഥങ്ങളിൽനിന്ന് കർത്താവ് മോചിപ്പിക്കുന്നു. അങ്ങനെ അവർ യാഹ്‌വേയുടെ രക്ഷാകരസാന്നിധ്യവും സഹായവും അനുഭവിച്ചറിയുന്നു.

**34:18–22,** 'തകർന്ന ഹൃദയവും ഇടിഞ്ഞമനസ്സും' അനുതാപവും ദുഃഖവും എളിമയുമാണ് സൂചിപ്പിക്കുന്നത് (51:17). ക്ലേശങ്ങൾക്കും ദുഃഖങ്ങൾക്കും അനർത്ഥങ്ങൾക്കും അതീതനല്ലേ നീതിമാൻ. പക്ഷേ, അവയെ നേരിടാൻവേണ്ട ശക്തിയും സഹായവും ദൈവം അവനു നൽകുന്നു. ഏറ്റവും ഭീകരമായ പീഡനത്തിലും അപകടത്തിലും ദൈവം അവനെ സംരക്ഷിക്കുന്നു (പുറ 12:46; യോഹ 19:36). നീതിമാനെതിരായ ദുഷ്ടന്റെ നീക്കങ്ങൾ പരാജയപ്പെടുന്നു. അത് അവർക്കുതന്നെ കെണിയായി തീരുന്നു (സങ്കീ 7:14–17). കർത്താവിൽ ആശ്രയിക്കുന്നവർക്ക് നീതിമാനായ അവിടുന്ന് പൂർണ്ണമായും ആത്യന്തികമായ രക്ഷ നൽ കുന്നു (സങ്കീ 14:6).

**ഉപസംഹാരം:** 1. ദൈവത്തിന്റെ രക്ഷയുടെ യഥാർത്ഥത്തിലുള്ള അനുഭവമാണ് 4,6 വാക്യങ്ങളിൽ കാണുക. ദൈവത്തെ തേടുകയും ഭയപ്പെടുകയും ചെയ്യുന്നവന് അവിടുന്ന് ഉത്തരമരുളുന്നു. അവന്റെ എല്ലാ അനർത്ഥങ്ങളിലും ഉത്കണ്ഠകളിലുംനിന്ന് അവിടുന്ന് അവനെ മോചിപ്പിക്കുന്നു. ഇത് ഒരു യാഥാർത്ഥ്യമാണ്. അനുഭവമാണ്.

2. സങ്കീർത്തകൻ തന്റെ ദൈവാനുഭവത്തിലേക്ക് കേൾവിക്കാരെ ക്ഷണിക്കുകയാണ്. ദൈവത്തിന്റെ നന്മയും മഹത്വവും അനുഭവിച്ചറിയുവാൻ അവരെ ആഹ്വാനം ചെയ്യുകയാണ് (വാ. 3,8). ദൈവോന്മുഖമായ പ്രവർത്തനങ്ങൾ ദൈവാന്വേഷണവും ദൈവഭയവുമാണ് (വാ. 9.10).

3. നീതിമാനും സഹിക്കേണ്ടതായിവരുന്നു. പക്ഷേ, യാവേയുടെ

സാമീപ്യവും സാന്നിദ്ധ്യവും സന്തോഷം പ്രദാനം ചെയ്യുന്നു. ദൈവത്തിന്റെ നീതിയെപ്പറ്റി ജോബിന്റെ പുസ്തകത്തിലും സങ്കീ 73-ലും കാണുന്നതുപോലെയുള്ള അന്തരീക്ഷം ഇവിടെ (സങ്കീ 34) കാണുന്നില്ല.

4.'ദൈവത്തെ ഭയപ്പെടുക' ഈ സങ്കീർത്തനത്തിൽ വളരെ പ്രാധാന്യമുള്ളതാണ്. ദൈവത്തിന്റെ സാന്നിധ്യവും രക്ഷാകരശക്തിയും അംഗീകരിച്ചു ജീവിക്കുവാൻ സൂചിപ്പിക്കുന്നു.

**വിചിന്തനം:** 1-3, ദൈവാനുഗ്രഹം നിറഞ്ഞ ആളിൽ അവശ്യംവേണ്ട ഗുണങ്ങളാണ് സത്യവും നിഷ്കപടതയും. ദൈവസ്തുതിയെക്കാൾ മഹത്തരമായതൊന്നും സ്വർഗ്ഗത്തിലും ഭൂമിയിലുമില്ല. എല്ലാ സമയങ്ങളിലും സാഹചര്യങ്ങളിലും തുടർച്ചയായി അത് ചെയ്യേണ്ടിയിരിക്കുന്നു.

4-10, ഒരാൾക്ക് ലഭിച്ച ദൈവത്തിന്റെ കൃപയും കാരുണ്യവും മറ്റുള്ളവരെയും ശക്തമായി സ്വാധീനിക്കുന്നതായി കാണാം. പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ദൈവസാന്നിധ്യത്തിന്റെയും താബോർമലയിലാണ്, മനുഷ്യന് മാനസാന്തരവും മാറ്റവും രൂപാന്തീകരണവും ഉണ്ടാവുക. പാവപ്പെട്ടവരുടെ നിലവിളിയും മുറവിളിയും കേൾക്കപ്പെടുന്നുവെന്നത് ആശ്വാസദായകംതന്നെ. ഇതു മാനുഷിക ഭാവത്തിലും ലോകത്തിന്റെ മാനങ്ങൾക്കും വിരുദ്ധമാണ്. ദൈവം തന്റെ പ്രിയപ്പെട്ടവരെ ശക്തവും നിഗൂഢവുമായി രക്ഷിക്കുന്നത് സാധാരണക്കാർക്ക് ദുർഗ്രാഹ്യമായിരിക്കാം (2 രാജാ 6:15-17; സങ്കീ 91:11; ലൂക്കാ 26:22). ദൈവത്തിന്റെ കാരുണ്യവും കൃപയും സ്നേഹവും ഔദാര്യവും നന്മയും അനുഭവിച്ചറിയാത്തിടത്തോളം കാലം അവിടുത്തേക്ക് സമ്യക്കായി സാക്ഷ്യം വഹിക്കാൻ സാധിക്കില്ല. അന്ധൻ മഴവില്ലിന്റെ മനോഹാരിതയെ പുകഴ്ത്താറില്ലല്ലോ. ചെകിടൻ ബീഥോവന്റെ സിംഫണികളെ പ്രകീർത്തിക്കാറുമില്ല. ഈശ്വരന്റെ സ്നേഹവും കാരുണ്യവും നാം അനുഭവിച്ചറിഞ്ഞെങ്കിൽ, അതിനു സാക്ഷ്യംവഹിക്കുക നമ്മുടെ ചുമതലയാണ് (യോഹ 1:42, 45; വെളി. 22:17). ദൈവത്തെ ഭയപ്പെടുന്നവർ അവിടുത്തെ സ്നേഹിക്കുകയും അങ്ങിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നു. കർത്താ വിനെ നിന്റെ ദൈവവും ഇടയനുമായി നീ സ്വീകരിക്കുമ്പോൾ ആധ്യാത്മികവും ഭൗതികവും ശാരീരികവുമായ എല്ലാ കുറവുകളിൽനിന്നും നിന്നെത്തന്നെ സുരക്ഷിതനാക്കുകയാണ് ചെയ്യുന്നത് (1 കോറി 3:21,22; റോമോ 8:32; മത്താ 5:3-12).

11-17, ആധ്യാത്മികപിതൃത്വവും ശിശുത്വവും സാധ്യമാണ്, നല്ല

താണ്. എല്ലാ യാഥാർത്ഥ ആധ്യാത്മികതയും ഉത്ഭവിക്കുന്നതും വളരുന്നതും പിതാവായ ദൈവത്തിന്റെ മക്കളാണെന്നുള്ള അവ ബോധത്തിലും അനുഭവത്തിലും കൂടെയാണ്.

നാവിനെ നിയന്ത്രിക്കുക, തിന്മ ചെയ്യാതെ നന്മ ചെയ്യുക, സമാധാനം സ്ഥാപിക്കുക എന്നിവയാണ് നീതിയും പുണ്യവും നിറഞ്ഞ ജീവിതത്തിന്റെ സവിശേഷതകൾ. കർത്താവിന്റെ കാരുണ്യവും സഹായവും നീതിമാനു ലഭിക്കുമ്പോൾ, അവിടുത്തെ കോപവും അപ്രീതിയുമാണ് ദുഷ്ടനു ലഭിക്കുക.

18–22, പാപഭാരത്തിൽ കീഴ്വലയുന്നവർ അനുതാപദുഃഖസമുദ്രത്തിലൂടെയാണ് രക്ഷ പ്രാപിക്കുക. സഹനം നീതിമാനെയും സ്പർശിച്ചേക്കാം. എന്നാൽ കർത്താവിന്റെ മോചനം സുനിശ്ചിതമാണ്. പുനരുത്ഥാനത്തിന്റെ സമാരംഭമാണ് രക്തസാക്ഷിത്വം. കാലിക വിജയം ദുഷ്ടന് ഉണ്ടായേക്കാം. എന്നാൽ, അന്തിമവിജയം നീതിമാന് മാത്രമുള്ളതാണ്. കർത്താവ് ഉണ്ടെങ്കിൽ ദാസർ എല്ലാ അപകടങ്ങളിൽനിന്നും മോചിതരാകും. ഭൗമികമായ എല്ലാ തുണയും ആശ്രയവും സഫമാകാതെ പോകാം. എന്നാൽ, കർത്താവിൽ ആശ്രയിക്കുന്നവർ ആക്രമണങ്ങളെയും നാശത്തെയും അതിജീവിക്കുന്ന സെഹിയോൻ പർവ്വതം പോലെ ഉറച്ചുനിൽക്കും.

## സങ്കീർത്തനം 39: കടന്നുപോകുന്ന ജീവിതം

വ്യക്തിയുടെ വിലാപഗണത്തിൽപെട്ടതാണ് ഈ സങ്കീർത്തനം. ഇതിലെ ശീർഷകം 'യാദുഥൂന്' 77,62 സങ്കീർത്തനങ്ങളിലും കാണാം. ഇത് ഗായകസംഘനേതാവി ന്റെ പേരാണ് (1 ദിന 9:16; 16:38; 16:41; 25:1–6; 2 ദിന 5:12; 35:15; നെഹെ 11:17). ഈ സംഗീതവിദഗ്ദ്ധൻ രചിച്ചതെന്നോ, അദ്ദേഹത്തിനുവേ ണ്ടി രചിക്കപ്പെട്ടതെന്നോ, അദ്ദേഹത്തിന്റെ രീ തിയിൽ രചിച്ചതെന്നോ അർത്ഥമാക്കാം. ഏറ്റവും മനോഹരമെന്ന് വിശേഷിപ്പിക്കുന്ന ഈ സങ്കീർത്തനത്തിൽ മനുഷ്യഹൃദയത്തിന്റെ സങ്കടകരമായ ആവലാതിയാണ് നാം കാണുക. മനുഷ്യന്റെ ബലഹീനതയുടെയും നിസ്സഹായതയുടെയും പാപത്തിന്റെയും മുമ്പിൽ ജീവിതപ്രശ്നങ്ങളെ ദൈവവെളിച്ചത്തിൽ കാണേണ്ടതുണ്ട്; അവിടുന്നിൽ പ്രത്യാശിക്കുകയും വേണം.

**39:1–3,** ശത്രുക്കൾ നിമിത്തം സങ്കീർത്തകൻ സംസാരത്തിൽ ശ്രദ്ധിക്കാൻ തീരുമാനിച്ചു. ദൈവം തനിക്കയച്ച അനർത്ഥത്തെപ്പറ്റി ദൈവവുമായി വഴക്കിട്ട് സംസാരിക്കുകയില്ലെന്നായിരിക്കാം ഈ തീരുമാനം എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു (സങ്കീ. 37,8; 73,15;

മലാ. 3,14). ദൈവത്തിന്റെമാനം ഏതു വിലകൊടുത്തും കാത്തുര ക്ഷിക്കപ്പെടണം. എന്നാൽ ദൈവം സങ്കീർത്തകന് അനുകൂലമായ നടപടികളിലേക്ക് കടന്നില്ല. ഫലമോ നിശബ്ദനായിരിക്കാൻ സങ്കീർത്തകന് ഇനി സാധിക്കുകയില്ല (സങ്കീ 32:3; ജറെ 20:9). സഹി ക്കുന്ന തന്റെ ഹൃദയം പുകഞ്ഞ് പൊട്ടിത്തെറിക്കുകയാണ് വിലാപ ത്തിൽ.

**39:4–6,** മനുഷ്യജീവിതത്തിന്റെ നശ്വരതയും ക്ഷണികതയും കാട്ടി ത്തരണമെന്നാണ് പ്രാർത്ഥന. മരണത്തിന്റെ നാഴികയിലേക്കും മനു ഷ്യജീവിതത്തിന്റെ ക്ഷണികതയിലേക്കും വെളിച്ചം വീശാൻ കർത്താ വിനോട് അപേക്ഷിക്കുകയാണ്; നശ്വരമായ മനുഷ്യജീവിതത്തിന്റെ പൊരുൾ കാട്ടിത്തരാൻ. മനുഷ്യൻ വെറുമൊരു നിശ്വാസമാണ്, മറ്റൊന്നുമല്ല (സങ്കീ 62:9; 94:11; 144:4; സഭാ 1:2). അവൻ വെറുമൊരു സ്വപ്നമാണ്. സമ്പത്ത് സ്വരൂപിച്ച് കൂട്ടുന്നതിൽ വ്യർത്ഥതയുണ്ട്. മനുഷ്യാസ്തിത്വത്തിന്റെ വ്യർത്ഥതയുടെ മുമ്പിൽ കർത്താവിന്റെ കാരുണ്യവും പ്രവർത്തനവുമാണ് പ്രാർത്ഥിക്കുക (സങ്കീ 73:20; 102:11; 144:4; ലൂക്കാ 12:18).

**39:7–11,** മരണത്തിനായി മുദ്രയടിക്കപ്പെട്ട നൈമിഷികമായ ജീവി തത്തിന്റെ ശൂന്യതയിൽനിന്ന് സങ്കീർത്തകൻ കർത്താവിന്റെ പ ക്കൽനിന്ന് ജീവന്റെ പ്രത്യാശയ്ക്കായി അപേക്ഷിക്കുകയാണ്. കർത്താവിന്റെപക്കൽ നിന്നു മാത്രമാണ് സഹായം. ദൈവത്തിന്റെ ശിക്ഷയേറ്റ സങ്കീർത്തകനെ ശത്രുക്കൾ അധിക്ഷേപിക്കുന്നു. ശത്രു ക്കൾക്ക് മറുപടിയായി പരിപൂർണ്ണ നിശബ്ദത പാലിക്കുകയാണ് സങ്കീർ ത്തകൻ; അഗ്രാഹ്യമായ ദൈവികപ്രവൃത്തിയുടെ മുമ്പിൽ കാരുണ്യത്തിനായി കേണപേക്ഷിക്കുന്നു. മാരകമായ രോഗം കൊണ്ട് സങ്കീർത്തകന്റെ പാപത്തിന് ദൈവം ശിക്ഷ നൽകിയിരിക്കുക യാണ്.

**39:12–13,** കേൾക്കപ്പെടുവാനുള്ള അപേക്ഷകളാണ് ഇവിടെ. സങ്കീർത്തകൻ വിദേശിയും പ്രവാസിയുമാണ് കർത്താവിന്റെ ലോക ത്തിൽ. കർത്താവാണ് അവിടെ കുടിപാർക്കാൻ അനുവദിച്ചത്. അവി ടുന്നാണ് ഭൂമി മുഴുവന്റെയും അതിനാഥൻ. അവിടുത്തേതാണ് നാടു മുഴുവൻ. ജനം അതിഥികളും പരദേശികളുമാണ് (ലേവ്യ 25:23; 1 ദിന 29:15; സങ്കീ 119:19; ഹെബ്രാ 11:13). അവസാനത്തെ വാക്യ ത്തിലെ അപേക്ഷ വിചിത്രമാണ്. സാധാരണസങ്കീർത്തനങ്ങളിൽ 'കാണണമേ', 'കടാക്ഷിക്കണമേ' എന്നാണ് പ്രാർത്ഥന (സങ്കീ 133; 25:19; 59:4; 74:20). എന്നാൽ ഇവിടെ 'ദൃഷ്ടി പിൻവലിക്കണ'മെ ന്നാണ് അപേക്ഷ (ജോബ് 7:19; 10:20; 14:6). കർത്താവിന്റെ ശിക്ഷി

ക്കുന്ന സാന്നിധ്യം അവിടുത്തെ കോപത്തോടെയുള്ള കടാക്ഷം, അവിടുത്തെ ഭാരമുള്ള കൈകൾ പിൻവലിക്കാനാണ് പ്രാർത്ഥന. അല്ലെങ്കിൽ സഹിച്ച് സഹിച്ച് നിത്യമായി നശിച്ചുപോകും, മരിച്ചു പോകും.

മാരകമായി രോഗം ബാധിച്ചവർ കർത്താവിനോട് പ്രാർത്ഥിക്കുന്നു. തന്റെ സഹനത്തി ന്റെ പിന്നിൽ ദൈവകരമാണ് അവൻ ദർശിക്കുന്നത്. കഠിനമായ സഹനം ദൈവത്തോട് മറുതലിക്കാൻ അവനെ പ്രേരിപ്പിക്കുകയാണ്. എന്നാൽ അവൻ നിശബ്ദനായി എല്ലാം സഹിക്കുന്നു. വ്യർത്ഥവും ശൂന്യവുമായ ഈ ജീവിത്തതിൽ ദൈവത്തോട് പ്രത്യാശയ്ക്കായി പ്രാർത്ഥിക്കുന്നു. കർത്താവാണ് പ്രത്യാശയെന്ന് ബോധ്യമുണ്ടെങ്കിലും തന്നെ പിന്തുടരുന്ന മരണത്തിന്റെ മുമ്പിൽ ഉപേക്ഷിക്കപ്പെട്ടവനായി തീരുന്നു (സങ്കീ 22:1). ഈ സാഹചര്യത്തിൽ ദൈവം വിജയകരമായി പ്രവർത്തിക്കണമെന്നാണ് ആഗ്രഹം, അപേക്ഷ.

**വിചിന്തനം:** 1-3, നന്മ ആഗ്രഹിക്കുന്നവർ നല്ല തീരുമാനങ്ങൾ എടുക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യണം. നിയന്ത്രിക്കാൻ ഏറ്റവും പ്രയാസമുള്ളത് നാവുതന്നെ. പറഞ്ഞ വാക്ക് തിരിച്ചെടുക്കാൻ പറ്റില്ല എന്ന ബോധ്യത്തോടെ സൂക്ഷിച്ച് സംസാരിക്കുക. നമ്മുടെ ജീവിതാനുഭവങ്ങളുടെ അർത്ഥം മനസ്സിലായാലും ഇല്ലെങ്കിലും ദൈവത്തോട് ദൈവത്തെപ്പറ്റി, അതുപോലെ അവിടുത്തെ മക്കളായ മനുഷ്യരെപ്പറ്റി, എന്തെങ്കിലും പറയണമെങ്കിൽ നല്ലതു മാത്രം പറയുക (ജറെ 20; വിലാ 3:39).

4-6, മനുഷ്യജീവിതം ക്ഷണികമാണ്. അത് നിഴലാണ്, നിശ്വാസമാണ്. അവന്റെ സമയം പരിമിതമത്രേ (1 കോറി 7:29). ദൈവത്തിന്റെ നിത്യത്വത്തിന്റെ മുമ്പിൽ അതൊന്നുമല്ല (സങ്കീ 90:1-10). സഹിക്കുന്നവനും സുഖി ക്കുന്നവനും ഇതു മുന്നറിയിപ്പും ആശ്വാസ വുമാണ്.

7-11, ഏത് ഇരുളടഞ്ഞ സാഹചര്യങ്ങളിലും ഭക്തിയിലൂടെ പ്രത്യാശയിലേക്കും സന്തോഷത്തിലേക്കും വിജയത്തിലേക്കും വന്നെത്താൻ സാധിക്കും. ഏറ്റവും ഇരുളടഞ്ഞത് പാപങ്ങളാണ്. അനുതപിച്ച് പാപങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് രക്ഷപ്രാപിക്കാൻ കഴിയും. നമ്മുടെ സഹനത്തിലും ദൈവതിരു മനസ്സിന് നാം കീഴ്‌വഴങ്ങണം. എല്ലാം താങ്ങുവാനുള്ള ദൈവകൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതുണ്ട്. ദൈവം ദൈവത്തെ നോക്കിയിരുന്ന് കരയുക. ഭീതിജനകമായ അവിടുത്തെ പ്രഹരമേറ്റ് മനുഷ്യൻ തളർന്നുപോകും.

12-13, പക്ഷേ എല്ലാം അറിയുന്ന ദൈവത്തോട് ആവർത്തിച്ച് അപേക്ഷിക്കുന്നതിൽ നിന്ന് നാം പിന്തിരിയരുത്. തീഷ്ണത അലട്ടുന്നതാണ്, ശല്യപ്പെടുത്തുന്നതാണ്. വേദനകളില്ലാത്ത, നെടുവീർപ്പുകളില്ലാത്ത, പാപപങ്കിലമല്ലാത്ത, മരണമില്ലാത്ത സ്വർഗ്ഗത്തിൽ എത്തുന്നതുവരെ തീർത്ഥാടകരായ നമുക്ക് മരണത്തിന്റെ നിഴൽ വീശിയ കണ്ണീരിന്റെ താഴ്‌വരയിലൂടെ ചരിക്കേണ്ടതുണ്ട്. ജഡത്തിലായി രിക്കേണ്ടതാണോ അതോ ഇവിടെനിന്നു പിരിഞ്ഞ് കർത്താവിനോടുകൂടെ എന്നും ആയിരിക്കുന്നതാണോ നല്ലത്? മറ്റുള്ളവരുടെ മൃതസംസ്കാരത്തിൽ ധ്യാനപൂർവ്വം പങ്കെടുക്കുകവഴി നമുക്കു നമ്മുടേതിനും പ്രാർത്ഥനാ പൂർവ്വം ഒരുങ്ങാം.

## സങ്കീർത്തനം 41: രോഗിയുടെ പ്രത്യാശ

ഒന്നാം സങ്കീർത്തനപുസ്തകത്തിലെ അവസാനത്തെ സങ്കീർത്തനമാണ് ഇത്. ഇത് 'വ്യക്തിയുടെ നന്ദിപറച്ചിൽ' ഗണത്തിൽപ്പെട്ടതാണ്. രോഗശാന്തിയുടെ പശ്ചാത്തലത്തിലാണു സങ്കീർത്തനം രചിക്കപ്പെട്ടത്. അതോടൊപ്പം വഞ്ചകരും കാപട്യം നിറഞ്ഞവരുമായ സുഹൃത്തുക്കളുടെ ആത്മാർത്ഥതയില്ലാത്ത പ്രവർത്തനങ്ങളിലുള്ള ദുഃഖത്തിലാണു സങ്കീർത്തകൻ. എളിയവരോടു കാരുണ്യം കാട്ടുന്നവർക്കും ദൈവാനുഗ്രഹം വാഗ്ദാനം ചെയ്തുകൊണ്ടാണ് സങ്കീർത്തനം ആരംഭിക്കുക (വാ.1-3). പാവപ്പെട്ടവരോട് അനുഭാവപൂർവ്വം പെരുമാറിയ സങ്കീർത്തകനോട് തന്റെ ഉറ്റമിത്രങ്ങൾപോലും വഞ്ചനയോടെ ദ്രോഹ ബുദ്ധിയോടെ തന്റെ രോഗാവസ്ഥയിൽ പെരുമാറി (വാ.4-9). രോഗശാന്തിക്കായി പ്രാർത്ഥിക്കുകയും ശത്രുക്കളുടെമേൽ ശിക്ഷ ഉണ്ടാകട്ടെ എന്ന് ആക്ഷേപിക്കുകയും ചെയ്യുന്നു (10-13).

**41:1-3,** പ്രബോധനപരമായ സൂക്തങ്ങൾ ദൈവാനുഗ്രഹം ആശംസിച്ചു കൊണ്ടാണ് (സങ്കീ 34:8; 40:4; 65:4). ഇവിടെ സങ്കീർത്തകന്റെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുക യാണ്. സാധാരണ ദൈവത്തോട് നല്ല മനോഭാവമുള്ളവരാണ് അനുഗൃഹീതരായി പ്രഖ്യാപിക്കുക (സങ്കീ 32:1; 34:8; 40:4; 65:4). എന്നാൽ ഇവിടെ എളിയവരെ നോക്കുന്നവരാണു ഭാഗ്യവാന്മാർ (മത്താ 25:31-46). പാവപ്പെട്ടവരുടെ കാര്യം അന്വേഷിക്കുന്നതു നീതിമാന്മാരുടെ ലക്ഷണമാണ്. അവരെ കർത്താവ് കാക്കുന്നു. മറ്റുള്ളവർ അവരെ സ്തുതിക്കുന്നു. രോഗത്തിൽപോലും ദൈവം അവരെ സഹായിക്കുന്നു. കർത്താവ് അവരെ ഒരിക്കലും ഉപേക്ഷിക്കുകയില്ല (സങ്കീ 3:4,9).

**41:4–10,** സങ്കീർത്തകൻ കഷ്ടതയുടെ നാളുകളിലാണ്, തന്നെ സുഖപ്പെടുത്താൻ കർത്താവിനോട് പ്രാർത്ഥിക്കുന്നു; പാപമോചനത്തിനായി അപേക്ഷിക്കുന്നു (സങ്കീ 6:1; 32:3; 38:3). ശത്രുക്കളാകട്ടെ സങ്കീർത്തകന്റെ മരണത്തിനായി കാത്തിരിക്കുകയാണ്. സുഹൃത്തുക്കളും ആത്മാർത്ഥതയില്ലാതെ ദ്രോഹബുദ്ധിയോടെ പെരുമാറുന്നു (ജോബ് 2:1). രോഗം പൊറുക്കരുതെന്നാണ് അവരുടെ ഉള്ളിന്റെ ഉള്ളിൽ (വാ. 8). സ്നേഹത്തിന്റെ കൂട്ടായ്മയുടെ പ്രകടമായ ലംഘനം അസഹനീയമാണ്. സങ്കീർത്തകൻ സുഖം പ്രാപിക്കുകവഴി ദൈവം അവരോട് പ്രതികാരം ചോദിക്കുകയാണ്. അവരുടെ ലജ്ജയും മാനക്കേടും അതിന്റെ അടയാളങ്ങളാണ്.

**41:11–12,** ദൈവം രോഗശാന്തി നൽകി. കർത്താവ് സങ്കീർത്തകനിൽ പ്രസാദി ച്ചിരിക്കുന്നു. ശത്രുക്കൾക്ക് അവന്റെമേൽ വിജയം നേടാൻ പറ്റില്ല. സങ്കീർത്തകന്റെ നിഷ്കളങ്കത തെളിഞ്ഞു കഴിഞ്ഞു. അവൻ തിരുസന്നിധിയിൽ സ്വീകരിക്കപ്പെട്ടു കഴിഞ്ഞു (സങ്കീ 16:11)

**41:13,** ഈ ദൈവസ്തുതിപ്പിലെ 'ആമ്മേൻ' പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതാണ്. സങ്കീർത്തനത്തിലെ അഞ്ചു പുസ്തകങ്ങളും ഇങ്ങനെയാണ് അവസാനിക്കുന്നത്. വിശ്വാസ വഞ്ചനയുടെ മുമ്പിൽ സങ്കീർത്തകൻ പകച്ചു നിൽക്കുകയാണ്. നിസ്സഹായനായ സങ്കീർത്തകനെ നിരീക്ഷിക്കുന്നു; അവനെതിരായി കുറ്റാരോപണങ്ങളും ദൂഷണങ്ങളും പരത്തുന്നു. പക്ഷേ കർത്താവു കാരുണ്യംകാട്ടി. ശത്രുക്കൾക്ക് വിജയിക്കാൻ സാധിച്ചില്ല. അങ്ങനെ സങ്കീർത്തകൻ, പാവങ്ങളെ സഹായിച്ചവൻ, ദൈവത്താൽ അനുഗൃഹീതനെന്ന് തെളിഞ്ഞു (മത്താ 5:7; 25:3). ഇവിടെ പാപവും രോഗവുമായി ബന്ധപ്പെടുത്തുന്നുണ്ട്. ദൈവവുമായുള്ള ബന്ധം, രോഗശാന്തി, നീതിയുടെ പുനഃസ്ഥാപനം തുടങ്ങിയവ ഇവയിലെ പ്രമേയങ്ങളാണ്. ദൈവവുമായുള്ള പുതിയ ബന്ധത്തിന്റെ രത്നച്ചുരുക്കം 'കർത്താവിന്റെ മുമ്പിൽ എന്നും നിൽക്കുകയാണ്. പുരോഹി തന്റെ അവകാശങ്ങൾ ഇവിടെ എളിയവനും ലഭിക്കുന്നു. ഫലമോ സ്തുതിയും കൃതജ്ഞതയും.

**വിചിന്തനം:** 1–3, സ്നേഹത്തോടെ മറ്റുള്ളവരെ വിധിക്കുക, പ്രത്യേകിച്ച് എളിയവനെയും സഹിക്കുന്നവരേയും. ഇതു ദൈവാനുഗ്രഹം വിളിച്ചു വരുത്തും. മറിച്ച് ക്രൂരമായ വിധിയും പെരുമാറ്റവും പാപമാണ്. നമ്മൾ എളിയവരും രോഗികളും പീഡിതരും അനാഥരുമാകുമ്പോൾ എന്താണ് ആഗ്രഹിക്കുക? ഇങ്ങനെയുള്ളവർ ഇല്ലാത്ത ലോകം ഉണ്ടോ? നല്ല ചിന്തകൾ നല്ല പ്രവൃത്തിയിലേക്ക് നയിക്കുന്നു. എളിയവരോടുള്ള ഔദാര്യം നമുക്ക് ഔദാര്യം നേടിത്തരും. കർത്താവിന്റെ വാക്കുകൾ ഓർക്കുക:

'എന്റെ ഏറ്റവും എളിയ ഈ സഹോദരങ്ങളിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്...' 'കൊടുക്കുന്നത് സ്വീകരിക്കലും അനുഗ്ര ഹീതമാണ്.' അതിവ്യയം ദാനമല്ല. കഷ്ടതയുടെ നാളുകളിൽ കർത്താവ് നീതിമാന്റെ ജീവൻ സംരക്ഷിക്കുന്നു. നമുക്കൊക്കെ ദുഃഖവും രോഗവും വരാം. അവ വരുമ്പോൾ ശക്തിയും സഹായവും നമുക്ക് ആവശ്യമായിവരും. ദൈവത്തിനു മാത്രമേ ശക്തിപ്പെടുത്താനും ആശ്വസിപ്പിക്കാനും കഴിയൂ.

4-10, ശാരീരിക രോഗത്തേക്കാൾ വലുതാണ് ആത്മാവിന്റെ രോഗം. കർത്താവിന്റെ കാരുണ്യത്തിനുവേണ്ടിയുള്ള നിലവിളി പരീക്ഷകളിലും പ്രശസ്തിയിലും തുടരണം. നാവ് തിന്മകളുടെ ഒരു ലോകമാണ്. പൊയ്മുഖങ്ങളും കപട ഭക്തിയും പുതുമയല്ല. ഭക്തരേയും നീതിമാനെയും ദൈവം അവരോടൊപ്പം നശിപ്പിക്കു കയില്ല. നമുക്കെതിരായ കുറ്റാരോപണങ്ങളും കള്ളപ്രസ്താ വനകളും നാം അറിയണമെന്നില്ല; എന്നാൽ ദൈവം അറിയുന്നു. അവിടുത്തെ സർവ്വജ്ഞാനത്തിലും സർവ്വശക്തിയിലും കലവറയി ല്ലാത്ത കാരുണ്യത്തിലുമാണ് നമ്മുടെ രക്ഷ. സുഹൃത്തുക്ക ളാകുമ്പോൾ, ശത്രുക്കളായിരുന്നിട്ടും നമുക്കുവേണ്ടി മരിച്ചവന്റെ അടുത്തേക്ക് കൂടുതൽ അടുക്കാം. ദുഷ്ടരുടെ പരാജയത്തിനായി പ്രാർത്ഥിക്കാം.

11-13, ഏതു കാർമേഘത്തിലും ഒരു വെള്ളി രേഖയുണ്ട്. നീതിമാൻ പീഡിപ്പിക്കപ്പെടുന്നുണ്ടെങ്കിലും പ്രത്യാശയോടെ ഉപേക്ഷിക്കപ്പെടാതെ, നശിപ്പിക്കപ്പെടാതെ, തകർക്കപ്പെടാതെ കർത്താവിനാൽ നയിക്കപ്പെടുന്നു. ദൈവജനത്തിന്റെ മുഖമുദ്ര നീതി, സത്യം, ആത്മാർത്ഥത തുടങ്ങിയവയാണ്. ഇത് ദൈവത്തിന്റെ കൃപയുടെയും കാരുണ്യത്തിന്റെയും ഫലമാണ്. അവിടുന്ന് തന്റെ രൂപത്തെയും സാദൃശ്യത്തെയും സ്നേഹിക്കുന്നു. ദൈവത്തിൽ ആശ്രയിക്കുന്നവനെ ദൈവം സംരക്ഷിക്കുന്നു. ബൈബിളിൽ സ്തുതിക്ക് ഉദാഹരണങ്ങൾ ധാരാളം ഉണ്ട്. (സങ്കീ 41:13; ഉൽപ 9:26; 24:27; പുറ 18:10). നമുക്കും 'ആമ്മേൻ' പറയാം സ്തുതിയും കൃതജ്ഞതയും സ്തോത്രവും ആരാധനയും പൊന്നുതമ്പുരാന് നൽകുന്ന നിമിഷങ്ങളിൽ.

## സങ്കീർത്തനം 42: ദൈവത്തെ തേടിയുള്ള വിലാപം

ഇത് വ്യക്തിയുടെ വിലാപഗാനമാണ്. ദൈവത്തിനുവേണ്ടി വാഞ്ഛിക്കുന്ന, മോഹാലസ്യപ്പെടുന്ന മനുഷ്യാത്മാവിന്റെ

ചിത്രമാണ് ഇവിടെ വരച്ചുകാട്ടുന്നത്. പ്രശാന്തമായ കാത്തിരിപ്പ്, ക്ഷമയോടുകൂടിയ പ്രതീക്ഷയാണ്, മനുഷ്യന് ആവശ്യം. കർത്താവ് മറന്നുപോയാലും, പൊതുജനം അവഹേളിച്ചാലും പ്രത്യാശ കൈവെടിയരുത്.

**42:1-4,** തുടങ്ങുന്നത് മനോഹരമായ ഒരു ഉപമയോടെയാണ്. അരുവിയിലെ വെള്ളം കിട്ടാഞ്ഞിട്ട് വീർപ്പുമുട്ടുന്ന മാൻപേട; വെള്ളത്തിനായി അതിയായി ആശിക്കുന്ന ദാഹിച്ചു പൊരിയുന്ന മൃഗം. ഇതുപോലെയാണ് സങ്കീർത്തകൻ ദൈവത്തിനുവേണ്ടി ആശിക്കുന്നത്, ആഗ്രഹിക്കുന്നത്. വെള്ളം വറ്റിയ ചാലുകളിൽ മൃഗങ്ങൾ ദാഹിച്ചു ചത്തുവീഴാം (ജോയേ 1:20; സങ്കീ 126:4). താങ്ങാനാവാത്ത ദുഃഖത്തിൽ തീവ്രമായ ആഗ്രഹത്തിൽ സങ്കീർത്തകൻ ദൈവത്തിലേക്ക് കൈനീട്ടി കുതിക്കുകയാണ്. ഇവിടെ ഹൃദയം എന്നത് ആത്മാവിനു പകരമുള്ള തർജ്ജിമയാണ്. ആവശ്യങ്ങൾ നിറഞ്ഞ മനുഷ്യൻ ദൈവത്തിനുവേണ്ടി ദാഹിക്കുന്നതാണ് വിവക്ഷ. ഉണ്മയിൽ നിന്ന് ഊതിമാറ്റപ്പെടുന്ന മനുഷ്യനാണ് ജീവിക്കുന്ന ദൈവത്തിന്വേണ്ടി നിലവിളിക്കുന്നത്. ദൈവം മാറ്റമില്ലാത്തവനും പരിമിതികളില്ലാത്തവനു മാണ്. ജനത്തിന്റെ ചരിത്രത്തിൽ അവിടുന്ന് തെളിഞ്ഞ് പ്രകാശിച്ചതാണ്. ജീവന്റെ ഉറവിടമായി പ്രാർത്ഥനയിൽ വിശ്വാസി അവിടുത്തെ നമിക്കുന്നു (സങ്കീ 3:6,9). ജീവനെ താങ്ങുന്നതും അതിന് രൂപംകൊടുക്കുന്നതും അവിടുന്നുതന്നെ. സന്നിധാനത്തിൽ അവിടുന്ന് സന്നിഹിതനാണ്. അവിടുത്തെ ദേവാലയത്തിൽ പ്രവേശിച്ചുകൊണ്ട് അവിടുത്തെ സന്നിധിയിലേക്ക് വരുന്നു (സങ്കീ 118:19). സങ്കീർത്തകൻ സഹനത്തിന്റെ ഫലമായി കണ്ണുനീർ കുടിക്കുന്നു (സങ്കീ 80:5; 102:9). ശത്രുക്കൾ ആക്രോശിക്കുന്നത്, 'നിന്റെ ദൈവം എവിടെ' എന്നാണ് (സങ്കീ 79:10; 115: 2; ജോയേ 2:17). പഴയകാലങ്ങളിലെ വിശ്വാസത്തിലേക്കും ദൈവാനുഭവത്തിലേക്കും സുരക്ഷിതത്വത്തിലേക്കും ഇറങ്ങിച്ചെല്ലുന്നതാണ് തിരുനാൾ പ്രദക്ഷിണങ്ങളെ പറ്റിയുള്ള അനുസ്മരണ (വാ.4; സങ്കീ 22:9; 71:6; 77:5). സങ്കീർത്തകൻ തന്റെ വികാരങ്ങൾക്കും ചിന്തകൾക്കും അനുഭൂതികൾക്കും പൂർണ്ണസ്വാതന്ത്ര്യം കൊടുക്കുകയാണ് (സങ്കീ 62:8; 102; 142:2). ദേവാലയത്തെ കൂടാരമായി വിശേഷിപ്പിക്കുന്നത് ഇസ്രായേലിന്റെ പൂർവ്വ പാരമ്പര്യത്തിലേക്കുള്ള എത്തിനോക്കലാണ് (സങ്കീ 27:5; 76:2;വിലാ 2:6). പാട്ടുപാടി ആർപ്പുവിളിച്ചാണ് ദേവാലയത്തിൽ പ്രവേ ശിക്കുക (സങ്കീ 100:4; 118:19). തിരുനാളിലെ ഗാനങ്ങൾ, വലിയ ആരവങ്ങൾ, എവിടെയും കളിയാടുന്ന സന്തോഷം, എല്ലാം ഇവിടെ ഓർക്കുന്നു (ആമോ 5:23; 27:13; സങ്കീ 103:2).

**42:5,** തിരുനാൾ ആഘോഷിക്കുന്ന സമൂഹത്തിന്റെ സന്തോഷവും സുരക്ഷിതത്വവും അനുസ്മരിക്കുമ്പോൾ ആശ്വസിക്കാൻ വകയുണ്ട്. തകരുന്ന ജീവിതത്തിന് ചിതറുന്ന മാനുഷികശക്തിക്ക് ഇവിടെ സമാശ്വാസം നൽകുകയാണ്. ഞാൻ പണ്ട് കർത്താവിനെ ആഘോഷമായി സ്തുതിച്ചതുപോലെ ഇനിയും സ്തുതിക്കും. അതുകൊണ്ട് ദുഃഖത്തിൽ ശക്തി ക്ഷയിച്ച്, നിരാശയിൽ നീന്തിത്തുടിച്ച് നശിച്ച് ഇല്ലാതായിത്തീരേണ്ടതില്ല. സങ്കീർത്തകൻ സ്വയം പ്രോത്സാഹിപ്പിക്കുകയാണ്. പ്രതീക്ഷയോടെ കാത്തിരിക്കാൻ, 'കർത്താവാണ് എന്റെ ദൈവവും എന്റെ സഹായവും എന്ന ബോധ്യത്തിൽ.

**42:6–11,** തന്റെ ജീവശക്തി തകർന്നിരിക്കുകയാണെന്ന് വീണ്ടും പറയുന്നു. രോഗമാണോ ഇവിടെ വിവക്ഷിക്കുന്നത്? കർത്താവിനെപ്പറ്റി ഓർക്കുകയാണ്, ചിന്തിക്കുകയാണ്, ധ്യാനിക്കുകയാണ് (സങ്കീ 63:6; 77:3; 119:55; എസെ 6:9; സഖ 10:9; നെഹെ 4:8). എവിടെയാണ് ഇങ്ങനെ ഓർക്കുക? ജോർദ്ദാൻ നദിയുടെ പ്രഭവസ്ഥാനങ്ങളിൽ, ഹെർമോൺ മലമടക്കുകളിൽ, ഹെർമോന്റെ കൊടുമുടിയായ മീസാറിൽ.

ദേവാലയത്തിൽനിന്നും അകലെ, കർത്താവിൽനിന്നു വിദൂരത്തിൽ കേൾക്കുന്നത് നാശം സൃഷ്ടിക്കുന്ന പ്രവാഹങ്ങളുടെ ഇരമ്പലാണ്. ഈ വിനാശ പ്രവാഹങ്ങളാണ് സങ്കീർത്തകന്റെമേൽ പതിക്കുന്നത് (സങ്കീ 18:4; 69:2; 88:7) സഹിക്കുന്ന ഭക്തൻ കർത്താവിന്റെ പ്രവർത്ത നങ്ങൾക്കായി കാത്തിരിക്കുകയാണ്, അവിടുത്തെ നന്മയ്ക്കായി (സങ്കീ 5:3–7). കർത്താവ് പാറയും കോട്ടയുമാണ് (സങ്കീ 18:2; 31:3). അവിടുന്നാണ് രക്ഷയുടെ ഉറച്ചതലം. കർത്താവ് മറന്നെന്നു വരുമോ? തന്റെ വിലാപ ജീവിതത്തിന് അറുതിയില്ലേ? (സങ്കീ 35: 14;38:6; ജോബ് 5:10; 30:28). സങ്കീർത്തകൻ മരണത്തിന്റെ വക്കിലാണ്. മാരകമായ രോഗത്തിലാണ്, ശക്തിയെല്ലാം ക്ഷയിച്ചു പോയിരിക്കുന്നു. 'നിന്റെ ദൈവം എവിടെ' എന്ന ശത്രുക്കളുടെ നിന്ദനം കൂടുതൽ അസഹ്യമാകുന്നു. എങ്കിലും രക്ഷകനായ ദൈവത്തിനുവേണ്ടി കാത്തിരിക്കാം.

ഇവിടെ സങ്കീർത്തകൻ ഹൃദയത്തിന്റെ അഗാധത്തിൽനിന്ന് ആഗ്രഹിക്കുന്നത്, എല്ലാ മതങ്ങളും ദാഹിക്കുന്നതുപോലെ, ജീവിക്കുന്ന ദൈവത്തിന്റെ സംശയരഹിതമായ അനുഭവങ്ങളാണ്. സഹനത്തിന്റെ നിഴൽ വീശിയ ഇരുണ്ട താഴ്‌വരയിൽ നിന്ന് ജീവന്റെ ഔന്നത്യങ്ങളിലേക്ക് സങ്കീർത്തകൻ എത്തിനോക്കുകയാണ്. ദൈവസാന്നിധ്യമുള്ള സെഹിയോനിലേക്കാണ് സങ്കീർത്തകന്റെ എല്ലാ ശ്രദ്ധയും ആഗ്രഹവും. പുതിയ നിയമത്തിൽ ദൈവത്തിന്റെ

സാന്നിധ്യം യേശുക്രിസ്തുവിലും അവിടുത്തെ സമൂഹത്തിലുമാണ്. അവിടെയാണ് ജീവനും രക്ഷയും.

**വിചിന്തനം:** 1–4, ദൈവഭവനത്തെ എല്ലാ വിശ്വാസിയും സ്നേഹിക്കണം. ദൈവവുമായിട്ടുള്ള ഐക്യമാണ് അവർ അന്വേഷിക്കുന്നത്. പള്ളിയും പട്ടക്കാരനുമായി പിണങ്ങി നിൽക്കാൻ കാരണം കണ്ടെത്താൻ എളുപ്പമാണ്, എന്നാൽ ദൈവത്തോട് പിണങ്ങി നിൽക്കാൻ കാരണം ഉണ്ടാകുമോ? നമുക്കുള്ള കൃപയിലും നന്മയിലും നാം തികഞ്ഞ വരായിട്ടാണോ ചിന്തിക്കുക? അതോ കൂടുതൽ ദൈവാനുഗ്രഹത്തിനായി നമുക്ക് വിശപ്പും ദാഹവും തോന്നാറുണ്ടോ? (മത്താ 5:6). ആധ്യാത്മിക സന്തുഷ്ടിയേക്കാളും മെച്ചം അകന്നു നിൽക്കുന്ന ദൈവസാന്നിധ്യത്തിനുവേണ്ടി വിലപിക്കുകയാണ്. ലൗകിക സുഖങ്ങളുടെ പൂർണ്ണതയിൽ അലസമായി കഴിയുന്ന തിനേക്കാൾ നല്ലത് നഷ്ടപ്പെട്ട ആധ്യാത്മികാനുഭവങ്ങളുടെ ഓർമ്മയും അയവിറക്കലുമാണ്. കണ്ണീർകുടിക്കുന്ന, അവഹേളിക്കപ്പെടുന്ന നല്ല മനുഷ്യർ ഉണ്ടെന്നു ഓർക്കുക.

5, വിഷാദാത്മകതയും, നിരാശയും, ആകുലതയും, വ്യഗ്രതയും വിശ്വാസിക്ക് ചേർന്നതല്ല. ദൈവത്തിൽ ഉറച്ച വിശ്വാസം ഉണ്ടെങ്കിൽ അചഞ്ചലമായ ശരണവും നമുക്കുണ്ടാകണം. ഉണ്ടെങ്കിൽ കർത്താവിനുവേണ്ടി കാത്തിരിക്കാനും അവിടുത്തെ സ്തുതിക്കാനും നമുക്കു സാധിക്കും.

6–11, വിശ്വാസിക്ക് തന്റെ ഉയർച്ചയും തകർച്ചയും വിജയവും പരാജയവും പ്രത്യാശയും നിരാശയും സുഖവും ദുഃഖവും വളർച്ചയും തളർച്ചയും കർത്താവിനോട് തുറന്നു പറയാൻ കഴിയണം. യാതൊരു ജീവിത സാഹചര്യവും മനോദുഃഖവും ദൈവത്തിനെ മറക്കുന്നതിന് നീതികരണമാവില്ല. പരീക്ഷകളുടെ ഭീകരതയിൽ നാം അത്ഭുതപ്പെട്ടിട്ട് കാര്യമില്ല. ഓളിയിട്ട് കുതിച്ചൊഴുകുന്ന പ്രവാഹംപോലെയോ ആർത്തിരമ്പുന്ന തിരമാലകൾ പോലെയോ അവ നമ്മുടെമേൽ വന്നുപതിക്കാം. നമ്മുടെ പ്രത്യാശ ദൈവത്തിന്റെ സ്നേഹത്തിലും കാരുണ്യത്തിലുമാണ്. കർത്താവിന്റെ വരവ് എന്നാണ് എന്ന് ചിന്തിക്കാനും മനസ്സിലാക്കാനും നമുക്കു സാധിച്ചിരുന്നെങ്കിൽ!

## സങ്കീർത്തനം 47: ലോകനാഥനായ കർത്താവ്

പ്രാരംഭമായി ശീർഷകം വിശദീകരിക്കാം. ('ഗായകസംഘനേതാവ്, സങ്കീർത്തനം 46 കാണുക). കോറഹിന്റെ മക്കൾ

ആരാണ്? അവരെപ്പറ്റി ബൈബിളിൽ പരാമർശങ്ങളുമുണ്ട്. ഭൂമി പിളർന്ന് 240 പേരെ വിഴുങ്ങിയതിൽപെടുന്നതാണ് കോറഹ് (സംഖ്യ 26:10). എന്നാൽ, കോറഹിന്റെ മക്കൾ രക്ഷപ്പെടുന്നു (26:11). കോറഹ് ഏസാവിന്റെ പുത്രന്മാരിൽ ഒരാളാണ് (1 ദിന 1:35). ഹെബ്രോന്റെ മകനായി വേറൊരാളുമുണ്ട്, ഈ പേരിൽ (2:43). കോഹത്തിന്റെ മകനും ഈ പേരുണ്ട് (6:22). കോറഹിന്റെ മക്കൾക്ക് ദേവാലയശുശ്രൂഷയുമായി ബന്ധമുണ്ട് (9:19). വാതിൽകാവലും അവരുടെ ജോലിതന്നെ (26:1). ദൈവത്തെ സ്തുതിക്കുന്ന ജോലിയിലും അവർ വ്യാപൃതരാകുന്നു (2 ദിന 20:19). അവർ ലേവ്യരുടെ കുടുംബത്തിൽപെട്ട ദേവാലയ ഗായകസംഘത്തിലെ അംഗങ്ങളാണ് (1 ദിന 6:7). അതുകൊണ്ട്, അവരുടെ ബഹുമാനാർത്ഥം സങ്കീർത്തനം രചിക്കപ്പെട്ടതിൽ അത്ഭുതത്തിന് അവകാശമില്ല.

വിശുദ്ധസ്ഥലത്തു പ്രവേശിക്കുന്ന ആരാധനാസമൂഹം വാഗ്ദാനപേടകത്തിന്റെ മുമ്പിൽ കുമ്പിട്ട് 'യാഹ്വേയുടെ രാജത്വത്തിന്റെ സങ്കീർത്തനങ്ങൾ' ചൊല്ലുന്നു (95:6; 96:9; 99:1).

**47:1,** വലിയ ഉത്സാഹത്തിലും സന്തോഷത്തിമർപ്പിലും രാജാവായ യാഹ്വേയെ ബഹുമാനിച്ചു വണങ്ങുവാൻ ജനതകളെ ആഹ്വാനം ചെയ്യുകയാണ്. കാരണം, യാഹ്വേ ലോകം മുഴുവന്റെയും എല്ലാ ജനതകളുടെയും കർത്താവും രാജാവുമാണ്. ഉത്സാഹവും തീക്ഷ്ണതയും സന്തോഷവും വെളിവാക്കുന്നതാണ് കരഘോഷം മുഴക്കൽ (2 രാജാ 11:12; സങ്കീ 98:8). ദൈവത്തിന്റെ മുമ്പിൽ ഉയർത്തേണ്ട വലിയ സന്തോഷത്തിന്റെ ശബ്ദത്തെപ്പറ്റി പല പരാമർശങ്ങൾ കാണാം (98:4.6; സെഫാ 3:14; സഖ 9:9). അവ പ്രധാനമായും സ്തുതിയുടെ ഗാനങ്ങളാണ് (വാ. 6).

**47:2,** സ്തുതിക്കപ്പെടേണ്ട ദൈവം ഭീതിജനകനും ശക്തനുമായ രാജാവുമാണ്. ഇതാണ് സങ്കീർത്തനത്തിന്റെ പ്രധാന ആശയം. ഭൗമികരാജാവിനെ സന്തോഷത്തോടും ആർപ്പുവിളികളോടുംകൂടി കൈകൊട്ടി സ്വീകരിക്കുന്നതുപോലെ, രാജാക്കന്മാരുടെ രാജാവായ ദൈവത്തെ താളത്തിൽ കൈയടിച്ച് വലിയ സന്തോഷാരവത്തോടെ സ്വീകരിക്കണം. കാരണം, അവിടുന്ന് ഭീതിദനാണ്. ഭയപ്പെടുക (യാറാ) എന്ന ഹീബ്രുവാക്ക് പഴയനിയമത്തിൽ 435 പ്രാവശ്യം ഉപയോഗിച്ചുകാണുന്നുണ്ട്. അത് പലതും അർത്ഥമാക്കാം:

(എ) മനുഷ്യരോടും വസ്തുക്കളോടുമുള്ള ഭയം (ഉല്പ 31:31; നിയ 3:2.22). (ബി) ദൈവത്തിന്റെ വിശേഷണം (പുറ 15:11; നിയ 7:21). (സി) ആശ്വസിപ്പിക്കുന്ന വാക്യങ്ങളിൽ (ഉല്പ. 43:23; 50:21). (ഡി) ദൈവത്തെ സ്നേഹിക്കുക, ആശ്രയിക്കുക, ആരാധിക്കുക,

അനുസരിക്കുക (നിയ 4:10;5:21). (ഇ) ദൈവത്തെ ഭയപ്പെടുന്ന വിശ്വാസികളെ സൂചിപ്പിക്കാൻ (സങ്കീ 15:4; 115:11). (എഫ്) നീതിയും കുറ്റമില്ലായ്മയും അനുഗ്രഹവും നിറഞ്ഞ വിജ്ഞാനത്തിന്റെ ഭാഗമായി (ജോബ് 1:1.8; സങ്കീ 128:1.4).

**47:3–4,** ദൈവത്തിന്റെ ശക്തിയും സ്നേഹവും പ്രകടമാക്കപ്പെട്ട രക്ഷാകരചരിത്രത്തിലേക്ക് സങ്കീർത്തകൻ എത്തിനോക്കുകയാണ്. മറ്റു രാജ്യങ്ങളുടെമേലുള്ള ഇസ്രായേലിന്റെ വിജയവും കാനാൻദേശം കരസ്ഥമാക്കുന്നതുമെല്ലാം അവിടെ കാണുന്നു. ഇതെല്ലാം ദൈവത്തിന്റെ കൃപയും കാരുണ്യവുമാണ് ചൂണ്ടിക്കാണിക്കുക. നാലാമത്തെ വാക്യം 'സെലാ'യോടുകൂടിയാണ് അവസാനിക്കുന്നത്. എന്താണത് സൂചിപ്പിക്കുന്നത്? "സെലാ" 39 സങ്കീർത്തനങ്ങളിലായി 71 പ്രാവശ്യം കാണുന്നുണ്ട്. അതിന് പല വ്യാഖ്യാനങ്ങളുമുണ്ട് (എ) സ്തുതിപ്പായി (ബി) കണ്ണും ശബ്ദവും ഉയർത്തുന്നതിനെ സൂചിപ്പിക്കുന്നു (സി) ആവർത്തനത്തിനുള്ള അടയാളമായി (ഡി) മുട്ടുകുത്തി കുമ്പിട്ടാരാധിക്കാൻ (ഇ) പ്രാർത്ഥനയ്ക്കോ പാട്ടിനോ ഉള്ള ഒരു ഇടവേള (എഫ്) സംഗീതോപകരണങ്ങൾ ഉപയോഗിക്കാൻ (ജി) ക്രമമായി ഉയർന്ന സ്വരത്തിലേക്ക് ശബ്ദം കൊണ്ടുവരാൻ (എച്ച്) ഗായകസംഘം പാടുന്നതിന് (ഐ) ധ്യാനിക്കാനും മനനം ചെയ്യാനും (ജെ) ശബ്ദക്ഷതയിൽ പാടിക്കയറുന്നതിന്.

**47:5–7,** യാഹ്‌വേയുടെ സാന്നിധ്യത്തിന്റെ ദൃശ്യമായ അടയാളമാണ് വാഗ്ദാനപേടകം. ഈ പേടകം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണമാണ് ഇവിടെ സൂചിപ്പിക്കുക. ദാവീദിന്റെ കാലത്ത് നടത്തിയ പ്രദക്ഷിണത്തിന്റെ അനുസ്മരണമാണിത്. അന്നുമുതലാണ് ഈ പേടകം ജെറുസലേമിൽ വാസമുറപ്പിച്ചത്. അവിടെ രാജാവായ യാഹ്‌വേ വസിക്കുകയും സിംഹാസനത്തിൽ ഇരുന്നു ഭരിക്കുകയും ചെയ്യുന്നു (1 രാജാ 8:12. 13; സങ്കീ 99:1). ദേവാലയം ഇരിക്കുന്നിടത്ത് സ്വർഗ്ഗവും ഭൂമിയും തമ്മിൽ ബന്ധിക്കപ്പെടുന്നു. കാരണം ദേവാലയം സ്വർഗ്ഗീയ പരിശുദ്ധസ്ഥലത്തിന്റെ പ്രതിച്ഛായയാകുന്നു (സങ്കീ 46). അതുകൊണ്ട് സെഹിയോനിലേക്കുള്ള പ്രവേശനം അത്യുന്നത സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനമത്രേ. രാജാവും അത്യുന്നതദൈവവുമായ യാഹ്‌വേ സ്വർഗ്ഗങ്ങളുടെ രാജാവാണ് (29:9). അവിടുത്തേക്കു വേണ്ടി ദേവാലയത്തിന്റെ വാതിലുകൾ മാത്രമല്ല സ്വർഗ്ഗത്തിന്റെ വാതിലുകളും തുറക്കപ്പെടുന്നു (24:7). ദൈവത്തിനു ഹീബ്രുവിൽ (ആല) അർത്ഥം, 'സ്വർഗ്ഗത്തിലേക്കു കരേറുന്നവർ' എന്നാണ് (ഉല്പ 17:22; 35:11). തന്നെയുമല്ല, ലോകരാജാക്കന്മാരുടെ സിംഹാസനാരോഹണചടങ്ങിലെന്നപോലെ രാജാധിരാജനായ

യാഹ്‌വേയുടെ എഴുന്നള്ളത്തിലും കാഹളധ്വനികൾ മുഴക്കപ്പെടുന്നു (2 സാമു 15:10; 2 രാജാ 9:13). ഈ എഴുന്നള്ളത്തിന്റെ അവസരത്തിൽ ജനങ്ങൾ സന്തോഷാരവം മുഴക്കുന്നു. കൂടാതെ ദൈവത്തെ സ്തുതിക്കാനും ആഹ്വാനം ചെയ്യുന്നു; ഇത് പാട്ടുകാരോടും ആകാം. ഈ മഹത്വപൂർണ്ണമായ വരവ് അവിടുത്തെ രണ്ടാമത്തെ വരവിനെയാണ് ഓർമ്മിപ്പിക്കുക, സൂചിപ്പിക്കുക (മത്താ 25:31). പ്രബോധനപരവും കലാഭംഗിയുള്ളതുമായ സങ്കീ ർത്തനം (മസ്കീൽ) കൊണ്ടുവേണം ദൈവ ത്തെ സ്തുതിക്കാൻ.

8-9 രാജാവായ ദൈവം തന്റെ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് ലോകം മുഴുവനും ഭരിക്കുന്നു. ഭൂമിയിലെ രാജാക്കന്മാരും പ്രഭുക്കന്മാരും ഭൂമിയുടെ പരിചകളാകുന്ന ലോകപാലകരും അവിടുത്തെതത്രേ (83:11; 107:40; 118:9). അങ്ങനെ ഇസ്രായേൽക്കാരും വിജാതീയരും ദൈവത്തിന്റെ ഏകജനതയായിത്തീരുന്നു, ദൈവത്തെ ആരാധിക്കുന്നു (ഉല്പ 12:1; 22:18).

**വിചിന്തനം:** 1, ജനതകളുടെയെല്ലാം അത്യുന്നതദൈവവും പ്രപഞ്ചങ്ങളുടെയെല്ലാം രാജാധിരാജനുമായ യാഹ്‌വേ ഉയർത്തപ്പെടുന്നത് ഇവിടെ കാണാം. ദൈവത്തിനുള്ള ഇസ്രായേലിന്റെ സ്തുതികളോടുകൂടെ മറ്റു ജനതകളുടെ സ്തുതികളും ചേരേണ്ടിയിരിക്കുന്നു. കാരണം, അവിടുന്ന് പ്രപഞ്ചത്തിന്റെ മുഴുവൻ കർത്താവാണ്. മനുഷ്യഹൃദയത്തെ ഏറ്റം സന്തോഷിപ്പിക്കാനും തൃപ്തിപ്പെടുത്താനും ദൈവത്തിനും അവിടുത്തെ സാന്നിധ്യത്തിനും മാത്രമേ സാധിക്കൂ. ഈ ആനന്ദത്തിന്റെ ബാഹ്യ അടയാളങ്ങളും സ്വീകാര്യമത്രേ.

2, അത്യുന്നതനും ഭീതിജനകനുമായ ദൈവമാണ് യാഹ്‌വേ (നിയ 7:21; 10:17; നെഹെ 1:5; 4:14; എസെ 8:13).

3-4, നാം തെരഞ്ഞെടുക്കുന്നതിലും മെച്ചമാണ് ദൈവം നമുക്കുവേണ്ടി നമ്മുടെ അവകാശം തിരഞ്ഞെടുക്കുന്നത്. ദൈവം തിരഞ്ഞെടുക്കുന്നത്; ദുഃഖത്തിന്റെയും സഹനത്തിന്റെയും ഓഹരിയാണെങ്കിൽപോലും നമ്മുടെ സ്വന്തം സൃഷ്ടിയായ ആനന്ദത്തെക്കാളും മെച്ചമാണത്.

5-7, യേശുവിന്റെ പീഡാസഹനവും കുരിശുമരണവും പോലെതന്നെ ഉത്ഥാനവും സ്വർഗ്ഗാരോഹണവും യാഥാർത്ഥ്യങ്ങളാണ് (എഫേ. 4:8-10). ദൈവത്തെ പാടിപ്പുകഴ്ത്തുക, അവിടുത്തേക്ക് സ്തോത്രങ്ങൾ ആലപിക്കുക, സ്തുതികൾ ഉതിർക്കുക, നന്ദിപറയുക എന്നതാണ് മനുഷ്യന്റെ ഭൗമികവും സ്വർഗ്ഗീയവുമായ ചുമതല. ഏറ്റം വിശിഷ്ടമായത്, പ്രബോധനപരമായത്, കലാഭംഗിയുള്ളത്, എല്ലാ

വർക്കും മനസ്സിലാകുന്നത്, അതാണ് ദൈവത്തിന്റെ സമൂഹത്തിൽ, അവിടുത്തെ സന്നിധിയിൽ കാഴ്ചവയ്ക്കേണ്ടത് (മസ്കീൽ).

8-9, സാമുദായികവും ശാസ്ത്രീയവും, രാഷ്ട്രീയവും, മതാത്മകവുമായ എല്ലാ സംരക്ഷണങ്ങളും ദൈവികമായ സംരക്ഷണം തന്നെ. ദൈവത്തിന്റെ മഹത്വത്തെപ്പറ്റിയും ലോകാധിപത്യത്തെപ്പറ്റിയും 47-ാം സങ്കീർത്തനത്തിൽ വിവരിക്കുന്ന കാര്യങ്ങൾ യേശുക്രിസ്തുവിൽ നിറവേറുന്നതായി വെളിപാടിന്റെ പുസ്തകത്തിൽ കാണുന്നു (വെളി 4:2,9; 7:10,17). അതുകൊണ്ടാണ് യേശുവിന്റെ ഉയിർപ്പ്, സ്വർഗ്ഗാരോഹണം എന്നീ തിരുനാളുകളിലും കാലങ്ങളിലും തിരുസഭ ഈ സങ്കീർത്തനം പാടുന്നത്. കാരണം, ശൂന്യനാക്കപ്പെട്ട യേശുവിന് സ്വർഗ്ഗത്തിലും ഭൂമിയിലും എല്ലാ അധികാരവും ശക്തിയും നൽകപ്പെട്ടിരിക്കുന്നു.

## സങ്കീർത്തനം 51: അനുതാപപ്രാർത്ഥന

പശ്ചാത്താപം ഏറ്റുപറയുന്ന ഏഴു സങ്കീർത്തനങ്ങളിൽ (6, 32, 38, 51, 102, 130,143) ഒന്നായ അൻപത്തൊന്നാം സങ്കീർത്തനം അവയുടെ ഗണത്തിൽ ഒന്നാം സ്ഥാനത്തു നില്ക്കുന്നു. ക്രൈസ്തവ ആരാധനാക്രമത്തിലെ അനുദിനപ്രാർത്ഥനകളിൽ ഇതിന്റെ സ്ഥാനം അതുല്യമാണ്. ഒരു വിലാപഗീതമായിക്കൂടി കണക്കാക്കാവുന്ന ഈ സങ്കീർത്തനത്തിന്റെ ശീർഷകം ഇതിന്റെ പശ്ചാത്തലം സാമുവലിന്റെ രണ്ടാംപുസ്തകത്തിലെ 11-12 അധ്യായങ്ങളാണ് എന്നു സൂചിപ്പിക്കുന്നുണ്ട്. ഊറിയായെ ചതിയിൽ കൊലപ്പെടുത്തുകയും അയാളുടെ ഭാര്യയായ ബേത്ഷെബായെ സ്വന്തമാക്കുകയും ചെയ്ത ദാവീദിനെ പ്രവാചകനായ നാഥാൻ കുറ്റപ്പെടുത്തിയപ്പോൾ പശ്ചാത്താപവിവശനായ ദാവീദ് പാടുന്ന ഗീതമാണിത് എന്ന് ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ ചരിത്രസൂചകം നോക്കിയാൽ ഇതിന്റെ കർത്താവും രചനയുടെ കാലവും നിശ്ചയിക്കുക എളുപ്പമാണെങ്കിലും ശീർഷകം പിന്നീടു കൂട്ടിച്ചേർത്തതാണ് എന്നുള്ള വാദം പ്രബലമാണ്. അതോടുകൂടിത്തന്നെ, അവസാനവാക്യങ്ങൾ (18-19) പ്രവാസാനന്തരകാലത്തെ സൂചിപ്പിക്കുന്നുണ്ട് എന്നതുകൂടി കണക്കിലെടുത്താൽ മേൽപ്പറഞ്ഞവ അവ്യക്തമായി അവശേഷിക്കുന്നു. എന്നിരുന്നാലും, ശീർഷകവും അവസാനവാക്യങ്ങളും ഒഴിവാക്കിയാൽ ദാവീദിന്റെ ഗീതമായി ഇതിനെ കണക്കാക്കുന്നതിൽ അപാകതയൊന്നുമില്ല.

ശീർഷകം കഴിഞ്ഞ് 1 മുതൽ 19 വരെയുള്ള വാക്യങ്ങളിൽ (ഹീബ്രുബൈബിളിൽ ശീർഷകം 1-2 വാക്യങ്ങളായി ഉൾപ്പെടുത്തി 21

വാക്യങ്ങളാണുള്ളത്) ചിന്താനിബദ്ധമായി അടുക്കിവച്ചിരിക്കുന്ന അവതരണമാണ് സങ്കീർത്തനത്തിനുള്ളത്. ഒന്നുമുതൽ അഞ്ചുവരെയുള്ള വാക്യങ്ങളിൽ പാപമോചനത്തിനായി അപേക്ഷിക്കുമ്പോൾ 6-ാമത്തെ വാക്യത്തിൽ ഹൃദയശുദ്ധിക്കും ദൈവികസന്തോഷത്തിനും വേണ്ടിയുള്ള അർത്ഥനകൾ കാണുന്നു. അതിന്റെ ഫലം ജീവിതത്തിലേറ്റുവാങ്ങുന്നതിനുവേണ്ടിയുള്ള യാചനകളാണു തുടർന്നു കാണുക. അതായത്, പാപികളെ അങ്ങയിലേക്കു തിരിച്ചുകൊണ്ടുവരുന്നതിനുള്ള ശക്തി ലഭിക്കുമെന്ന വിശ്വാസം, ദൈവത്തിന്റെ രക്ഷയെ പ്രകീർത്തിക്കുമെന്ന ഉറപ്പ്, സ്വീകാര്യമായ ബലിയർപ്പണം എന്തെന്നുള്ള ബോധ്യം ഇവയൊക്കെ ഈ ഭാഗത്ത് പ്രകടമാണ്. അവസാനത്തെ വാക്യങ്ങൾ ജറുസലെമിന്റെ വീണ്ടെടുപ്പിനുവേണ്ടിയുള്ള യാചനയാണ്.

**51:1–6,** പാപമോചനത്തിനുവേണ്ടിയുള്ള അപേക്ഷ
51:6–12 ജ്ഞാനത്താലും പരിശുദ്ധിയാലും നിറയ്ക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ
51:13–17 ദൈവസ്തുതികൾ ആലപിക്കാനും മറ്റുള്ളവരെ പഠിപ്പിക്കുവാനും ഉള്ള ആഗ്രഹം
51:18–19 അനുബന്ധം

**51:1–5,** സങ്കീർത്തനം ആരംഭിക്കുന്നത് ദൈവത്തിൽനിന്നു കരുണയും പാപമോചനവും യാചിക്കുന്ന ഒരപേക്ഷയോടുകൂടിയാണ് (വാ. 1–2). ദൈവത്തിന്റെ സ്നേഹവും കാരുണ്യാതിരേകവും സൂചിപ്പിക്കുന്ന *ഹനാൻ, ഹെസെദ്, റഹമീം* എന്നീ മൂന്നു ഹീബ്രുവാക്കുകൾ ആദ്യവാക്യത്തിൽത്തന്നെ ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. കാരുണ്യം, ദയ എന്നീ പദങ്ങളാണ് ഇവയുടെ വിവർത്തനങ്ങളായി നമ്മുടെ ബൈബിളിൽ കൊടുത്തിരിക്കുന്നത്. എന്നാൽ, *ഹനാൻ* കൃപയെയും കാരുണ്യത്തെയും സൂചിപ്പിക്കുമ്പോൾ, *ഹെസെദ്* ദൈവത്തിന്റെ അനന്തസ്നേഹത്തെ, അനുകമ്പാർദ്രമായ സ്നേഹത്തെ സൂചിപ്പിക്കുന്നു. *റഹമീം* എന്നത് ഒരു അമ്മയ്ക്കു മക്കളോടുള്ള അനുകമ്പനിറഞ്ഞ സ്നേഹത്തെയാണു ദ്യോതിപ്പിക്കുന്നത്. പാപിയാണ് താൻ എന്ന അവബോധം തന്നിലേക്കോ തന്റെ പാപങ്ങളിലേക്കോ ഉള്ള തിരിഞ്ഞുനോട്ടമെന്നതിനേക്കാൾ, പാപമോചനം തരുന്ന ദൈവത്തിന്റെ അമ്മയ്ക്കടുത്ത അനുകമ്പയും കൃപയും നിറഞ്ഞ അനന്തസ്നേഹത്തിലേയ്ക്കുള്ള നോട്ടമാണ്. മറ്റു വാക്കുകളിൽ, ദൈവസ്നേഹത്തിന്റെ നിറവ് അനുഭവിച്ചു കൊണ്ടാണ് സങ്കീർത്തകൻ തന്റെ തെറ്റുകളുടെ ഏറ്റുപറച്ചിൽ നടത്തുക. ഇതാണ് യഥാർത്ഥപശ്ചാത്താപത്തിന്റെ പ്രതിഫലനമായി തുടർന്നുള്ള മൂന്നുവാക്യങ്ങളിലുള്ളത് (വാ. 3–5). ഇസ്രായേൽക്കാർ

പാപത്തെ സൂചിപ്പിക്കാനുപയോഗിക്കുന്ന ഹീബ്രുവിലെ പ്രധാനപ്പെട്ട നാലു പദങ്ങളും സങ്കീർത്തകൻ ഉപയോഗിച്ചിട്ടുണ്ട്. പൊതുവായി പാപത്തെക്കുറിക്കുന്ന *ഹതാ* എന്ന വാക്കിനോടൊപ്പം, വ്യക്തിപരമായ പാപത്തെക്കുറിക്കുന്ന *അവോൺ* നിയമനിഷേധത്തെ സൂചിപ്പിക്കുന്ന *പാഷാ* പാപത്തിന്റെ മുറിവേൽപ്പിക്കുന്ന സ്വഭാവത്തിന് ഊന്നൽ കൊടുക്കുന്ന പദമായ *റാ* എന്നീ പദങ്ങളും കൂടിച്ചേർത്ത് തന്റെ പാപത്തിന്റെ ഗൗരവത്തെ വളരെ വ്യക്തമാക്കുന്നുണ്ട് അനുതാപിയായ കീർത്തനകാരൻ. ഇത്ര ഗൗരവമേറിയ തന്റെ പാപങ്ങൾ, കഴുകണമേ, മായ്ച്ചുകളയണമേ, ശുദ്ധീകരിക്കണമേഎന്നീ അപേക്ഷകളിലൂടെ അത് തന്റെ അടിയന്തിരമായ ഒരാവശ്യമായി അവതരിപ്പിക്കുന്നതിന്, ഹീബ്രുവിൽ ഈ ക്രിയകളുടെ ആജ്ഞാരൂപം തന്നെയാണ് ഉപയോഗിക്കുന്നത് (വാ. 1–2). സഹോദരസ്നേഹത്തിനെതിരായ തെറ്റുകൾ ദൈവത്തിനെതിരായ തെറ്റാണെന്നും ഉത്ഭവം മുതലേ താൻ പാപിയാണെന്നും അംഗീകരിച്ചുകൊണ്ടാണ് അയാൾ ദൈവം ആഗ്രഹിക്കുന്ന ഹൃദയപരമാർത്ഥതയിലേക്കു കടക്കുന്നത്.

**51:6–12,** പാപമോചനം യാചിക്കുമ്പോൾ പാപങ്ങൾ മോചിക്കപ്പെട്ട ഒരവസ്ഥയ്ക്കുവേണ്ടി മാത്രമല്ല, ജ്ഞാനത്താലും പരിശുദ്ധിയാലും നിറയപ്പെടുന്നതിനുവേണ്ടിയുള്ള അർത്ഥനയും കൂടി അയാൾ നടത്തുന്നതു 6 മുതൽ 12 വരെയുള്ള ഭാഗത്തു കാണാം. ഈ ജ്ഞാനമാകട്ടെ, ദൈവത്തോടുള്ള തുറവിയും അവിടുന്നിലുള്ള ആശ്രയവുമാണ്. അതുകൊണ്ട് പാപമോചനത്തോടൊപ്പം പുതുസൃഷ്ടിയായിത്തീരുന്നതിന് അയാൾ ആഗ്രഹിക്കുന്നുണ്ട്. അവിടെയും തന്റെ പ്രയത്നത്തെയല്ല, തന്നിലുള്ള ദൈവത്തിന്റെ പ്രവർത്തനത്തിനു തന്നെത്തന്നെ വിട്ടുകൊടുക്കുന്നു. ഹൃദയപരമാർത്ഥതയാണ് ദൈവം ആഗ്രഹിക്കുന്നത് എന്നറിയുന്ന സങ്കീർത്തകൻ തന്നെ പവിത്രീകരിക്കാൻ, കഴുകാൻ, സന്തോഷഭരിതനാക്കാൻ ആവശ്യപ്പെടുന്നു. കാവ്യഭംഗി മുറ്റിനില്ക്കുന്ന ഈ ഭാഗം സ്രഷ്ടാവായ ദൈവം തന്നെയാണ് മനുഷ്യഹൃദയങ്ങളെ നവീകരിക്കുകയും പുതുസൃഷ്ടിയാക്കി മാറ്റുകയും ചെയ്യുന്നതെന്നേറ്റുചൊല്ലുകയാണ്. ഇല്ലായ്മയിൽ നിന്ന് ഒന്നിനു ഉണ്മ നല്കുന്ന ദൈവികപ്രവൃത്തിയെ സൂചിപ്പിക്കുന്ന *ബറാ* എന്ന പദംതന്നെ നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേഎന്ന വാക്യഭാഗത്തുപയോഗിച്ചിരിക്കുന്നത് ഇവിടെ പ്രധാനമാണ്. ഉത്ഭവം മുതലേ പാപിയായിരുന്നവന് നിർമ്മലമായ ഹൃദയം സൃഷ്ടിച്ചുനല്കണമേ എന്നു പ്രാർത്ഥിക്കുന്നതുചിതമായിരിക്കുന്നു. എല്ലാ മാലിന്യങ്ങളിൽ നിന്നു ശുദ്ധീകരിക്കുകയും പുതുഹൃദയവും പുതുചൈതന്യവും നല്കുകയും

തന്റെ ആത്മാവിനെ നിവേശിപ്പിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ പ്രവൃത്തിയെ പ്രവാചകന്മാർ ഏറ്റുപറയുന്നത് നാം വായിക്കുന്നുണ്ടല്ലോ (ഏശ 57:15; എസെ 36:25–27). ദൈവം പാപങ്ങൾ മോചിക്കുന്നത് ഒരുവനെ പുതുസൃഷ്ടിയാക്കുന്നതിനുവേണ്ടിയാണ്. ഹൃദയം എന്ന പദത്തിന്റെ ആവർത്തനവും ദൈവത്തിന്റെ ആത്മാവ് എന്ന പദത്തിന്റെ ഉപയോഗവും വഴി ആത്മാവാണ് ആന്തരികമായ പരിവർത്തനവും രൂപാന്തരീകരണവും കൈവരുത്തുന്നതും അതുവഴി രക്ഷയുടെ സന്തോഷം നല്കുന്നതും എന്ന് ഇവിടെ ഊന്നിപ്പറയുന്നുണ്ട്.

**51:13–17,** പരിശുദ്ധിയും ജ്ഞാനവും ലഭിച്ചുകഴിഞ്ഞാൽ ദൈവം നല്കിയ രക്ഷയെ ഉച്ചത്തിൽ പ്രകീർത്തിക്കാനും മറ്റുള്ളവരെ പഠിപ്പിക്കാനും കഴിയുമെന്ന് പ്രത്യാശിക്കുന്ന സങ്കീർത്തകനെയാണ് തുടർന്നുള്ള ഭാഗത്ത് കാണുക. ദൈവത്തിന്റെ രക്ഷയിലേയ്ക്കു സഹോദരങ്ങളെക്കൂടി ആനയിക്കാനുള്ള വെമ്പലാണ്, രക്ഷയുടെ സന്തോഷം നേടിയ അനുതാപിയുടെ ദൈവസ്തുതി. അതുപോലെ രക്തപാതകത്തിൽനിന്ന് എന്നെ രക്ഷിക്കണമേ(വാ. 14) എന്ന് ദൈവത്തെ ആവർത്തിച്ചു വിളിച്ചുകൊണ്ട് നടത്തുന്ന നിലവിളി ഊറിയായെ കൊലപാതകത്തിനേല്പിച്ചുകൊടുത്തതിൽ മനംതകർന്നു നിലവിളിക്കുന്ന ദാവീദിന്റെ നിലവിളിയായി കേൾക്കാനാവും. ഇത്തരം യഥാർത്ഥ മനസ്താപമാണ്, പാപത്തെക്കുറിച്ചുള്ള മനസ്താപത്താൽ ഉരുകുന്ന ഹൃദയമാണ് ദൈവത്തിനു സ്വീകാര്യമാകുന്ന ബലിയെന്ന് (വാ. 17) ഉരുവിടുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നത്. ഹൃദയം നുറുങ്ങിയവർക്ക് ദൈവം സമീപസ്ഥനാണ് (സങ്കീ 34:18) എന്ന ബോധ്യം അദ്ദേഹത്തിലാഴമായി പതിഞ്ഞിരിക്കുന്നു.

**51:18–19,** ഈ അവസാനവാക്യങ്ങൾ പിന്നീടു കൂട്ടിച്ചേർത്തവയാകാനാണു സാധ്യത. എങ്കിൽത്തന്നെയും, വ്യക്തിപരമായ അവസ്ഥയ്ക്ക് ഒരു സാമൂഹികമാനം കൈവരുന്നുണ്ടിവിടെ. സീയോന്റെ അഥവാ ജറുസലെമിന്റെ നാശം സങ്കീർത്തകന്റെ അവസ്ഥയുമായി ഇഴചേർത്തിരിക്കുന്നത് ഇവിടെ സുവ്യക്തമാണ്. ജറുസലെമിന്റെ സമ്പൂർണ്ണനാശത്തിനിടയാക്കിയ ബാബിലോണിന്റെ ആക്രമണത്തിൽ ജറുസലെമിന്റെ കോട്ടയും ദേവാലയവും നശിച്ചു. ഈ നാശത്തെ തങ്ങളുടെ പാപത്തിന്റെ ഫലമായി കരുതിയ ഇസ്രായേൽ തങ്ങളുടെ ആദർശപുരുഷനായ ദാവീദിന്റെ പതനത്തോടു ചേർത്തു വ്യാഖ്യാനിക്കാൻ ഇഷ്ടപ്പെട്ടു എന്നു കരുതാം. അതുകൊണ്ട് ദാവീദിനോടെന്നപോലെ ജറുസലെമിനോടും കരുണതോന്നണമെന്നും ജറുസലെമിൽ സ്വീകാര്യമായവിധം ബലിയർപ്പിക്കാൻ

ഇടയാക്കണമെന്നുമുള്ള പ്രാർത്ഥനയായിത്തീരുന്നു ഈ വാക്യങ്ങൾ. പാപം ചെയ്ത ജനത മനസ്തപിച്ചു ദൈവത്തിലേക്കു തിരിഞ്ഞാൽ സീയോനിലെ ബലികൾ സ്വീകാര്യമാകുമെന്നും സ്വീകാര്യമാകുന്ന സമയത്ത് അവിടെ ബലികളർപ്പിക്കപ്പെടുമെന്നും അയാൾ ഉദ്ഘോഷിക്കുന്നു.

**വിചിന്തനം:** ആരോഹണക്രമപ്രവൃദ്ധമായ രീതിയിൽ ചിന്തകളെ അടുക്കിവച്ചിരിക്കുന്ന മനോഹരമായൊരു സങ്കീർത്തനമാണിത്. പാപം ചെയ്യുക മാനുഷികമാണെന്ന് അംഗീകരിക്കുമ്പോഴും, പാപത്തെക്കുറിച്ചുള്ള മനസ്താപം പാപമോചനത്തിലേക്കും പാപമോചനം ഹൃദയത്തിന്റെ രൂപാന്തരീകരണത്തിലേക്കും അത് നവചൈതന്യത്തിലേക്കും രക്ഷയുടെ സന്തോഷത്തിലേക്കും നയിക്കുമെന്നു കൂടിയുള്ള തിരിച്ചറിവ് നമുക്കാവശ്യമാണ്. രക്ഷ അനുഭവിക്കുന്ന വ്യക്തിയുടെ സന്തോഷം അവനിൽത്തന്നെ അവസാനിക്കുന്നില്ല; അതു പൂർണ്ണമാകുന്നത് മറ്റുള്ളവരേക്കൂടി ആ രക്ഷയിൽ പങ്കുചേർക്കുമ്പോഴാണ് എന്നുകൂടി ഉദ്ഘോഷിച്ചുകൊണ്ടാണ് സങ്കീർത്തനം അവസാനിക്കുക. വ്യക്തിപരമായ വീണ്ടെടുപ്പും ജറുസലെമിന്റെ വീണ്ടെടുപ്പും സമരസപ്പെടുത്തിയിരിക്കുന്ന അവസാനവാക്യങ്ങൾ എക്കാലത്തുമുള്ള സങ്കീർത്തനത്തിന്റെ പ്രസക്തി ഒന്നുകൂടി ഉറപ്പിക്കുന്നു. പാപത്തിൽനിന്നുള്ള മോചനവും തദ്വാരായുള്ള നവജീവിതവും ദൈവത്തിൽനിന്നു നേടുകയും, സഹോദരങ്ങളെയും അതിൽ പങ്കുചേർക്കുകയും ചെയ്യുമ്പോഴാണ് ദൈവരാജ്യം ഈ ഭൂമിയിൽ സംജാതമാകുക. അതുതന്നെയാണ് ഈശോയും പ്രഘോഷിച്ചത്; “ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ”(മർക്കോ 1:15).

## സങ്കീർത്തനം 53: ദൈവനിഷേധകൻ

പതിനാലാം സങ്കീർത്തനവുമായി ഈ സങ്കീർത്തനത്തിനുള്ള ഐക്യരൂപ്യം വളരെ വ്യക്തമാണ്. പ്രധാന വ്യത്യാസങ്ങളായി കണക്കാക്കാവുന്നത് അവയുടെ ശീർഷകത്തിലുള്ള രാഗത്തെക്കുറിച്ചുള്ള അധികമായ സൂചന, ദൈവത്തെ സംബോധനചെയ്യുന്നതിലുള്ള വ്യത്യാസം എന്നിവയും, വാക്യങ്ങൾ 14:5-6, 53:5 ആയി മാറി എന്നതും അതിന്റെ ആശയത്തിൽ വന്ന വ്യത്യസ്തതയുമാണ്. എലോഹിസ്റ്റിക് സമാഹാരത്തിൽ (സങ്കീ 42 മുതൽ 83 വരെ) ഉൾപ്പെടുന്ന സങ്കീർത്തനമായതുകൊണ്ട് 53-ാം സങ്കീർത്തനം ദൈവത്തെ എലോഹിം(മലയാളവിവർത്തനം - ദൈവം) എന്നു വിളിച്ചിരി

ക്കുന്നു. ഈ അധ്യായത്തിലെ അഞ്ചാം വാക്യം സങ്കീ 14-ലെ അഞ്ചാം വാക്യവുമായി താരതമ്യം ചെയ്യുമ്പോൾ വ്യത്യസ്തത വളരെ പ്രകടമാണ്. തുടക്കത്തിൽ അധർമ്മികൾക്കുണ്ടാകുന്ന പരിഭ്രാന്തിയെക്കുറിച്ചുള്ള ഭാഗമൊഴിവാക്കിയാൽ 14:5-6 നീതിമാനെക്കുറിച്ചും ദൈവം അവർക്കു നല്കുന്ന സംരക്ഷണയെക്കുറിച്ചുമാണെങ്കിൽ 53:5-ൽ അധർമ്മികൾക്കുണ്ടാകുന്ന പരിഭ്രാന്തിയുടെ വിശദീകരണം തന്നെയാണു നല്കിയിരിക്കുന്നത്. ഇക്കാരണത്താൽ തന്നെ 14-ാം സങ്കീർത്തനത്തിന് ഒരു വാക്യം അധികമായി വരുന്നുണ്ട്. ഒരേ സങ്കീർത്തനമെങ്കിലും രണ്ടു സ്ഥലങ്ങളിൽ ഉപയോഗത്തിലിരുന്നു എന്നതായിരിക്കാം ഈ വ്യത്യാസങ്ങൾക്കു കാരണം. 14-ാം സങ്കീർത്തനം വടക്കൻ ഇസ്രായേലിലും, 53-ാം സങ്കീർത്തനം ജറുസലെമിലും ആരാധനയ്ക്ക് ഉപയോഗിച്ചിരുന്നതായിരിക്കണം എന്നാണ് പണ്ഡിതമതം.

## സങ്കീർത്തനം 65: അനുഗ്രഹിക്കുന്ന ദൈവത്തിന് സ്തുതി

ഒരു കൃതജ്ഞതാകീർത്തനമായിട്ടോ സ്തുതിഗീതമായിട്ടോ എണ്ണാവുന്ന ഈ സങ്കീർത്തനത്തെ ശീർഷകത്തിൽ പരാമർശിക്കുന്നതുപോലെ ദാവീദുമായോ ദാവീദിന്റെ ജീവിതവുമായോ ഇന്നാരും ബന്ധപ്പെടുത്തിക്കാണുന്നില്ല. സ്രഷ്ടാവും പരിപാലകനും സീയോനിൽ വസിക്കുന്നവനുമായ ദൈവത്തെ സ്തുതിക്കുന്ന കീർത്തനമായതുകൊണ്ട് ഇതിന്റെ പ്രാചീനത്വം പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് പ്രവാസത്തിനു മുമ്പുള്ള കാലഘട്ടത്തിൽ രചിച്ചതും സമൂഹത്തിൽ ദൈവാരാധനയ്ക്കായി ഉപയോഗിച്ചിരുന്നതുമായിരിക്കണം ഇത്. ഈ കീർത്തനത്തിന്റെ ഘടന വ്യക്തമാണ് എന്നു പറയാം. ആദ്യത്തെ അഞ്ചു വാക്യങ്ങൾ സീയോനിൽ വസിക്കുന്ന ദൈവത്തിന്റെ അനുഗ്രഹങ്ങളെക്കുറിച്ചാണ്. രണ്ടാംഭാഗം ഇതിൽ നിന്ന് വ്യത്യസ്തമായി സ്രഷ്ടാവും പരിപാലകനുമായ ദൈവത്തിന്റെ മഹനീയ പ്രവൃത്തികളെ ഏറ്റുപറയുന്നതാണ്.

65:1-5 സീയോനിൽ വാഴുന്ന ദൈവം
65:6-13 സ്രഷ്ടാവും അനുഗ്രഹദാതാവുമായ ദൈവം

**65:1-4**, സീയോനിൽ വസിക്കുന്ന ദൈവം സ്തുതിക്കു യോഗ്യനാണ് എന്നു പറഞ്ഞുകൊണ്ടാണ് സങ്കീർത്തനത്തിന് ആരംഭം കുറി

ക്കുന്നത്. സീയോൻ ജറുസലെമിന്റെ പേരാണ്. വി. ഗ്രന്ഥത്തിൽ ഇത് ഇസ്രായേലിനെയും പ്രതിനിധാനം ചെയ്യാറുണ്ട്. സീയോൻ ദാവീദിന്റെ പട്ടണമാണ്(2 സാമു 5:7) കർത്താ വിന്റെ നഗര മാണ്(ഏശ 60:14) കർത്താവിന്റെ പരിശുദ്ധമലയാണ്(സങ്കീ 2:6; 3:5; 15:1; 43:3; 48:2; 87:1; 99:9) എന്നൊക്കെ വി. ഗ്രന്ഥം സാക്ഷി ക്കുന്നുണ്ട്. സീയോനിൽ വസിക്കുന്ന ദൈവമാണ് ഇസ്രായേലിന്റെ ദൈവമെന്നും, അത് അവിടുന്നു എന്നേയ്ക്കും വസിക്കാനായി തെര ഞ്ഞെടുത്ത സ്ഥലമാണെന്നും ഇസ്രായേൽ വിശ്വസിച്ചിരുന്നു. അതു കൊണ്ട് സീയോനിൽ വസിക്കുന്ന ദൈവത്തിനു സ്തുതിയർപ്പി ക്കുന്നതും നേർച്ചകൾ നേരുന്നതും ഇസ്രായേൽ ജനതയുടെ ജീവി തത്തിലലിഞ്ഞുചേർന്ന ആചാരവും പതിവുമായിരുന്നു. മർത്യ രെല്ലാം പാപഭാരവുമായി അങ്ങേപ്പക്കൽ വരുന്നു എന്ന രണ്ടാംവാക്യത്തിൽ മർത്യർഎന്നത് ഇസ്രായേലിനെ മാത്രം സൂചി പ്പിക്കുന്നതായിട്ടു കണക്കാക്കാം. *ബാഷാർ* എന്ന ഹീബ്രുപദത്തി നർത്ഥം ശരീരം, ജഡം, മാംസം (flesh) എന്നൊക്കെ യാണ്. മരണ വിധേയമായ ശരീരത്തെ സൂചിപ്പിക്കുന്ന ഈ വാക്ക് സങ്കീർത്തന ത്തിന്റെ പശ്ചാത്തലത്തിൽനിന്നുകൊണ്ടു നോക്കുമ്പോൾ മാനവ കുലത്തെ മുഴുവൻ സൂചിപ്പിക്കുന്ന വാക്കല്ല എന്നാണു മനസ്സിലാ കുക. ഇസ്രായേലിന്റെ ദൈവത്തിന്റെ പക്കൽ പാപപ്പരിഹാരത്തി നായും യാചനകളർപ്പിക്കുന്നതിനായും ജറുസലെം ദേവാലയത്തിൽ ഒരുമിച്ചുകൂടുന്ന ഇസ്രായേൽ ജനങ്ങളെക്കുറിച്ചാണ് ഇവിടെ വിവ ക്ഷ. അതാണ് ദൈവത്തിന്റെ അങ്കണത്തിൽ വസിക്കുന്നതിനുള്ള ആഗ്രഹത്തെക്കുറിച്ചു പറയുന്ന അടുത്ത വാക്യവും (വാ. 4) വെളി പ്പെടുത്തുന്നത്. അങ്ങയുടെ അങ്കണം ദേവാലയമാണെന്നുള്ളത് തർക്കമറ്റ സംഗതിയാണ്. ദേവാലയത്തിലെ വാസം ഭാഗ്യപ്പെട്ടതും, ദൈവം നല്കുന്ന നന്മകൊണ്ട് സംതൃപ്തവുമാണ്. സീയോനിൽ വസിക്കുന്ന ദൈവം നല്കുന്ന നന്മകളെക്കുറിച്ചുള്ള വാക്യങ്ങളാണ് തുടർന്നുള്ള ഭാഗത്ത് കാണുന്നത്.

**65:5–13**, ഭൂമി മുഴുവന്റെയും പ്രത്യാശയായ ദൈവത്തിന്റെ സൃഷ്ടി യെക്കുറിച്ചും അവിടുന്നു ഭൂമിയുടെമേൽ ചൊരിയുന്ന അനുഗ്രഹ ങ്ങളെക്കുറിച്ചുമാണ് തുടർന്നുള്ള ഭാഗത്ത് നാം കേൾക്കുന്നത്. അഞ്ചാമത്തെ വാക്യം രണ്ടാമത്തെ ഭാഗത്തിന് ഒരു ആമുഖമാണ്. ഭീതികരമായ പ്രവൃത്തികൾ അവിടുത്തെ രക്ഷാകരപ്രവൃത്തികളാ ണ്. അതെല്ലാം ദുഷ്ടർക്ക് നാശകാരണമായ ഭീതിയും രക്ഷിക്കപ്പെ ടുന്നവർക്ക് ദൈവത്തോട് ആദരപൂർവ്വമായ ഭീതിയും ജനിപ്പിക്കു ന്നതാണല്ലോ. ഭൂമി മുഴുവന്റെയും പ്രത്യാശ ദൈവമാണ് എന്നു പറഞ്ഞുകൊണ്ടാണ് സൃഷ്ടികർത്താവും അനുഗ്രഹദാതാവുമായി

അവിടുത്തെ ഏറ്റുപറയുക. കരയെയും സമുദ്രത്തെയും വ്യത്യസ്തമായി വീക്ഷിച്ചുകൊണ്ടാണ് വിദൂരസമുദ്രങ്ങൾഎന്നുപയോഗിച്ചിരിക്കുന്നത്. പഴയനിയമകാലത്തെ പ്രപഞ്ചവീക്ഷണത്തിൽ നിന്നു നോക്കുമ്പോൾ അത് ദൈവത്തിന്റെ സൃഷ്ടിയുടെ അനന്തതയെക്കൂടി സൂചിപ്പിക്കുന്നുവെന്നു കരുതാം. അടുത്ത മൂന്നുവാക്യങ്ങളിൽ (6-8) ദൈവത്തെ ഒരു യുദ്ധവീരനായിട്ടാണ് അവതരിപ്പിക്കുന്നത്. ശക്തികൊണ്ട് അരമുറുക്കിയാണ് അവിടുന്നു സൃഷ്ടിനടത്തുന്നത്. ഇവിടെ ജനതകൾ, ഭൂമിയുടെ അതിരുകളിൽ വസിക്കുന്നവർഎന്ന പ്രയോഗങ്ങൾ പുരാതനഐതിഹ്യങ്ങളിൽ സൃഷ്ടിക്കുമുമ്പ് ദൈവത്തിനു കീഴടക്കേണ്ടിവരുന്ന തിന്മയുടെ ശക്തികളെ സൂചിപ്പിക്കുന്നതാണ്.

ഒൻപതുമുതലുള്ള വാക്യങ്ങൾ ഭൂമിയുടെമേൽ ദൈവം ചൊരിയുന്ന അനുഗ്രഹവും സമൃദ്ധിയുമാണ് പ്രമേയമാക്കിയിരിക്കുന്നത്. മഴപെയ്ത് നദികൾ നിറയുന്നതും ഭൂമി ഫലഭൂയിഷ്ഠമാകുന്നതും, അതിനെ കൃഷിയ്ക്കൊരുക്കുന്നതും സമൃദ്ധമായ വിളവും മൃഗസമ്പത്തും ലഭിക്കുന്നതും എല്ലാം മനോഹരമായ കവിതയായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ദൈവം തന്നെയാണ് ഭൂമി ഒരുക്കുന്നതും ഉഴവുചാലുകളെ നനയ്ക്കുന്നതും കട്ടയുടച്ചുനിരത്തുന്നതും മഴവർഷിച്ച് അതിനെ കുതിർക്കുന്നതും. അതുകൊണ്ട്, ദൈവത്തിന്റെ രഥത്തിന്റെ ചാലുകൾ പുഷ്ടി പൊഴിക്കുന്നു എന്ന സങ്കീർത്തകന്റെ വാക്കുകൾക്ക് ഇനി വിശദീകരണമാവശ്യമില്ല. ദൈവം ഭൂമിയെ സന്ദർശിച്ച് അതിൻമേൽ പുഷ്ടി പൊഴിക്കുമ്പോൾ താഴ്വരകൾ മാത്രമല്ല, മരുപ്രദേശങ്ങൾപോലും സമൃദ്ധി ചൊരിയുന്നു. അപ്പോൾ, ഭൂമിമുഴുവനും ആനന്ദമുണ്ടാകുന്നു.

**വിചിന്തനം:** ഇസ്രായേലിന്റെ ദൈവസങ്കല്പത്തെ വെളിവാക്കുന്ന ഒരു സങ്കീർത്തനമാണിത്. സീയോനിൽ വസിക്കുന്ന ദൈവം തങ്ങളുടെ സ്വന്തം ദൈവമാണെന്നും, തങ്ങൾ ദൈവത്തിന്റെ സ്വന്തം ജനമാണെന്നും വിശ്വസിക്കുമ്പോൾത്തന്നെയും അവരുടെ ദൈവസങ്കല്പം ഇടുങ്ങിയതായിരുന്നില്ല. അവിടുന്നു ഭൂമി മുഴുവന്റെയും സ്രഷ്ടാവാണ്. ഉദയവും അസ്തമയവും അവിടുത്തെ പ്രവൃത്തിയാണ്. ഭൂമിയിൽ മഴപെയ്യിക്കുന്നതും അതിനെ സമ്പൽസമൃദ്ധിയണിയിക്കുന്നതും ദൈവമാണ്. ഇസ്രായേലിനു മാത്രം സമൃദ്ധിയും സന്തോഷവും നല്കുന്ന ദൈവമല്ല, ഭൂമിയിൽ എല്ലാവർക്കും എല്ലാറ്റിനും സമൃദ്ധി നല്കുകയും അവയെ സന്തോഷം കൊണ്ട് ആർത്തുപാടാൻ അനുവദിക്കുകയും ചെയ്യുന്നത് ദൈവമാണ്. ദുഷ്ടരുടെയും ശിഷ്ടരുടെയുംമേൽ മഴ വർഷിക്കുന്ന ദൈവത്തെക്കുറിച്ചാണ്

യേശുവും നമ്മെ പഠിപ്പിച്ചിട്ടുള്ളത്. എല്ലാവർക്കും നന്മ വരുത്തുന്ന ദൈവത്തോടുചേർന്ന് എല്ലാവരുടെയും സന്തോഷത്തിനായി, നന്മ യ്ക്കായി ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ ഈ സങ്കീർത്തനം നമ്മെ ആഹ്വാനം ചെയ്യുന്നു. നാം ചെയ്യുന്ന ഏതൊരു പ്രവൃത്തിയും നമ്മുടെ പ്രവൃത്തിയല്ല, അതു ദൈവ ത്തിന്റെ പ്രവൃത്തിയാണ്. അവിടുത്തെ രഥത്തിന്റെ ചാലുകൾ നമ്മുടെ പ്രവൃത്തികളിലുണ്ടാകാൻ അങ്ങനെ അവ നമുക്കു മാത്ര മല്ല, ഏവർക്കും പുഷ്ടി പൊഴിക്കുന്നതാകാൻ നമുക്ക് പ്രാർത്ഥി ക്കാം.

## സങ്കീർത്തനം 69: ദൈവദാസന്റെ സഹനങ്ങൾ

മുൻസങ്കീർത്തനത്തെപ്പോലെ ഒരു നീണ്ട സങ്കീർത്തനമാണെ ങ്കിലും ഇതി ന്റെ പാഠവിമർശനം അത്ര സങ്കീർണ്ണമല്ല. ഇത് ഒരു വിലാപകീർത്തനമാണെന്നു വളരെ എളുപ്പം മനസ്സിലാക്കാം. ദൈവ ത്തിന്റെ ദാസന്റെ സഹനങ്ങളാണ് ഇതിലെ പ്രതിപാദ്യവിഷയം. ദാവീദിന്റെ സങ്കീർത്തനമാണോ എന്നതിനെക്കുറിച്ച് അനുകൂലാ ഭിപ്രായങ്ങളൊന്നും ഉണ്ടായിട്ടില്ല. മാത്രവുമല്ല, അവസാനവാക്യ ങ്ങൾ (34–35) ബാബിലോണിയൻ പ്രവാസകാലത്തെ സൂചിപ്പിക്കു ന്നുവെന്നതും ഇതിന്റെ കർതൃത്വത്തെയോ കാലത്തെയോ ദാവീദു മായി ബന്ധപ്പെടുത്തുന്നതിനെതിരായി സാക്ഷ്യം നല്കുന്നു. പുനഃനിർമ്മിതമായ ദേവാലയത്തിന്റെ സൂചന 9-ാം വാക്യത്തിൽ കാണുന്നുവെന്നതും ഇതിന്റെ രചനയുടെ കാലം പ്രവാസാനന്തര കാലഘട്ടമാണെന്ന വാദത്തെ പിന്താങ്ങുന്നുണ്ട്. ഒരുപക്ഷേ, ബാബി ലോണിയൻ ആക്രമണത്തിൽ തകർന്ന ദേവാലയത്തിന്റെ പുനഃ നിർമ്മിതിക്കുവേണ്ടി മുൻകൈയെടുത്ത ഏതോ ഒരു ഭക്തന്റെ വിലാ പമായിരിക്കാം ഇതെന്നുള്ള അഭിപ്രായം സ്വീകാര്യമായിത്തോ ന്നുന്നു.

ഈ സങ്കീർത്തനത്തിന്റെ ഘടന അത്ര യ്ക്കു വ്യക്തമല്ലെങ്കിലും സഹനദാസന്റെ അപേക്ഷയും തന്റെ ദാരുണമായ അവസ്ഥയെ ക്കുറിച്ചുള്ള വിവരണവും, ശത്രുക്കളുടെ ഉപദ്രവത്തിന്റെ സ്വഭാവവും ദൈവസ്തുതിയും ഇതിനെ പല ഭാഗങ്ങളായി തിരിക്കാൻ സഹാ യിക്കുന്നുണ്ട്.

69:1–4 രക്ഷിക്കണമേ എന്നുള്ള അപേക്ഷയും അതിനുള്ള കാരണങ്ങളും

69:5–12 സങ്കീർത്തകന്റെ സഹനങ്ങൾ

69:13–29 ദൈവത്തിന്റെ ഇടപെടലിനായുള്ള യാചന

69:30–36 ദൈവത്തെ സ്തുതിക്കുമെന്നുള്ള വാഗ്ദാനം

**69:1–4,** രക്ഷിക്കണമേ എന്നു ദൈവത്തെ വിളിച്ചു വിലപിക്കുന്ന ഭക്തൻ ഉടൻതന്നെ രക്ഷിക്കപ്പെടേണ്ടതിന്റെ അടിയന്തിരസ്വഭാവം വളരെ കാവ്യാത്മകമായി ചിത്രീകരിക്കുകയാണ്. ജലവും ചേറും ഇവിടെ ശത്രുക്കളുടെ പ്രതീകങ്ങളാണ്. കാലുറയ്ക്കാത്ത ആഴവും, ജലത്തിന്റെ കവിഞ്ഞൊഴുകലും ചേറ്റിലാഴ്ന്നുപോകലും ശത്രുക്കളുടെ ഉപദ്രവമായിട്ടും അത് തന്റെ ജീവനെതിരായുള്ള ഭീഷണിയുമായിട്ടാണ് സങ്കീർത്തകൻ അവതരിപ്പിക്കുക. ദൈവത്തിനുവേണ്ടിയുള്ള കാത്തിരിപ്പു തുടരുന്നെങ്കിലും ദൈവത്തിന്റെ ഇടപെടൽ വൈകുന്നു എന്ന പരാതി മൂന്നാം വാക്യത്തിലുണ്ട്. ശത്രുക്കളുടെ എണ്ണത്തെക്കുറിച്ചും അവരുടെ തിന്മയെക്കുറിച്ചുമുള്ള വിവരണം (വാ. 4) 1–2 വാക്യങ്ങളിൽ പ്രതീകാത്മകവിവരണത്തെ ശരിവയ്ക്കുകയാണ്. ശത്രുക്കളാൽ ചുറ്റപ്പെട്ട് മരണത്തോളമെത്തിയ ദൈവഭക്തന് ആശ്രയം ദൈവം മാത്രമാണ്. അതുകൊണ്ട് അയാൾ ദൈവത്തെ വിളിച്ച് രക്ഷിക്കണമേ എന്നപേക്ഷിക്കുന്നു. ശത്രുക്കളുടെ ഉപദ്രവത്തെക്കുറിച്ചുമാത്രമല്ല, തന്റെ തെറ്റുകളെക്കുറിച്ചുള്ള അവബോധവും അയാൾക്കുണ്ട്. അതാണ് തുടർന്നുള്ള വാക്യങ്ങളിൽ കാണുക.

**69:5–12,** ശത്രുക്കളുടെ ഉപദ്രവങ്ങളെക്കുറിച്ചു ദൈവതിരുമുമ്പിൽ പരാതിപ്പെട്ട ദൈവഭക്തൻ തന്റെ തെറ്റുകളെന്തെന്നും ആത്മപരിശോധന നടത്തുന്നുണ്ട്. തന്റെ പാപവും ഭോഷത്തവും ദൈവതിരുമുമ്പിലുണ്ട് എന്നുവരികിലും, അവയുടെ ഫലമല്ല തന്റെ ശത്രുക്കളിൽനിന്നുള്ള ഈ സഹനം എന്ന കാര്യം അടുത്ത വാക്യങ്ങൾ വ്യക്തമാക്കുകയാണ്. ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ പ്രവർത്തിച്ചതും ഉപവസിച്ചതും ചാക്കുടുത്തു തന്നെത്തന്നെ എളിമപ്പെടുത്തിയതും തന്നെ പരിഹാസ്യനാക്കി (വാ. 9,10,11) എന്നു കേഴുന്നുണ്ട്. താൻ ചെയ്ത നന്മപ്രവൃത്തികളാണ്, ദൈവത്തെപ്രതി ചെയ്ത കാര്യങ്ങളാണ് തനിക്ക് അപമാനം വരുത്തിവച്ചതെന്നും അത് നീതിമാന്മാർക്ക് – ദൈവത്തിൽ പ്രത്യാശ വയ്ക്കുന്നവരും ദൈവത്തെ അന്വേഷിക്കുന്നവരും ആയവർക്ക് (വാ. 6)– ലജ്ജയും അപമാനവും ഉണ്ടാക്കിയേക്കാമെന്നും പറയുന്ന സങ്കീർത്തകൻ ദൈവതിരുമുമ്പിൽ തുറന്ന പുസ്തകമാവുകയാണ്. തന്റെ സഹോദരർക്കും (വാ. 8) ദൈവത്തെ നിന്ദിക്കുന്നവർക്കും, അതായത് വിജാതീയർക്കും (വാ. 9) നഗരകവാടത്തിലിരിക്കുന്നവർക്കും മദ്യപർക്കും എല്ലാം താൻ പരിഹാസ്യനായിത്തീർന്നു എന്നു തിരിച്ചറിയുന്നുണ്ടയാൾ. സ്വന്തക്കാരോ അപരിചിതരോ അയാൾ ചെയ്യുന്ന നന്മയെ അംഗീകരിക്കുന്നില്ല. അതുകൊണ്ട് വീണ്ടും കൂടുതൽ തീക്ഷ്ണത

യോടെ ദൈവത്തിന്റെ ഇടപെടലിനായി യാചിക്കുകയാണയാൾ. അതാണ് തുടർന്നുള്ള വാക്യങ്ങളിൽ നാം കേൾക്കുന്നത്.

**69:13–29,** ദൈവത്തിന്റെ കരുണ അഥവാ അചഞ്ചലസ്നേഹത്തിൽ അഭയം ഗമിച്ചുകൊണ്ടാണ് തന്റെ രക്ഷയ്ക്കുവേണ്ടി സങ്കീർത്തകൻ പ്രാർത്ഥിക്കുന്നത്. അങ്ങേയ്ക്ക് ഉചിതമെന്ന് തോന്നുമ്പോൾ മാത്രം പ്രാർത്ഥന കേട്ടാൽ മതി എന്നും കൂട്ടിച്ചേർക്കുവാൻ മാത്രം വിനയവും വിധേയത്വവും അയാൾ ക്കുണ്ട്. തന്റെ യോഗ്യതയാൽ അല്ല, അങ്ങയുടെ കരുണയാൽ താൻ രക്ഷിക്കപ്പെടണം എന്ന് പറയുന്ന സങ്കീർത്തകന്റെ നിഷ്ക്കളങ്കതയും സത്യസന്ധതയും ഈ സങ്കീർത്തനത്തിലുടനീളം പ്രതിദ്ധ്വനിക്കുന്നുണ്ട്. ഈ ഭാഗത്ത് ദൈവത്തിന്റെ കരുണയും അനുകമ്പയും സൂചിപ്പിക്കാൻ *ഹെസെദ്* എന്ന പദം രണ്ടുപ്രാവശ്യവും *റഹം* എന്ന പദം ഒരു പ്രാവശ്യവും ഉപയോഗിച്ചിരിക്കുന്നത് തന്റെ രക്ഷയിൽ ദൈവത്തിന്റെ അനുകമ്പയ്ക്കും കരുണയ്ക്കുമുള്ള സ്ഥാനം എടുത്തുകാണിക്കുന്നു. ദൈവം തന്റെ മുഖം മറച്ചിരിക്കുന്നതുകൊണ്ടാണ് കഷ്ടതകൾ വരുന്നത് എന്ന പൊതുവായ വിശ്വാസമാണ് സങ്കീർത്തകനുമുള്ളത്. 20–21 വാക്യങ്ങൾ കഷ്ടതയുടെ ആധിക്യത്തെ വെളിപ്പെടുത്തുന്നു. ആശ്വസിപ്പിക്കാനാരുമില്ലാത്ത, സഹതപിക്കുവാനാരുമില്ലാത്ത, അതിനെക്കാളുപരിയായി ഭക്ഷണമായി വിഷവും ദാഹജലമായി വിനാഗിരിയും ലഭിക്കുന്ന ദുരിതപൂർണ്ണമായ അവസ്ഥയെ പുതിയ നിയമത്തിലെ ക്രിസ്തുവിന്റെ സഹനത്തോട് ബന്ധപ്പെടുത്തിക്കാണാവുന്നതാണ് (മത്താ 27:34). ശത്രുക്കൾക്കെതിരേ ദൈവം പ്രവർത്തിക്കേണ്ടതിനായി (22–28) ഒന്നൊന്നായി ഏറ്റുപറയുന്ന കാര്യങ്ങൾ ഇസ്രായേൽ വിശ്വാസത്തിന്റെ ഭാഗമാണ്. ദൈവത്തിന്റെ ഭക്തർക്കെതിരേ വിധി നടപ്പാക്കുന്നത് ദൈവനീതിയുടെ ഭാഗമാണെന്നു വിശ്വസിക്കുന്ന യഥാർത്ഥ ഇസ്രായേൽക്കാരനാണ് അപേക്ഷകൻ. കെണിയായിത്തീരുന്ന ഭക്ഷണം, ശാരീരിക വൈകല്യങ്ങൾ, അന്യംനിന്നുപോകുന്ന താവളങ്ങളും കൂടാരങ്ങളും, കൂടാതെ ശിക്ഷയ്ക്കുമേൽ ശിക്ഷയും കൂടി ശത്രുക്കൾക്ക് നല്കണമേ എന്നു പ്രാർത്ഥിക്കുവാൻ സങ്കീർത്തകൻ മടിക്കുന്നില്ല. ഇപ്രകാരം പ്രാർത്ഥിക്കുന്ന സങ്കീർത്തകൻ, പക്ഷേ, തന്റെ രക്ഷയ്ക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടാണ് ഈ ഭാഗം അവസാനിപ്പിക്കുന്നത്.

**69:30–36,** ഈ ഭാഗത്ത് സങ്കീർത്തകന്റെ ഭാവനില മാറുകയാണ്. ദൈവത്തിന്റെ രക്ഷ വൈകുകയില്ലെന്ന് ഉറപ്പായി വിശ്വസിക്കുന്ന അയാൾ ദൈവത്തിനു ഉചിതമായ കൃതജ്ഞത അർപ്പിക്കുമെന്ന വാഗ്ദാനം ചെയ്തുകൊണ്ട് ദൈവത്തെ സ്തുതിക്കുന്നു. പീഡി

തർക്കും ദൈവത്തെ അന്വേഷിക്കുന്നവർക്കും സങ്കീർത്തകനർപ്പിക്കുന്ന കൃതജ്ഞതാബലി സന്തോഷമേകുന്ന സുവിശേഷമാണ്. സീയോനെക്കുറിച്ചുള്ള സ്വപ്നങ്ങൾ പങ്കുവച്ചുകൊണ്ടവസാനിപ്പിക്കുന്ന ഈ സങ്കീർത്തനം തകർന്നുകിടക്കുന്ന സീയോനെയും ദേവാലയത്തെയും പശ്ചാത്തലമാക്കി എഴുതിയതാണെന്നു വ്യക്തമാക്കുന്നുണ്ട്.

**വിചിന്തനം:** ദൈവത്തിന്റെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണതയും മടികൂടാതെ ആചരിക്കുന്ന ഭക്തകാര്യങ്ങളും മറ്റുള്ളവരുടെ പരിഹാസത്തിനും പീഡനത്തിനും കാരണമാകുന്നതായിട്ട് സങ്കീർത്തകൻ വിവരിക്കുന്നുണ്ട്. തന്റെ യോഗ്യതയിലാശ്രയിക്കാതെ ദൈവത്തിന്റെ കരുണയിൽ മാത്രം ആശ്രയിച്ചുകൊണ്ട് ദൈവികസഹായത്തിനായി കേഴുന്ന ഭക്തനായ സങ്കീർത്തകൻ നന്മചെയ്തിട്ട് സഹനങ്ങളേൽക്കേണ്ടിവരുന്നവർക്ക് മാതൃകയാണ്. ദുഷ്ടരുടെ തിന്മ പ്രവൃത്തികളെ അക്കമിട്ടുനിരത്തുകയും അവരുടെ നാശത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടെങ്കിലും പ്രതികാരം താൻതന്നെ ചെയ്യുന്നതിനുള്ള ഒരു ഉദ്ദേശവും അയാളുടെ മനസ്സിലില്ല. മാത്രവുമല്ല, സങ്കീർത്തകൻ ഉച്ചരിക്കുന്ന പ്രാർത്ഥനയുടെയും വിലാപത്തിന്റേതുമായ വചനങ്ങൾ പുതിയ നിയമത്തിനും സ്വീകാര്യമായിട്ടുണ്ടെന്നു കാണാം. അങ്ങയുടെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞുഎന്ന വാക്കുകൾ രക്ഷകനായ യേശു വിൽ ഫലമണിയുന്നതു നാം കാണുന്നുണ്ട് (യോഹ 2:17). ദേവാലയമായ തന്റെ ശരീരത്തെക്കുറിച്ചും യേശു കൂട്ടിച്ചേർക്കുന്നുണ്ട്. എന്തുക്ലേശം സഹിച്ചും ദൈവത്തിന്റെ ആലയമാകുന്ന ഈ ലോകത്തെയും ഓരോ വ്യക്തിയെയും വിശുദ്ധിയിലും ദൈവസാന്നിദ്ധ്യത്തിലും കാത്തുസൂക്ഷിക്കുവാൻ ഈ സങ്കീ ർത്തനം നമ്മെ ഓർമ്മിപ്പിക്കുന്നു.

## സങ്കീർത്തനം 71: വാർദ്ധക്യത്തിലെ പ്രാർത്ഥന

ഇത് വ്യക്തിയുടെ വിലാപമാണ്. ശീർഷകങ്ങൾ മൂലത്തിൽ ഇല്ലെങ്കിലും ഗ്രീക്കു തർജ്ജമയിൽ കാണുന്നുണ്ട്. ഇതിന് 22,31,35,40 സങ്കീർത്തനങ്ങളോട് സാമ്യമുണ്ട്. വൃദ്ധനായ സങ്കീർത്തകൻ മരണാപകടത്തിലാണ് (വാ. 8,17,20). ശത്രുക്കൾ സങ്കീർത്തകന്റെ ജീവനെ അന്വേഷിക്കുന്നു. (വാ. 4,10). എന്നാൽ സങ്കീർത്തകൻ ദേവാലയത്തിൽ അഭയം തേടുന്നു (വാ. 1) വിപ്രവാസത്തിനുശേഷമുള്ള സങ്കീർത്തനമാണിത്.

**71:1–8,** സങ്കീർത്തകൻ ദേവാലയത്തിൽ അഭയം തേടിയിരിക്കുകയാണ് (സങ്കീ 11:1; 16:1; 18:2,30; 15:20). കുറ്റമാരോപിക്കുന്ന ശത്രുക്കളുടെ മുമ്പിൽ ദൈവസഹായം അപേക്ഷിക്കുകയാണ്. പീഡിതന്റെ അപകടകരമായ സ്ഥിതി 4-ാം വാക്യത്തിൽ കാണാം. ദൈവകോപത്തിന്റെയും ഭയത്തിന്റെയും ഒരടയാളമായി തീർന്നിരിക്കുകയാണ് സങ്കീർത്തകൻ (വാ. 7; ജോയേ 3:20; നിയ 28:46; സങ്കീ 31:11). എന്നാൽ കർത്താവാണ് സങ്കീർത്തകന്റെ ശക്തമായ അഭയം. കർത്താവിന് സ്തുതിയും മഹത്വവും ഇവിടെ ആരംഭിക്കുകയാണ് (വാ.8).

**71:9–16,** വാർദ്ധക്യത്താൽ ശക്തി ക്ഷയിച്ച സങ്കീർത്തകൻ ശത്രുക്കൾക്കെതിരായി സഹായമപേക്ഷിക്കുകയാണ് (സങ്കീ 22:11; 38:21; ഉൽപ 21:15; ജറെ 38:9,9; എസെ 16:5). സങ്കീർത്തകൻ പീഡിപ്പിക്കുന്നവരുടെ പദ്ധതികൾ കർത്താവിനെ അറിയിക്കുന്നു (വാ. 10–11). തന്റെ ദയനീയസ്ഥിതിയിൽ സങ്കീർത്തകൻ നിലവിളിക്കുന്നു (12–13). ദൈവത്തിലുള്ള ശരണത്തിന്റെയും ദൈവസ്തുതിയുടെയും വാക്യങ്ങളാണ് 14–16 വാക്യങ്ങളിൽ. ഒപ്പം സങ്കീർത്തകൻ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങളെ പ്രകീർത്തിക്കുന്നു.

**71:17–24,** കർത്താവിന്റെ അത്ഭുതങ്ങൾ പ്രഘോഷിക്കാൻ ഗാനങ്ങൾ രചിക്കുന്നവനായിട്ടാണ് സങ്കീർത്തകനെ മനസ്സിലാക്കുക (വാ. 17). ഏറ്റവും പുരാതനമായ സ്തുതിപ്പുകളും ഗാനരീതികളും പ്രാർത്ഥനയും സങ്കീർത്തകന് വശമാണ്. വാർദ്ധക്യത്തിന്റെ വലിയ സഹനങ്ങൾപോലും സങ്കീർത്തകനെ കർത്താവിൽനിന്ന് അകറ്റുകയില്ല (വാ. 18). കർത്താവിന്റെ അത്ഭുതങ്ങൾ തുടർന്ന് വിവരിക്കും. ഇസ്രായേലിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദൈവം സങ്കീർത്തകനെയും മരണത്തിന്റെ തലത്തിൽനിന്നും രക്ഷിക്കും. പുരാതനവിശ്വാസം അനുസരിച്ച് ഭൂമിയുടെ ആഴത്തിലൂടെയാണ് പാതാളത്തിലേക്ക് പ്രവേശിക്കുക. അവ മരണത്തിന്റെ തലങ്ങളാണ്. മരണാപകടം മുന്നിൽ കാണുന്ന സങ്കീർത്തകന് ദൈവം രക്ഷിക്കുമെന്ന് തീർച്ചയുണ്ട്. കർത്താവ് സങ്കീർത്തകന്റെ അഭിമാനം പുനഃസ്ഥാപിക്കുമ്പോൾ, കുറ്റം ആരോപിക്കുന്നവരെ ലജ്ജിപ്പിക്കുമ്പോൾ, സങ്കീർത്തകനെ സമാശ്വസിപ്പിക്കുമ്പോൾ, സ്തുതികൾ ആരംഭിക്കുകയായി. വൃദ്ധന്റെ ജീവിതം ദൈവസ്തുതികൊണ്ട് നിറഞ്ഞതാണ്; ജീവിതകാലം മുഴുവനും ദൈവത്തിന്റെ വലിയ പ്രവർത്തനങ്ങളെ നിരന്തരം പ്രകീർത്തിച്ചിരുന്നു. പക്ഷേ, വാർദ്ധക്യത്തിന്റെ സഹനങ്ങൾ വന്നു ഭവിച്ചിരിക്കുകയാണ്. സഹിക്കുന്ന സങ്കീർത്തകനെ ജനം പീഡിപ്പിക്കുന്നു; കുറ്റാരോപണവും നടത്തുന്നു. എന്നാൽ ദൈവത്തിന്റെ സംരക്ഷണവലയത്തിൽനിന്ന് സ്തുതിയും

പ്രത്യാശയും ശരണവും ഉയരുകയാണ്. വാർദ്ധക്യത്തിലും സങ്കീർത്തകൻ സ്തുതിയുടെ കരുത്തിൽ മുന്നേറുന്നു.

**വിചിന്തനം:** 1-8, ദൈവത്തിലുള്ള അചഞ്ചലമായ ശരണവും അഭയവും ജീവിതായോധനത്തിലെ കരുത്തുറ്റ ആയുധമാണ്. തുടർച്ചയായ ദൈവികസംസർഗ്ഗവും ചിന്തകളും നിരന്തരമായ വിശ്വാസ പ്രകരണങ്ങളോടും പ്രാർത്ഥനയോടും ചേർന്നു പോകുന്നതാണ്. ദുഷ്ടരിൽ നിന്നും അനീതിയിൽ നിന്നും ക്രൂരതയിൽ നിന്നും രക്ഷിക്കപ്പെടുവാൻ പ്രാർത്ഥിക്കണം. ദൈവം മാത്രമാണ് തിന്മയിൽ നിന്ന് നമ്മെ പൂർണ്ണമായി രക്ഷിക്കുക. നമ്മുടെ യുദ്ധലക്ഷ്യം തെറ്റാണെങ്കിൽ അതുപേക്ഷിച്ച് കർത്താവിനോടു മാപ്പിരക്കാം. നീതിക്കും സത്യത്തിനും വേണ്ടിയാണെങ്കിൽ ഭയം കൂടാതെ പടയണി ചേരാം, കർത്താവിന്റെ സഹായം വിളിച്ചപേക്ഷിക്കാം, അവിടുത്തോട് ആവലാതിപ്പെടാം. നമ്മുടെ ജനനത്തിലും ജീവിതത്തിലെ ഓരോ നിമിഷത്തിലുമുള്ള ദൈവപരിപാലന ഓർത്ത് നമുക്ക് ദൈവത്തെസ്തുതിക്കാം.

9-16, മതാത്മകതയും ഭക്തിയും വാർദ്ധക്യത്തിൽ നേടിയെടുക്കാൻ പറ്റില്ല. ചെറുപ്രായത്തിലെ ദൈവഭക്തിയും വിശ്വാസവും സ്നേഹവും പ്രത്യാശയും വാർദ്ധക്യത്തിൽ 30-ഉം 60-ഉം നൂറുമേനിയും വിളവു നൽകുന്നു. നല്ല പ്രായത്തിൽ സ്രഷ്ടാവിനെ സ്നേഹിച്ച് സേവിക്കുക. എന്നാൽ കർത്താവിനെ സ്നേഹിക്കുന്നവരെ അവിടുന്ന് ശിക്ഷിക്കുകയും ശാസിക്കുകയും ചെയ്യുന്നു 'എന്റെ ദൈവമേ,... എന്തുകൊണ്ട് എന്നെ നീ ഉപേക്ഷിച്ചു' എന്ന യേശുവിന്റെ കുരിശിലെ പ്രാർത്ഥന ഓർക്കുക. നമ്മുടെ ആയുസ്സ് വർദ്ധിക്കുന്നതനുസരിച്ച് ദൈവസ്തുതിയിൽ വളരാം. നമ്മുടെ കഴിവും ദൈവത്തിനുവേണ്ടി സഹിക്കാനുള്ള കഴിവും ദൈവത്തിലും ദൈവത്തിൽ നിന്നുമാണ്. ദൈവത്തിന്റെ മഹത്വവും ശക്തിയും സ്നേഹവും ജ്ഞാനവും പരിശുദ്ധിയും നീതിയും കാരുണ്യവും മറ്റൊന്നിനോടും താരതമ്യപ്പെടുത്താവുന്നതല്ല.

17-24, കർത്താവിനാൽ പഠിപ്പിക്കപ്പെടുന്നവനും അവിടുത്തെ സഹായത്തോടെ എല്ലാ ചുമതലകളും നിർവ്വഹിക്കുന്നവനും ഭാഗ്യവാനാകുന്നു. നല്ല പ്രായത്തിലെ ഭക്തി വാർദ്ധക്യത്തിൽ ഉറപ്പായ തുണയാണ്. ദൈവത്തിന് കരകയറ്റാൻ സാധിക്കാത്ത ദുഃഖവും വേദന യും അവശതയും ഇല്ലെന്നു ഗ്രഹിക്കുക. ഒന്നിലും സന്തോഷം തോന്നാത്ത, പ്രകാശം ഇരുളാകുന്ന, ഉറക്കം കുറയുന്ന, നടക്കുമ്പോൾ കൂനിപോകുന്ന, ജീവിതമാകുന്ന വെള്ളിച്ചരട് പൊട്ടാൻ തുടങ്ങുന്ന വാർദ്ധക്യത്തിൽ പരമപരിശുദ്ധനെ പാടിപ്പുകഴ്ത്തുക.

# സങ്കീർത്തനം 73: ദുഷ്ടന്റെ ഐശ്വര്യം

ആസാഫിന്റെ സങ്കീർത്തനം

ജ്ഞാനസാഹിത്യരൂപത്തിൽപ്പെട്ടതാണ് ഈ സങ്കീർത്തനം. ഇതിന് 37:49 സങ്കീർത്തനങ്ങളോട് സാമ്യമുണ്ട്. സങ്കീർത്തകൻ തീവ്രമായി പീഡിപ്പിക്കപ്പെടുകയാണ്. അതേ സമയം ദുഷ്ടൻ ഐശ്വര്യത്തികവിലാണ്. ഇത് സങ്കീർത്തകന്റെ ദൈവത്തിലുള്ള ആശ്രയത്തെ ഉലയ്ക്കുന്നു. എന്തുകൊണ്ട് നീതിമാൻ സഹിക്കണം, ദുഷ്ടൻ അഭിവൃദ്ധിപ്രാപിക്കണം? അസഹനീയമായ വേദനയിൽ സങ്കീർത്തകൻ ദേവാലയത്തിൽ അഭയം തേടുന്നു. അവിടെ വച്ചാണ് ദുഷ്ടന്റെ അന്ത്യം എന്താണെന്നും നീതിമാന് എന്തു ലഭിക്കുമെന്നും അറിയുന്നത്. 'ആസാഫിന്റെ സങ്കീർത്തനം' എന്ന ശീർഷകം 50:73–83, സങ്കീർത്തനങ്ങളിൽ കാണുന്നു. മൂന്നു പ്രധാന പാട്ടുകാരിൽ ഒരാളാണ് അദ്ദേഹം. ഹേമാനും ഏത്താ നുമാണ് മറ്റുള്ളവർ. (1 ദിന 15:16; 15:19; 25:1). സംഗീതോപകരണങ്ങളുടെ സഹായത്തോടെ അവർ പ്രവചിക്കുന്നു. ആസാഫും കൂട്ടരുമാണ് വാഗ്ദാനപേടകത്തിന്റെ മുമ്പിൽ ശുശ്രൂഷ ചെയ്തിരുന്നത് (1 ദിന 16:4–5; 2 ദിന 29:30; നെഹ 12:46).

**73:1,** ദൈവത്തിന്റെ നിസ്സീമമായ നന്മ കൃതജ്ഞതയോടെ പ്രഘോഷിച്ചുകൊണ്ടാണ് സങ്കീർത്തനം സമാരംഭിക്കുന്നത്. സങ്കീർത്തനത്തിന്റെ പ്രധാന ആശയവും ജീ വിതപ്രശ്നങ്ങൾക്കുള്ള ഉത്തരവും ഇതിലുണ്ട്. ദുഷ്ടന്റെ ഐശ്വര്യം കണ്ട് വിഷമിക്കുന്നവർ ഒരു കാര്യം ഓർക്കണം, ദൈവം നന്മ മാത്രമേ നീതിമാന്റെമേൽ ചൊരിയു കയുള്ളൂവെന്ന് (സങ്കീ 24:4; 34:8). നിർമല ഹൃദയർ ഈ കാര്യത്തിൽ സംശയിക്കേണ്ട (വാ. 1,7,13,21,26). ജീവിതത്തിന്റെ സഹനാനുഭവത്തി നിന്ന് ഉരുത്തിരിഞ്ഞ രക്ഷാകര യാഥാർത്ഥ്യമാണ് ഇത്. ജീവിതം മുഴുവനിലും, ഭാവിയിലേക്കും ബാധകമായ അചഞ്ചലമായ സത്യമാണിത്.

**73:2,** ദൈവത്തിന്റെ അന്തമായ നന്മയെ ചോദ്യംചെയ്യുന്ന പ്രലോഭനങ്ങളാണ് ഇവിടെ ആരംഭിക്കുന്നത്. സങ്കീർത്തകന്റെ കാലുകൾ ഇടറിയില്ല, ഇടറാൻ ഭാവിച്ചു. പാദങ്ങൾ വഴുതിയില്ല, വഴുതാൻ തുടങ്ങി എന്നു മാത്രം. ദൈവം നാശം അനുവദിച്ചില്ല. അവിടെയാണ് ദൈവത്തിന്റെ നന്മ തെളിഞ്ഞു പ്രകാശി ക്കുന്നത്.

**73:3–9,** ദൈവനന്മയെ ചോദ്യംചെയ്യാൻ പ്രേരിപ്പിച്ച കാരണങ്ങൾ പറയുകയാണ്. ദൈവ നിഷേധികളുടെ ഐശ്വര്യം, അവരുടെ ആ

രോഗ്യവും വേദനകളില്ലാത്ത ജീവിതവും, അവർക്ക് മനുഷ്യസഹജമായ കഷ്ടപ്പാടുകളില്ല, അവർ പീഡിപ്പിക്കപ്പെടുന്നുമില്ല, അഹങ്കാരികളായ അവർ തിന്മ വിചാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു, പരിഹാസവും ഭീഷണിയും മനുഷ്യർക്കും സ്വർഗ്ഗത്തിനും എതിരായി അവർ നടത്തുന്നു.

**73:10–12,** ഈ ദുഷ്ടന്മാർ ജീവിതത്തിൽ വിജയിക്കുന്നു. അവരുടെ വാക്കു കേൾക്കാൻ ആളുകളുണ്ട്. ലോകത്തിലെ കാര്യങ്ങൾ ശ്രദ്ധിക്കാനും പ്രതികരിക്കാനും ദൈവം കൂട്ടാക്കാറില്ല എന്നാണ് അവർ അഭിപ്രായ പ്പെടുന്നത് (ഏശ 29:15; എസെ 8:12; സങ്കീ 10:11; 94:9). ഇവരുടെ സ്തുതിയിലും ഇവർ അത്യുന്നതനായ ദൈവത്തിന്റെ പ്രവർത്തനങ്ങളെ ചോദ്യം ചെയ്യുന്നതിലും സങ്കീർത്തകന് അമർഷമുണ്ട്.

**73:13–16,** ദൈവകല്പന പാലിക്കാത്ത ദുഷ്ടർക്ക് ഐശ്വര്യവും ജീവിതവിജയവും ഉണ്ട്. എന്നാൽ, നിഷ്കളങ്കതയിലും നിർമ്മലതയിലും ജീവിച്ച സങ്കീർത്തകനോ പീഡയും ഞെരുക്കവും. എവിടെയാണ് ദൈവത്തിന്റെ നന്മ? സങ്കീർത്തകന്റെ സഹനത്തിനു കാരണം തന്റെ കുറ്റമല്ല എന്നു കാണിക്കുവാൻ കൈകൾ കഴുകി നിരപരാധിത്വം ഏറ്റുപറയു കയാണ് (സങ്കീ 24:4; 26:6; 17:3). സഹനമാണോ അനുസരണയ്ക്കുള്ള ദൈവത്തിന്റെ സമ്മാനം? ദൈവത്തിന്റെ പ്രവർത്തികളുടെ പൊരുൾ ഗ്രഹിക്കാൻ മനുഷ്യനു പ്രയാസമാണ്, ക്ലേശകരമാണ്.

**73:17–22,** സങ്കീർത്തകൻ ഉത്തരത്തിനായി ദൈവസാന്നിധ്യത്തിന്റെ സ്ഥലമായ ദേവാലയത്തിലേക്ക് പ്രവേശിക്കുന്നു (സങ്കീ 68:35; എസെ 21:7; 28:18). ദുഷ്ടന്റെ ഐശ്വര്യം എന്നും നിലനിൽക്കുമോ? നീതിമാന്റെ സഹനത്തിന് അവസാനമില്ലേ? എല്ലാം വിശദീകരിക്കുന്ന ഉത്തരമെല്ലാം ഏതാണ്? (വിലാ 1:9; നിയമ 32:28; ഏശ 47:7). ജീവിതത്തിന്റെയും ചരിത്രത്തിന്റെയും വൈരുദ്ധ്യങ്ങൾക്കു ആധാരമായ സത്യം എന്താണ്? ദുഷ്ടർ തെന്നുന്ന സ്ഥലത്താണ് നിൽക്കു ന്നത്. ഏതു നിമിഷവും മാരകമായി നിലംപതിക്കാം. അവരുടെ ഐശ്വര്യം നൈമിഷികമാണ്. എല്ലാം സ്വപ്നംപോലെ അവസാനിക്കും. അഹങ്കാരത്തിന്റെ ലോകം അസ്തമിക്കുന്നു. ഇത് പ്രവചനപരമായ ഒരു ഉൾക്കാഴ്ചയാണ്. ജീവിതത്തിന്റെ ഭാരിച്ച പ്രശ്നങ്ങളെയാണ് 21–22 വാക്യങ്ങളിൽ വിവരിക്കുന്നത്. ഇതിനുള്ള ഉത്തരമാണ് സങ്കീർത്തകൻ ദേവാലയത്തിൽ കണ്ടെത്തിയത്.

**73:23–25,** എന്നാൽ ദൈവത്തിന്റെ സാന്നിധ്യം ഉള്ള ദേവാലയത്തിൽ സങ്കീർ ത്തകൻ എന്നും ദൈവത്തോടുകൂടെയാണ്. ദൈവം വലതുകൈകൊണ്ട് സങ്കീർത്തകനെ പിടിച്ചിരിക്കുന്നു. ഇത് രാജകീയവും ബഹുമാന പുരസ്സരവുമായ അവസ്ഥയാണ്. ദൈവം രാജാവിന്റെ കൈക്കുപിടിച്ചു നടത്തുന്നു (ഏശ 45:1). ഇത് ദൈവവും ദൈവദാസനു മായുള്ള ഐക്യം കാണിക്കുന്നതാണ് (42:6). ഇസ്രായേലും യാഹ്‌വേയുമായിട്ടുള്ള കൂട്ടായ്മയും കാണിക്കുന്നു (41:13). സങ്കീർത്തകൻ അനുഭവിക്കുന്ന എല്ലാ അനീതികളിലും ദൈവംതന്നെയാണ് സങ്കീർത്തകനെ നയിക്കുന്നത്. മനുഷ്യ ബുദ്ധിയെ അതിശയിക്കുന്ന അവിടുത്തെ പദ്ധതിയനുസരിച്ച് അവിടുന്ന് എല്ലാം നടത്തുന്നു (58:8). വേദന സഹിക്കുന്നവൻ തന്റെ മഹത്വപൂർണ്ണമായ ലക്ഷ്യ ത്തിലേക്കാണ് കടന്നുപോകുന്നത് (ഉൽപ 5:24; 2 രാജ 2:1; സങ്കീ 49:15). എനോക്കും ഏലിയായും ഇപ്രകാരം മഹത്വത്തിലേക്ക് എടുക്കപ്പെട്ടവരാണ്. കാരണം അവർ ദൈവ ത്തോടുകൂടെ നടന്നിരുന്നു (ഉൽപ 5:24). ശാരീരികമായ മരണത്തിനു, ദൈവവുമായുള്ള ഐക്യം തകർക്കാൻ സാധി ക്കുകയില്ല. കാണുന്നതനുസരിച്ച് ആരുടെയും ജീവിതത്തെ വിധി ക്കാൻ സാധിക്കുകയില്ല എന്നതാണ് സത്യം. അന്ത്യം ദൈവത്തിന്റെ പ്രവർത്തനത്തിന് വിധേയമാണ്. സ്വർഗ്ഗത്തിലും ഭൂമിയിലും ദൈവം മാത്രമാണ് മനുഷ്യന് അഭികാമ്യവുമായിട്ടുള്ളത്. ലൗകിക ഐശ്വര്യത്തിനുപുറമെ പോകേണ്ടതില്ല.

**73:26,** എല്ലാ ഭൗതീകാനുഗ്രഹങ്ങളും സ്വന്തം ജീവൻ തന്നെയും ക്ഷയിച്ചുപോകാം, നശിച്ചു പോകാം, അപ്രത്യക്ഷമാകാം. ദൈവ വുമായിട്ടുള്ള കൂട്ടായ്മയാണ് പരമ പ്രധാനം. കർത്താവാണ് എന്റെ ഓഹരിയും എന്റെ ജീവിതത്തിന്റെ അടിസ്ഥാനവും (സങ്കീ 15:5; 18:2; 16:5–6; നിയമ 10:9; സംഖ്യ 18:20).

**73:27–28,** ദൈവവിശ്വാസം കളഞ്ഞുകുളിച്ച ദുഷ്ടൻ നശിച്ചു പോകുന്നു എന്നാൽ നീതിമാൻ നന്ദിയോടെ ദൈവത്തെ സ്തുതിച്ചു കൊണ്ട് അവിടുന്നുമായുള്ള ഐക്യത്തിൽ നിത്യം ജീവിക്കുന്നു.

ഈ സങ്കീർത്തനത്തിൽ മുഴങ്ങിക്കേൾക്കുന്ന ശബ്ദമിതാണ്: ഞാൻ ദൈവത്തിന്റേ താണോ? ദൈവം എന്റെ അനുസരണയ്ക്കും ശരണത്തിനും ഉത്തരം നൽകുന്നുണ്ടോ? ദൃശ്യലോകം ദൈവ ത്തിന്റെ നീതിക്ക് എതിരായ സാക്ഷ്യം നൽകുന്നു. എന്നാൽ സങ്കീർ ത്തകൻ ഇങ്ങനെ ആരോപിക്കുന്നവരോട് കൂട്ടുചേരുന്നില്ല; കർത്താവിന്റെ സാന്നിധ്യത്തിൽ അഭയം തേടുന്നു. അവിടെ യാണ് ദൈവത്തിന്റെ അന്തിമമായ സത്യം വെളിപ്പെടുത്തപ്പെടുന്നത്.

എല്ലാം നഷ്ടപ്പെട്ടാലും സങ്കീർത്തകൻ ദൈവത്തിന്റേതാണ്; ദൈവമാണ് സങ്കീർത്തകന്റെ ജീവന്റെ ഉറവിടം, മരണം സംഭവിച്ചാൽപോലും ദൈവത്തിന്റെ ശക്തിക്ക് മരണം പ്രതിബന്ധമല്ല.

പുതിയനിയമ വെളിച്ചത്തിൽ ക്രിസ്ത്യാനികൾ യേശുക്രിസ്തുവിൽ എല്ലാ സഹനങ്ങളെയും മരണത്തെപ്പോലും അതിജീവിച്ച് ദൈവവുമായി ഐക്യപ്പെട്ട് ജീവിക്കുന്നു (റോമ 8:35-39).

**വിചിന്തനം:** 1, നിർമ്മലഹൃദയരും നീതി പ്രവർത്തിക്കുന്നവരും ഒരിക്കലും കർത്താവിന്റെ നന്മയെ സംശയിക്കരുത്. കല്ലുകളിൽ നിന്ന് അബ്രാഹത്തിന്റെ സന്തതികളെ ജനിപ്പിക്കാൻ കരുത്തുള്ളവന്റെ ശക്തിയിൽ വിശ്വാസം അർപ്പിക്കണം.

2, ഏറ്റവും ഉറച്ച വിശ്വാസിക്കും പരീക്ഷണങ്ങളും പ്രതിസന്ധികളും പ്രലോഭനങ്ങളും ഉണ്ടാവാം (റോമ 11:20; 1 കോറി 10:12; 1 പത്രോ 4:18). ദൈവത്തിന്റെ പരിപാലനയിൽ മനുഷ്യനു ഗ്രഹിക്കാൻ സാധിക്കാത്ത നിഗൂഢത ഉണ്ടെന്ന് മറന്നുപോകരുത് (ഉൽപ 42:36; ജോബ് 27:7-15; ജെറെ 12:1-2) കഥയുടെ പകുതിയാകുമ്പോൾ കാര്യം മനസ്സിലാകുന്നില്ല, ജീവിത മധ്യാഹ്നത്തിൽ സായാഹ്നത്തിലെ സ്ഥിതി അറിയാൻ പറ്റില്ല. യാത്ര പകുതിയാകുമ്പോൾ ലക്ഷ്യത്തിൽ എത്തിച്ചേരാൻ ആർക്കും സാധിക്കുകയില്ല.

3-9, ദുഷ്ടന്റെ ഐശ്വര്യവും അഹങ്കാരവും ആരോഗ്യവും അക്രമവും പരിഹാസവും ദുഷ്ടതയും ദൂഷണവും ഭീഷണിയും വിശ്വാസിയിൽ അസൂയ ഉളവാക്കാം, ദൈവപരിപാലനയെ ചോദ്യംചെയ്യാൻ പ്രേരിപ്പിച്ചേക്കാം. ഇപ്പോൾ വിശ്വാസിക്ക് എല്ലാം ഇരുട്ടാണെങ്കിലും, നിരാശാജനകമാണെങ്കിലും, കാത്തിരിക്കുക കർത്താവിന്റെ വരവിനായി, വിശ്വസ്തനും നീതിമാനും ആയ ദൈവത്തിന്റെ ദിവസത്തിനായി ക്ഷമയോടെ കാത്തിരിക്കുക.

10-12, ഭൂമി പരന്നതാണെന്നു ആക്രോശിക്കുകയും അതിന് കയ്യടിക്കാൻ ആയിരങ്ങൾ ഉണ്ടാകുകയും ചെയ്യുന്നത് കാണുമ്പോൾ എല്ലാ ബുദ്ധിജീവികളും ദുഃഖിക്കും. സഹോദരരുടെ അദ്ധ്വാനഫലം വെട്ടിനശിപ്പിച്ചു കൊണ്ട് ഇസങ്ങളുടെ വളർച്ച തേടുകയും അതിനെ പ്രോത്സാഹിപ്പിക്കാൻ ആളുകൾ ഉണ്ടാവുകയും ചെയ്യുന്നതു കാണുമ്പോൾ മനുഷ്യസ്നേഹികൾ വിലപിക്കും. അതു പോലെ ദൈവം സർവ്വശക്തനല്ലേ അവിടുന്ന് യഥാർത്ഥത്തിൽ ഉണ്ടെങ്കിൽ, പ്രത്യക്ഷപ്പെട്ട് ലോകത്തിലെ ദുഃഖങ്ങളും അനീതികളും

നീക്കികളയട്ടെ എന്ന വെല്ലുവിളികൾക്കും പ്രേക്ഷകർ ഉണ്ടെന്നു കാണുമ്പോൾ യഥാർത്ഥവിശ്വാസി മനംനൊന്ത് കരയും.

13–16, ദൈവപരിപാലനയുടെ പൊരുൾ അറിയുന്നതുവരെ നമുക്കു നിശബ്ദമായി അവിടുത്തെ സ്തുതിക്കാം, അവിടുന്ന് കാണുന്നതുപോലെ എല്ലാറ്റിനെയും കാണുവാൻ അവിടുന്ന് അറിയുന്നതുപോലെ എല്ലാറ്റിനെയും അറിയുവാൻ, അവിടുന്ന് സ്നേഹിക്കു ന്നതുപോലെ എല്ലാറ്റിനെയും സ്നേഹിക്കാനുള്ള വരത്തിനായി നിരന്തരം പ്രാർത്ഥിക്കാം. പരീക്ഷകൾക്ക്, പ്രലോഭന ങ്ങൾക്കു സമ്മതം മൂളുമ്പോൾ മാത്രമാണ് നാം പാപംചെയ്യുക.

17–22, ദൈവവചനപാരായണവും മനനവു ദൈവാരാധനയുമാണ് ദൈവികതലത്തിലേ ക്കും ചക്രവാളങ്ങളിലേക്കും നമ്മെ കൈപിടി ച്ചുയർത്തുന്നത്. അപ്പോഴാണ് യഥാർത്ഥമായ നന്മയും നിലനിൽ ക്കുന്ന ഐശ്വര്യവും സമ്പത്തും നാം തിരിച്ചറിയുന്നത്. അപ്പോ ഴാണ് സ്വപ്നലോകവും യഥാർത്ഥലോകവും തമ്മിലുള്ള വ്യത്യാസം നാം ഗ്രഹിക്കുന്നത്. അപ്പോഴാണ് നമ്മുടെ ഭോഷത്വവും അറിവി ല്ലായ്മയും മൃഗീയാവസ്ഥയും അജ്ഞതയും നമുക്കു ബോധ്യപ്പെ ടുന്നത്.

23–25, ദൈവത്തിന്റെ സാന്നിധ്യം ജീവനാണ്, ശക്തിയാണ്, അറി വാണ്, സാന്ത്വനമാണ്, വഴിയാണ്, വെളിച്ചമാണ്, അസാദ്ധ്യമായ തുപോലും ചെയ്യാൻ നമ്മെ പ്രാപ്തരാക്കുന്നതാണ്. ദൈവത്താൽ നയിക്കപ്പെട്ടവരാണ് നിത്യമഹത്വത്തിൽ എത്തിച്ചേരുന്നത്. ദൈവി കമായതിനെപ്പറ്റിയുള്ള യുക്തിയുടെ സാഹസങ്ങളിൽനിന്ന് നമ്മെ രക്ഷിക്കുന്നത് വിശ്വാസമാണ്. ഈ ലോകത്തിലും പരലോകത്തിലും മങ്ങാത്ത മായാത്ത മറയാത്ത മാറ്റമില്ലാത്ത മനുഷ്യന്റെ ലക്ഷ്യവും അത്താണിയും വലിയ നന്മയും സായൂജ്യവും ദൈവം മാത്രമാണ്.

26, സർവ്വതും കടന്നുപോകുന്നു, ഒഴുകുന്ന നദിയും, വളരുന്ന വൃക്ഷവും, മേയുന്ന കന്നുകാലിയും, അടിക്കുന്ന കാറ്റും, പ്രകാശി ക്കുന്ന സൂര്യനും, ജ്വലിക്കുന്ന യുവത്വവും, വിരാമമില്ലാത്ത ഹൃദയ മിടിപ്പും. എന്നാൽ എല്ലാ പൂർണ്ണതയും നിറഞ്ഞ നന്മ അവിടുന്നാ ണ്. എല്ലാവർക്കും പൂർണ്ണനന്മ നൽകുന്നതും അവിടുന്നു തന്നെ. അവിടുത്തെപ്പോലെ ആരും ഇല്ല; അവിടുത്തോടുകൂടെയോ അവി ടുത്തോടൊപ്പമോ വേറെ ആരുമില്ല. അവിടുന്ന് നന്മ മാത്രമാണ്, പൂർണ്ണതയുടെ കേദാരമാണ്. അവിടുത്തേകൂടാതെ, സർവ്വവിശു ദ്ധരും മാലാഖമാരും ശ്ലീഹന്മാരും പ്രവാചകന്മാരും രക്തസാ ക്ഷികളും ഒന്നിച്ചാൽ കൂടി സ്വർഗ്ഗം ഉണ്ടാക്കുവാൻ സാധിക്കുകയി ല്ല. അതുകൊണ്ട് നാം ബലഹീനരും ആരോഗ്യം ഇല്ലാത്തവരുമാ

കുമ്പോൾ കർത്താവ് ശക്തനാണെന്ന് ഓർക്കുക. നമ്മൾ അറിവു കുറഞ്ഞവരാകുമ്പോൾ കർത്താവ് വിജ്ഞാനം തന്നെയാണെന്ന് ധരിക്കുക.

27-28, ദൈവം തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി ഒരുക്കിയിരിക്കുന്നത് കണ്ണുകണ്ടിട്ടില്ല, കാതുകേട്ടിട്ടില്ല, മനുഷ്യഹൃദയങ്ങളിൽ പ്രവേശിച്ചിട്ടുമില്ല. ഇതുപോലെ ദൈവത്തിന്റെ ശിക്ഷയെപ്പറ്റിയും പറയേണ്ടിയിരിക്കുന്നു. അകൃത്യങ്ങളും അപരാധങ്ങളും അനീതികളും മ്ലേച്ഛതകളും, നന്മയെയും സത്യത്തെയും നീതിയെയും ഉപേക്ഷിക്കുന്ന എല്ലാ ചെയ്തികളും, ദൈവത്തിനു എതിരായ എല്ലാ മറുതലിക്കലും നമ്മെ ദൈവികതലത്തിൽനിന്നും അകറ്റി നാശത്തിലേക്കും ശിക്ഷയി ലേക്കും വലിച്ചെറിയുന്നു. കർത്താവിൽ ശരണപ്പെട്ടുകൊണ്ട് അവിടുത്തെ അത്ഭുതങ്ങൾ പ്രഘോഷിച്ചുകൊണ്ട് അവിടുത്തേക്ക് നിരന്തരമായ സ്തുതികൾ അർപ്പിച്ചുകൊണ്ട് അവിടുന്നുമായുള്ള ഐക്യത്തിൽ ജീവിക്കുക ഏറ്റ വും വിലപ്പെട്ടതാണ്. ബാഹ്യമായി കാണുന്നതനുസരിച്ചു നമുക്കു ആരെയും വിധിക്കാതിരിക്കാം. ശവക്കല്ലറയുടെ പുറം അതിനകത്തുള്ളതിനെ വെളിവാക്കുന്നില്ല. ലോകത്തിലെ സർവ്വതിനും മായയുടെ പരിവേഷം ഉണ്ട്.

## സങ്കീർത്തനം 84: കർത്താവിന്റെ ഭവനത്തിന്റെ മഹത്വം

ഗായകസംഘനേതാവിന്. ഗിത്യാരാഗത്തിൽ കോറഹിന്റെ പുത്രന്മാരുടെ സങ്കീർത്തനം

ശീർഷകങ്ങൾക്ക് സങ്കീ 8- ഉം 47 ഉം കാണുക. മാധുര്യവും ശക്തിയുമുള്ള സ്തുതിയുടെ ശൈലി ഉപയോഗിക്കുന്ന സമാശ്വാസത്തിന്റെ സങ്കീർത്തനമാണിത്. ദൈവവുമായുള്ള ആഴമേറിയ ഐക്യത്തിന്റെയും കൂട്ടായ്മയുടേയും അനുഗ്രഹത്തെ വിവരിക്കുന്ന സങ്കീർത്തകൻ അതിനായി കൊതിക്കുന്നു. ജറുസലെത്തോടുള്ള പഴയനിയമഭക്തി വ്യക്തമാക്കുന്ന ഒരു ഗാനമാണിത്; തീർത്ഥാടകരുടെ അതിവിശിഷ്ടമായ കീർത്തനവും തീർത്ഥാടകരുടെ ആഗ്രഹവും യാത്രയും പ്രാർത്ഥനയുമെല്ലാം സങ്കീർത്തനത്തിലുണ്ട്. ഒരുപക്ഷേ കൂടാരത്തിരുന്നാളിന് ജറുസലെത്തെത്തുന്ന തീർത്ഥാടകൻ വാതിലുകൾക്കുമുമ്പിൽ നിന്നുകൊണ്ട് യാഹ്‌വേയുടെ വാസസ്ഥലത്തെ സ്തുതിക്കുന്നു. (വാ. 2); ദൈവഭവനത്തിനുവേണ്ടി കാംക്ഷിക്കുന്ന (വാ. 3); കർത്താവിന്റെ ഭവനത്തിൽ വസിക്കുകയാണ് അവന്റെ ഏറ്റം വലിയ ഭാഗ്യം (വാ. 5). മിക്കവാറും വിപ്രവാസകാലത്തിനുമുമ്പ് രചിച്ചതായിരിക്കണം. ഇത് സെഹിയോന്റെ കീർത്തനങ്ങളിൽപ്പെട്ടതാണ്.

**84:1,** 'എത്ര' എന്ന പ്രയോഗം സങ്കീർത്തകന്റെ ആശ്ചര്യവും സന്തോഷവും വ്യക്തമാക്കുന്നു (8:1). സോളമന്റെ അത്ഭുതപ്പെടുത്തുന്ന സൗധങ്ങളും തന്റെ തീർത്ഥാടനലക്ഷ്യം സാധിച്ചതിലുള്ള സന്തോഷവും കൃതജ്ഞതയുമെല്ലാം പ്രത്യേകം എടുത്തുപറയാവുന്നതാണ്. ഹീബ്രുവിൽ 'വാസസ്ഥലങ്ങൾ' എന്നാണ്. ശ്രദ്ധ ആകർഷിക്കുന്ന കെട്ടിടങ്ങളെയാണ് അത് സൂചിപ്പിക്കുക (43:3; 46:5; 103:5.7). കെരുബുകളുടെ മദ്ധ്യേ സിംഹാസനാരൂഢനായിരിക്കുന്ന സൈന്യങ്ങളുടെ കർത്താവിന്റെതാണ് വാഗ്ദാനപേടകം (1 സാമു 4:4). യുദ്ധത്തിൽ ഇസ്രായേലിനെ നയിക്കുന്നത് യാഹ്വേയാണ്. അതുകൊണ്ടാണ് 'സൈന്യങ്ങളുടെ കർത്താവായ ദൈവം' എന്ന് ഇസ്രായേലിന്റെ ദൈവത്തെവിളിക്കുക 'പരിശുദ്ധയുദ്ധ'ങ്ങളാണ് ഇവിടെ ഓർമ്മയിൽവരുക. ഇസ്രായേലിന്റെ സൈന്യങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ, അതേ സൈന്യങ്ങളുടെ കർത്താവിന്റെ നാമത്തിലാണ് ദാവീദ് ഫിലിസ്റ്റീയക്കാരെ യുദ്ധത്തിൽ നേരിടുന്നത് (1 സാമു 17:45). യാഹ്വേയെ യുദ്ധത്തിന്റെ ദൈവമായിട്ടാണ് മനസ്സിലാക്കിയിരുന്നത് (1 സാമു 4:4; സങ്കീ 24:8,10). സൈന്യങ്ങളുടെ ഗണത്തിൽ മാലാഖമാരും നക്ഷത്രങ്ങളും, ഭൗമികവും സ്വർഗ്ഗീയവുമായ ശക്തികളും അണിനിരക്കുന്നു (സങ്കീ 103:20; ഏശ 40:26; ഉൽപ 2:1). കൂടാതെ, സൈന്യങ്ങളുടെ കർത്താവ് (യാഹ്വേ സാബഓത്ത്) എന്നുള്ളത് ശിലോയിലെ ദൈവത്തിന്റെ ആരാധനാനാമമാണ് (1 സാമു 1:3,11; 4:4). ഈ ദൈവത്തിന്റെ വാസസ്ഥലമായ സെഹിയോൻ സുന്ദരവും സുഭഗവും മനോജ്ഞവും പരിശദ്ധവും മഹത്വപൂർണ്ണവും മഹനീയവുമാണ് (സങ്കീ 48:2; 76:2; 87:2 122:3).

**84:2,** കർത്താവിന്റെ അങ്കണത്തിനുവേണ്ടിയുള്ള ദാഹവും മോഹവും, കിതപ്പും കുതിപ്പുമാണ് ഇവിടെ പ്രതിപാദ്യം. മനുഷ്യജീവിതത്തിന്റെ പ്രതസന്ധികളും പീഡനങ്ങളും ഇതിനുകാരണമാകാം (17:11). അതുകൊണ്ട്, അവർ രക്ഷയ്ക്കുവേണ്ടി യാഹ്വേയുടെ ശ്രീകോവിലിനെ കൊതിക്കുന്നു (118:8; 65:5; 95:13). തിരുമുറ്റത്തേക്ക് കടന്നുവരുവാൻ അവർ ആഹ്വാനം ചെയ്യപ്പെടുന്നു (96:8; 100:4). പെരുനാളുകളിൽ തീർത്ഥാടകർ കർത്താവിന്റെ അങ്കണത്തിൽ വസിക്കുന്നു (65:4). കർത്താവിന്റെ തിരുമുറ്റത്ത് തഴച്ചുവളരുന്ന നീതിമാന്മാരാണ് അവർ (92:12,15). 'ജീവിക്കുന്ന ദൈവമാണ്' ശ്രീകോവിലിനുള്ളിൽ (42:2-8). അവിടുന്നാണ് ജീവന്റെ ഉറവ, പ്രകാശത്തിന്റെ പ്രകാശം (36:9). ജീവജലത്തിന്റെ ഉറവയും അവിടുന്നുതന്നെ (ജറെ 2:13). ജീവനാകുന്ന യാഹ്വേയ്ക്കുവേണ്ടി മനുഷ്യർ മുഴുവൻ കാത്തിരിക്കുകയും അവിടുത്തെ സാമീപ്യം അന്വേഷിക്കുകയും ചെയ്യുന്നു (സങ്കീ 27:4; 42:2; 63:2). ചുരുക്കത്തിൽ, ദേവാല

യവും അതിലെ ശുശ്രൂഷയും ആരാധനയും, കീഴ്‌വഴക്കങ്ങളും ജീവിക്കുന്ന ദൈവത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ സങ്കീർത്തകനെ സഹായിക്കുന്നു.

**84:3-5,** തിരുമുറ്റത്തേക്കും, മുൻമുറ്റത്തേക്കും ദേവാലയത്തിന്റെ മറ്റു എടുപ്പുകളിലേക്കും നോക്കുമ്പോൾ, കുരുവിയുടെയും മീവൽപക്ഷിയുടെയും കൂടുകൾ അൾത്താരക്കു സമീപം തൂങ്ങിക്കിടക്കുന്നതാണ്, സങ്കീർത്തകൻ കാണുക. ദൈവത്തിന്റെ സാമീപ്യത്തിലും സാന്നിധ്യത്തിലുമുള്ള സംരക്ഷണയുടെയും സന്തോഷത്തിന്റെയും പ്രതീകങ്ങളാണ് ഈ പക്ഷികൾ. 'എന്റെ രാജ്യവും എന്റെ ദൈവവും' എന്ന് പലപ്പോഴും സങ്കീർത്തകൻ യാഹ്‌വേയെ വിളിക്കാറുണ്ട് (5:2; 44:4). 'കർത്താവിന്റെ ഭവനത്തിൽ വസിക്കുക' എ ന്നു പറഞ്ഞാൽ ദൈവത്തിന്റെ ആലയത്തിൽ അവിടുത്തെ ആരാധിക്കുക, സ്തുതിക്കുക എന്നാണ് (23:6). അങ്ങനെയുള്ളവർ സന്തോഷവാന്മാരും ഭാഗ്യവാന്മാരുമാണ് (വാ. 4). യാഹ്‌വേയുടെ സാന്നിധ്യമുള്ള പുണ്യസ്ഥലം സമാധാനത്തിന്റെയും ജീവിത സാഫല്യത്തിന്റെയും മൂർത്തിമദ്ഭാവമാണ്. കാരണം, ദൈവ ത്തെ ആരാധിക്കുന്നതും ജീവിക്കുന്ന ദൈവത്തെ മഹത്വപ്പെടുത്തുന്നതുമാണ് ഏറ്റവും വലിയ ആനന്ദം. നീതിമാന്മാർക്കും പുരോഹിതഗണത്തിനും ഇതിന് കൂടുതലായ സാധ്യതകളുണ്ട് (15:1; 23:6; 27:4; 65:4; 92:3).

5-ാം വാക്യം പലതരത്തിൽ തർജ്ജമ ചെയ്യാറുണ്ട്:

"നിന്നിൽ അഭയം തേടുന്നവർ ഭാഗ്യവാന്മാർ; അവരുടെ ഹൃദയങ്ങൾ തീർത്ഥാടനവഴികളിലൂടെ നടക്കുന്നു" 1

"രാജവീഥികൾ (സെഹിയോനിലേക്കുള്ള) അവരുടെ ഹൃദയത്തിൽ (ആഗ്രഹങ്ങളിൽ)"

"രാജവീഥികൾ (തീർത്ഥാടനവഴികൾ) അവരുടെ ഹൃദയത്തിൽ (ആഗ്രഹങ്ങളിൽ)" 2

ദേവാലയത്തിലേക്കുള്ള രാജവീഥികളാണ് അവരുടെ ആനന്ദം എന്നർത്ഥം കൊടുക്കാം.

ഇവർ യാഹ്‌വേയുടേയും സെഹിയോന്റെയും ശക്തമായ സംരക്ഷണത്തിന് സ്വയം കൈയ്യാളിക്കുന്നു. കാരണം, സെഹിയോൻ എന്നും സംരക്ഷണത്തിന്റെയും അഭയത്തിന്റെയും സ്ഥലമാണ് (27:4,5).

**84:6-7,** തീർത്ഥാടകന്റെ വഴികളെപ്പറ്റിയാണ് പരാമർശം. ജറുസലെത്തേക്കുള്ള ദുഷ്കരമായ യാത്രയിൽപോലും സെഹിയോനിൽ ജീവിക്കുന്നതിന്റെ ആനന്ദവും സുരക്ഷിതത്വവും അനുഭവപ്പെടുന്നു. തീർത്ഥാടകർ കടന്നുപോകുന്ന ബാക്കാതാഴ്‌വരയെപ്പറ്റി നമുക്കു

വലിയ അറിവു ലഭിക്കുന്നില്ല. ഹീബ്രുവിൽ അത് ഒരുതരം വൃക്ഷത്തെ സൂചിപ്പിക്കുന്നു (ബൾസാ). കരച്ചിലിന്റെ താഴ്വര യെന്നും ചിലർ മനസ്സിലാക്കുന്നു. അദ്ഭുതകരമായി വെള്ളം പൊട്ടി പ്പുറപ്പെട്ട മരുഭൂയിലെ താഴ്വരയാണിത് (സങ്കീ 107:33; ഏശ 35:6; 41:18; 43:19; 48:21). മരുഭൂമിയിലൂടെ യാത്രചെയ്യുന്ന തീർത്ഥാടകർക്കു വേണ്ടി യാഹ്‌വേ അരുവികൾ സൃഷ്ടിക്കുന്നതാണ് അവിടത്തെ പ്രതിപാദ്യം. ജീവിക്കുന്ന ദൈവത്തിങ്കലേക്കുള്ള തീർത്ഥാടനത്തിൽ അവർ മരുഭൂമിയിൽപ്പോലും സംരക്ഷിതരാണ്. തീർത്ഥാടനത്തിന്റെ എല്ലാ പ്രയാസങ്ങളെയും അതിജീവിക്കാനുള്ള കരുത്ത് അവർക്കു ലഭിക്കുന്നു.

വരണ്ട താഴ്വരയെ മുൻമഴ തടാകമാക്കി മാറ്റുന്നു (വാ. 6). അങ്ങനെ ആ പ്രദേശം ഹരിതാഭ അണിഞ്ഞ് ഫലപുഷ്ടമാകുക യാണ്. തീർത്ഥാടകരും കരുത്താർജ്ജിക്കുന്നു. അവർ ഏറെ ശക്തി യാർജ്ജിക്കുകയാണ്. വാടാതെ, തളരാതെ, കരിയാതെ മുന്നേറു വാൻ അങ്ങനെഅവർക്ക് സാധിക്കുന്നു (ഏശ 40:31). സെഹിയോ നിലെത്തി യാഹ്‌വേയുടെ സാന്നിധ്യം അനുഭവിക്കുന്നതുവരെ നിഗൂ ഢമായ ദൈവസഹായം അവർ അനുഭവിക്കുകയാണ്.

**84:8-9,** രാജാവിനുവേണ്ടി, തീർത്ഥാടകർ സൈന്യങ്ങളുടെ കർത്താവിനോട്, സെഹിയോനിലെ ദൈവത്തോട്, പ്രാർത്ഥിക്കു കയാണ്. യാക്കോബിന്റെ ദൈവമെന്ന് യാഹ്‌വേയെ വിശേഷിപ്പി ക്കുന്നു (സങ്കീ 46:7). പല സങ്കീർത്തനങ്ങളിലും രാജാക്കന്മാർക്കു വേണ്ടി പ്രാർത്ഥിക്കാറുണ്ട് (28:7; 61:6; 20). ഭരണമേറ്റിരിക്കുന്ന രാജാ വിനുവേണ്ടിയാണ് പ്രാർത്ഥിക്കുക. അവനെ തിരഞ്ഞെടുത്തത് യാഹ്‌വേയാണ്; രക്ഷിക്കുന്ന, ഭരിക്കുന്ന ദൈവത്തിന്റെ പ്രതിനിധി യാണ് അവൻ (2; 72; 110; 132). ദൈവവും രാജാവും ‘പരിച’യായി വിശേഷിപ്പിക്കപ്പെടുകയാണ് (വാ. 9.11). രാജാവ് പരിചയാണ്. കാരണം, അവൻ തന്റെ ജനത്തെ സംരക്ഷിക്കുക മാത്രമല്ല ചെയ്യു ക, പിന്നെയോ ദൈവികസംരക്ഷണത്തിന്റെ അച്ചാരം കൂടിയാണ് (72:12). കൂടാതെ, ‘പരിച’ പൗരസ്ത്യ പാരമ്പര്യം അനുസരിച്ച് ഭരി ക്കുന്ന രാജാവിനെയാണ് സൂചിപ്പിക്കുക (47:9; 89:18).

**84:10-12,** ദൈവത്തിന്റെ രക്ഷയുടെ സാമീപ്യം ഉപമകളിലൂടെ വ്യക്തമാക്കുന്നു. ജീവിക്കുന്ന ദൈവത്തിന്റെ സാന്നിധ്യത്തിലും ശക്തിയിലും ചെലവാക്കുന്ന സമയം സമ്പൂർ ണ്ണജീവിതസാഫല്യം നൽകുന്നു. എന്നാൽ, അനുദിനജീവിതവ്യഗ്രതകളും ബുദ്ധിമുട്ടുകളും ശൂന്യതാബോധം പ്രദാനം ചെയ്യുന്നു. അങ്ങനെ യാഹ്‌വേയുടെ തിരുമുറ്റത്ത് ചിലവഴിക്കുന്ന ഒരു ദിനം മറ്റു സ്ഥലങ്ങളിൽ ചെലവ

ഴിക്കുന്ന ആയിരം ദിനങ്ങളെക്കാൾ മെച്ചമാണ് (63:3). ദേവാലയപരിസരത്ത് ആയിരിക്കുക എന്ന അനുഭവം മറ്റുജീവിതാനുഭവങ്ങളെക്കാൾ ഗുണത്തിലും ഫലത്തിലും അതിശ്രേഷ്ഠവും വിലമതിക്കപ്പെടേണ്ടതുമാണ്. പത്താം വാക്യത്തിന്റെ രണ്ടാംഭാഗം വ്യത്യസ്തമായി മനസ്സിലാക്കാറുണ്ട്;

"ദുഷ്ടന്റെ (സമ്പന്നരുടെ) വീട്ടിൽ വസിക്കുന്നതിലും മെച്ചം ദൈവത്തിന്റെ ഭവനത്തിന്റെ പ്രവേശന സ്ഥാനത്ത് കഴിയുകയാണ്".

"വലിയ സമ്പന്നതയിൽ ജീവിക്കുന്നതിലും ഭേദം ദേവാലയകവാടത്തിൽ ഭിക്ഷയാചിച്ചു കഴിയുകയാണ്".

നീതിമാൻ മാത്രമാണ് ഈ പുണ്യസ്ഥലത്തിന്റെ പടികൾ ചവിട്ടികയറാൻ തുനിയുക; ദുഷ്ടന്മാർ അങ്ങോട്ടുകയറാൻ മുതിരരുത് (15:1; 5:5).

11-ാം വാക്യത്തിൽ ദൈവത്തിന്റെ ശക്തിയും സംരക്ഷണവും പ്രീതിയും അനുസ്മരിക്കപ്പെടുകയാണ്; നീതിമാന് ദൈവം ഒരിക്കലും നന്മ നിഷേധിക്കുകയില്ല. ദൈവത്തിൽ ആശ്രയിക്കുന്ന, ശരണം വയ്ക്കുന്ന വലിയ ഭാഗ്യത്തിലേക്ക് എല്ലാവരേയും ക്ഷണിച്ചുകൊണ്ട് സങ്കീർത്തനം സമാപിക്കുന്നു.

**വിചിന്തനം**: 1, ദൈവസാന്നിദ്ധ്യമുള്ള സ്ഥലത്തിനുവേണ്ടിയാണ് സങ്കീർത്തകൻ ദാഹിക്കുക, കൊതിക്കുക, മോഹാലസ്യപ്പെടുക. യഥാർത്ഥമായ ഭക്തിയുള്ളിടത്ത് ദൈവത്തെ ആരാധിക്കാനുള്ള താത്പര്യവും വർദ്ധിക്കുന്നു.

2, സങ്കീർത്തകന്റെ തീക്ഷ്ണത തന്റെ ആത്മാവിലും ശരീരത്തിലും ഹൃദയത്തിലും പ്രത്യക്ഷമാകുന്നുണ്ട്. ദൈവഭവനത്തോടുള്ള സങ്കീർത്തകന്റെ സ്നേഹം ജീവിതത്തെ മുഴുവൻ സ്പർശിക്കുന്നതാണ്. ജീവിക്കുന്ന ദൈവമാണ് എല്ലാത്തിന്റെയും കേന്ദ്രബിന്ദു; അവിടുന്നാണ് ജീവന്റെ ഉറവിടം. ദൈവത്തിന്റെ പക്കൽ മാത്രമാണ് സംരക്ഷണവും സുരക്ഷിതത്വവും സംതൃപ്തിയും സാഫല്യവും ആനന്ദവും. ദൈവത്തിൽ ജീവിക്കുക, ദൈവത്തിന്റെ ശക്തിയിൽ ജീവിക്കുക, ദൈവത്തിനുവേണ്ടി ജീവിക്കുക, ദൈവത്താൽ നയിക്കപ്പെട്ടു ജീവിക്കുക, മറ്റെല്ലാ ജീവിതശൈലികളിൽ നിന്നും തീർത്തും വ്യത്യസ്തമാണ്. ദൈവസാമീപ്യത്തിന്റെ ആനന്ദം അവർണ്ണനീയമാണ്.

3-5, ബഹുഭൂരിപക്ഷത്തോടെ തെറ്റിൽ വീഴുന്നതിലും ഭേദം ഏകപക്ഷീയമായി ദൈവത്തിന് സേവനം ചെയ്യുകയാണ്. ദൈവം

നമ്മുടെ ശക്തിയും വിജ്ഞാനവും രക്ഷയുമാണ്.

6-9, രാജാവാണ് ദൈവത്തിന്റെ സംരക്ഷണവും രക്ഷയും ഭൂമിയിൽ പ്രതിനിധാനം ചെ യ്യുക. എല്ലാ തീർത്ഥാടനങ്ങളിലും ദൈവം സ ഹായിക്കുന്നു. കാനാൻ ദേശത്തേക്കുള്ള പുറപ്പാടിൽ, തീർത്ഥാടനത്തിൽ, അവിടുന്ന് സഹായിച്ചു. സെഹിയോനിലേക്കുള്ള തീർത്ഥാടകരുടെ വഴിയും അവിടുന്ന് തെളിക്കുന്നു. സ്വർ ഗ്ഗീയ ജറുസലെത്തേക്കുള്ള പുണ്യയാത്രയിലും അവിടുന്ന് തന്നെ തുണ.

10-12, 'നീതിമാനും പരമാർത്ഥഹൃദയർക്കും ദൈവം യാതൊരു നന്മയും നിഷേധിക്കയില്ല' എന്നത് വിശ്വാസിക്കു വളരെ ആശ്വാസകരമാണ്. അതുകൊണ്ട്, ദൈവത്തിൽ ആശ്രയിക്കുന്ന മനുഷ്യൻ തീർത്തും ഭാഗ്യവാനാണ്. യേശുക്രിസ്തുവിൽ, 84-ാം സങ്കീർത്തനം നിറവേറിയിരിക്കുന്നു. കാരണം, യേശുവിൽ ജീവ ൻ പ്രത്യക്ഷമായി (1 യോഹ 1:2). ദൈവം അവനിൽ വസിച്ചു (യോഹ 1:14) സമൂഹത്തിൽ യേശുക്രിസ്തു സന്നിഹിതനാണ്. ദൈവികകൂട്ടായ്മയുടെയും ഐക്യത്തിന്റെയും സഹവാസത്തിന്റെയും പൂർണ്ണതയുടേയും സ്ഥലം 'പുതിയ ജറുസലെം' ആണ് (വെളി 21:13,10).

## സങ്കീർത്തനം 88: മരണാസന്നന്റെ പ്രാർത്ഥന

കോറഹിന്റെ പുത്രന്മാരുടെ സങ്കീർത്തനം. ഗായകസംഘനേതാവിന് മഹലത്ത് രാഗത്തിൽ.

ഇത് വ്യക്തിയുടെ വിലാപസങ്കീർത്തനമാണ്. മരണാസന്നനും രോഗാതുരനുമാണ് ഇതിലെ വക്താവ്. എന്തു രോഗമാണെന്നു പറയുക സാധ്യമല്ല. അടുത്തടുത്തുവരുന്ന മരണത്തിന്റെ നിഴൽ എല്ലാ വാക്യങ്ങളിലും കാണാം. ശത്രുക്കളെപ്പറ്റിയോ സ്വന്തം തെറ്റിനെപ്പറ്റിയോ ഇതിൽ പറയുന്നില്ല. ഇതിനോട് സാമ്യമുള്ള സങ്കീർത്തനങ്ങൾ 6, 22, 38, 41. വിഭജനം: 1-2 സങ്കീർത്തകന്റെ സ്വയം വിവരണം. 3-8 സങ്കീർത്തകന്റെ ക്ലേശങ്ങൾ നിറഞ്ഞ ജീവിതം. 9-12 കർത്താവ് ഇടപെടണമെന്നു പ്രാർത്ഥിക്കുന്നു. 13-18 കർത്താവിനോട് ഉത്തരത്തിനായി നിലവിളിക്കുന്നു. ഇതിലെ ചില ശീർഷകങ്ങൾ വിശദീകരിക്കേണ്ടതുണ്ട്. 'മഹലത്ത് രാഗത്തിൽ' എന്നത് സങ്കീ 53 ലും കാണുന്നു. ദുഃഖകരമായ രാഗമെന്നോ, കുഴൽ ഊതിക്കൊണ്ട് പാടേണ്ടതെന്നോ മനസ്സിലാക്കാം. 'മസ്കീൽ' (സങ്കീ 47, 7 കാണുക). ഹെമാൻ ജ്ഞാനിയായ മനുഷ്യൻ (1 രാജാ 5:11), സേറായുടെ പുത്രൻ (2 ദിന 2:6), ലേവി ഗോത്രത്തിൽപ്പെട്ട പാട്ടുകാരൻ (1 ദിന 6:33; 15:17; 25:1; 2 ദിന 5:12; 29:14,35). എസ്രാഹ്യൻ (1 രാജാ 5:11; 1 ദിന 2:6).

**88:1–2,** രാവും പകലും ഇടവിടാതെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന സങ്കീർത്തകന്റെ ചിത്രം, സഹായിക്കാൻ കർത്താവിനെ പ്രേരിപ്പിക്കുന്നതാണ്. 'രക്ഷകനായ എന്റെ ദൈവത്തിലുള്ള' സങ്കീർത്തകന്റെ അചഞ്ചലമായ വിശ്വാസവും ശരണവും സഹനമാകുന്ന അന്ധകാരത്തിന്റെ മൂർധന്യത്തിലും എന്റെ 'രക്ഷയുടെ ദൈവത്തിന്റെ' പ്രകാശരശ്മികൾ തേടുകയാണ്. കർത്താവിനോട് യാചിക്കുകയും അവിടുത്തെമുമ്പിൽ വിലപിക്കുകയുമാണ് സങ്കീർത്തകൻ ചെയ്യുന്നത് (സങ്കീ 17:1, 6; 18:6).

**88:3–8,** ജീവിതം അതിഘോരമായ സഹനം കൊണ്ട് നിറഞ്ഞ് തുളുമ്പി നിൽക്കുകയാണ് (സങ്കീ 65:4; വിലാ 3:30). അങ്ങനെ സഹനത്തിൽ ഉഴലുന്നവൻ പാതാളത്തെ സമീപിച്ചുകഴിഞ്ഞു, മരണത്തിന്റെ രാജ്യത്തിലേക്ക് പ്രവേശിച്ചുകഴിഞ്ഞു (സങ്കീ 6:5; 107:18; ജോബ് 33:22; സുഭാ 2:18; 5:5; 7:27). മരണത്തിനായ് മാറ്റിവയ്ക്കപ്പെട്ടവൻ മരിച്ചവനു സമനാണ്, 'കുഴിയിൽ വീഴുക' എന്നു പറഞ്ഞാൽ കുഴിമാടത്തിൽ പതിക്കുക എന്നാണ്. അതായത് മരണത്തിന്റെ രാജ്യത്തുപ്രവേശിക്കുക (സങ്കീ 28:1; 30:3; 143:7; ഏശ 38:18; എസ 31:14–16 32:18–29). ശക്തിക്ഷയിച്ചവൻ, മാരകമായ രോഗമുള്ളവൻ, മരിച്ചവരുടെ രാജ്യത്ത് ആയിക്കഴിഞ്ഞു. സമൂഹം തിസ്കരിക്കുന്ന രോഗികൾ (എയ്ഡ്സ്, കുഷ്ഠം) മനുഷ്യരിൽനിന്ന് അകന്ന് താമസിക്കുന്നു. മരണത്തിന്റെ രാജ്യം എന്താണ് സൂചിപ്പിക്കുന്നത്? ദൈവത്താൽ ഉപേക്ഷിക്കപ്പെടുക, ദൈവത്തിൽനിന്ന് വേർതിരിക്കപ്പെടുക എന്നാണ് (സങ്കീ 22:1). അത്യാഗാധമായ കുഴിയും, അന്ധകാരവും ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടതിന്റെ തീവ്രതയും ആഴവും കാണിക്കുന്നതാണ്. ഇത് മരണാനുഭവം തന്നെയാണ്. ദൈവത്തിൽ നിന്ന് വളരെ വിദൂരമായ ക്രമമില്ലായ്മയുടെയും അന്ധകാരത്തിന്റെയും തലങ്ങളിലേക്കാണ് സങ്കീർത്തകൻ വലിച്ചെറിയപ്പെട്ടത്. അവന്റെ മേൽ ദൈവകോപത്തിന്റെ തിരമാലകൾ ചീറിപ്പാഞ്ഞ് വന്ന് ആഞ്ഞടിക്കുന്നു. (സങ്കീ 42:7). മറ്റുള്ളവരാൽ ഉപേക്ഷിക്കപ്പെടൽ അതിന്റെ പാരമ്യത്തിൽ എത്തി. (ജോബ് 19:13; 30:9; സങ്കീ 31:12; ജറെ 11:18; 12:6). സങ്കീർത്തകൻ തടവിലാണ് എന്നത് എന്താണ് സൂചിപ്പിക്കുക? രോഗത്തിന്റെയും സഹനത്തിന്റെയും തടവറയല്ലേ ഉദ്ദേശിക്കുന്നത്?

**88:9–12,** അവസാനമില്ലാത്ത സഹനത്തിൽ രക്ഷപ്പെടുന്നതിനുവേണ്ടി സങ്കീർത്തകൻ 'എന്റെ രക്ഷയുടെ ദൈവത്തത്തിങ്കലേക്ക്' നോക്കുകയാണ് (വാ. 9;1). സങ്കീർത്തകൻ നിലവിളിക്കുകയും യാചിക്കുകയുമാണ്. വിരിച്ചുപിടിച്ച കൈകൾ പ്രാർത്ഥനയുടെ ഭാവമാണ് (സങ്കീ 143:6; ഏശ 1:15). വാ. 10–12 ലെ ചോദ്യങ്ങൾ കർത്താവ് ഇടപെടാൻ നിർബന്ധിക്കുന്നതത്രേ. ദൈവം അത്ഭുതം തന്നെ

പ്രവർത്തിക്കണം സങ്കീർത്തകനെ രക്ഷിക്കണമെങ്കിൽ. അവിടുന്ന് അതു ചെയ്യുമോ? മരിച്ചവരുടെ നിഴലുകൾ (ആത്മാക്കൾ) ഉയർത്തെ ഴുന്നേറ്റ് കർത്താവിന്റെ സ്നേഹ-കാരുണ്യം പുകഴ്ത്തുമോ? (സുഭാ 2:18; 9:18; 21:16; ജോബ് 26:5 ഏശ 14:9; 26:14; 19). പാതാളത്തിൽ, മര ണത്തിന്റെ രാജ്യത്തിൽ, കർത്താവിനെ ആരും സ്തുതിക്കുന്നില്ല എന്നാണ് 11-12 വാക്യങ്ങൾ കാണിക്കുന്നത്. മരിച്ചവരുടെ തലം ആരാധനയിൽ നിന്ന് അകലെയാണ് (സങ്കീ 6:5; 30:9; 115:17). അത് നാശത്തിന്റെയും വിസ്മൃതിയുടേയും സ്ഥലമാണ് (സങ്കീ 31:12; സഭാ 9:5). കർത്താവിന്റെ ചരിത്രത്തിലെ പ്രവർത്തനത്തിനു പുറത്താണ് മരിച്ചവർ. കർത്താവിന് ഇത് ഒഴിവാക്കാൻ സാധിക്കുമോ?

**88:13-18,** സങ്കീർത്തകൻ കർത്താവിനുവേണ്ടി നിലവിളിക്കുകയും അവിടുത്തെ ഉത്തരവും സഹായവും കാത്തിരിക്കുകയും ചെയ്യുന്നു (സങ്കീ 46:5; 90:14; 143:8). കർത്താവിനാൽ നിരസിക്കപ്പെട്ടവർ 'എന്തു കൊണ്ട്' എന്ന് ചോദിക്കുന്നു (സങ്കീ 22:1; 74:1). കർത്താവിന്റെ സാന്നിധ്യം ഇല്ല. ചെറുപ്പം മുതലേ ഉള്ള സഹനമാണ്. വലിയ രോ ഗികൾ ദൈവകോപത്തിലാണെന്നു വിചാരിക്കുകയും ഭയപ്പെടു കയും ഞടുങ്ങുകയും ചെയ്യുന്നു (വാ. 15.17; സങ്കീ 55:4; 18:5; 42:7; ജോബ് 20:25).

ഈ സങ്കീർത്തനം ദൈവത്തിൽനിന്ന് ഉത്തരംകിട്ടാതെ, ആശ്വാസം ലഭിക്കാതെ ഇരുട്ടിൽ കലാശിക്കുന്നു. ദൈവത്താലും മനുഷ്യരാലും ഉപേക്ഷിക്കപ്പെട്ടവൻ മരണത്തിൽ ആണ്ടുപോകുന്നു. എന്നാൽ മരിക്കുന്ന മനുഷ്യൻ ദൈവത്തെ മുറുകെ പിടിക്കുകയാണ്, 'എന്റെ രക്ഷകനായ ദൈവമേ' എന്നു വിളിച്ചുകൊണ്ട്. മരണം കുഴിയും ആഗാധവും, ദൈവത്തിൽനിന്ന് അകന്നിരിക്കലും ആണ്. മരിച്ചവർ ദൈവാരാധനയിൽനിന്ന് അകലെയാണ്. എന്നാൽ പുതിയനിയമത്തിൽ ദൈവത്താലും മനുഷ്യരാലും ഉപേക്ഷിക്കപ്പെട്ട യേശുക്രിസ്തു വിശ്വാസത്തിലും പ്രത്യാശയിലും ദൈവത്തെ മുറുകെ പിടിക്കുന്നു. അവിടു ന്നു അവനെ ഉയർപ്പിക്കുന്നു, അവനി ലൂടെ നമ്മെയും (മർക്കോ 15:34; ലൂക്കാ 23:49; 2 തെസ് 1:10; സങ്കീ 88:9).

**വിചിന്തനം**: 1-2, മനുഷ്യരുടെ ദുഃഖങ്ങളുടെ തീവ്രതയെപ്പറ്റിയോ അവരുടെ ദുരിതങ്ങളുടെ ഭീകരതയെപ്പറ്റിയോ നമുക്ക് അറിവില്ലാ യിരിക്കാം. എന്നാൽ സഹനത്തിന്റെ തീച്ചൂളയിൽ വീണവർ എന്നും ഉണ്ടായിരുന്നു. സഹോദരരുടെ ദുഃഖത്തെ ഒരിക്കലും അവജ്ഞ യോടെ കാണരുത്. ഒരിക്കലും അവരെ തെറ്റായി വിധിക്കരുത്. സഹിക്കുന്നവരും അതുകണ്ടുനിൽക്കുന്നവരും പ്രാർത്ഥിക്കട്ടെ.

3-8, എല്ലാ ക്ലശങ്ങളിലും വലുത് ആത്മാവിന്റെ ക്ലേശങ്ങളാണ്. അപ്പോഴാണ് കൂടുതൽ സ്നേഹവും കാരുണ്യവും ദയയും ആവശ്യമായി വരുന്നത്. എന്നാൽ സങ്കീർത്തകനോ മരണത്തിന്റെ രാജ്യത്തിന്റെ അതിർത്തിയിലാണ്. ഇതിനെ കുഴി, ശക്തിയില്ലായ്മ, വധിക്കപ്പെട്ട അവസ്ഥ, കുഴിമാടത്തിൽ ആയിരിക്കുക, വിസ്മൃതിയിൽ ആയിരിക്കുക, അന്ധകാരത്തിലും അഗാധങ്ങളിലും ആയിരിക്കുക, ക്രോധത്താൽ ഞെരുക്കപ്പെടുക, തിരമാലകളാൽ മൂടപ്പെടുക, സുഹൃത്തുക്കളിൽനിന്ന് വേർതിരിക്കപ്പെടുക, തടവിലാക്കപ്പെടുക തുടങ്ങിയ ശൈലികളാലാണ് വിവരിക്കുക. ഈ ശൈലികൾ ഉപയോഗിച്ചു വിവരിക്കേണ്ട ഞെ രുക്കവും വേദനയും നമുക്ക് ഉണ്ടായിട്ടുണ്ടോ? അങ്ങനെയുള്ള അവസരത്തിൽ സ്നേഹനിധിയായ ദൈവത്തെപ്പറ്റി എന്താണു തോന്നുക? അവിടുന്ന് അറിയാതെയാണോ ഇവ വരുക? പ്രാർത്ഥനയിലൂടെ ഇവയെ അതിജീവിക്കാൻ നമുക്കു സാധിക്കുമോ?

9-12, ഈ ലോകജീവിതം ഹ്രസ്വവും തീർച്ചയില്ലാത്തതുമാണെന്ന് വ്യക്തിപരമായി നമുക്കു ബോധ്യപ്പെട്ടിട്ടുണ്ടോ? ദൈവം നല്കുന്ന ജീവന്റെ ഓരോ നിമിഷത്തിലും നന്മ ചെയ്യാൻ തീവ്രമായ ആഗ്രഹം ഉണ്ടോ? ആ പരിശ്രമത്തിൽ കുറെയെങ്കിലും വിജയിച്ചിട്ടുണ്ടോ? കല്ലുകളിൽനിന്ന് അബ്രാഹത്തിനു സന്തതികളെ ജനിപ്പിക്കാനുള്ള ദൈവത്തിന്റെ ശക്തിക്ക് ഞാൻ പരിമിതി കല്പിക്കാറുണ്ടോ?

13-18, യഥാർത്ഥത്തിൽ ദൈവവുമായി നമുക്ക് സൗഹൃദം ഉണ്ടെങ്കിൽ, തീവ്രമായ സ്നേഹഭാവമുണ്ടെങ്കിൽ, നമുക്കും ചോദിക്കാം സങ്കീർത്തകനെപ്പോലെ, 'എന്തുകൊണ്ട്'? 'എത്ര നാളത്തേക്ക്'? തുടങ്ങിയ ചോദ്യങ്ങൾ. പ്രത്യാശ കൈവെടിയാതെ ചോദിക്കണമെന്നു മാത്രം.

## സങ്കീർത്തനം 91: അത്യുന്നതന്റെ സംരക്ഷണം

വിജ്ഞാനസങ്കീർത്തനത്തിൽപ്പെട്ടതാണ് ഇത്. കൃതജ്ഞതയ്ക്കും ഏറ്റു പറച്ചിലിനുമുള്ള ആഹ്വാനമാണ് ആദ്യം (വാ. 1-2). രണ്ടാംഭാഗം പ്രബോധനപരമായഗാനം (വാ. 3-13). അവസാനം അരുളപ്പാട് (വാ. 14-16). പുരോഹിതനോ ഭക്തനോ ദേവാലയത്തിൽ വച്ച് കൃതജ്ഞതയ്ക്ക് ആഹ്വാനം ചെയ്യുന്നു. രണ്ടാംഭാഗത്തെ വക്താവ് ആരാണെന്ന് വ്യക്തമല്ല.

**91:1-2,** ദേവാലയത്തിൽ അഭയം തേടിയ ആളിനോടാണ് ആഹ്വാ

നം. അഭയം സൂചിപ്പിക്കുന്നത് ആലയത്തെ തന്നെയാണ് (സങ്കീ 27:5 31:20; 61:4). പരമപരിശുദ്ധിയുടെ സ്ഥലത്തുള്ള കെറൂബുകളുടെ ചിറകിന്റെ കീഴിൽ ആയിരിക്കുന്നതാണ് 'തണല്' സൂചിപ്പിക്കുക (സങ്കീ 17:8; 36:7; 57:1; 63:7). പീഡിപ്പിക്കപ്പെടുന്നവർ ഒളിക്കുകയും വസിക്കുകയും ചെയ്യുന്നത് ഇവിടെയാണ് (17:8 91:1). ദൈവത്തെ അത്യുന്നതനെന്നും സർവ്വശക്തനെന്നും വിളിക്കുന്നത് ശ്രദ്ധിക്കുക (68:14; ഉൽപ 17:1; 28:3; 35:11). അഭയം തേടിയ ആൾ കൃതജ്ഞത അർപ്പിക്കണം, സ്തുതിക്കണം (സങ്കീ 18:3; 34:3). കാരണം ദൈവം സങ്കീർത്തകന് സങ്കേതവും രക്ഷയുമാണ് (സങ്കീ 62:7 71:7; 94:22).

**91:3–13,** പ്രബോധനപരമായ ഗാനമാണ് ഇത്. കർത്താവ് ആരാണെന്നും തന്നിൽ അഭയം തേടുന്നവർക്കുവേണ്ടി അവിടുന്ന് എന്തു ചെയ്യുമെന്നും പറയുകയാണ്. കർത്താവ് പീഡിതരുടെ സഹായകനാണ് (വാ. 3–4). അവിടുന്ന് മനുഷ്യനെ കെണിയിൽ നിന്ന് രക്ഷിക്കുന്നു (സങ്കീ 119:160; 38:12; 124:7; 140:6; 141:9; 142:4). പരദൂഷണവും പരിഹാസവും വഴി പീഡിപ്പിക്കുന്നവരിൽനിന്ന് മനുഷ്യരെ രക്ഷിക്കുന്നു (സങ്കീ 5:9; 52:2). കെറൂബുകളുടെ ചിറകുകൾ സംരക്ഷണത്തിന്റെ പ്രതീകങ്ങളാണ് (നിയ 32:11; ജോബ് 39:13; സങ്കീ 5:12; 17:8; 63:7; 68:13).

മറ്റു ഭീകരതകളെപ്പറ്റിയാണ് അടുത്ത വാകൃങ്ങളിൽ (വാ. 5–6). പൈശാചികശക്തികളെയാണ് പ്രധാനമായും ഉദ്ദേശിക്കുക. രാ ത്രിയിൽ രാക്ഷസന്മാരുടെ ശല്യമാണ് (ഉത്ത 3:7,8). പകൽ പറക്കുന്ന അസ്ത്രങ്ങൾ നാശവും രോഗവും വിതയ്ക്കുന്നു (വിലാ 3:13; ജോബ് 6:4; സങ്കീ 18:15; 77:18; 64:8; 38:3; 144:6; 57:5; 64:4; 38:2; 121:6). മഹാമാരികൾ വലിയ ഇരുട്ടിലാണ് വരുക (പുറ 4:24; 11:4; ഏശ 37:26). നട്ടുച്ചയും അപകടം വരുത്താം (സങ്കീ 121:6).

ദുഷ്ടരെ എങ്ങനെ ദൈവം ശിക്ഷിക്കുമെന്ന് സങ്കീർത്തകന് മനസ്സിലാക്കാൻ കഴിയും (വാ. 7–8; സങ്കീ 3:6; 34:7). കാരണം സങ്കീർത്തകന്റെ അഭയവും കോട്ടയും അത്യുന്നതനാണ് (വാ. 9). ഒരു തിന്മയും അവന് ഭവിക്കുകയില്ല (വാ. 10). കർത്താവിന്റെ ആലയത്തിൽ മാത്രമല്ല അതിനു പുറത്തും ദൈവം അവനെ സംരക്ഷിക്കും തന്റെ മാലാഖാമാരിലൂടെ (വാ. 1–12; സങ്കീ 103:20; 23:3; 84:6; 34:7; ഉൽപ 24:7; തോബി 5,10; മത്താ 4:6; ഹെബ്രാ 1:14; ഏശ 63:9; സുഭാ. 3:23). അവൻ എല്ലാ അപകടങ്ങളും ഭീഷണിയും അതിജീവിക്കും (വാ. 13; ജോബ് 5:22; പ്രഭാ 39:30; ഏശ 11:8; ലൂക്കാ 10:19). 14–16 കർത്താവുതന്നെ ഇവിടെ നേരിട്ട് സംസാരിക്കുകയാണ്. കർത്താവിനോട് ചേർന്നു നില്ക്കുന്നവനെ അവിടുന്നു രക്ഷിക്കും (നിയ 7:7 10:15; 21:11). അവിടുന്നു അവന്റെ നിലവിളിക്കും യാചനകൾക്കും ഉത്തരം

നല്കും. അവിടുന്ന് അവനെ രക്ഷിക്കും (സങ്കീ 50:15,23; 98:1,3). പുരോഹിതൻ വഴിയാണ് രക്ഷയുടെ അരുളപ്പാട് ലഭിക്കുന്നത്.

രക്ഷയുടെ തീർച്ചയാണ് ഈ സങ്കീർത്തനം പറഞ്ഞുതരുന്നത്. ദൈവത്തിന്റെ സംരക്ഷണശക്തിയിൽ ജീവിക്കുന്നവൻ എല്ലാം അപ കടങ്ങളെയും ശത്രുക്കളെയും പൈശാചികശക്തികളെയും അതി ജീവിക്കുന്നു. പുതിയനിയമത്തിൽ യേശുക്രിസ്തുവിലാണ് ഈ സംര ക്ഷണശക്തി. അവിടെ അഭയം തേടിയവർ ലോകത്തെ അതിജീ വിക്കുന്നു; ഒരു ശക്തിക്കും അവനെ ദൈവത്തിൽനിന്നും വേർതി രിക്കാൻ സാധിക്കുകയില്ല; മാരകമായതു ഒന്നും അവരെ ഉപദ്രവി ക്കുകയില്ല (1 യോഹ 5:4; റോമ 8:37; മർക്കോ 16:18).

പരീക്ഷകൻ യേശുവിനെ തെറ്റിദ്ധരിപ്പിക്കുന്നതു പുതിയനിയമ ത്തിൽ കാണാം ( മത്താ 4:6; 3:17; ലൂക്കാ 4:10,11). എന്നാൽ ഈ സങ്കീർത്തനത്തിന്റെ വാഗ്ദാനം ഇതാണ്: ദൈവത്തോടു ചേർന്നു നിൽക്കുന്നവർക്കും അവിടുത്തെ നാമം അറിയുന്നവർക്കും അവി ടുത്തെ വളരെ പ്രത്യേക പരിപാലന ഉണ്ടാകും (വാ. 14).

**വിചിന്തനം**: 1-2, ദൈവത്തിന്റെ സംരക്ഷണയും പരിപാലനയും അനുഭവിക്കാത്ത മനുഷ്യർ ഇല്ല. എല്ലാവരുടെയും ആത്മമന്ത്രം ഇതാ യിരിക്കട്ടെ. “കർത്താവേ, നീ ആണ് എന്റെ സങ്കേതം, എന്റെ കോട്ട, എന്റെ ആശ്രയം, എന്റെ ദൈവം”.

3-13, രക്ഷിക്കുന്ന, സംരക്ഷിക്കുന്ന, പ്രതിരോധം സൃഷ്ടിക്കുന്ന ദൈവത്തെ നമ്മുടെ ജീവിതായോധനത്തിൽ കണ്ടുമുട്ടിയിട്ടുണ്ടോ? നാം എന്തിനെ ഒക്കെയാണ് ജീവിതത്തിൽ ഭയപ്പെടുന്നത്? കള്ള ന്മാർ, പകർച്ചവ്യാധികൾ, ശത്രുക്കളുടെ ആക്രമണം, അപകടങ്ങൾ, മരണം, തുടങ്ങിയവ നമ്മെ ഭയപ്പെടുത്താറുണ്ടോ? ‘നിനക്ക് ഒരു തിന്മയും ഭവിക്കുകയില്ല’ എന്ന തിരുവചനത്തിൽ ഉറച്ചുവിശ്വസി ക്കുവാൻ സാധിക്കുമോ? ഒരു പടികൂടെ കടന്ന സംരക്ഷണം ദൈവം വാഗ്ദാനം ചെയ്യുന്നു: സിംഹത്തിന്റെയും അണലിയുടെമേൽ നീ ചവിട്ടിനടക്കും ഗ്രഹിക്കുവാൻ ബുദ്ധിയുള്ളവർ ഗ്രഹിക്കട്ടെ.

14-16, ഈ പരിരക്ഷയുടെ കാരണമെന്താണ്? ‘അവൻ എന്നോട് ചേർന്നു നില്ക്കുന്നതിനാൽ ഞാൻ അവനെ രക്ഷിക്കും.... അവന്റെ കഷ്ടതയിൽ ഞാൻ അവനോടു ചേർന്നു നില്ക്കും’. നമുക്ക് കർത്താവിനോട് വിശ്വാസത്തിലും സ്നേഹത്തിലും പ്രത്യാശയിലും അറിവിലും ചേർന്ന് തഴുകി തഴുകി നില്ക്കാം. എല്ലാം ശുഭമാകും.

# സങ്കീർത്തനം 113: വിനീതരെ ഉയർത്തുന്ന കർത്താവ്

യഹൂദന്മാരുടെ ലിറ്റർജിയിൽ പ്രധാനപ്പെട്ട ഹല്ലേൽ കീർത്തനങ്ങളിൽ ഒന്നാമത്തതാണ് സങ്കീർത്തനം 113. പെസഹാത്തിരുന്നാളിനു വിശേഷവിധിയായി 113-114 സങ്കീർത്തനങ്ങൾ പെസഹാഭക്ഷണത്തിനു മുമ്പും 115-118 സങ്കീർത്തനങ്ങൾ പെസഹാഭക്ഷണത്തിനു ശേഷവും ആലപിച്ചിരുന്നു (മത്താ 26:30; മർക്കോ 14:26).

സാഹിത്യരൂപമനുസരിച്ച് 113-ാം സങ്കീർത്തനം 'സൃഷ്ടിസ്തുതികൾ' എന്ന വിഭാഗത്തിൽപ്പെടും. വിനീതരെ ഉയർത്തുന്ന ഉന്നതനായ ദൈവത്തെയാണു സങ്കീർത്തകൻ സ്തുതിക്കുന്നത്. പ്രമേയപരമായി ഇത് ഹന്നായുടെ കീർത്തനത്തോടു (1 സാമു 2:2-10) ചേർന്നു പോകുന്നു. ദൈവത്തിന്റെ ഔന്നിത്യവും, അതേസമയം തന്നെ സൃഷ്ടികളിലുള്ള അവിടുത്തെ സാന്നിദ്ധ്യവും സഹവാസവും എടുത്തുകാട്ടുന്ന ഏശ 57:15 നോടുള്ള സാമ്യവും, മഹത്വപൂർണ്ണനായ ദൈവം മനുഷ്യരെ വീക്ഷിക്കുന്ന രീതി വിവരിക്കുന്ന സങ്കീ 8 നോടുള്ള പ്രമേയപരമായ സാദൃശ്യവും 113-ാം സങ്കീർത്തനത്തിന്റെ കാര്യത്തിൽ ശ്രദ്ധേയമാണ്. ദൈവികപ്രവൃത്തികളുടെ സാർവ്വത്രികത്വം ഈ സങ്കീർത്തനത്തിൽ നിറഞ്ഞുനില്ക്കുന്നു (വാ. 2, 3, 5, 6, 7, 9). സങ്കീർത്തനത്തിന്റെ ഈ സ്വഭാവവിശേഷങ്ങൾ വിപ്രവാസത്തിനു ശേഷമാണ് കാവ്യരചന നടന്നതെന്ന് സ്ഥാപിക്കാനുള്ള തെളിവുകളായി എടുത്തുകാട്ടാം.

സങ്കീർത്തനം ഹല്ലേലുയാ എന്ന സ്തുതിയുടെ പ്രഘോഷണ വചനം കൊണ്ടാരംഭിക്കുകയും സമാപിക്കുകയും ചെയ്തിരിക്കുന്നു.

1-3 വാക്യങ്ങൾ കർത്താവിന്റെ നാമത്തിനുള്ള സ്തുതിയാണ്.

4-6 വാക്യങ്ങൾ കർത്താവിന്റെ ഔന്നത്യത്തിനു ആദരവ്

7-9 വാക്യങ്ങൾ വിനീതരെ സമുദ്ധരിക്കുന്ന കർത്താവിനെ ഏറ്റു പറയുന്നു.

**113:1-3 കർത്താവിന്റെ നാമത്തിനു സ്തുതി:** ആരാധനാനുഷ്ഠാനപരമായ ഒരു സന്ദർഭം ഈ വാക്യങ്ങളിൽ നിഴലിക്കുന്നുണ്ട്. 'കർത്താവിന്റെ നാമം' രക്ഷാകരമായ ദൈവസാന്നിധ്യത്തെയാണു സൂചിപ്പിക്കുന്നത്. അതു ദൈവാലയത്തിലെ ദൈവസാന്നിധ്യമായും ദൈവജനമദ്ധ്യേയുള്ള അവിടുത്തെ ആവാസമായും ദൈവഭക്തരി

ലുള്ള ഉൾവാസമായും മനസ്സിലാക്കാം. 'കർത്താവിന്റെ ദാസർ' എന്ന അഭിധാനം ഇവിടെ ആരാധനാ സജ്ജരായെത്തിയിരിക്കുന്ന ദൈവ ജനംതന്നെയെന്നു കരുതാം (102:14; 105:25 കാണുക).

നിരന്തരം, സ്ഥലകാലഭേദമെന്യേ, കർത്തൃസ്സന്നിധിയിലായിരിക്കുന്ന ഒരു സാർവ്വത്രികാരാ ധനാമനോഭാവവും ഈ വാക്യങ്ങളിൽ അന്തർഭവിച്ചിട്ടുണ്ട്. 'ഇന്നുമെന്നേക്കും' ഉദയംമുതൽ അസ്തമയംവരെ, എന്നീ പ്രയോഗങ്ങൾ അതാണർത്ഥമാക്കുന്നത്.

**113:4-6, കർത്താവിന്റെ ഔന്നത്യം:** പ്രപഞ്ചം മുഴുവനിലും നിറഞ്ഞിരിക്കുകയും എന്നാൽ സകലത്തിനും അതിരിക്തനായിരിക്കുകയും ചെയ്യുന്ന അസ്തിത്വത്തെയാണ് യാഹ്വേ എന്ന ദൈവ നാമം പ്രതിനിധാനം ചെയ്യുന്നത്. യാഹ്വേയുടെ അതിരിക്തത കാണിക്കത്തക്കവിധമാണ് ഈ വാക്യങ്ങളിൽ വിശ്വപ്രപഞ്ചത്തിനു തട്ടുകൾ ക്രമീകരിച്ചവതരിപ്പിച്ചിരിക്കുന്നത്. സകലജനതകൾ, ഭൂമി, ആകാശം, ആകാശങ്ങൾക്കുമുപരി ഇങ്ങനെയാണു പ്രപഞ്ചതട്ടുകളുടെ ക്രമീകരണം. കർത്താവ് സകല ജനതകൾക്കുംമേൽ ഉന്നതനായി ആകാശങ്ങൾക്കുമുപരി ഉപവിഷ്ടനായിരിക്കുന്നു. ഇവിടെ കവിതാ മനോഹാരിത ലക്ഷ്യമാക്കി ഒരു 'ഏകകേന്ദ്രീകൃത' പ്രതിപാദനം സ്വീകരിച്ചതുകൊണ്ടാണ് സകലജനതകൾ - ആകാശങ്ങൾ - ഉന്നതം - ആകാശങ്ങൾ - ഭൂമി എന്നിങ്ങനെ വേർതിരിച്ചിരിക്കുന്നത്. സകലജനതകൾ, ഭൂമി എന്നു മനസ്സിലാക്കാം. യാഹ്വേയുടെ സിംഹാസനം ഉന്നതത്തിലാണ് (സങ്കീ 11:4; 14:2; 53:2; 102:19; 103:19); ആരാധകൻ ഭൂമിയിലും. അതുകൊണ്ട് ഉന്നതത്തിലേക്കുയർന്ന് കർത്താവിനെ താഴെ ഭൂമിയിലേക്ക് ആനയിക്കുന്ന ഒരു പ്രതീതിയാണ് ഇവിടെ ഉളവാക്കിയിരിക്കുന്നത്. "കർത്താവ് കുനിയുന്നു" എന്ന മനോഹര പ്രയോഗം ഈ പ്രതീതിയിൽ തികച്ചും അർത്ഥപൂർണ്ണമാണ്.

"കർത്താവു കുനിയുന്നു" എന്നും നോക്കുന്നു എന്നും പറയുമ്പോൾ ഉദ്ദേശിക്കുന്നത് സൃഷ്ടികളുടെമേൽ അവിടത്തേക്കുള്ള ശ്രദ്ധയും പരിപാലനയുമത്രേ. ഈയൊരു സ്വഭാവം മറ്റാർക്കുമില്ല തന്നെ (35:10; 40:5; 71:19; 86:8).

**113:7-9 വിനീതരെ സമുദ്ധരിക്കുന്ന കർത്താവ്:** കർത്താവു ചെയ്യുന്ന സകല രക്ഷാകരപ്രവൃത്തികൾക്കും മാതൃകയും ഉദാഹരണവുമാണ് ഈ വാക്യങ്ങളിൽ എടുത്തുപറയുന്ന രണ്ടേരണ്ടു കാര്യങ്ങൾ: ഒന്ന്, അവിടുന്ന് വിനീതനെ ഉയർത്തി പ്രഭുക്കന്മാരോടൊപ്പം ഇരുത്തുന്നു; രണ്ട്, അവിടുന്നു വന്ധ്യയ്ക്കു മക്കളെ നൽകി പാർപ്പിക്കുന്നു. ഉയ

രാനാവാത്തവനും ഇരിപ്പിടമില്ലാത്തവനുമാണ് പൊടിയിലും ചാണ കത്തിലും നാളുകൾ കഴിക്കുന്ന എളിയവൻ. സമൂഹത്തിൽനിന്നു പുറന്തള്ളപ്പെട്ടവന്റെ രൂപമാണത് (ജോബ് 2:7-9; വിലാ 4:5). പിന്തു ടർച്ചക്ക് മക്കളില്ലാത്തവളും പാർപ്പിടമില്ലാത്തവളുമായ വന്ധ്യ അവ ഗണിക്കപ്പെട്ട വ്യക്തിയുടെ രൂപവുമാണ് (ഉൽപ 16:1-4; 25:21; 29:31; ന്യായാ 13:2; 1 സാമു 1-2). ഉയർത്തുന്നു, ഇരുത്തുന്നു, വസതിന ല്കുന്നു, മക്കളെ നല്കുന്നു എന്നീ നാലു പ്രവൃത്തികളാണു കർത്താവ് നിർവ്വഹിക്കുന്നത്. ഇതിൽ ഇരുത്തുക, വസതി നല്കു ക, എന്നിവ രണ്ടും ഒരേ പ്രവൃത്തിതന്നെ. ദൈവം ഇസ്രായേൽ ജനത്തിനുവേണ്ടി ചെയ്തതും ഇതേ കാര്യങ്ങൾ തന്നെയാണല്ലോ: അടിമത്തത്തിൽനിന്നുയർത്തി; വാഗ്ദാനനാട്ടിൽ അധിവസിച്ചു; സന്താനങ്ങളെ നല്കി ആനന്ദിപ്പിച്ചു.

**വിചിന്തനം:** എളിയവരെ സഹായിക്കുന്നതിലും നിരാലംബരെ സംരക്ഷിക്കുന്നതിലും ദൈവമഹത്വം യാഥാർത്ഥ്യമാകുന്നു. ദൈവ മഹത്വം ആഗ്രഹിക്കുന്നവരും അവിടത്തെ സഹായവും സംരക്ഷ ണവും ആവശ്യമുള്ളവരും സ്വയം വിനീതരാകണം, പാർപ്പിടവും കുടുംബവും ഇല്ലാത്ത അവസ്ഥ പുലർത്തണം. ഭൗതികജീവിത തലത്തിൽ ഇതു പരിശീലിക്കാനാവുമെങ്കിൽ, ആധ്യാത്മികജീവി തതലത്തിൽ ഇവയെല്ലാം വീണ്ടെടുക്കാൻ ദൈവം ഇടവരുത്തും.

## സങ്കീർത്തനം 121: ഉറങ്ങാത്ത കാവൽക്കാരൻ

വിശ്വാസം, പ്രത്യാശ ഇവ പ്രകടിപ്പിക്കുന്ന സാഹിത്യരൂപവിഭാ ഗത്തിലാണ് ഈ സങ്കീർത്തനത്തെ ഉൾപ്പെടുത്തുവാനാകുന്നത്. 15 ഉം 24 ഉം സങ്കീർത്തനങ്ങൾപോലെ, ഒരു ആരാധനാ ക്രമഗീത ത്തിന്റെ ലക്ഷണവും ഇതിൽ പ്രകടമാകുന്നുണ്ട്. ജെറുസലെമിലെ ഒരു തീർത്ഥാടനാവസരത്തിൽ ഏതോ ഒരു തീർത്ഥാടകനും ഒരു പുരോഹിതനും ചേർന്നു നടത്തുന്ന സംഭാഷണരൂപത്തിലുള്ള ഒരു സമാപനാശീർവാദകർമ്മമാണ് ഇതെന്നു മനസ്സിലാക്കുന്നതിൽ തെറ്റില്ല. തീർത്ഥാടകൻതന്നെ സ്വയം ഉന്നയിക്കുന്ന ചോദ്യവും നല്കുന്ന ഉത്തരവുമാണ് 1-2 വാക്യങ്ങളിലുള്ളതെന്നും തുടർന്നുള്ള വാക്യങ്ങളിൽ അയാൾ സ്വഗതമായി തനിക്കുതന്നെ ആശംസിക്കുന്ന അനുഗ്രഹവചസ്സുകളാണുള്ളതെന്നും മറ്റൊരു വ്യാഖ്യാനവുമുണ്ട്.

വിപ്രവാസത്തിനു മുമ്പുള്ള ദൈവാലയ പശ്ചാത്തലമാണു ഈ സങ്കീർത്തനത്തിനുള്ളതെന്നു കരുതാം. രചനാകാലമോ ചരിത്ര

സന്ദർഭമോ നിർണ്ണയിക്കാനുതകുന്ന സൂചനകളൊന്നും സങ്കീർത്തനം നല്കുന്നില്ല.

**സങ്കീർത്തനഘടന:** ഘടനാപരമായി 1-2 വാക്യങ്ങൾ ഒരു ആമുഖ പ്രഘോഷണമാണ്. ദൈവസഹായത്തിൽ പ്രത്യാശ സമർപ്പിക്കുന്ന ഒരു ചോദ്യവും ഉത്തരവുമായി ഇതവതരിപ്പിച്ചിരിക്കുന്നു. 3-8 വാക്യങ്ങളിൽ അനുഷ്ഠാനപ്രവാചകന്റേത് എന്നു തോന്നിപ്പിക്കുന്ന രക്ഷാസന്ദേശമാണുള്ളത്.

ആമുഖപ്രഘോഷണം വാക്യം 1-2
ഉത്തരം - വാ. 2 ചോദ്യം - വാ. 1,
രക്ഷാസന്ദേശം വാ. 3-8
ഉറങ്ങാതെ കാക്കുന്ന കർത്താവ്: 3-4
തണൽ നല്കുന്നവൻ: 5-6
പോക്കും വരവും കാക്കുന്നവൻ: 7-8ba
സമാപന സ്തുതിവചനം: 8b

**121:1-2,** "പർവ്വതങ്ങളിലേക്കു കണ്ണുകളുയർത്തുന്നു." ദൈവവാസസ്ഥാനം ഉന്നതങ്ങളിൽ (113:5; 115:3) എന്നത് ദൈവത്തിന്റെ അതിരിക്തതയുടെ പ്രതീകമാണ്. ജെറുസലെം നഗരവും അതിൽ ദൈവാലയവും സ്ഥിതി ചെയ്യുന്ന വിശുദ്ധഗിരിയും സമീപസ്ഥലങ്ങളും ഉൾപ്പെടുത്തിയായിരിക്കണം പർവ്വതങ്ങൾ എന്നു പറഞ്ഞിരിക്കുന്നത് (സങ്കീ 48:1-2; 68:15-16; 125:2). സമുദ്രനിരപ്പിൽനിന്ന് 800 മീറ്റർ ഉയർന്ന സ്ഥലങ്ങളാണിവ.

അനുഗ്രഹദാതാവ് എന്ന നിലയിൽ ദൈവത്തെ ആകാശവും ഭൂമിയും സൃഷ്ടിച്ചവൻ എന്നു വിശേഷിപ്പിച്ചിരിക്കുന്നു. സൃഷ്ടികർമ്മം സകല ദൈവാനുഗ്രഹങ്ങളുടെയും വെളിപ്പെടലാണെന്ന ദൈവശാസ്ത്രമാണിവിടെ ഉപയോഗിച്ചിരിക്കുന്നത് (സങ്കീ 115:14-15; 124:8; 134:3). വിജാതീയർ പൂജാഗിരികളിൽ ആരാധിക്കുന്ന വിഗ്രഹങ്ങളുടെ കഴിവില്ലായ്മയും നിസ്സാരതയും അളന്നു കാണിക്കുക എന്നൊരു ലക്ഷ്യവും ഈ വാക്യത്തിൽ അന്തർലീനമാണ്.

**121:3-4,** പുരോഹിതൻ പറയുന്നതെന്നു കരുതാവുന്ന രക്ഷാസന്ദേശത്തിൽ ആദ്യമായാശംസിക്കുന്നത് കാലിടറാതെ കാക്കും എന്ന അനുഗ്രഹമാണ്. ഓരോ കാൽവയ്പും കർത്താവു ശ്രദ്ധിക്കുന്നുണ്ട് എന്നു കാണിക്കുന്നതിനാണ് 'മയങ്ങുകയില്ല,' 'ഉറങ്ങുകയില്ല' എന്നു അറിയിക്കുന്നത്. ദൈവസന്നിധിയിൽനിന്നു വിടവാങ്ങിയിട്ട് തിരിച്ചെത്തുന്നതുവരെയുള്ള ഓരോ നിമിഷവും ഈ സഹായം തീർത്ഥാടകന് ഏറെ പ്രധാനപ്പെട്ടതത്രേ (സങ്കീ 23:4; 38:16; 66:9).

രാവും പകലും കാൽനടയായി യാത്രചെയ്താണ് ദൈവഭക്തൻ വരുന്നതും മടങ്ങുന്നതും. കർത്താവ് ആ സമയമെല്ലാം ഉറങ്ങാതെ, മയങ്ങാതെ, കാവലുണ്ട് എന്ന ബോധ്യം ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കണം. 'ഇസ്രായേലിന്റെ പരിപാലകൻ' നിരന്തരം ജാഗ്രതയും ശ്രദ്ധയും പുലർത്തുന്നവനാണ് എന്ന ചിന്തക്കു പിന്നിൽ, വിജാതീയദേവന്മാരുടെ ഉറക്കത്തെ സംബന്ധിച്ച പുരാണം തെളിഞ്ഞുകാണാം: അവർ ഉറക്കക്കാരാണെന്നും ബലികൾ സ്വീകരിക്കാനേ അവർ ഉണരുകയുള്ളൂ എന്നും (1 രാജാ 18:27).

**121:5-6,** കർത്താവ് നിനക്കു തണൽ എന്ന പ്രതീകം മനോഹരമാണ്. ഒന്നാമത് ഇത് സൂചിപ്പിക്കുന്നത് ദൈവാലയത്തിലെ തിരുസ്സാന്നിധ്യമാണ്. കർത്താവിന്റെ ചിറകുകളുടെ തണലിൽ അഭയം കണ്ടെത്തുന്ന ഭക്തൻ പല സങ്കീർത്തനങ്ങളിലും പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ (17:8; 36:7; 57:1; 63:7; 91:1). രണ്ടാമത് ദൈവഭക്തന്റെ ജീവിതയാത്രയാകുന്ന തീർത്ഥാടനവേളയിൽ കർത്താവു തണലാകുന്ന അനുഭവമാണ്. പുറപ്പാടു സംഭവത്തിൽ ഇസ്രായേൽജനം അനുഭവിച്ച അതേ തണലനുഭവം (പുറ 13:21; സംഖ്യ 14:9).

"കർത്താവു നിന്റെ വലത്തുഭാഗത്തുണ്ട്" എന്ന പ്രഖ്യാപനവും ക്രിയാത്മകമായ സഹായ ഹസ്തത്തെ സൂചിപ്പിക്കുന്നു. ശത്രുവിനെതിരേയുള്ള ന്യായവിധിയാണ് പലപ്പോഴും വലത്തു വശത്തു നിന്നുള്ള സഹായം അർത്ഥമാക്കുന്നത് (സങ്കീ 16:8; 109:31; 110:5).

സൂര്യനും ചന്ദ്രനും യാത്രികരെ ഉപദ്രവിക്കും എന്നൊരു വിജാതീയവിശ്വാസം ആറാം വാക്യത്തിലെ പ്രസ്താവനക്കു പിന്നിലുണ്ട്. രോഗബാധക്കും മരണത്തിനുതന്നെയും ഇതു കാരണമാകാമത്രേ (2 രാജാ 4:19; യൂദി 8:3; യോനാ 4:8; മത്താ 17:15). എന്നാൽ ഇതിനും പ്രതിവിധിയും പ്രതിരോധവുമായി കർത്താവിന്റെ സംരക്ഷണം എന്നും ദൈവഭക്തനോടുകൂടിയുണ്ട് (ഏശ 25:4-5; 49:10).

**121:7-8a,** കർത്താവിന്റെ കാവൽ മൂന്നു പദവികളിൽ സമാഹരിച്ചവതരിപ്പിക്കുന്നു. 'എല്ലാ തിന്മയിൽ നിന്നും' - ദൈവകൃപ തടസ്സപ്പെടുന്ന എല്ലാ സാഹചര്യങ്ങളും എന്നു ഗ്രഹിക്കാം. 'ആത്മാവിനെ' - ജീവബന്ധിയായ ഈ വ്യക്തിഘടകത്തിനു കർത്താവരുളുന്ന കാവൽ ഭൗതികജീവനെയല്ല, ആധ്യാത്മികജീവനെ സുരക്ഷിതമാക്കുന്നു. 'പോക്കും വരവും' ഒരു വർഷത്തെ ജീവിത വ്യാപാരങ്ങളെ അർത്ഥമാക്കുന്നതാണ്. ഒരു തിരുനാളാഘോഷത്തിനു ജെറുസലെമിൽ വന്നിട്ട് ഭൗതികവസതിയിലേക്കു മടങ്ങുന്ന ദൈവഭക്തൻ അടുത്ത വർഷത്തെ തിരുനാളാഘോഷത്തിനു വീണ്ടും തിരി

ച്ചെത്തുന്നതുവരെയുള്ള കാലഘട്ടം ഇതു സൂചിപ്പിക്കുന്നു. ഇടയൻ ആടുകളെ ആലയിൽ നിന്നിറക്കി മേച്ചിൽപുറങ്ങളിലേക്കാനയിച്ച തിനുശേഷം തിരിച്ച് ആലയിൽ സുരക്ഷിതരായെത്തിക്കുന്നതിനു തുല്യമാണിത് (സംഖ്യ 27:17; നിയ 28:6; 31:2; ജോഷ്വ 14:11; 1 സാമു 18:16; സങ്കീ 23:2–3; 139:2–3, 9–10).

**121:8b,** 'ഇപ്പോൾമുതൽ എന്നേക്കും' സമാപന സ്തുതിവചനമായി കണക്കാക്കാം. ദൈവത്തിന്റെ കാലാതീതമായ നിത്യതയെ അനു ഷ്ഠാനപരമായി സൂചിപ്പിക്കുന്നു. ദൈവപരിപാലനയുടെ അനന്ത തയും ദൈവാരാധനയുടെ നിത്യതയും അനുഭവവേദ്യമാക്കുന്ന അവസ്ഥാ വിശേഷമാണല്ലോ ഒരു ദൈവഭക്തന്റെ കാത്തിരിപ്പിന്റെ ഏക വിഷയം (113:2; 115:18; 125:2).

**വിചിന്തനം:** ദൈവം എല്ലായ്പ്പോഴും നമുക്കു സമീപസ്ഥനാണ് എന്ന ചിന്ത സമാശ്വാസകരമാണ്. ദൈവാലയത്തിൽ അവിടുത്തെ നാം അനുഷ്ഠാനപരമായും കൗദാശികമായും കണ്ടുമുട്ടുന്നു. ദൈവാ ലയത്തിൽനിന്നു പുറത്തുപോരുമ്പോൾ അവിടുത്തെ സാന്നിധ്യം നമ്മെ വലയംചെയ്തുപോരുന്നു. വീണ്ടും നാം ആരാധനാസ്ഥലത്ത് എത്തിച്ചേരുന്നതുവരെ അവിടുന്നു നമ്മെ നയിക്കുന്നു. ആരാധനാ സ്ഥലത്തിന്റെ സവിശേഷത എന്തെന്നു ചിന്തിക്കാൻ ഇതു നമ്മെ പ്രേരിപ്പിക്കുന്നു. ദൈവം എപ്പോഴും നമ്മോടൊത്ത് ഉണ്ടെങ്കിൽ ആരാധനാസ്ഥലത്തെ തിരുസാന്നിധ്യത്തിന്റെ അർത്ഥം എന്ത്? അത് അതിവിശിഷ്ടംതന്നെയായിരിക്കണം. ജീവിതം ഒരു യാത്രയാണെ ങ്കിൽ ആ യാത്രയുടെ ലക്ഷ്യം ഏതെന്നുള്ള ചോദ്യത്തിനും ഉത്തരം ദൈവസാന്നിധ്യം എന്നുതന്നെയല്ലേ? ജീവിതയാത്ര നമ്മുടെ പ്രവർത്തനരംഗമാണെന്നും മനസ്സിലാക്കാം. എവിടെയും നാം ദൈവത്തോടു കൂടെത്തന്നെ.

## സങ്കീർത്തനം 130: അഗാധത്തിൽനിന്നുള്ള വിളി

ഒരു വ്യക്തിഗത വിലാപമാണു 130-ാം സങ്കീർത്തനം. 7-8 വാക്യ ങ്ങളിൽ ഇസ്രായേലിനെ സംബോധന ചെയ്തിരിക്കുന്നതുകൊണ്ട് ജനത്തിന്റെ വിലാപമായി ഇതിനെ പരിഗണിക്കാമെന്നും, ഇതിൽ ഉപയോഗിക്കുന്ന 'ഞാൻ' എന്ന സർവനാമം ഇസ്രായേൽജന ത്തിന്റെ വ്യക്തിത്വ സൂചകമായി കരുതിയാൽ മതിയെന്നും ചിലർ അഭിപ്രായപ്പെടുന്നു. 1,5 വാക്യങ്ങളിലെ ക്രിയാരൂപങ്ങൾക്ക് ഭൂത കാലാർത്ഥം നൽകി സങ്കീർത്തനത്തെ കൃതജ്ഞതയായികണക്കാ

ക്കുന്നവരുമുണ്ട്. പാപമോചനത്തിനായുള്ള സങ്കീർത്തകന്റെ യാചന 51-ാം സങ്കീർത്തനത്തോടു വളരെ സാമ്യം പുലർത്തുന്നുണ്ട്. അതിലേതുപോലെ ഇതിലും 'ശത്രു' പരാമർശിക്കപ്പെടുന്നില്ല എന്നതും ആ സ്ഥാനത്തു 'പാപം' പകരം വരുന്നു എന്നതും പ്രത്യേക ശ്രദ്ധ അർ ഹിക്കുന്നു. സഭയുടെ ആരാധനാക്രമപാരമ്പര്യത്തിൽ ഈ സങ്കീർത്തനം 'അനുതാപസങ്കീർത്തനങ്ങൾ' എന്ന ഗണത്തിലുൾപ്പെടുന്നു.

ഗൗരവമേറിയ പ്രതിസന്ധിയിലാണു ഈ സങ്കീർത്തനത്തിൽ വ്യക്തി വിലപിക്കുന്നത്. പ്രതിസന്ധി എന്താണെന്നു വ്യക്തമായ സൂചനയൊന്നുമില്ലതാനും. കർത്തൃസന്നിധിയിൽനിന്ന് അകലെയാണെന്നും (1) പാപാവസ്ഥയെക്കുറിച്ചു പര്യാകുലനാണെന്നും (3-4) പറഞ്ഞിട്ടുണ്ട്. 6-ാം വാക്യത്തിലെ സൂചനയനുസരിച്ച് സങ്കീർത്തനാലാപനസന്ദർഭം രാത്രിയാണ്. കർത്താവിന്റെ സന്നിധിയിലണയാനുള്ള തീവ്രാഭിലാഷത്തോടെ രാത്രി കഴിച്ചുകൂട്ടുന്ന ഒരു ഭക്തനായിരിക്കാം ഈ സങ്കീർത്തകൻ. തന്റെ അയോഗ്യതയുടെ ഏറ്റുപറച്ചിലാകാം അയാൾ നടത്തുന്നത്. അങ്ങനെയെങ്കിൽ, 7-8 വാക്യങ്ങളിലെ ഉദ്ബോധനം സമൂഹത്തിനുള്ളതുതന്നെയാണ്. സമൂഹത്തിനു മുഴുവനുമായുള്ള രക്ഷാസന്ദേശം ഈ വ്യക്തിയേയും പ്രത്യാശാഭരിതനാക്കുന്നു.

ദൈവാലയമുള്ള കാലഘട്ടത്തിലാണു സങ്കീർത്തനം വിരചിതമായതെന്ന് 6-ാം വാക്യത്തിലെ പരാമർശത്തിൽനിന്നു മനസ്സിലാക്കാം. സങ്കീർത്തനത്തിൽ പ്രത്യക്ഷപ്പെടുന്ന വ്യക്തി ഒരു രാജാവാണെന്നു കരുതുന്ന ഒരു വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഇതിന്റെ രചനാകാലം വിപ്രവാസത്തിനുമുമ്പാണ്. എന്നാൽ, ഭാഷാപ്രയോഗങ്ങൾ കണക്കിലെടുത്തു കാലനിർണ്ണയത്തിനു ശ്രമിക്കുന്ന മറ്റൊരു വിഭാഗത്തിന് ഇതിന്റെ രചനാകാലം വിപ്രവാസത്തിനു ശേഷമാണ്.

**സങ്കീർത്തന ഘടന:** വിലാപസങ്കീർത്തനങ്ങളുടെ സാധാരണ ഘടന സങ്കീ. 130 ഉം പ്രകടമാക്കുന്നു. പ്രാരംഭസംബോധനയോടെയും യാചനകളോടെയുമാണ് തുടക്കം (വാ.1-2). തുടർന്നു വരുന്ന 3-6 വാക്യങ്ങളാണ് വിലാപഭാഗം. ഇവിടെ പാപങ്ങളെക്കുറിച്ചും പാപ മോചനത്തെക്കുറിച്ചും പ്രതിപാദിക്കുന്ന 3,4 വാക്യങ്ങൾ ദുരിതവിവരണമാണ്. എന്നാൽ 5,6 വാക്യങ്ങളിൽ വിശ്വാസം - പ്രത്യാശ പ്രകടനമാണുള്ളത്. അതു വിലാപത്തിന്റെ ഘടനക്കു വിരുദ്ധമല്ല. എങ്കിലും 3,4 വാക്യങ്ങൾ കർത്താവിനോടു സങ്കീർത്തകൻ നേരിട്ടു സംസാരിക്കുന്ന രീതിയിലും, 5,6 വാക്യങ്ങൾ പരോ

ക്ഷപ്രസ്താവനാരൂപത്തിലും കാണുന്നു എന്നൊരു പ്രത്യേകത യുണ്ട്. സന്ദേശരൂപത്തിലുള്ള 7,8 വാക്യങ്ങളെ സങ്കീർത്തനസമാ പനമായി കണക്കാക്കാം.

വാ.1-2 : സംബോധന, പ്രാരംഭയാചനകൾ

3-6 : വിലാപം

: കുറ്റങ്ങൾ ഓർത്ത് പാപമോചനം കാക്കുന്നു: (3-4)

: വിശ്വാസത്തോടെ കാത്തിരിപ്പ്: 5-6

7-8 : കാരുണ്യവും വിമോചനവും ആശംസിക്കുന്നു:

**130:1-2,** ഈ സങ്കീർത്തനത്തിൽ 'ശത്രു' എന്ന പദം ഉപയോഗിച്ചി ട്ടില്ല. അതിന്റെ സ്ഥാനത്താണ് 'പാപം.' എന്നാൽ ശത്രുവിന് സാധാ രണ ഉപയോഗിക്കാറുള്ള പകര നാമം - 'അഗാധങ്ങൾ' - കൊണ്ടാണ് സങ്കീർത്തനത്തിന്റെ തുടക്കം. അഗാധങ്ങൾക്കു പാതാള സൂചനയാണുള്ളത് (സങ്കീ 69:2, 14; 88:6). സമുദ്രത്തിന്റെ അഗാധങ്ങൾ (ഏശ 51:10) ആണ് ഇവിടെ ഉദ്ദേശിക്കുന്നത്. ദൈവ സന്നിധിയിൽനിന്നുള്ള അകൽച്ച അവതരിപ്പിക്കുന്ന ഒരു പ്രതീക മാണിത്. 'പാപം' എന്നതുകൊണ്ടുദ്ദേശിക്കുന്നതും അതുതന്നെ യാണല്ലോ.

ദൈവത്തിൽനിന്നുള്ള അകൽച്ച ദ്യോതിപ്പിക്കത്തക്കവിധമാണ് ഭക്തൻ നിലവിളിച്ചപേക്ഷിക്കുന്നത്. ആ നിലവിളി ദൈവം ശ്രദ്ധാ പൂർവ്വം കേൾക്കണമെന്നും അയാൾ യാചിക്കുന്നു. ദൈവം കേൾക്കു ന്നു, ശ്രദ്ധിക്കുന്നു എന്നു പറയുന്നത് അവിടുന്നു നൽകുന്ന രക്ഷ യെത്തന്നെയാണല്ലോ സൂചിപ്പിക്കുന്നത്. ഇവിടെ ഉപയോഗിച്ചിരി ക്കുന്ന പദപ്രയോഗങ്ങൾ ദൈവാലയത്തിൽ നടത്തുന്ന അനുതാ പാഭ്യർത്ഥനകൾക്കു യോജിച്ചവതന്നെ (2 ദിന 6:40; 7:15).

**130:3-4,** 'കുറ്റങ്ങൾ' എന്നു വിലാപകാരൻ പറഞ്ഞിരിക്കുന്നത് എന്തിനെ ഉദ്ദേശിച്ചാണെന്ന് വ്യക്തമാക്കിയിട്ടില്ല. തെറ്റുചെയ്യുവാ നുള്ള മനുഷ്യന്റെ സ്വാഭാവിക വാസനയാകാം ഉദ്ദേശിച്ചിരിക്കുന്ന ത് (സങ്കീ 143:2; ജോബ് 9:1). അമ്പത്തൊന്നാം സങ്കീർത്തനം ആ അർത്ഥത്തിൽത്തന്നെയാണ് പാപാവസ്ഥയെ അവതരിപ്പിക്കുന്നത് (51:3-6). ഈ സ്വാഭാവികാവസ്ഥയെ തരണം ചെയ്യാനുള്ള സഹായം നല്കുവാൻ ദൈവത്തിനുമാത്രമേ കഴിയൂ. ഒരു വ്യക്തിക്ക് ദൈവ സന്നിധിയിലുള്ള 'നിലനില്പിന്' ഈ മേഖലയിൽ ദൈവസഹായം അത്യന്താപേക്ഷിതവുമാണ്. 'നിലനിൽക്കുക' എന്ന ക്രിയ അസ്തി ത്വത്തിലുള്ള നിലനിൽപ്പുതന്നെയാണർത്ഥമാക്കുന്നത് (സങ്കീ 62:2). ആരാധനക്കായി ദൈവസന്നിധിയിൽ നിൽക്കുന്ന പ്രവൃത്തിയെ

സൂചിപ്പിക്കുന്ന ക്രിയാപദവും ഇതുതന്നെ.

ദൈവം പാപം മോചിക്കുന്നവനാണ് 'ഭയകാരണമാകേണ്ടതിന്' എന്നൊരു ലക്ഷ്യം (വാ. 4) ഹീബ്രുപാഠം നല്കിയിരിക്കുന്നത് വ്യക്തമല്ല. ദൈവകൃപയാൽ ചെയ്യുന്ന മഹനീയകൃത്യങ്ങളോടുള്ള ആദരവ് എന്നൊരു വ്യാഖ്യാനം നൽകാം. പാപമോചനം വലിയൊരു ദൈവികദാനമാണല്ലോ.

**130:5-6,** ദൈവസന്നിധിയിൽ അർപ്പിച്ച യാചനകളുടെ സഫലീകര ണമാണു ഭക്തൻ പ്രത്യാശയോടെ കാത്തിരിക്കുന്നത്. ദൈവം രക്ഷനൽകി ഇടപെടുമെന്ന് അയാൾക്ക് ഉറച്ച വിശ്വാസമുണ്ട്. അവി ടുന്നു ഭക്തന്റെ യാചനക്കു നൽകുന്ന ഉത്തരമായാണ് 'വചനം' അയാൾ പ്രതീക്ഷിക്കുന്നത്. അടുത്ത പ്രഭാതത്തിൽ ദൈവാലയ ത്തിൽ അയാൾ ശ്രവിക്കുന്ന രക്ഷാസന്ദേശവുമാകാം അത്.

'പ്രഭാതത്തിലെ കാവൽക്കാരെപ്പോലെ' എന്ന സാദൃശ്യ പ്രസ്താവനയ്ക്കും രണ്ടർത്ഥം വിഭാവനം ചെയ്യാം: 1, വിഷമമേ റിയ രാത്രികാലത്തിനുശേഷം പ്രഭാതത്തിന്റെ പ്രകാശത്തിലേക്കു കടക്കുന്നവനെപ്പോലെ എന്നും, 2, പ്രഭാതത്തിൽ ദൈവാരാധന ക്കായി അവിടുത്തെ സന്നിധിയിൽ അണയുന്നവനെന്നും. കാത്തി രിപ്പിന്റെ തീക്ഷ്ണതയെ ദ്യോതിപ്പിക്കാനാകാം 6-ാം വാക്യത്തിന്റെ ആദ്യപാദം ആവർത്തിച്ചിരിക്കുന്നത്.

**130:7-8,** ആരാധകസമൂഹത്തിന് അനുഷ്ഠാനപ്രവാചകന്റെയോ പുരോഹിതന്റെയോ രക്ഷാസന്ദേശമാണീവാക്യങ്ങളിൽ. പാപങ്ങൾ മോചിക്കുന്നതിൽ കർത്താവു പ്രദർശിപ്പിക്കുന്ന ഔദാര്യവും, അവി ടത്തെ കാരുണ്യ വുമാണ് ഇവിടെ പരാമർശവിഷയം.

'ഇസ്രായേൽ' ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം ഈ പേരിയലറിയപ്പെടുന്നു. ആരാധനാനുഷ്ഠാനത്തിൽ ആരാധകസ മൂഹത്തിനു നല്കുന്ന പലപേരുകളിൽ ഒന്നായും ഇസ്രായേൽ സങ്കീർത്തനങ്ങളിൽ പ്രത്യക്ഷപ്പെടുന്നു.

**വിചിന്തനം:** ദൈവസന്നിധിയിൽനിന്നകന്ന്, അഗാധങ്ങളിലായിരി ക്കുന്ന അവസ്ഥയാണു പാപം. ആ സ്ഥിതിയിൽനിന്നു കര കയറുവാൻ ദൈവംതന്നെ ഇടപെടണമെന്നു 130-ാം സങ്കീർത്തനം പഠിപ്പിക്കുന്നു. വിളിച്ചപേക്ഷിക്കുകയും കാത്തിരിക്കുകയുമാണ് പാപി ചെയ്യുന്നത്. രക്ഷ സംലബ്ധമാകുന്നതിനുള്ള ആദ്യപടി ഇതാണ്. തുടർന്ന് ദൈവകാരുണ്യം പ്രവർത്തന നിരതമാകുമ്പോൾ പാപി മോചിതനാകും. ഇവിടെ നമുക്ക് ചിന്തിക്കാവുന്നത് നമ്മുടെ പാപാവസ്ഥയിൽ ദൈവം നമ്മുടെ അടുത്തേക്കു വരുകയാണോ,

അതോ നാം അവിടുത്തെ സമീപിക്കയാണോ ചെയ്യുന്നത് എന്നാണ്. ദൈവം നമ്മെ തന്റെ പക്കലേക്ക് ഉയർത്തുന്നു എന്നു മനസ്സിലാക്കുകയായിരിക്കും ശരി. നാം ആകും വിധം കൈകളുയർത്തണം എന്നു മാത്രം.

## സങ്കീർത്തനം 137: സീയോൻ, സീയോൻമാത്രം

നല്ല കവിഭാവനയും ഗാനാത്മകത്വവും പ്രകടമാക്കുന്ന ഒരു ഗീതമായാണ് 137-ാം സങ്കീർത്തനത്തെ പലരും വിശേഷിപ്പിക്കുന്നത്. സാഹിത്യരൂപവിശകലനം ഇതിനെ ഒരു സീയോൻ സ്തുതിയായി കാണാൻ പ്രേരിപ്പിക്കുന്നു. ജെറുസലെമും സീയോനുമാണ് ഈ ഗീതത്തിലെ മുഖ്യവിഷയം എന്നതിൽ സംശയമില്ല. സീയോനെ ശത്രുക്കൾ അവഹേളിച്ചുവെങ്കിലും ദൈവജനത്തിന് അവൾ എന്നും സ്നേഹഭാജനമാണ്; സന്തോഷത്തിന്റെ മകുടവുമാണ്. ആകയാൽ, സീയോൻ സ്തുതിയുടെ ഗണത്തിൽ തന്നെ ഈ സങ്കീർത്തനത്തെയും ഉൾപ്പെടുത്തണം. എന്നാൽ, ഭാഷാശൈലിക്ക് വിലാപത്തിന്റേതിനോടു സാമ്യമുണ്ട്. ഒരു വ്യക്തി ('ഞാൻ' : വാ. 5-6) സമൂഹത്തിന്റെ ('ഞങ്ങൾ': വാ. 1-4,8) പ്രതിനിധിയെന്ന നിലയിൽ ഗാനമാലപിക്കുന്നു. 5-6 വാക്യങ്ങളിൽ പരോക്ഷമായ സ്വയംശാപവും (സങ്കീ 7:3-5 കാണുക), 7-9 വാക്യങ്ങളിൽ ശത്രുക്കളുടെ മേൽ പ്രത്യക്ഷമായ ശാപവചനങ്ങളും കാണാം. ഇവയൊക്കെ സങ്കീർത്തനത്തെ വിലാപമെന്നു കരുതാൻ പ്രേരിപ്പിച്ചേക്കാം. മറുവശത്ത്, സീയോന്റെ മഹത്വം വാഴ്ത്തുന്നതിൽ ആനന്ദം കണ്ടെത്താനുള്ള ഭക്തന്റെ കടമയും, പ്രസിദ്ധങ്ങളെന്നു കരുതുന്ന വിജാതീയനഗരങ്ങൾക്കു മേൽ സീയോനുള്ള അധീശത്വവും മഹിമയും ഇവിടെ പ്രതിപാദിച്ചിരിക്കുന്നു എന്നു മനസ്സിലാക്കുമ്പോൾ, ഈ സങ്കീർത്തനത്തെ പൂർണ്ണമായും സ്തുതിയുടെ സാഹിത്യവിഭാഗത്തിൽപ്പെടുത്തുകതന്നെ വേണം.

ആരാധനാസമൂഹം അവിഭാജ്യഘടകമായ ഒരു സ്തുതിഗീതമെന്ന നിലയിൽ ഈ സങ്കീർത്തനം ആരാധനാനുഷ്ഠാനപരമാണ്, ആരോഹണഗീതങ്ങൾക്കും (120-134) രണ്ടു ഹല്ലേൽ കീർത്തനങ്ങൾക്കും (135-136) ശേഷം വരുന്നതുകൊണ്ട് അവയുടെ അനുഷ്ഠാനപരമായ പശ്ചാത്തലംതന്നെ 137-ാം സങ്കീർത്തനത്തിനുമുണ്ടെന്ന് അനുമാനിക്കാം. ഈ സങ്കീർത്തനം ആരാധനാഗീതസമാഹാരത്തിൽ സ്ഥാനംപിടിച്ചത് പിൽക്കാലത്തുമാത്രമായിരിക്കാം.

ബി.സി. 587 ൽ ജെറുസലെം നഗരവും ദൈവാലയവും നശിപ്പിക്കപ്പെട്ടതിനുശേഷം, എന്നാൽ ബി.സി. 516 ൽ പുതിയ ദൈവാലയം പണിതീരുന്നതിനുമുമ്പ് 137-ാം സങ്കീർത്തനം വിരചിതമായി എന്നു തീർച്ചപ്പെടുത്തിപ്പറയാം. കാരണം, സങ്കീർത്തനത്തിലെ പരാമർശവിഷയം ബാബിലോൺ വിപ്രവാസസമയത്ത് ദൈവജനം സീയോനെ ഓർത്തു തങ്ങളുടെ സ്നേഹാദരവുകൾ പ്രകടിപ്പിക്കുന്നതാണ്. അതേസമയം നഗരത്തിന്റെയോ ദൈവാലയത്തിന്റെയോ പുനർനിർമ്മാണം നടന്നിട്ടില്ല എന്ന് 7-ാം വാക്യം സൂചന നൽകുന്നുമുണ്ട്.

**സങ്കീർത്തനഘടന:** സീയോനെപ്രതി അന്യദേശത്തുവച്ചുണ്ടായ അനുഭവം (വാ. 1-4), ജെറുസലെമിനോടുള്ള സ്നേഹാദരവുകളുടെ പ്രഖ്യാപനം (വാ. 5-6), ജെറുസലെമിനെ പ്രഹരിച്ചവരോടു പ്രതികാരം ചെയ്യുന്ന കർത്താവിനു സ്തുതിയർപ്പണം (വാ. 7-9), എന്നിങ്ങനെ മൂന്നുഭാഗങ്ങൾ ഈ സങ്കീർത്തനത്തിൽ വേർതിരിച്ചുകാണാം. 1,5,6,7 വാക്യങ്ങളിൽ 'ഓർക്കുക,' 'മറക്കുക' എന്നീ ക്രിയാപദങ്ങൾക്കു പ്രാധാന്യം കൊടുത്ത് ആവർത്തിച്ചിരിക്കുന്നത് മേൽപറഞ്ഞ ഘടനാനിർണ്ണയത്തിനും സഹായകമാണ്. രണ്ടു ക്രിയാപദങ്ങളും പ്രത്യക്ഷപ്പെടുന്ന 5,6 വാക്യങ്ങളടങ്ങിയ ഭാഗം കേന്ദ്രപ്രമേയം ഉൾക്കൊള്ളുന്നുവെന്നതും ശ്രദ്ധേയമാണ്.

**137:1-4 : സീയോനെ പ്രതി അന്യദേശത്ത് അനുഭവം:** വാ. 1,2, യൂഫ്രട്ടീസ്, ടൈഗ്രീസ് നദികളുടെ തീരപ്രദേശങ്ങളിലായിരുന്നിരിക്കണം പ്രവാസികളായി ബാബിലോണിയയിലെത്തിയ ഇസ്രായേൽക്കാർ പാർത്തത്. കേബാർ എന്നൊരു നദിക്കരയിൽ പ്രവാസികളെ കണ്ടെത്തിയതായി എസെക്കിയേൽ പ്രവാചകൻ സാക്ഷ്യപ്പെടുത്തുന്നുണ്ട് (എസെ 3:15). യൂഫ്രട്ടീസിൽനിന്നു ജലസേചനാർത്ഥം നിർമ്മിച്ച ഒരു കനാൽ മാത്രമായിരുന്നു കേബാർ. ഇതിൽനിന്ന്, 'ബാബിലോൺ നദികൾ' എന്ന് പറഞ്ഞിരിക്കുന്നത് അവിടുത്തെ പ്രധാനനദികളും പോഷകനദികളും കനാലുകളും ചേർന്നതാണ് എന്നു മനസ്സിലാക്കാം.

ഇസ്രായേൽജനം അവിടെ 'ഇരുന്നു,' 'സീയോനെ ഓർത്തു,' 'കരഞ്ഞു,' 'കിന്നരങ്ങൾ തൂക്കിയിട്ടു' എന്നീ നാലു പ്രവൃത്തികൾ ചെയ്തു. അനുഷ്ഠാനപരമായ അർത്ഥമുൾക്കൊള്ളുന്ന പ്രവൃത്തികളാണ് ഇവ. 'ഇരിക്കുക' എന്നത് ശാരീരികമായും മാനസികമായും നിലംപറ്റിയ സ്ഥിതി അറിയിക്കുന്നു. 'നിൽക്കുക' എന്ന പ്രവൃത്തി ദൈവസന്നിധിയിലെ ആരാധനയുടെ അനുഷ്ഠാനമാണെങ്കിൽ (ഉൽപ 18:8,22; 19:27; നിയ 5:5; 10:10; 1 രാജാ 3:15; 8:22; ....),

'ഇരിക്കുക' എന്നത് ദൈവസാന്നിധ്യമോ ആരാധനയോ ഇല്ലാത്ത അവസ്ഥയെ സൂചിപ്പിക്കുന്നു. ഇതോടൊപ്പം ദൈവത്തെ (സീയോനെ) ക്കുറിച്ചുള്ള ഓർ മയും കരച്ചിലും കൂടിയാകുമ്പോൾ സൂചന അനുതാപാചരണത്തിന്റേതാണ് (ന്യായാ 20:26; 21:2; ഏശ 3:26; നെഹെ 1:4;....). അനുതാപാചരണ സമയം ആഹ്ലാദപ്രകടനമോ ആനന്ദഗീതാലാപനമോ ഉണ്ടായിരിക്കുകയില്ല. ഇസ്രായേൽജനം വിപ്രവാസകാലഘട്ടത്തെ ദൈവസന്നിധിയിൽനിന്നകന്നു കഴിയുന്ന, ദുഃഖത്തിന്റെ സമയമായി കണക്കാക്കി. ആനന്ദഗീതമാലപിക്കുവാൻ ഉപയോഗിച്ച കിന്നരങ്ങൾ (സങ്കീ 33:2; 43:4; 71:22; 92:3) അവർ മരങ്ങളിൽ തൂക്കിയിട്ടത് അക്കാരണത്താലാണ്. സീയോനെ ഓർത്തു വിലപിക്കുകമാത്രമാണ് അവർക്കു ചെയ്യുവാനുള്ളത് (വിലാ 2:10–19; 5:1–22).

**137:3–4,** തടവുകാരോട് "സീയോൻ ഗീതത്തിലൊന്നുപാടാൻ" ആവശ്യപ്പെട്ടതു പരിഹാസദ്യോതകമായ പ്രവൃത്തിയായിരുന്നു. "മർദ്ദകർ" എന്ന വാക്ക് 'പരിഹാസകർ' എന്ന അർത്ഥത്തിൽ ഇവിടെ മനസ്സിലാക്കണം (Dahood, Psalms III, 270-271 കാണുക) സീയോൻഗീതത്തെത്തന്നെയാണ് കർത്താവിന്റെ ഗാനം എന്നു പറഞ്ഞിരിക്കുന്നത്. വിശ്വാസിയായ ഇസ്രായേൽക്കാരൻ അതു വിദേശനാട്ടിൽ പാടുകയില്ലെന്ന് വിജാതീയർക്കറിയാം; അറിഞ്ഞുകൊണ്ടുതന്നെ പാടാനാവശ്യപ്പെട്ടതു പരിഹാസമാണ്. നിന്റെ ദൈവം എവിടെ? (സങ്കീ 79:10; 115:2) എന്ന ചോദ്യത്തിനു സമമാണിത്. കർത്താവു വസിക്കുന്ന സീയോനിൽ മാത്രം പാടാവുന്ന ഗീതങ്ങളായതുകൊണ്ടാണ് സീയോൻ ഗീതങ്ങൾ കർത്താവിന്റെ ഗാനം എന്നറിയപ്പെടുന്നത്. അവിടെ അവ ആലപിക്കുന്നത് ആരാധനാനുഷ്ഠാനവുമാണ്.

**137: 5–6, ജെറുസലെമിനു സ്നേഹാദരവുകൾ:** മുൻവാക്യങ്ങളിൽ സമൂഹ (ഞങ്ങൾ) മാണു സംസാരിച്ചതെങ്കിൽ, ഇവിടെ ഒരു വ്യക്തി (ഞാൻ) സംസാരിക്കുന്നു. സമൂഹത്തിലെ ഓരോ അംഗത്തിന്റെയും ചിന്താഗതി ഇതുതന്നെ എന്നു പ്രഖ്യാപിക്കുകയാകാം, ഈ പ്രാതിനിധ്യവചനങ്ങളുടെ ലക്ഷ്യം. നിരപരാധിത്വം വെളിപ്പെടുത്തത്തക്കവിധം നടത്തുന്ന രണ്ടു സ്വയംശാപരൂപത്തിലാണ് ഇതവതരിപ്പിച്ചിരിക്കുന്നത്. ജെറുസലെമിനെ ഒരിക്കലും താൻ മറക്കുകയില്ലെന്നു മാത്രമല്ല, അവളെ ഓർക്കുകയും തന്റെ സന്തോഷത്തിന്റെ മകുടമായി വിലമതിക്കുകയും ചെയ്യുമെന്നുമുള്ള ദൈവഭക്തന്റെ ക്രിയാത്മക പ്രഘോഷണമാണിവിടെ.

"എന്റെ വലത്തുകൈയ് എന്നെ മറക്കട്ടെ" എന്നത് 'എന്റെ വല

ത്തുകൈയ് തളർന്നുപോകട്ടെ' എന്നു ചിലർ തിരുത്താറുണ്ട്. കിന്നരം വായിക്കാൻ വലത്തുകൈയ് അശക്തമാകട്ടെ എന്നു മാത്രമേ ഇവിടെ വിവക്ഷയുള്ളൂ. അതുപോലെ തന്നെ, "നാവ് അണ്ണാക്കിൽ ഒട്ടിപ്പോകട്ടെ" എന്നത് ഗാനമാലപിക്കുവാൻ നാവിനു കഴിയാതിരിക്കട്ടെ എന്നും അർത്ഥമാക്കുന്നു.

**137:7-9, പ്രതികാരംചെയ്യുന്ന കർത്താവിനു സ്തുതി:** "ജെറുസലെമിന്റെ ദിവസത്തെ ഓർക്കണമേ" എന്ന പ്രാർത്ഥന ജെറുസലെമിനെയും കർത്താവിനെയും ദൈവജനം ഓർക്കുന്നതിനുള്ള പ്രതിഫലംപോലെ കർത്താവും ചെയ്യണം എന്നാണ്. ശക്തിയുള്ള ശാപവാക്കുകളാണ് സങ്കീർത്തകൻ ഉപയോഗിക്കുന്നത്. കർത്താവിന്റെ സന്നിധാനത്ത് ആയിരിക്കാനുള്ള തീക്ഷ്ണത, ആ സാന്നിധ്യത്തിൽ നിന്നു തങ്ങളെ അകറ്റിയ ശത്രുക്കളുടെ മേലുള്ള പ്രതികാരചിന്തയിലും അദ്ദേഹം വെളിപ്പെടുത്തുന്നു. യുദ്ധാവസരത്തിലുള്ള ശത്രുനിർമാർജ്ജന മനോഭാവം സങ്കീർത്തനത്തിലും കടന്നുകൂടി എന്നു കരുതിയാൽമതി.

'ഏദോമിന്റെ പുത്രന്മാർ' ഏദോമ്യർ ഏസാവിന്റെ പിൻതലമുറക്കാരാണ് (ഉൽപ 36:1). വംശപാരമ്പര്യം വച്ചുനോക്കുമ്പോൾ ഇസ്രായേൽജനത്തോട് ബന്ധമുള്ളവരാണ് ഏദോമ്യർ. എന്നാൽ, ബി. സി. 587/6 ൽ ബാബിലോണിയക്കാർ ജെറുസലെം ആക്രമിച്ചപ്പോൾ ഏദോമ്യർ യൂദായ്ക്കെതിരേ സഖ്യം ചേർന്നു. ജെറുസലെം നശിപ്പിക്കപ്പെട്ട ദിവസം അവർക്കു സന്തോഷദിനമായിരുന്നു (എസെ 25:12-14; 35:5-9; ഒബാ 8-15; വിലാ 4:21-22). ആ ദിവസത്തെയാണ് ജെറുസലെമിന്റെ ദിവസം എന്നു പരാമർശിച്ചിരിക്കുന്നത്. അന്ന് ഏദോമ്യർ പറഞ്ഞ വാക്കുകളും സങ്കീർത്തകൻ കർത്താവിനെ അനുസ്മരിപ്പിക്കുന്നു.

'ബാബിലോൺ പുത്രി': ബാബിലോൺ സാമ്രാജ്യത്തെയോ ബാബേൽനഗരത്തെയോ സൂചിപ്പിക്കുന്നതാകാം. 'ഏദോമിന്റെ പുത്രന്മാർ' സൗഹൃദത്തിലേർപ്പെട്ടവൾ എന്നൊരു ധ്വനിയും ഇതുൾക്കൊള്ളുന്നു. ജെറുസലെം ആക്രമിക്കപ്പെട്ട ദിവസം ബാബിലോണ്യർ ഇസ്രായേൽജനത്തോടു ചെയ്ത കൊടും ക്രൂരതയാണ് സങ്കീർത്തകൻ അനുസ്മരിക്കുന്നത്; സമാനമായ ഒരു പ്രതികാരത്തിനായി ശാപവചനമുതിർക്കുകയും ചെയ്യുന്നു. കുഞ്ഞുങ്ങളെ പാറയിലടിച്ചു വധിക്കുന്നതുൾപ്പെടെ അനേകം ക്രൂരതകൾ അക്കാലത്ത് നടന്നിട്ടുണ്ട് (2 രാജാ 8:12; ഏശ 13:16,18; ഹോസി 10:14; 13:16; നാഹും 3:10). ബാബിലോൺ പുത്രിയോടും അവളുടെ മക്കളോടും പ്രതികാരം ചെയ്യുന്ന ഭാഗ്യവാൻ പേർഷ്യൻ രാജാവായ സൈറസ് ആണെന്ന് ഒരു വ്യാഖ്യാനം. ഇതെക്കുറിച്ചുള്ള പ്രവചനങ്ങൾ (ഏശ

21:9; 45:1; ജറെ 51:7-8) അതാണു സൂചിപ്പിക്കുന്നത്.

**വിചിന്തനം:** ദൈവസാന്നിധ്യത്തിൽനിന്ന് ദൈവഭക്തനെ അകറ്റുന്ന ശത്രുശക്തികളോട് എക്കാലവും പുലർത്താവുന്ന ഒരു മനോഭാവത്തിന്റെ പ്രതീകാത്മകാവിഷ്കരണമായി ഈ ശാപവചനങ്ങളെ വ്യാഖ്യാനിക്കാം. ഏദോമും ബാബിലോണും ശത്രുപ്രതീകങ്ങളാണ് (വെളി 18:2-20). ഈ ശത്രുക്കളുടെ പദ്ധതികൾ അടിച്ചുടക്കപ്പെടുന്ന 'പാറ'യാണ് ദൈവം (സങ്കീ 18:2,31; 19:14; 28:1;....). സീയോനിൽനിന്നു ദൈവം വർഷിക്കുന്ന രക്ഷാകരാനുഭവങ്ങളുടെ അനുസ്മരണവും കീർത്തനവുമാണ് 137-ാം സങ്കീർത്തനമെന്നു കരുതുകയാണ് സ്വീകാര്യമായ സമീപനം. അല്ലാതെ, ശത്രുവിനോടു ക്രൈസ്തവോചിതമല്ലാത്ത മനോഭാവം പുലർത്തുന്ന ശാപഗീതമായി ഇതിനെ കരുതിയാൽ, അതിന്റെ സ്വീകാര്യതയെപ്പറ്റി നമ്മിൽ സംശയങ്ങൾ ആവിർഭവിക്കും.

## സങ്കീർത്തനം 141: ദുഷ്ടതയുടെ സ്വാധീനം

സങ്കീർത്തനം ഒരു വ്യക്തിവിലാപമാണ്. പ്രാരംഭസംബോധന, ദൈവസാന്നിധ്യത്തിനായുള്ള യാചനകൾ, പ്രാർത്ഥന പരിഗണിക്കണമെന്നുള്ള അഭ്യർത്ഥനകൾ, സ്വയം ശാപവചനങ്ങൾ, ദുഷ്കർമ്മികൾക്കെതിരേയുള്ള ശാപങ്ങൾ എന്നിവ ഉള്ളടക്കമായി വരുന്നതുകൊണ്ട് ഇതൊരു വിലാപ സങ്കീർത്തനമാണെന്നതിന് മറ്റ് വാദങ്ങളൊന്നുമാവശ്യമില്ല.

ഏതോ ഒരു ദൈവഭക്തന് ശത്രുവിൽനിന്നനുഭവിക്കേണ്ടിവന്ന വിശ്വാസപരീക്ഷണവും ക്ലേശവുമാണ് സങ്കീർത്തനത്തിൽ സൂചിതമായിരിക്കുന്ന സന്ദർഭം. ദൈവത്തിനെതിരായി അവിശ്വസ്തതയുടെ ഒരു വാക്കുരിയാടാനോ (വാ. 3), തിന്മപ്രവർത്തിക്കാനോ (വാ. 4), ദൈവദൂഷണപരമായ വിരുന്നുണ്ണാനോ (വാ. 4) ഇടവന്നേക്കുമോ എന്നതാണു ഭക്തന്റെ ഭയം. ദുഷ്ടരായശത്രുക്കൾ അയാളെ പ്രഹരിക്കുകയും ശാസിക്കുകയും ചെയ്യുന്നുണ്ടെന്ന് വാ. 5 ഉം സൂചന നൽകുന്നു. ഈ വ്യക്തി ജെറുസലെം ദൈവാലയത്തിൽനിന്ന് അകലെയെവിടെയോ ആണെന്നു വാ. 2 ഉം സൂചിപ്പിക്കുന്നു. പ്രാർത്ഥന ധൂപാർച്ചനയായും, കൈകളുയർത്തുന്നത് സായാഹ്നസമർപ്പണമായും സങ്കീർത്തകൻ അവതരിപ്പിക്കുന്നതിന്റെ കാരണം അതാണ്.

മേൽപറഞ്ഞ സൂചനകളുടെ അടിസ്ഥാനത്തിൽ സങ്കീർത്തനത്തിന്റെ രചനാകാലഘട്ടം സംബന്ധിച്ച നിഗമനങ്ങൾക്കും വേദിയൊരുങ്ങുന്നു. ഒരു നിഗമനം, ബി.സി. 721 ൽ സമരിയായുടെ പതനത്തിനുശേഷം വിദേശത്തെവിടെയോ ചിതറിപ്പാർത്ത ഒരു ഉത്തരഇസ്രായേൽ പൗരനാണ് സങ്കീർത്തനത്തിലെ വ്യക്തി എന്നതാണ്. വിജാതീയമതാചാരങ്ങളിലും വിഗ്രഹാരാധനയിലും പങ്കെടുക്കുവാൻ വിസമ്മതിച്ചതിന്റെ പേരിൽ വിചാരണയെ നേരിടുകയാണ് അയാൾ എന്നു കരുതാം. 6-7 വാക്യങ്ങളിലെ ശാപങ്ങൾ അയാൾ ഉതിർക്കുന്നത് തന്റെ വിധിയാളൻമാർക്കു ലഭിക്കുന്ന വിധിയെ മുമ്പിൽ കണ്ടുകൊണ്ടാണ്. ഈ സങ്കീർത്തനത്തിൽ മാത്രം പ്രത്യക്ഷപ്പെടുന്ന മൂന്നു പദപ്രയോഗങ്ങൾ - 'അധരകവാടം' (വാ. 3), 'ദുഷ്കർമ്മികളായ മനുഷ്യർ' (വാ. 4), 'അവരുടെ വിശിഷ്ടഭോജ്യങ്ങൾ' (4) എന്നീ അർത്ഥം തരുന്ന ഹീബ്രുപദങ്ങൾ - ഫിനീഷ്യൻമൂലത്തിൽ നിന്നു വരുന്നു എന്നു സ്ഥാപിച്ച്, ഫിനീഷ്യയിൽ ഈ സങ്കീർത്തനം വിരചിതമായി എന്നൊരു വാദമുഖമുണ്ട് (309).

4-7 വാക്യങ്ങളുടെ ഹീബ്രുപാഠം തർജ്ജമയ്ക്കും ഭാഷാപരമായ വിശകലനത്തിനും ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഈ വാക്യങ്ങളുടെ തർജ്ജമകൾ ഓരോ വിധത്തിലാണ് ഓരോരുത്തർ ചെയ്യുന്നത്. ഭാഷാപരമായ ഈ അസ്പഷ്ടത സങ്കീർത്തനത്തിന്റെ പ്രാചീനതയ്ക്കു തെളിവായി ചിലർ കാണുന്നു.

ഈ സങ്കീർത്തനത്തിന്റെ രചന വിപ്രവാസത്തിനു മുമ്പാണ് നടന്നതെന്നു മേൽപറഞ്ഞ വാദഗതികൾ അടിസ്ഥാനമാക്കി പറയാമെങ്കിലും, വിപ്രവാസാനന്തരമുള്ള ഒരു കാലഗണനയ്ക്കും സാധ്യതയുണ്ട്. ചിതറിപ്പാർത്ത ഇസ്രായേൽ പൗരന്മാരുടെ അനുഭവം രണ്ടാം വാക്യത്തിൽ സൂചിതമായതുപോലെതന്നെ ദാനിയേലിന്റെ പുസ്തകത്തിലും കാണുന്നത് ഇതിനൊരു തെളിവായെടുക്കാം (ദാനി 6:11; 9:21).

**സങ്കീർത്തനഘടന:** ഈ സങ്കീർത്തനത്തിന് ഒരു പ്രാരംഭസംബോധനയും യാചനയും (വാ. 1-2) ഒരു വിലാപഭാഗവും (വാ. 3-7) ഒരു സമാപനയാചനയും (വാ. 8-10) ഉണ്ട്. സമാപനയാചനയിൽ വാ. 8 പ്രാരംഭയാചനയ്ക്കും വാ. 9,10 വിലാപഭാഗത്തിനും സമാനമായ ശൈലിയും ഉള്ളടക്കവുമാണവതരിപ്പിക്കുന്നത്.

വാ. 1-2 : പ്രാരംഭസംബോധന, യാചന
- കർത്താവ് അടുത്തുവരണം - വാ. 1
- സ്വരം ശ്രവിക്കണം - വാ. 1
- ധൂപം, ബലി സ്വീകരിക്കണം - വാ. 2

വാ. 3-7 : വിലാപം
- നിരപരാധിത്വ പ്രഖ്യാപനം - വാ. 3-5
(സ്വയം ശാപം)
- ദുഷ്ടനെതിരേ ശാപം - വാ. 6-7

വാ. 8-10 : സമാപനയാചന
- യാചന : വാ. 8
- ദൈവഭക്തനു സംരക്ഷണം : വാ. 9
- ദുഷ്ടർക്കു നാശം : വാ. 10

**141:1-2, പ്രാരംഭയാചന: 141:1,** 'വിളിച്ചപേക്ഷിക്കുക' എന്ന ക്രിയാരൂപം വിലാപരൂപത്തിലുള്ള പ്രാർത്ഥനയെ സൂചിപ്പിക്കുന്നു (സങ്കീ 3:4; 4:1,3; 14:4; ...). "സ്വരം ശ്രവിക്കണമേ" എന്നിവിടെ പറഞ്ഞിരിക്കുന്നത്, ഗ്രീക്കുവിവർത്തനത്തിൽ കാണുന്നതുപോലെ തന്നെ "യാചനയുടെ സ്വരം ശ്രവിക്കണമേ" എന്നുതന്നെ മനസ്സിലാക്കണം (സങ്കീ 28:2,6; 31:22; 86:6; 116:1) "അടുക്കൽ വരണമേ" എന്നതും ഗ്രീക്കുവിവർത്തനത്തിൽ "ശ്രവിക്കണമേ" എന്നാക്കിയിട്ടുണ്ട്.

**141:2,** ധൂപാർച്ചനയും സായാഹ്നബലിയും ദൈവാലയത്തിൽ, ദൈവസന്നിധിയിൽ നടത്തുന്ന അനുഷ്ഠാനപരമായ പ്രാർത്ഥനാരൂപങ്ങളാണ്. ധൂപാർച്ചന സായാഹ്നബലിയുടെ ഭാഗവുമാണ് (പുറ 30:8). പ്രാർത്ഥന സമർപ്പിക്കുന്നതും കൈകൾ ഉയർത്തുന്നതും ധൂപാർച്ചനയോടും സായാഹ്നബലിയോടും തുലനം ചെയ്തിരിക്കുന്നു. ദൈവാലയത്തിൽ നിന്ന് അകലെയായിരുന്ന സന്ദർഭത്തിലാകാം ദൈവഭക്തൻ ഇപ്രകാരം ചെയ്തത് (സങ്കീ 28:2; യൂദി 9:1; ദാനി 9:21 കാണുക). അതേസമയം, ചില സങ്കീർത്തനങ്ങളിൽ (ഉദാ 40:6-8; 50:7-15; 51:15-17) പ്രതിപാദിക്കുന്ന ബലിയർപ്പണത്തിന്റെ ആധ്യാത്മവത്ക്കരണ ചിന്താഗതിയുടെ സ്വാധീനം ഇവിടെ ഉണ്ടായിരിക്കാനും സാധ്യതയുണ്ട്.

**141:3-7, വിലാപം:** 3-5 വാക്യങ്ങളിൽ സ്വയം ശാപരൂപത്തിലുള്ള നിരപരാധിത്വ പ്രഖ്യാപനമാണ്. വായും അധരവും ഹൃദയവും, സംസാരത്തെയും ചിന്തയെയും അർത്ഥമാക്കുന്നു. വാക്കിലും ചിത്തത്തിലും പ്രവൃത്തിയിലും കുറ്റമറ്റവനായിരിക്കാനാണു സങ്കീർത്തകന്റെ പരിശ്രമം. തന്റെ ദൈവത്തിനെതിരായി ഒന്നും ചിന്തിക്കുകയോ പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുകയില്ലെന്നായിരിക്കാം അദ്ദേഹം ഉദ്ദേശിക്കുന്നത്. അങ്ങനെയെങ്കിൽ, ദുഷ്കർമ്മികളോടൊത്തു പ്രവർത്തിക്കാൻ സാധ്യതയുള്ള തിന്മ വിഗ്രഹാരാധനയാണ്. അവരുടെ മതപരമായ സദ്യവട്ടങ്ങളെയാണ് "വിശിഷ്ട

ഭോജ്യങ്ങൾ" എന്നു വിളിച്ചിരിക്കുന്നത്. ദൈവഭക്തൻ അവയിൽ പങ്കുചേർന്നാൽ ദൈവദൂഷണമാകും; വിഗ്രഹാരാധനക്കു സമവും (1 കോറി 8:1-13 കാണുക).

**141:5,** ശിരസ്സിൽ തൈലാഭിഷേകംചെയ്യുന്നത് രാജത്വമോ പൗരോഹിത്യമോ നൽകുന്നതിനെ സൂചിപ്പിക്കാം (സങ്കീ 45:8; 92:10; 133:2). ആതിഥ്യമര്യാദയുടെ ആചാരവുമാകാം (സങ്കീ 23:5; മർക്കോ 14:3; ലൂക്കാ 7:46). ഇതു സുഭിക്ഷതയുടെയും അടയാളമാണ് (ആമോ 6:6; സഭാ 9:8). ദുഷ്ടജനങ്ങളുടെയിടയിൽ ദൈവഭക്തന് ഇവയെല്ലാം വർജ്ജ്യമത്രേ. ആകർഷകമായ സ്ഥാനമാനങ്ങളും ആസ്വാദ്യകരമായ വിരുന്നും ദുഷ്കർമ്മികളിൽനിന്നു സ്വീകരിക്കുന്നതിനെക്കാൾ ദൈവഭക്തന് അഭികാമ്യം നീതിമാന്റെ പ്രഹരവും വിശുദ്ധന്റെ ശാസനയുമാണ്. കാരണം, നീതിമാനും വിശുദ്ധനും സത്യദൈവത്തിന്റെ ആളുകളാണ് എന്നതുതന്നെ, മാത്രമല്ല സങ്കീർത്തകൻ ദുഷ്കർമ്മികളുടെ തിന്മകൾക്കെതിരേയും പ്രാർത്ഥിക്കുന്നു. തിന്മ ചെയ്യുന്നവനെതിരായല്ല, തിന്മയ്ക്കെതിരായാണ് പ്രാർത്ഥന എന്നത് ഇവിടെ പ്രത്യേകം ശ്രദ്ധേയമത്രേ.

**141:6-7,** ഈ വാക്യങ്ങളുടെ മൂലഭാഷയിലുള്ള അവ്യക്തത തർജ്ജമചെയ്യുന്നവരെയും വ്യാഖ്യാനിക്കുന്നവരെയും ക്ലേശിപ്പിക്കുന്നുണ്ട് "എന്റെ സൗമ്യതയുള്ള വാക്കുകൾ" (വാ. 6), "ഞങ്ങളുടെ അസ്ഥികൾ" (വാ. 7) എന്നീ പ്രയോഗങ്ങൾ യഥാക്രമം "അങ്ങയുടെ സൗമ്യതയുള്ള വാക്കുകൾ" എന്നും "അവരുടെ അസ്ഥികൾ" എന്നും തിരുത്തു വാൻ പലരും നിർദ്ദേശിക്കുന്നു. പ്രത്യേകിച്ച്, "അവരുടെ അസ്ഥികൾ" എന്ന് പ്ശീത്തായും ചില ഗ്രീക്കു കൈയെഴുത്തുപ്രതികളും ഉപയോഗിച്ചു കാണുന്നതുകൊണ്ട് ആധുനിക തർജ്ജമകൾ അതു പൊതുവേ അംഗീക രിക്കുന്നു. ഞങ്ങൾ എന്ന സർവ്വനാമം ഈ സങ്കീർത്തനത്തിൽ വേറെ ഇല്ല എന്നതും പാഠഭേദം സ്വീകാര്യയോഗ്യമാക്കുന്നു.

**141:6,** ദൈവഭക്തനെ വിധിക്കുന്നവരെ വിധിക്കുന്നത് ദൈവമാണ്. 'ബലമേറിയ കൈകൾ' ദൈവത്തിന്റേതാണ്. 'പാറയുടെ കൈകൾ' എന്നാണ് ഹീബ്രുപ്രയോഗം. 'പാറ' ഇസ്രായേലിന്റെ ദൈവംതന്നെ (സങ്കീ 18:2,31; 19:14; 28:1; 31:2,3...). "എന്റെ സൗമ്യതയുള്ള വാക്കുകൾ" സങ്കീർത്തകന്റേ തായിതന്നെ കരുതാം. കർത്താവിനെ സ്തുതിക്കുന്ന വാക്കുകളായിരിക്കണം അവ. "ദൈവത്തിന്റെ വാക്കുകൾ" എന്നു വരുത്താൻ 'എന്റെ' എന്നതിനു പകരം "അങ്ങയുടെ" എന്നാക്കി മാറ്റാൻ ഭാഷാപരമായ ന്യായീകരണമൊന്നുമില്ല. മാത്രമല്ല, ദുഷ്ടനെതിരായ കർത്താവിന്റെ

വാക്കുകൾക്ക്, പഴയനിയമ ചിന്താഗതിയനുസരിച്ച്, സൗമ്യത ഉണ്ടാകാൻ വഴിയില്ല.

**141:7,** "അസ്ഥികൾ പാതാളവാതില്ക്കൽ ചിതറിക്കിടക്കുന്നു" എന്നതുകൊണ്ട് വിനാശ ത്തിന്റെ അവസാനത്തെ പടിയാണർത്ഥമാക്കുന്നത് (സങ്കീ 6:2–5; 9:13; 22:15; 88:4,6 കാണുക). അസ്ഥി വ്യക്തിയെ സൂചിപ്പി ക്കുന്നു. 'അവരുടെ' എന്നത് വിനാശം ശത്രുവിന്റേതാണെന്നു കരുതാൻ സൗകര്യ മൊരുക്കുന്നു. ഹീബ്രുപാഠത്തിലെ "ഞങ്ങ ളുടെ അസ്ഥികൾ" ഇതര സങ്കീർത്തനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന 'അസ്ഥി' പ്രയോഗങ്ങളോടു ചേർച്ചയുള്ളതാണ്. അവിടെ അത് പ്രാർത്ഥി ക്കുന്ന ദൈവഭക്തരുടെ വ്യക്തിത്വത്തെ സൂചിപ്പിക്കുന്നതായി കാണാം (6:2; 22:14; 31:10; 102:3,5). അങ്ങനെയെങ്കിൽ, ശത്രു ഏല്പിച്ച മാരകമായ ക്ഷതത്തിൽ നിന്നു രക്ഷയാചിക്കുന്ന ദൈവഭക്തന്റെ വാക്കുകളായി ഇതു മനസ്സിലാക്കണം.

**141:8–10, സമാപനം:** എട്ടാംവാക്യത്തിന് 1–2 വാക്യങ്ങളുമായുള്ള സാദൃശ്യം താഴെപ്പറയും വിധം സ്ഥാപിക്കാം:

എന്റെ അടുക്കൽ വരണമേ (1) – ഞാൻ അങ്ങയിൽ അഭയം തേടുന്നു (8)
എന്റെ സ്വരം ശ്രവിക്കണമേ (1) – എന്റെ ആത്മാവിനെ ക്ഷയിപ്പിക്കരുതേ (8)
ഞാൻ കൈകളുയർത്തുന്നു (2) – എന്റെ കണ്ണുകൾ അങ്ങയിലേക്കു തിരിയുന്നു (8)

കർത്താവിന്റെ സാമീപ്യം ക്ലേശമനുഭ വിക്കുന്നവന് അഭയവും രക്ഷയുമായി ഭവിക്കുന്നു എന്നു മനസ്സിലാക്കാം (സങ്കീ 511 71 11 1 146,...).

വാ. 9–10 'കെണി,' 'കുരുക്ക്' എന്നിവ 4–5 വാക്യങ്ങളിൽ പരാമർശിച്ച കാര്യങ്ങളെ ത്തന്നെയാണു സൂചിപ്പിക്കുന്നത്. വിജാതീയ രുടെ വിഗ്രഹാരാധനാപരമായ സദ്യകൾ കെണിതന്നെ (സങ്കീ 69:22). ഈ കെണി അതൊരുക്കുന്നവർക്കുതന്നെ വിനയായിഭ വിക്കണം എന്നതാണ് സങ്കീർത്തകൻ പ്രകടിപ്പിക്കുന്ന ആഗ്രഹം (സങ്കീ 7:15–16; 9:15–16; 69:22; 140:9,11).

**വിചിന്തനം:** ദൈവത്തിലാശ്രയിക്കുന്നവർ ക്കു പലപ്പോഴും ക്ലേശങ്ങളനുഭവപ്പെടുന്നുവെന്നതും, ദൈവനിഷേധികൾ പൊതുജനസമക്ഷം ആകർഷണീയരായി പ്രത്യക്ഷപ്പെടുന്നുവെന്നതും സങ്കീർത്തകന്റെ കാലത്തെന്നതുപോലെ ഇന്നും നടക്കുന്നു. പ്രത്യക്ഷത്തിൽ ഇതു വിരോധാഭാസമായി പലർക്കും തോന്നാം. സത്യദൈവവിശ്വാസം പുലർത്തി ജീവിക്കുന്നതോടൊപ്പം ക്ലേശങ്ങളും പുൽകേണ്ടിവരുന്ന അവസ്ഥ അധികമാരും ഇഷ്ടപ്പെടു

കയില്ലല്ലോ. എന്നാൽ ക്ലേശങ്ങളു ടെമധ്യേ ദൈവത്തിൽ നിന്നകലരുന്നവർ ലോകം നൽകുന്ന സമാശ്വാസവും സന്തോഷവും സത്കീർത്തിയും താത്കാലികമാണെന്നും ലോകത്തിനു നൽകാനാവാത്ത സമാശ്വാസവും സന്തോഷവും സംതൃപ്തിയും അവനു അന്യമാകുമെന്നും മനസ്സിലാക്കണം. ദൈവത്തോടൊത്ത് ഈ ലോകത്തിൽ വ്യാപരിക്കുന്നവന് ക്ലേശമുണ്ടാകുന്നെങ്കിൽ ദൈവം അതിനു കാരണക്കാരനല്ല; മറിച്ച് അവൻ ദൈവത്തിന്റെ പ്രവർത്തനമാധ്യമമാകുന്നുവെന്നേയുള്ളൂ. ദൈവികതയില്ലാ ത്തവർ സമൂഹത്തിൽ വിഹരിക്കുന്നുവെന്നതിന്റെ പ്രത്യക്ഷലക്ഷണമാണല്ലോ സമൂഹ മധ്യേയും വ്യക്തികളിലും ദുഃഖവും ദുരിതവും കാണപ്പെടുന്നത്. നാം സ്വയം ക്ലേശങ്ങളുളവാക്കുന്നു; മറ്റുള്ളവരെ ക്ലേശിപ്പിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ മോചനമാർഗ്ഗം സങ്കീർത്തകൻ കാട്ടിത്തരുന്ന മാതൃകതന്നെ. നമ്മുടെ ദുഃഖദുരിതങ്ങളിൽ കർത്താവിന്റെ നേർക്കു കണ്ണുകളും കൈകളുമുയർത്തുക; മറ്റെല്ലാ ആശ്രയങ്ങളും മിഥ്യമാത്രം.

## സങ്കീർത്തനം 150: സ്തുതിക്കുവിൻ സ്തുതിക്കുവിൻ

സങ്കീർത്തനസമാഹാരത്തിന്റെ അഞ്ചാമത്തെ ഗ്രന്ഥവും ഇവിടെ സമാ പിക്കുകയാണ്. ആദ്യ നാലുഗ്രന്ഥങ്ങളും സമാപിച്ചത് ഹ്രസ്വമായ ഓരോ സ്തുതി വചനങ്ങളോടെയായിരുന്നു (41:13; 72:18-20; 89:52; 106:48), അഞ്ചാമത്തെ ഗ്രന്ഥത്തിനാകട്ടെ സമാപന സ്തുതിവചനമായി 150-ാം സങ്കീർത്തനം തന്നെ നിലകൊള്ളുന്നു ഇതു സ്തുതി വചനമായി കണക്കാക്കാമെങ്കിൽ അതു സങ്കീർത്തനസമാഹാരത്തിന്റെ മുഴുവൻ പൊതുസമാപനമെന്ന നിലയിൽ ഏറ്റവും അനുയോജ്യവും ഉചിതവുമെന്നേ പറയേണ്ടൂ.

സ്തുതിവചനം മാത്രമാണെന്നിരിക്കിലും അദ്വിതീയമാണു ഈ ചെറുസങ്കീർത്ത നത്തിന്റെ മനോഹാരിത. സ്തുതിക്കാനുള്ള ആഹ്വാനങ്ങൾ മാത്രമേ ഇതിന്റെ ഉള്ളടക്കമായുള്ളൂവെങ്കിലും അനുപമമായ ഒരു സ്തുതിഗീതം തന്നെയാണിത്.

"ദൈവത്തെ സ്തുതിക്കുവിൻ" എന്നാരംഭിച്ച്, "കർത്താവിനെ സ്തുതിക്കട്ടെ" എന്നു സമാപിപ്പിക്കുന്നു. ഏൽ എന്ന പുരാതന ദൈവ നാമവും (വാ. 1), യാഹ്വെ എന്ന ദൈവനാമ ത്തിന്റെ ചുരുക്കെഴുത്തുരൂപമായ യാഹ് എന്ന പേരും (വാ. 6) ഇതിൽ ഓരോ

തവണ ഉപയോഗിച്ചിരിക്കുന്നു. 'യാഹ്വിസ്റ്റ്' - 'എലോഹിസ്റ്റ്' സങ്കീർത്തനഗണങ്ങൾക്ക് മൊത്തത്തിൽ സ്വീകാര്യമായ ഒരു സ്തുതി വചന ഗീതമാക്കിത്തീർക്കുവാനുള്ള കവിയുടെ പ്രത്യേകോദ്ദേശ്യമാണു ഇതിനു പിന്നിലെന്നു തോന്നുന്നു. 'ഹല്ലേലൂയാ' ഗീതത്തിനനുയോജ്യമായ പ്രാരംഭസമാപന ആഹ്വാന (ഹല്ലേലൂയാ) ങ്ങൾക്ക് പുറമേ, 'സ്തുതിക്കുവിൻ' (ഹല്ലൂ) എന്ന ബഹു വചന നിർദ്ദേശരൂപം പത്തുപ്രാവശ്യവും 'സ്തുതിക്കട്ടെ' (ന്ഹല്ലെൽ) എന്ന നിയോ ജകരൂപം ഒരു പ്രാവശ്യവും ഇതിൽ ഉപയോഗിച്ചിട്ടുണ്ട്. ദൈവത്തെയോ കർത്താവിനെയോ പ്രതിനി ധാനം ചെയ്യത്തക്കവിധം 'അവിടുത്തെ' എന്ന സർവ്വനാമം ഒൻപതുപ്രാവശ്യം സങ്കീർത്തനത്തിലുണ്ട്. അതുപോലെതന്നെ, ഈ ഗീതത്തിന്റെ മറ്റൊരു പ്രത്യേകത, ഇതിലെ ആഹ്വാനങ്ങൾ ഒന്നൊഴികെ എല്ലാം വ്യക്തി സൂചനയില്ലാതെ നടത്തിയിരിക്കുന്നു എന്ന താണ്. ഏകപാദം മാത്രമുള്ള ആറാം വാക്യത്തിൽ "ശ്വാസമുള്ള തകലതും" എന്നൊരു സംബോധന കടന്നുവരുന്നുണ്ട്. ഇതുതന്നെ മറ്റെല്ലാ ആഹ്വാനങ്ങൾക്കും ബാധകമാക്കിയിട്ടുണ്ടെന്നു കരുതാം. സ്തുതി വിഷയത്തെക്കുറിച്ചും സങ്കീർത്തനത്തിൽ നേരിട്ടുള്ള പരാമർശമൊന്നുമില്ല. ദൈവത്തെ യും കർത്താവിനെ യുമാണ് സ്തുതിക്കേണ്ട തെന്നു വ്യക്തം. 'സ്തുതിക്കേണ്ട സ്ഥലം വിശുദ്ധസ്ഥലവും' 'വാനവിതാനവു'മാണ് (വാ. 1) "ധീര കൃത്യങ്ങളിൽ" (വാ. 2) എന്നതു സ്തുതിയുടെ സന്ദർഭത്തെയും, "മഹാവലിപ്പത്തിനു ചേർന്നവിധം" (വാ. 2) എന്നത് സ്തു തിയുടെ സമുന്നത നിലവാരത്തെയും ലക്ഷ്യമാക്കുന്നുവെന്നു കരുതാം. സ്തുതിയുടെ ഉന്നതനിലവാരവും സ്തുതി നിർവ്വഹണത്തിൽ ആരാധകവൃന്ദത്തിന്റെ സർവ്വവിധ കഴിവുകളുടെയും സഹകരണവും വ്യക്തമാക്കത്തക്കവിധമാണ് അന്ന് അറിയപ്പെട്ടിരുന്ന എല്ലാ വാദ്യോപകരണങ്ങളും ഉപയോഗിക്കുന്നതിനായി നിർദ്ദേശിച്ചി രിക്കുന്നത്.

ഈ സ്തുതിവചനഗീതത്തിന്റെ ജീവിതബന്ധിയായ പശ്ചാ ത്തലം ആരാധനാനുഷ്ഠാനംതന്നെ. തീർച്ചയായും ആരാധക സമൂഹമാണ് ഇതിലെ എല്ലാ ആഹ്വാനങ്ങളുടെയും സ്വീകർ ത്താക്കൾ. 'വിശുദ്ധസ്ഥലം' അനുഷ്ഠാനപരമായ ആരാധനാ സ്ഥലം തന്നെ. 'വാനവിതാനങ്ങൾ' എന്നുകൂടി വാ. 1 ൽ സമാ ന്തരമായി പറഞ്ഞിരിക്കുന്നത് സ്ഥലകാലപരിമിതികളെ ഉല്ലംഘി ക്കുന്ന ആരാധനാനുഷ്ഠാനസൂചകമാണ്. ദൈവത്തിന്റെ ധീരകൃത്യങ്ങളും മഹാത്മ്യവും അനുസ്മരിക്കുന്നതും (വാ. 2) ആരാധനാസമൂഹത്തിലാണല്ലോ.

സങ്കീർത്തനഗ്രന്ഥസമാപനമാണീഗീതം എന്നതുകൊണ്ട് രചനാകാലഗണന സംബ ന്ധിച്ച് വലിയ വിശകലനം ആവശ്യമില്ല. സമാഹാരങ്ങളും ഗ്രന്ഥങ്ങളും രൂപപ്പെട്ടതിനുശേഷം തയ്യാറാക്കി ച്ചേർത്തതായിരിക്കണം ഈ സമാപന സ്തുതിവചനം.

**സങ്കീർത്തനഘടന:** ഈ സങ്കീർത്തനത്തിന് നിർദ്ദേശിക്കുവാൻ സാധിക്കുന്ന ഒരു ഘടന താഴെക്കൊടുക്കുന്നു.

**150:1–2,** സ്തുതിവിഷയം പരോക്ഷമായവതരിപ്പിച്ചുകൊണ്ടുള്ള ആമുഖാഹ്വാനങ്ങൾ.

**150:3–5,** അകമ്പടി വാദ്യഘോഷങ്ങളെ അവതരിപ്പിച്ചുകൊണ്ട് ആഹ്വാനങ്ങൾ

**150:6,** സകലജീവജാലങ്ങൾക്കും ആഹ്വാനം

**150:1–2,** 'കർത്താവിന്റെ വിശുദ്ധസ്ഥലം' രണ്ട് അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നു : ഒന്ന്, അവിടുത്തെ സാർവ്വത്രികസാന്നിധ്യം; രണ്ട്, ആരാധനാസ്ഥലത്തുള്ള അവിടുത്തെ സാ ന്നിധ്യം.

ബലവത്തായ വാനവിതാനം ദൈവത്തിന്റെ സ്വർഗ്ഗീയ വാസസ്ഥാനത്തെ സൂചിപ്പിക്കുന്ന തോടൊപ്പം പ്രപഞ്ചത്തെ മുഴുവൻ ഉൾ ക്കൊള്ളുന്നുമുണ്ട് (സങ്കീ 11:4; 20:6; 29:1–2; 89:5; 103:19–22; 148:1–2). പുരാതനപ്രപഞ്ച ശാസ്ത്രമനുസരിച്ച് 'വാനവിതാനം' ദൈവ ത്തിന്റെ അതിരിക്തതയുടെയും സ്രഷ്ട പ്രപഞ്ചത്തിന്റെയും മധ്യസ്ഥാനത്ത് നിൽ ക്കുന്നു (സങ്കീ 19:1; 104:5–9; 148:6; ജോബ് 38:8–11; സഭാ 8:27–29).

രണ്ടാം വാക്യത്തിലെ 'ധീരകൃത്യങ്ങൾ', 'മഹാവലിപ്പം' എന്നിവ ദൈവത്തിന്റെ രക്ഷാകരപ്രവൃത്തികളോട് ബന്ധപ്പെടുത്തി മന സ്സിലാക്കണം. വിശുദ്ധഗ്രന്ഥത്തിന്റെ പ്രതി പാദനത്തിനടിസ്ഥാ നമായ സൃഷ്ടിസംഭവം, പുറപ്പാടുസംഭവം, വിപ്രവാസസംഭവം ഇവ മൂന്നുമാണ് ദൈവികരക്ഷയുടെ മഹാസംഭവങ്ങൾ. പുതിയനിയമ ഗ്രന്ഥത്തെകൂടി പരിഗണിച്ചാൽ ക്രിസ്തുസംഭവവും ഇതിൽ ഉൾ പ്പെടുത്താനാവും. (ലൂക്കാ 24:44 ഈ ആശയം അംഗീകരിക്കുന്നു.).

**150:3–5,** 'കാഹളനാദം' ഏതെങ്കിലും പ്രധാനസംഭവത്തിന്റെ സമാരംഭമോ സമാപ നമോ അറിയിക്കാനുദ്ദേശിച്ചുള്ളതാണ് (ലേവ്യ 25:9; ന്യായ 3:27; 1 സാമു 13:3; 2 സാമു 2:28; ഹോസി 5:8; 8:1; ഏശ 18:3; ജറെ 6:1). മറ്റുള്ള വാദ്യോപകരണങ്ങൾ ഒന്നോ അതിലധികമോ ഉപയോഗിച്ച് ജനം പ്രഹർഷിതരാകുന്നു. പലപ്പോഴും വാദ്യഘോ ഷങ്ങളോടൊപ്പം ആരാധനയിൽ പങ്കെടുക്കുന്നവരും ചലനാ

ത്മകസ്ഥിതിയിലാണ്. അവർ ആഹ്ലാദഭരിതരായി നൃത്തം വയ്ക്കുകയോ പ്രദക്ഷിണം നടത്തുകയോ ഗാനമാലപിക്കുകയോ ചെയ്യുന്നു (1 സാമു 10:5; 2 സാമു 6:5,16; 1 രാജാ 1:40; ഏശ 5:12; 30:29; ജറെ 31:4; ദാനി 3:5;10,15).

ആരാധനയിൽ വാദ്യഘോഷങ്ങൾ ഗാനാലാപനത്തിന് അകമ്പടിയാണ്. അതല്ലെങ്കിൽ സംഗീതോപകരണങ്ങളിൽനിന്നു യരുന്ന സ്വരം ഗാനാത്മകവും താളാത്മകവുമാണ്. ഗാനാത്മകതയും ഗാനാലാപനവും രക്ഷയുടെ മനോഹാരിതയും ശ്രേഷ്ഠതയും പ്രതീകവത്ക്കരിക്കുന്നു. വാദ്യഘോഷങ്ങൾ ദൈവജനം രക്ഷയ്ക്ക് ഉപകരണമായതിനെയും ദൈവത്തോട് സഹകരിച്ചതിനെയും പ്രതീകവത്ക്കരിക്കുന്നു. ഒരുവൻ തന്റെ കഴിവുകൾ ദൈവേ ഷ്ടമനുസരിച്ച് വിനിയോഗിക്കുമ്പോൾ രക്ഷാകരകർമ്മത്തിൽ സഹകരിക്കുകയാണ്.

**150:6,** 'ശ്വാസമുള്ള സകലതും' എന്നതു കൊണ്ട് ജീവനുള്ള എല്ലാ സൃഷ്ടികളെയും അർത്ഥമാക്കുന്നു (ഉൽപ 7:22). എന്നാൽ ഇവിടെ പ്രധാനമായും ഉദ്ദേശിക്കുന്നത് മനുഷ്യരെയാണ്. അവരാണല്ലോ ദൈവത്തിൽനിന്ന് വിശേഷവിധിയായി ജീവശ്വാസം സ്വീകരിച്ചത് (ഉൽപ 2:7; ജോബ് 33:4).

**വിചിന്തനം:** ദൈവസ്തുതിയുടെ സാർവ്വത്രികത്വം ഉറപ്പിച്ചുപറഞ്ഞു കൊണ്ടുള്ള സങ്കീർ ത്തനഗ്രന്ഥസമാപനം ശ്ലാഘനീയംതന്നെ. ദൈവത്തെ എവിടെയും, ഏതു സമയവും, ഏതു മാർഗ്ഗ മുപയോഗിച്ചും, ആരോടുകൂടിയും സ്തുതിക്കുവാൻ നമുക്കു സാധി ക്കണം. സ്തുതിക്ക് അടിസ്ഥാനം ദൈവസാന്നിധ്യ ബോധവും രക്ഷാനുഭവവും ദൈവികതയിൽ ഉൾച്ചേർന്ന ജീവിതവുമാണ്. ഇവ നമ്മിൽ ആനന്ദത്തിന്റെ മനോഭാവമുളവാക്കുന്നു. അപ്പോൾ നാം ദൈവസ്തുതിയിൽ സർവ്വ ശ്രദ്ധയും കേന്ദ്രീകരിക്കുന്നു. എന്നാൽ ഈ വിധം പരിധികൾ മറന്ന ഒരു ദൈവാവബോധം അധികമാർക്കും ഉണ്ടായെന്നുവരില്ല. അപ്പോഴാണു നാം അനുഷ്ഠാനപരമായ ദൈവസ്തുതിക്ക്, അതായത് ആരാധനാനുഷ്ഠാനങ്ങൾ ക്കു നമ്മെതന്നെ ക്രമീകരിക്കുന്നത്, ഇവിടെ മതവും മതവിശ്വാസങ്ങളും പരിമിതികൾ ഉയർത്താം. പരിമിതികളില്ലാത്ത, അനുഷ്ഠാന ങ്ങളിലൊതുങ്ങാത്ത ജീവബന്ധിയായ ദൈവ സ്തുതി യാഥാർത്ഥ്യ മാകണമെന്നതാണ് സങ്കീർത്തനഗ്രന്ഥത്തിന്റെ പൊരുൾ; അതി നുള്ള ഉദ്ബോധനമാണ് 150-ാം സങ്കീർത്തനം.